# നാവായിക്കുളം ഗ്രാമപഞ്ചായത്ത്.

## അധികാരം ജനങ്ങളിലേക്ക്

## സമഗ്രവികസനരേഖ

10 - 6

പഞ്ചായത്ത്തല വികസന സെമിനാറിൽ ചർച്ച ചെയ്യുന്നതിനു വേണ്ടി
ഡിസംബർ 7-ാം തീയതി കൂടിയ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചത്.

# നാവായിക്കുളം ഗ്രാമ പഞ്ചായത്ത്.
# സമഗ്രവികസനരേഖ



ഭാരതത്തിന്റെ ഹൃദയം
കുടികൊള്ളുന്നത് അതിന്റെ
ഗ്രാമങ്ങളിലാണ്.



മഹാത്മജി.

## ഉള്ളടക്കം.


| | | |
|---|---|---|
| I. | ആമുഖം. | 7. |
| II. | ചരിത്രപശ്ചാത്തലം. | 9. |
| III. | പ്രകൃതി വിഭവങ്ങൾ. | 14. |
| IV. | വികസന മേഖലകൾ. | 16. |
| 1. | കൃഷിയും ജലസേചനവും. | 16. |
| 2. | മൃഗസംരക്ഷണവും മത്സ്യബന്ധനവും. | 32. |
| 3. | വിദ്യാഭ്യാസം. | 39. |
| 4. | കുടിവെള്ളവും പൊതുജനാരോഗ്യവും. | 44. |
| 5. | വ്യവസായം. | 56. |
| 6. | ഗതാഗതം, ഊർജ്ജം, മാർക്കറ്റ്. | 62. |
| 7. | പാർപ്പിടവും സാമൂഹികക്ഷേമവും. | 73. |
| 8. | സംസ്ക്കാരം. | 87. |
| 9. | വനിത. | 89. |
| 10. | സഹകരണ മേഖല. | 94. |
| 11. | പട്ടികജാതി, പട്ടികവർഗ്ഗം. | 100. |
| 12. | വിഭവസമാഹരണം. | 107. |
| V. | ഉപസംഹാരം. | 113. |

# I ആമുഖം

അധികാരം ജനങ്ങളിലേക്ക്. പുത്തൻ പ്രതീക്ഷകളുമായി ഒൻപതാം പഞ്ചവത്സര പദ്ധതിയെ കേരളം വരവേൽക്കുന്നതിനുള്ള തയാറെടുപ്പിലാണ്. 1996 മെയ് 20-ാം തീയതി കേരളത്തിൽ അധികാരത്തിൽ വന്ന ശ്രീ. E.K. നായനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ജനകീയ പങ്കാളിത്തത്തോടുകൂടി 9-ാം പദ്ധതിക്ക് രൂപം നൽകി. ആ മഹത്തായ പരിപാടിയുടെ സുപ്രധാന ഘട്ടത്തിൽ കൂടിയാണ് നാം കടന്നുപോകുന്നത്.

വികസനം എന്നാൽ ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യപ്രക്രിയയാണ്. നീതിപൂർവകമായ വിതരണമാണ് അതിലെ സുപ്രധാന ഘടകം. കഴിഞ്ഞ എട്ടു പദ്ധതികളും നമ്മുടെ രാജ്യത്തിന്റെ വികസന പ്രക്രിയക്ക് ആക്കം കൂട്ടുവാൻ സഹായിച്ചെങ്കിലും ചിലവഴിച്ച തുക. പദ്ധതി ഉദ്ദേശ്യം എന്നിവയുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ ലക്ഷ്യം വിദൂരമാണെന്ന് മനസിലാക്കാൻ കഴിയും.

വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നാം ദേശീയ ശരാശരിയേക്കാൾ വളരെ മുന്നിലാണ്. എന്നാൽ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലുടനീളം കേരളത്തിന്റെ ആളോഹരി വരുമാനം ദേശീയ ശരാശരിയെക്കാൾ താഴ്ന്നതായിരുന്നു. ഇന്നും ആ നില തുടരുന്നു. കാർഷികമേഖയിലേയും വ്യാവസായിക മേഖലയിലേയും മുരടിപ്പ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ. ഊർജമേഖലയിലെ പ്രതിസന്ധി എന്നിവയെല്ലാം നാം നേരിടുന്ന വെല്ലുവിളികളാണ്. സാമ്പത്തിക വളർച്ചയുടെ പിന്നോക്കാവസ്ഥ മാത്രമല്ല നമ്മുടെ പ്രശ്നം. നമ്മുടെ സാമ്പത്തിക വളർച്ച സ്ഥായിയല്ല എന്നതാണ് കൂടുതൽ ശ്രദ്ധിക്കേണ്ടത്. ശാസ്ത്രീയമായ ഒരു വികസനപ്രക്രിയയിലൂടെ നാം മുന്നേറേണ്ടിയിരിക്കുന്നു. ഇവിടെയാണ് ജനകീയ ആസൂത്രണ പ്രക്രിയയുടെ പ്രസക്തി; നമ്മുടെ കൂട്ടായ്മയുടെയും.

1996 ഓഗസ്റ്റ് മാസം 17-ാം തീയതി സംസ്ഥാനതലത്തിൽ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഔപചാരികമായ ഉൽഘാടനം നടന്നു. ഇതിനുശേഷം സംസ്ഥാനത്തെ മൂന്നു കേന്ദ്രങ്ങളിൽ വച്ച് സംസ്ഥാനറിസോഴ്സ് ക്യാമ്പ് നടത്തി. തുടർന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാപരിശീലന ക്യാമ്പുകൾ സംഘടിപ്പിച്ചു. കിളിമാനൂർ രാജാരവിവർമ കമ്മ്യൂണിറ്റി ഹാളിൽ വച്ചുനടന്ന ജില്ലാപരിശീലന ക്യാമ്പിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും 8 പേർക്ക് പരിശീലനം ലഭിച്ചു.

പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സ്പെഷ്യൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചു ചേർക്കുന്നതിനുവേണ്ടി പഞ്ചായത്തു തലത്തിൽ ഒരു പരിശീലന ക്യാമ്പ് 1996 സെപ്റ്റംബർ 19-ന് നടത്തി. വിവിധ വാർഡുകളിൽ നിന്നും ജനപ്രതിനിധികളടക്കം 98 പേർ ക്യാമ്പിൽ പങ്കെടുത്തു. പഞ്ചായത്തു തലത്തിൽ പരിശീലനം നേടിയ സന്നദ്ധപ്രവർത്തകരുടെയും ജനപ്രതിനിധികളുടെയും സഹായത്തോടെ നിശ്ചിത സമയത്തുതന്നെ പഞ്ചാ

യത്തിലെ എല്ലാ ഗ്രാമസഭകളും വിളിച്ചു ചേർത്തു. വേണ്ടത്ര മുന്നൊരുക്കങ്ങളുടെ അഭാവം ചില ഗ്രാമസഭകളുടെ ജനപങ്കാളിത്തത്തിൽ കുറവു സൃഷ്ടിച്ചു. എല്ലാ ഗ്രാമസഭകളിലും 12 വിഷയങ്ങളെ അടിസ്ഥാനമാക്കി ചർച്ചകൾ നടന്നു. ഓരോ ഗ്രൂപ്പിനും അധ്യക്ഷനേയും കൺവീനറേയും തെരഞ്ഞെടുത്തു.

പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ സ്ഥിതിവിവരക്കണക്കുകൾ ഇതിനകം ശേഖരിച്ചിട്ടുണ്ട്. ചില ഗവൺമെന്റ് സ്ഥാപനങ്ങളിൽ റിക്കോർഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തത് സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണത്തിൽ ബുദ്ധിമുട്ടുണ്ടാക്കി.

കിളിമാനൂർ R.R.V. കമ്മ്യൂണിറ്റി ഹാളിൽ വച്ചുനടന്ന രണ്ടാം ഘട്ട ജില്ലാപരിശീലന ക്യാമ്പിൽ പഞ്ചായത്തിൽനിന്നും 7-പേർക്ക് പരിശീലനം ലഭിച്ചു. തുടർന്ന് പഞ്ചായത്ത് തല പരിശീലകർക്കായി ഒരു ക്യാമ്പ് നടത്തി. നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതി, വിളവിവരങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കുന്നതിനും വിഭവഭൂപടം നിർമ്മിക്കുന്നതിനും വേണ്ടി മൂന്ന് പഠനപര്യടനസംഘങ്ങൾ പഞ്ചായത്തിൽ 2 ദിവസം പര്യടനം നടത്തി. അധ്യാപകരും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും വനിതകളും സന്നദ്ധപ്രവർത്തകരുമടങ്ങുന്ന സംഘങ്ങളാണ് പര്യടനം നടത്തിയത്.

വികസന റിപ്പോർട്ട് തയാറാക്കുന്നതിനായി പരിശീലകരും വിദഗ്ദരുമടങ്ങുന്ന ഒരു സമിതി രൂപീകരിച്ചു. വാർഡുകളിൽ നിന്ന് ഉയർന്നു വന്ന പ്രശ്നങ്ങളും നിർദേശങ്ങളും മനസിലാക്കിയും, കഴിഞ്ഞകാലഘട്ടങ്ങളിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി നടന്ന പ്രവർത്തനങ്ങൾ, ഔദ്യോഗിക രേഖകളിലെ സ്ഥിതിവിവരക്കണക്കുകൾ, പഴമക്കാരുടെ അനുഭവങ്ങൾ, ചരിത്രരേഖകൾ എന്നിവ അടുത്തറിഞ്ഞുമാണ് ഞങ്ങൾ ഈ റിപ്പോർട്ടിന് രൂപം നൽകിയിരിക്കുന്നത്.

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | നാവായിക്കുളം ഗ്രാമപഞ്ചായത്ത്. |
| പഞ്ചായത്തിലെ റവന്യൂവില്ലേജുകൾ | : | നാവായിക്കുളം കുടവൂർ. |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | നാവായിക്കുളം കുടവൂർ. |
| പാർലമെന്റ് മണ്ഡലം | : | ചിറയിൻകീഴ്. |
| ബ്ലോക്ക് പഞ്ചായത്ത് | : | കിളിമാനൂർ. |
| താലൂക്ക് | : | ചിറയിൻകീഴ്. |
| ജില്ല | : | തിരുവനന്തപുരം. |
| അസംബ്ലി മണ്ഡലം | : | കിളിമാനൂർ. |
| വിസ്തീർണം | : | 28.23 ച.കി.മീ. |
| ജനസംഖ്യ | : | 33,602. |
| വാർഡുകളുടെ എണ്ണം | : | 13. |

**അതിരുകൾ**

1. തെക്ക്: പോങ്ങനാട്-കല്ലമ്പലം-വർക്കല റോഡ്. (കരവാരം-ഒറ്റൂർ- ചെമ്മരുതി പഞ്ചായത്തുകൾ)
2. വടക്ക്: പാരിപ്പള്ളി-നിലമേൽ റോഡ് (കല്ലുവാതുക്കൽ, പള്ളിക്കൽ പഞ്ചായത്തുകൾ)
3. കിഴക്ക്: തോളൂർ-ഞാറയിൽക്കോണം-സീമന്തപുരം-തലവിള്ളമുക്ക് റോഡ്. (പള്ളിക്കൽ-മടവൂർ-നഗരൂർ പഞ്ചായത്തുകൾ)
4. പടിഞ്ഞാറ്: പാരിപ്പള്ളി വർക്കല റോഡ്. (ചെമ്മരുതി-ഇലകമൺ- കല്ലുവാതുക്കൽ പഞ്ചായത്തുകൾ)

1954-ൽ ആണ് ഈ പഞ്ചായത്ത് നിലവിൽ വന്നത്. അന്ന് പഞ്ചായത്ത് മുഴുവൻ ഒറ്റ വില്ലേജിന്റെ കീഴിലായിരുന്നു. 7-വാർഡുകളായിരുന്നു അന്ന് ഉണ്ടായിരുന്നത്. 1985-ൽ നമ്മുടെ പഞ്ചായത്തിനെ നാവായിക്കുളം, കുടവൂർ എന്നീ വില്ലേജുകളായി തിരിച്ചു. ഇന്ന് പഞ്ചായത്തിൽ 13 വാർഡുകൾ ഉണ്ട്. ഇതിൽ 1, 2, 4, 5, 6, 7, 13 എന്നീ വാർഡുകൾ നാവായിക്കുളം വില്ലേജിലും 3, 8, എന്നിവ ഒഴികെയുള്ള ബാക്കി വാർഡുകൾ കുടവൂർ വില്ലേജിലുമാണ്. 3, 8 വാർഡുകൾ 2 വില്ലേജുകളിലുമായി വ്യാപിച്ചു കിടക്കുന്നു. തിരുവനന്തപുരം ജില്ലയിലെ വടക്കേ അറ്റത്തായി കൊല്ലം-ജില്ലയോട് ചേർന്നു കിടക്കുന്ന ഞങ്ങളുടെ വശ്യമനോഹരഗ്രാമം വികസനത്തിനായി കാത്തു നിൽക്കുന്നു.

# II. ചരിത്രപശ്ചാത്തലം

**ഞങ്ങളുടെ നാട്**

ആകർഷകമായ ഗ്രാമഭംഗികൊണ്ട് വശ്യ-മനോഹരമാണ് ഞങ്ങളുടെ ഗ്രാമം. കതിർമണികൾ നിറഞ്ഞ നെൽപ്പാടങ്ങളും പരപ്പാർന്ന വിളഭൂമികളും വൈരക്കൽ ചാർത്തിയ വൈരമല പോലുള്ള ചെറുകുന്നുകളും ഞങ്ങളുടെ ഗ്രാമത്തെ അലങ്കരിക്കുന്നു. പഴമക്കാരുടെ ഓർമകളും പേറി ചെറുതോടുകൾ കളകളം പാടിയൊഴുകുന്നു. അനസ്യൂതമായി....

നാവായിക്കുളത്തിന്റെ സ്ഥലനാമചരിത്രം അന്വേഷിച്ചവർ ഏകാഭിപ്രായക്കാരല്ല. സ്ഥലനാമത്തെക്കുറിച്ച് തികച്ചും തൃപ്തികരമായ ഒരു വ്യുൽപത്തി ഇനിയും ലഭിച്ചിട്ടില്ലാ എന്നതാണ് വസ്തുത.

അഉ1439-ൽ ക്ഷേത്രനിർമിതിക്കുശേഷം തെങ്കാശിയിൽ നിന്ന് ഒട്ടേറെ ബ്രാഹ്മണരെ ചേര ഉദയ മാർത്താണ്ഡവർമ്മ (കാലം A.D 1383–1444) കൂട്ടിക്കൊണ്ടുവന്ന് ക്ഷേത്രത്തിനടുത്തു പാർപ്പിച്ചു. 'തെങ്കാശി ഗ്രാമം' എന്ന അവരുടെ സങ്കേതം 'തെകൊഞ്ചി മഠം' ആയി ഇന്നും നിലനിൽക്കുന്നു.

1816 മുതൽ 1820 വരെ തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ തമ്പടിച്ച് സഞ്ചരിച്ച് പഠനം നടത്തിയ 'വാർഡും' കോണറും ചേർന്ന് രചിച്ച 'സർവേസ്മരണകൾ' (Memories of the Survey of Travancore and Cochin) നാവായിക്കുളത്തിന്റെ പ്രാചീന ഭൂപ്രകൃതിയും ജനസംഖ്യയും കാട്ടിത്തരുന്നു. ചിറയിൻകീഴ് അന്നൊരു ഡിസ്ട്രിക് ആയിരുന്നു. നാവായിക്കുളം ഉൾപ്പെടെ 9 അധികാരങ്ങളിലായി 70 വില്ലേജുകൾ ആ ഡിസ്ട്രിക്ടിൽ ഉണ്ടായിരുന്നു. നാവായിക്കുളം അധികാരത്തിൽ 5 വില്ലേജുകളുടെ പേരുകൾ പറഞ്ഞുകാണുന്നു. നാവായിക്കുളത്തെ അന്നത്തെ ജനസംഖ്യ 1827 ആയിരുന്നു. പുരുഷൻമാർ 1021. സ്ത്രീകൾ 806. ജനസംഖ്യയിൽ ഭൂരിപക്ഷം നായർ സമുദായമായിരുന്നു 913 പേർ. ബ്രാഹ്മണരും, ക്ഷത്രിയരും–39. അമ്പലവാസികൾ–52, ഈഴവർ–365, തട്ടാൻമാർ, ആശാരിമാർ–108. അലക്കുകാർ, ക്ഷുരകർ–34. മുസ്ലീങ്ങൾ– 154. പുലയർ, പറയർ, കുറവർ–131. ക്രിസ്ത്യാനികൾ–21. തമിഴർ–10.

നാവായിക്കുളം ഒരു കാട്ടുപ്രദേശമായി ആറിപ്പോർട്ട് പറയുന്നു. മാവ്, പ്ലാവ് പറങ്കിമാവ്, തെങ്ങ് എന്നീ വൃക്ഷങ്ങൾ തിങ്ങിവളർന്നു നിന്നിരുന്നതിനു പുറമേ ഈറ, ചൂരൽ എന്നിവ ഇടതിങ്ങിയ കുറ്റിക്കാടുകളും ധാരാളമായിരുന്നു. നാവായിക്കുളം ചെറിയ കാട്ടുപ്രദേശമായിരുന്നു എന്നതിനു തെളിവായി ചില സ്ഥലനാമങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. എഴിക്കാട് (എതുക്കാട്), മുള്ളുകാട്, തട്ടാൻ കുന്ന്, പറകുന്ന്, മരുതിക്കുന്ന്, ഊന്നൻപാറ, വൈരമല, മൺകാട്ടുവാതിൽക്കൽ, കാട്ടുപുതുശേരി തുടങ്ങിയവ. കാട് എന്നത് കോട് ആയി മാറുക സ്വാഭാവികമാണ്. അങ്ങിനെ കോടായ കാടുകളായിരിക്കണം ചാവർകോട്, ചിറ്റായിക്കോട്, പലവക്കോട് എന്നീ സ്ഥലങ്ങൾ.

## നവോത്ഥാനസമരങ്ങൾ

സ്വാതന്ത്ര്യാനന്തര ഭാരതം ജനങ്ങളിലുണ്ടാക്കിയ അവകാശബോധം നിരവധി നവോത്ഥാന സമരങ്ങൾക്ക് വഴിതെളിച്ചു. ഐക്യകേരള സൃഷ്ടിക്കു മുമ്പ് തിരുവിതാംകൂർ കൊച്ചി മേഖലകളിൽ അലയടിച്ച സമരങ്ങൾ ഞങ്ങളുടെ ഗ്രാമത്തിലും ആവേശം ഉണർത്തി. നെല്ല്, ചക്ക, മാങ്ങ, ഇല, എന്നീ ഉൽപ്പന്ന വിഹിതങ്ങൾക്കു പുറമേ പാട്ടം തിരുപ്പുവാരം, ജന്മിക്കരം തുടങ്ങിയ നികുതികൾ ഉൾപ്പെടെ വീർപ്പുമുട്ടിയിരുന്ന നാവായിക്കുളം ദേവസ്വം ഭൂമിയിലെ കൈവശക്കാർ 1950-കളോടു കൂടി ഇടതുപക്ഷ കർഷക പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സംഘടിച്ചു. സർവശ്രീ A. K. G, E. ഗോപാലകൃഷ്ണമേനോൻ, പന്തളം P.R. രാഘവൻ പിള്ള തുടങ്ങിയ ദേശീയനേതാക്കളുടെ നിർദേശങ്ങളും പ്രവർത്തനങ്ങളും ഈ സമരത്തിന് നേതൃത്വം നൽകി. ശ്രീ. N. ഗോപാലകൃഷ്ണക്കുറുപ്പിന്റെ നേതൃത്വത്തിൽ സംഘടിച്ചിരുന്ന ഞങ്ങളുടെ ഗ്രാമത്തിലെ കർഷകർ ഫലവർഗ നികുതി, മറ്റു ചുങ്കങ്ങൾ, എന്നിവ അവസാനിപ്പിക്കുകയും അടിസ്ഥാന നികുതി എന്ന അവകാശം സ്ഥാപിച്ചെടുക്കുകയും ചെയ്തു. തുടർന്ന് ശ്രീ. M.N. ഗോവിന്ദൻ നായരുടെ നേതൃത്വത്തിൽ ഇന്നാട്ടിലെ കർഷകർ ദിവാന് നിവേദനം സമർപ്പിക്കുകയും ദേവസ്വം ഭൂമിയിൽ കൈവശാവകാശം സ്ഥാപിച്ചെടുക്കുകയും ചെയ്തു. മിച്ചഭൂമി സമരം ഞങ്ങളുടെ പഞ്ചായത്തിലെ മറ്റൊരു ചരിത്ര സംഭവമായിരുന്നു. ശ്രീ. N. ഗോപാല കുറുപ്പിന്റെ നേതൃത്വത്തിൽ നടന്ന ഈ സമരത്തിലൂടെ നൂറുകണക്കിന് ഭൂരഹിതർക്ക് ഭൂമി ലഭിക്കുകയുണ്ടായി. കർഷകസമരങ്ങളുടെ പട്ടിക ഇന്നും തുടരുന്നു.

അയിത്തം നിയമം മൂലം നിരോധിച്ചെങ്കിലും ഈ ഗ്രാമത്തിൽ ചില സ്ഥലങ്ങളിൽ അത് പിന്നീടും നിലനിന്നു. പുരോഗമന പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ഇതിനെതിരെ പോരാടുകയും വിജയിക്കുകയും ചെയ്തു. ചിരട്ടയിൽ മാത്രം ചായ കിട്ടുകയും ബാർബർ ഷാപ്പിൽ മുടിവെട്ടാൻ അനുവാദം കിട്ടാതെയും കഴിഞ്ഞ ഒരു വിഭാഗത്തിനെ സമൂഹത്തിന്റെ ഭാഗമാക്കാൻ ഈ സമരങ്ങൾക്ക് കഴിഞ്ഞു.

## ഞങ്ങളുടെ മഹാരഥൻമാർ

പ്രാചീന കുടിപ്പള്ളിക്കൂട വിദ്യാഭ്യാസ രീതിയുടെ തണലിലാണ് ഞങ്ങളുടെ വിദ്യാഭ്യാസ ചരിത്രം ഉറങ്ങുന്നത്. സാംസ്കാരിക കേന്ദ്രങ്ങളായിരുന്ന ക്ഷേത്രങ്ങളും അവിടുത്തെ പണ്ഡിതസദസുകളും ക്ഷേത്രകലകളും ഞങ്ങളെ വളർത്തി. ചരിത്രപരമായ ഈ സാംസ്കാരിക പശ്ചാത്തലം നിരവധി മഹാരഥൻമാർക്ക് ജൻമം നൽകി.

പ്രശസ്ത സംസ്കൃത പണ്ഡിതനും നാരായണീയത്തിന്റെ കർത്താവുമായ മേൽപത്തൂർ നാരായണ ഭട്ടതിരിയുടെ ശിഷ്യനായ 'ആഴാതി' നാവായിക്കുളത്ത് താമസിച്ചിരുന്നതായി തെളിവുകളുണ്ട്. അദ്ദേഹം നാവായിക്കുളം ശ്രീ ശങ്കരനാരായണസ്വാമി ക്ഷേത്രത്തിലെ മാലകെട്ടുകാരനായിരുന്നു. ആധുനിക കവിത്രയത്തിൽ പ്രശസ്തനായ ശ്രീ ഉള്ളൂർ എസ്. പരമേശ്വര അയ്യർ നാവായിക്കുളം ചാവടി മഠത്തിലെ ശ്രീമതി ഭഗവതി അമ്മാളിന്റെ പുത്രനാണ്. ശ്രീ ബുദ്ധൻ, കേരളവും ബുദ്ധമതവും. കേരളചരിത്രത്തിലെ ചില അജ്ഞാത ഭാഗങ്ങൾ തുടങ്ങിയ ചരിത്രഗ്രന്ഥങ്ങളുടെ കർത്താവായ ശ്രീ. ശങ്കു അയ്യർ ഞങ്ങളുടെ പൂർവികനാണ്.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ അനുസ്മരണ ദ്രുതകവന മൽസരത്തിൽ വിജയിയായിട്ടുള്ള ശ്രീ. A.J. നാവായിക്കുളം അനുസ്മരണീയനാണ്. നമ്മുടെ അഭിമാനമായ ശ്രീ. A.J യുടെ കവിതകൾ അന്നത്തെ മലയാളി, മലയാളരാജ്യം തുടങ്ങിയ ആനുകാലികങ്ങളിൽ അച്ചടിച്ചുവന്നിരുന്നു.

തിരുവിതാംകൂർ മഹാരാജാക്കൻമാരെ ചികിൽസിച്ചിരുന്ന ആയുർവേദ ചികിൽസകനായ ചാവർകോട് മാർത്താണ്ഡൻ വൈദ്യൻ നമ്മുടെ പഞ്ചായത്തിലാണ് ജീവിച്ചിരുന്നത്. കേരളത്തിലെ ഇബ്സൺ എന്നറിയപ്പെടുന്ന സാഹിത്യനായകൻ പ്രൊഫസർ N. കൃഷ്ണ

പിള്ളയെ രൂപപ്പെടുത്തുന്നതിൽ നമ്മുടെ നാവായിക്കുളം ഗവൺമെന്റ് ഹൈസ്കൂളിനും ഗണനീയസ്ഥാനമുണ്ട്. മഹാകവി ശ്രീ. M.P. അപ്പൻ നാവായിക്കുളം ഗവ. H.S.ലെ പ്രഥമാ ധ്യാപകനായിരുന്നു. പുരോഗമനകലാസമിതി പ്രവർത്തകനും നമ്മുടെ പഞ്ചായത്തിൽ സാംസ്കാരിക രംഗത്ത് വിലപ്പെട്ട സംഭാവന കൾ നൽകുകയും ചെയ്ത വ്യക്തിയാണ് ആർട്ടിസ്റ്റ് ശ്രീ. ഗോപിനാഥൻ നായർ.

കേന്ദ്രസാഹിത്യഅക്കാഡമിയുടെ ഫെല്ലോ ഷിപ്പ് അടക്കം നിരവധി നാടക അവാർഡു കൾ നേടിയ ശ്രീ. G. കൃഷ്ണൻ നായർ നാവാ യിക്കുളം 28-ാം മൈൽ മേടയിൽ വീട്ടിൽ അംഗമാണ്. ഇടതുപക്ഷ പ്രസ്ഥാനത്തെ പ്രതി നിധീകരിച്ച് അദ്ദേഹം പഞ്ചായത്ത് മെമ്പറാ യിരുന്നു. സർവ ശ്രീ കുമാരപിള്ള സാർ, നാട കകൃത്ത് പണ്ഡിറ്റ് C.M. കൃഷ്ണൻസാർ കല്ലു വാങ്ങൽ ഗോപാലൻ സാർ, നാണുസാർ വക്കീൽ സ്വാമി എന്നറിയപ്പെട്ടിരുന്ന സുബ്ര ഹ്മണ്യഅയ്യർ, ഡോക്ടർ സ്വാമി എന്നറിയപ്പെ ട്ടിരുന്ന ഡോക്ടർ ശ്രീനിവാസഅയ്യർ, ദേശീയ അവാർഡു നേടിയ N. കുഞ്ഞുകൃഷ്ണൻ സാർ എന്നീ മഹാരഥൻമാർ ഞങ്ങളുടെ അഭി മാനങ്ങളാണ്.

### ആരാധനാലയങ്ങൾ

മതമൈത്രിക്കും മതസഹിഷ്ണുതക്കും നവായിക്കുളം പ്രാചീനകാലം മുതലേ പേരു കേട്ടിരുന്നു. 557 വർഷത്തെ പഴക്കമുള്ള നാവാ യിക്കുളം ശ്രീ ശങ്കരനാരായണ സ്വാമി ക്ഷേത്രവും 500 വർഷത്തെ പഴക്കമുള്ള നാവാ യിക്കുളം വലിയ പള്ളിയും നമുക്കുണ്ട്. 1439-ൽ ചേര ഉദയമാർത്താണ്ഡവർമ്മ മഹാ രാജാവാണ് നാവായിക്കുളം ക്ഷേത്രം പണി കഴിപ്പിച്ചത്. ക്ഷേത്രസ്ഥാപിത ചരിത്രം വ്യക്ത മാക്കുന്ന ശിലാസ്തംഭം ക്ഷേത്രത്തിന്റെ കിഴ ക്കേവാതിലിനു സമീപം കാണാം. ക്ഷേത്രം കേരളീയ വാസ്തുശിൽപ്പരീതി അനുസരി ച്ചാണ് നിർമ്മിച്ചിരിക്കുന്നത്. നമ്മുടെ പഞ്ചാ യത്തിന്റെ സാംസ്കാരിക വളർച്ചക്ക് നാവാ യിക്കുളം ക്ഷേത്രം വേദിയൊരുക്കി. 1922-ൽ റവന്യൂ വകുപ്പിന്റെ കീഴിലായ ക്ഷേത്രഭരണം 1949-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നിലവിൽ വന്നതോടെ അതിനു കീഴിലാവു കയും ചെയ്തു. ഇന്നും കഥകളി, പാഠകം, ഓട്ടൻതുള്ളൽ തുടങ്ങിയ കലാരൂപങ്ങൾ ഇവിടെ അരങ്ങേറുന്നു. 936-ൽ തിരുവിതാം കൂർ മഹാരാജാവ് പുറപ്പെടുവിച്ച ക്ഷേത്ര പ്രവേശനവിളംബരത്തിന്റെ ഫലകം ക്ഷേത്ര ത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് നാഷണൽ ഹൈവേയുടെ ഓരത്ത് സ്ഥാപിച്ചിട്ടുണ്ട്. ശ്രീ. കരുണാകരൻ ആ.അ സ്ഥാപിച്ച ഈ ഫലകം രൂപ കൽപ്പന ചെയ്തത് ആർട്ടിസ്റ്റ് ശ്രീ. P.S. നായർ ആണ്.

ചിറയിൻകീഴ് താലൂക്കിലെ ആദ്യകാലപ ള്ളികളിൽ വളരെ പ്രാധാന്യമുള്ള ഒന്നാണ് നാവായിക്കുളം പള്ളി. മുസ്ലിം സമുദായ ത്തിന്റെ സാമൂഹിക സാംസ്കാരിക പുരോഗ തിക്കുപരി ഈ പഞ്ചായത്തിന്റെ സർവ്വതോ മുഖമായ പുരോഗതിക്ക് വലിയ പള്ളി വളരെ സഹായകമായിട്ടുണ്ട്. മരുതിക്കുന്നിലെ ക്രിസ്ത്യൻ പള്ളിയും പെന്തക്കോസ്ത്ക്കാ രുടെ ആരാധനാലയവും നമ്മുടെ പഞ്ചായ ത്തിലുണ്ട്. ഇവകൂടാതെ നാവായിക്കുളം പഞ്ചായത്തിൽ നിരവധി ആരാധനാലയങ്ങ ളുമുണ്ട്.

### സേവനചരിത്രം

ഇന്നത്തെ നമ്മുടെ പഞ്ചായത്ത് കെട്ടിപ്പടു ക്കുന്നതിൽ നിർലോഭം സഹകരിച്ച നിരവധി മഹാൻമാർ നമ്മുടെ പഞ്ചായത്തിൽ ജീവിച്ചി രുന്നു. മൂടിയിക്കുന്നത്ത് കുടുംബക്കാരുടെ വക യായി ആരംഭിച്ച സ്കൂളാണ് പിന്നീട് വെട്ടി യറ ഗവൺമെന്റ് L. P. S ആയി മാറിയത്. സ്മര ണീയനായ ശ്രീ. ഇബ്രാഹിംകുഞ്ഞ് ആരംഭി ച്ചതാണ് ഇന്നത്തെ നാവായിക്കുളം ഗവൺമെന്റ് മുസ്ലിം L. P. S. ഇന്നത്തെ കുട വൂർ ഗവൺമെന്റ് മുസ്ലിം L P S കല വൂർക്കോണം കുടുംബക്കാരുടെ വകയായി ആരംഭിച്ച സ്വകാര്യ സ്കൂളായിരുന്നു. 28-ാം മൈൽ വിവേകോദയം ഗ്രന്ഥശാലക്കുവേണ്ടി സ്ഥലം നൽകിയ ശ്രീ. കല്ലുവാങ്ങൽ ഗോപാ

ലൻസാറും 28-ാം മൈൽ മാർക്കറ്റിനു വേണ്ടി സ്ഥലം നൽകിയ ശ്രീ. അപ്പിക്കുഞ്ഞും കട മ്പാട്ടുകോണം വായനശാലക്ക് സ്ഥലം നൽകിയ സർവ്വശ്രീ തേവരംകോട് നാരായണ പിള്ളയും ആനൂർവീട്ടിൽ രാമക്കുറുപ്പും, കല്ല മ്പലം മാർക്കറ്റിനു വേണ്ടി സ്ഥലം നൽകിയ ശ്രീ ഖാദിർ പിള്ളയും ഞങ്ങളുടെ സേവനചി രത്രത്തിന്റെ ശുക്ര നക്ഷത്രങ്ങളാണ്. നാവാ യിക്കുളം ഗവൺമെന്റ് ഹൈസ്കൂളിന്റെ പ്രധാ നകെട്ടിടം നാട്ടുകാരുടെ ശ്രമഫലമായി നിർമ്മി ച്ചതാണ്. തോളൂർ മാർക്കറ്റിനുവേണ്ടി അന്നാ ട്ടുകാർ സ്ഥലം വാങ്ങിക്കൊടുത്തതും, വെട്ടി യറ N.S.S ഹോസ്പിറ്റൽ കെട്ടിടത്തിനുവേണ്ടി ആനൂട്ടിൽ മാധവക്കുറുപ്പ് 25 സെന്റ് സ്ഥലം നൽകിയതും ഇതേ ആവശ്യത്തിനായി നാട്ടു കാർ കമ്മിറ്റി രൂപീകരിച്ച് പേവാർഡ് ഉൾപ്പെ ടെയുള്ള കെട്ടിടം നിർമ്മിച്ചതും Dr. P.ഗോപി നാഥൻ നായർ കിണർ വെട്ടിയനൽകിയതും ഞങ്ങളുടെ സേവന ചരിത്രമാണ്.

**ഭരണചരിത്രം**

1954-ൽ നമ്മുടെ പഞ്ചായത്ത് രൂപം കൊണ്ടു. 11 വർഷം നില നിന്ന ആദ്യപഞ്ചാ യത്ത് ഭരണസമിതി നാലു പ്രസിഡന്റുമാരാണ് നയിച്ചത്. നമ്മുടെ ആദ്യത്തെ പ്രസിഡന്റ് ശ്രീ കരിമ്പുവിള നാരായണക്കുറുപ്പാണ്. സർവ്വശ്രീ കിഴക്കതിൽ P.N. കൃഷ്ണക്കുറുപ്പ്, കല്ലമ്പലം മേടയിൽ സൈനുല്ലാബ്ദീൻ നാവായിക്കുളം രാജേന്ദ്രവിലാസത്തിൽ R. ശങ്കരപ്പിള്ള എന്നി വരാണ് ആ ഭരണകാലഘട്ടത്തിൽ യഥാക്രമം മാറി വന്ന പഞ്ചായത്ത് പ്രസിഡന്റുമാർ. അതിനു ശേഷം നിലവിൽ വന്ന ഭരണസമിതി 16 വർഷം നമ്മുടെ പഞ്ചായത്ത് ഭരിച്ചു. കമ്മ്യൂ ണിസ്റ്റു നേതാവും കാർഷികസമരപോരാട്ടങ്ങ ളിലൂടെ നമ്മുടെ പഞ്ചായത്തിലെ പാവപ്പെട്ട വനുവേണ്ടി അക്ഷീണം പടപൊരുതുകയും ചെയ്ത ശ്രീ. N. ഗോപാലകൃഷ്ണക്കുറുപ്പാ യിരുന്നു അന്നത്തെ നമ്മുടെ പഞ്ചായത്ത്പ്ര സിഡന്റ്. തുടർന്നു നടന്നതെരഞ്ഞെടുപ്പിലും അദ്ദേഹം പ്രസിഡന്റാവുകയും തുടർന്നുള്ള 5 വർഷക്കാലം നമ്മുടെ പഞ്ചായത്തിനെ നയി ക്കുകയും ചെയ്തു. ഇദംപര്യന്തമുള്ള പുരോ ഗതിക്ക് അടിസ്ഥാനമിടുകയും നേതൃത്വം നൽകുകയും ചെയ്ത സർവ്വാദരണീയനായ നേതാവാണ് ശ്രീ കുറുപ്പുചേട്ടൻ. 21 വർഷ ക്കാലം അദ്ദേഹം നമ്മുടെ പഞ്ചായത്തിനെ നയിച്ചു. തുടർന്നു വന്ന ഭരണസമിതി 6'/2 വർഷം ഭരണം നടത്തി. ശ്രീ. സാലി. M. ആയി രുന്നു അക്കാലത്തെ പ്രസിഡന്റ്. പഞ്ചായത്തീ രാജ് നിയമം അനുസരിച്ച് 1995-ഒക്ടോബർ 2-ാം തീയതി നിലവിൽ വന്ന നിലവിലുള്ള ഭരണസമിതിയുടെ പ്രസിഡന്റ് ശ്രീ. P. മനോ ഹരൻ ആണ്.

**പൊതുസ്ഥിതി**

വളർച്ചയുടെ പാരമ്പര്യം അവകാശപ്പെടാ വുന്ന ഒരു കാർഷികചരിത്രം നമുക്കില്ല. കര ങ്ങളിൽ നിന്നും രക്ഷനേടി കൃഷിയെ സംര ക്ഷിക്കാൻ വെമ്പിയ പഴമയുടെ ചരിത്രം നമു ക്കുണ്ട്. കൃഷിയെ മാത്രം ആശ്രയിച്ച് ജീവി ക്കുന്ന കുടുംബങ്ങൾ ഇവിടെ കുറവാണ്. കാർഷികവൃത്തിയോടുള്ള ആഭിമുഖ്യക്കു റവും, കാർഷികോൽപ്പന്നങ്ങളുടെ വിലയി ടിവും, മാർക്കറ്റിൽ നിയന്ത്രണമില്ലാത്ത അവ സ്ഥയും കാർഷികമേഖലയെ മുരടിപ്പിച്ചു. പര മ്പരാഗതവിളകളിൽ നിന്നും ദീർഘകാലതോ ട്ടവിളകളിലേക്കാണ് നമ്മൾ ശ്രദ്ധിക്കുന്നത്. നെൽപ്പാടങ്ങൾ നശിപ്പിക്കുന്ന ആധുനിക സാമൂഹികബോധം നമ്മെ ഭരിക്കുന്നു.

കുടിപ്പള്ളി കൂടങ്ങളിൽ ആരംഭിക്കുന്ന ഒരു വിദ്യാഭ്യാസ ചരിത്രമാണ് നമ്മുടേത്. മഹാൻമാ രായ പല വ്യക്തികളേയും സംഭാവനചെയ്യാൻ നമ്മുടെ വിദ്യാഭ്യാസത്തിന് കഴിഞ്ഞിട്ടുണ്ട്. ക്രമാനുഗതമായ വളർച്ചയിലൂടെ വിദ്യാഭ്യാസ രംഗത്ത് നാം ബഹുദൂരം മുന്നോടു പോയി ട്ടുണ്ട്. നിലവിൽ നമുക്ക് 12 അംഗീകൃത സ്കൂളുകളാണുളളത്. ഇതിൽ 3 എണ്ണം ഹൈസ്കൂളുകളും ഒരു UP സ്കൂളും 8 പ്രൈമ റിസ്കൂളുകളും ആണ്. കൂണുപോലെ മുളച്ചു വരുന്ന അനധികൃത സ്കൂളുകൾ നാം ഇന്ന് നേരിടുന്ന വിദ്യാഭ്യാസ വെല്ലുവിളികളിൽ പ്രധാനമായതാണ്. ദുർബലവിഭാഗങ്ങൾക്കിട യിൽ പഠനം നിർത്തിപ്പോകുന്നവരുടെ എണ്ണം വളരെ കൂടുതലാണ്.

നിരവധി പദ്ധതികളിലൂടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും നമുക്ക് വിജയിക്കാൻ കഴിഞ്ഞിട്ടില്ല. മോടികൂടിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ കോടികൾ ചെലവഴിക്കുന്നവരും അന്തിയുറങ്ങുന്നതിന് ഒരു ചെറ്റക്കുടിൽ നിർമ്മിക്കാൻ ബുദ്ധിമുട്ടുന്നവരും ഇവിടെയുണ്ട്.

കൃഷിയെയും ഗ്രാമീണ തൊഴിലുകളെയും ആശ്രയിച്ചുള്ള ഒരു സാമ്പത്തിക ചരിത്രമായിരുന്നു നമ്മുടേത്. എന്നാൽ ഇന്ന് ഗൾഫ് മേഖലയും, അനുബന്ധമായി വളർന്നുവന്നിട്ടുള്ള കെട്ടിടനിർമ്മാണ മേഖലയും, കൂടാതെ വനിതകൾ ധാരാളം പണിയെടുക്കുന്ന കശുവണ്ടി മേഖലയുമാണ് നമ്മുടെ സാമ്പത്തിക നിലയുടെ അടിസ്ഥാന ഘടകങ്ങൾ. കൃഷിക്ക് നമ്മുടെ സാമ്പത്തിക മേഖലയിൽ ഒരു സ്വാധീനവും ചെലുത്താൻ കഴിയുന്നില്ല എന്ന വസ്തുത സ്ഥായിയായ വികസനത്തിന് തടസമാണ്. ക്ഷീരസഹകരണസംഘങ്ങൾ പോലുള്ള ചില മേഖലകളാണ് അൽപ്പമെങ്കിലും പ്രത്യാശക്ക് വക നൽകുന്നത്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയും വളർച്ച മുരടിച്ച സഹകരണവും യുവത്വത്തിന്റെ പ്രതീക്ഷകൾക്ക് മങ്ങലേൽപിച്ചിരിക്കുന്ന ഒരു സാമൂഹിക ചുറ്റുപാടും നിലനിൽക്കുന്ന സാഹചര്യത്തിലാണ് 9-ാം പദ്ധതി കടന്നു വരുന്നത്. കാർഷിക മേഖലയിലെ വളർച്ചയിലൂടെ പരമ്പരാഗതവും വികസ്വരവും സ്ഥായിയുമായ വികസനത്തിന് തുടക്കം കുറിക്കാൻ നമുക്ക് കഴിയണം. ഇവിടെയാണ് നമ്മുടെ സംഘശക്തിയുടെ അനിവാര്യത.

*'കുഴിവെട്ടിമൂടുകവേദനകൾ*
*കുതികൊൾകശക്തിയിലേക്കു നമ്മൾ'.*

# III പ്രകൃതി വിഭവങ്ങൾ

നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ ആകെ വിസ്തീർണം 28.23 ച.കി.മീറ്റർ ആണ്. ചെറുകുന്നുകളും, ഉയരം കൂടിയ പ്രദേശങ്ങളും ചരിവുകളും, നിരപ്പായസ്ഥലങ്ങളും ഇടവിട്ടിടവിട്ട് കാണാം.

മൂന്നു പഠനഗ്രൂപ്പുകൾ രണ്ടുദിവസങ്ങളായി ഈ പഞ്ചായത്തിൽ പഠന പര്യടനം നടത്തി. ജനകീയ ആസൂത്രണ പ്രവർത്തകരും, ഉദ്യോഗസ്ഥന്മാരും, വനിതകളും, അധ്യാപകരും, അടങ്ങുന്ന സംഘങ്ങളാണ് പര്യടനം നടത്തിയത്.

### ഭൂപ്രകൃതി

നമ്മുടെ പഞ്ചായത്തു ഭൂമി പൊതുവേ തെക്ക് പടിഞ്ഞാറായി ചരിഞ്ഞുകിടക്കുന്നു. നെൽപാടങ്ങൾ പൊതുവിൽ കിഴക്കുനിന്നും ആരംഭിച്ച് പടിഞ്ഞാറു പഞ്ചായത്തിന്റെ അതിർത്തി വരെ തൊട്ടുതൊട്ടു കിടക്കുന്നു. വലിയ പുഴകളും വെള്ളക്കെട്ടുകളും നമ്മുടെ പഞ്ചായത്തിൽ ഇല്ല.

നിരവധി ചെറുതോടുകൾ പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തും വടക്ക് ഭാഗത്തും ഉള്ള ചരുവിൽ ഉത്ഭവിച്ച് നേരെ പടിഞ്ഞാറായും ചില തോടുകൾ തെക്കുപിഞ്ഞാറായും ഒഴുകി പല കേന്ദ്രങ്ങളിൽ വച്ച് യോജിച്ച് ചെറുപുഴകളായി രൂപപ്പെടുന്നു.

### ജലലഭ്യത

പഞ്ചായത്തിലെ പ്രധാന ജലസ്രോതസുകൾ ചെറുതും വലുതുമായ ചിറകളും കുളങ്ങളും കിണറുകളും തോടുകളും ആണ്. ആകെ 21 കുളങ്ങൾ ഉണ്ട്. ഈ തോടുകളുടേയും ചിറകളുടേയും ഇന്നത്തെ അവസ്ഥ അതി ശോചനീയമാണ്. കാലകാലങ്ങളിൽ ആവശ്യമായ അറ്റകുറ്റപണികൾ നടത്താതിനാൽ ജലം സംഭരിക്കാനുള്ള കഴിവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ജൂലൈ- ആഗസ്റ്റ് മാസങ്ങളിലും ഒക്ടോബർ-നവംബർ മാസങ്ങളിലും മഴ ലഭിക്കുന്നു.

### വനം

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്ന ചെറിയ കാടുകൾ അധികവും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടതുമായിരുന്നു. ഈ കാടുകളെല്ലാം ഇന്ന് നാമാവശേഷമായി. കുണ്ടുമൺകാവ്, കുന്നത്തുകാവ് എന്നിവ ഉദാഹരണങ്ങളാണ്. വളരെ ചെറിയ തുണ്ടുഭൂമികളിൽ കാണുന്ന സർപ്പകാവുകൾ ഇന്നും നിലനിൽക്കുന്നു.

നാഷണൽ ഹൈവേയ്ക്ക് ഇരുപുറവും ആസൂത്രിതമായി വച്ചുപിടിപ്പിച്ച അക്കേഷ്യ, കാറ്റാടി തുടങ്ങിയ മരങ്ങൾ സാമൂഹ്യവിരുദ്ധന്മാർ കൈയേറി നശിപ്പിക്കുന്നു.

### ജൈവസമ്പത്ത്

സമതലപ്രദേശത്തും ചരിവുകളിലും, തെങ്ങ്, കവുങ്ങ്, വാഴ, മാവ്, കശുമാവ് മുതലായ ഫലവൃക്ഷങ്ങൾ ഉണ്ട്. സമതല പ്രദേശത്ത് പാറക്കെട്ടുകൾ ഇല്ല. പാറക്കെട്ടുകൾ നിറഞ്ഞ ചരിഞ്ഞ പ്രദേശത്തും ചില നിരപ്പായ സ്ഥലങ്ങളിലും റബർകൃഷി പുഷ്ടിപ്പെട്ടുവ

രുന്നു. ഭൂരിഭാഗം പാടത്തും നെൽകൃഷിചെയ്യുന്നു.

**മൺതരം**

പഞ്ചായത്തിലെ 6, 7, വാർഡുകളിൽ മണൽ കലർന്ന മണ്ണാണ് അധികവും കാണുന്നത്. പഞ്ചായത്തിലെ കുടവൂർ മേഖലയിൽ പൊതുവേ, വെട്ടുകൽ മണ്ണാണ്. മറ്റ് പ്രദേശങ്ങളിൽ പശിമരാശി മണ്ണാണ് എന്ന് പൊതുവേ പറയാം.

**ജനപ്രകൃതി**

1991-ലെ കനേഷുമാരി കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 33602 ആണ്. ഇതിൽ 51.93% സ്ത്രീകളാണ്. ആറു വയസുവരെയുള്ള 4716 കുട്ടികൾ ഈ പഞ്ചായത്തിലുണ്ട് 5370 പട്ടികജാതി പട്ടിക വർഗക്കാരുണ്ട്.

**ജനസാന്ദ്രത**

നമ്മുടെ പഞ്ചായത്തിന്റെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 1190 എന്ന നിരക്കിലാണ്. പഞ്ചായത്തിലാകെ 6863 കുടുംബങ്ങളുണ്ട്. വീടൊന്നിന് ശരാശരി 4.89 ആളുകളാണ്. സംസ്ഥാന ശരാശരി 5.1 ആകുന്നു.

**തൊഴിൽ**

നമ്മുടെ പഞ്ചായത്തിൽ 21421 തൊഴിലില്ലാത്ത വരുണ്ട്. അവരിൽ 8509 എണ്ണം പുരുഷൻമാരും 12912 എണ്ണം സ്ത്രീകളുമാണ്.

| തൊഴിലാളികൾ | പുരുഷൻ | സ്ത്രീ |
|---|---|---|
| കർഷകർ | 1826 | 308 |
| കർഷകതൊഴിലാളി | 2231 | 796 |
| മൈനിംഗ് ക്വാറി | 58 | 14 |
| കുടിൽ വ്യവസായങ്ങൾ | 54 | 22 |
| നിർമ്മാണതൊഴിലാളി | 316 | 07 |
| വ്യാപാരം | 729 | 53 |
| ട്രാൻസ്പോർട്ട്, വാർത്താവിനിമയം | 319 | 15 |
| കോൺട്രക്റ്റ് | 861 | 1830 |
| പരമ്പരാഗതതൊഴിലാളി | 56 | 20 |
| മറ്റ് ജീവനക്കാർ | 678 | 336 |
| മറ്റ് തൊഴിലാളികൾ | 517 | 1135 |
| ആകെ | 7645 | 4536 |
| തൊഴിലില്ലാത്തവർ | 8509 | 12912 |

# IV വികസനമേഖലകൾ

### 1. കൃഷിയും ജലസേചനവും

സമ്പന്നവും സമൃദ്ധവുമായ ഒരു കാർഷികമേഖലയാണ് നാവായിക്കുളം ഗ്രാമപഞ്ചായത്ത്. സമഗ്രമായ ഒരു കാർഷിക പരിഷ്കാരം നടന്ന പശ്ചാതലത്തിൽ കാർഷിക പുരോഗതിയിൽ ഗണ്യമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. തീരദേശപഞ്ചായത്തുകൾ എന്നു പറയാവുന്ന ഇലകമൺ, ചെമ്മരുതി പഞ്ചായത്തുകൾക്കു കിഴക്കായി പൊതുവിൽ പടിഞ്ഞാറായി ചരിഞ്ഞുകിടക്കുന്നു. എന്നാൽ ഇടയ്ക്ക് ചെറുകുന്നുകളും പാറക്കെട്ടുകളും കിഴക്കുപടിഞ്ഞാറായി നിരവധി ചെറുതോടുകളും ഉറവകളും വലതും ചെറുതുമായ നിരവധി കുളങ്ങളും, തെക്കുവടക്കായും, കിഴക്കുപടിഞ്ഞാറായും നിരവധി നെൽപ്പാടങ്ങളും നിറഞ്ഞതാണ് നമ്മുടെ ഗ്രാമ പഞ്ചായത്ത്.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ജീവനാഡിയായി കണക്കാക്കാവുന്ന ചെറുതോടുകൾ നമ്മുടെ പഞ്ചായത്തിന്റെ കിഴക്കേ അതിരായി സ്ഥിതിചെയ്യുന്ന കിഴക്കനേലമുതൽ കുടവൂർ വരെയുള്ള കുന്നിൻ പ്രദേശത്തിന്റെ അടിവാരത്തുനിന്നും ഉത്ഭവിച്ച് നാഷണൽ ഹൈവേയിൽ ജില്ലാ അതിർത്തിയായ കടമ്പാട്ടുകോണം, വെട്ടിയറ, മങ്ങാട്ടുവാതുക്കൽ, തട്ടുപാലം, എന്നീ നാലു ഭാഗത്ത് ഒഴികിയെത്തുന്നു. ഈ നാലു തോടുകളും നാഷണൽ ഹൈവേയ്ക്ക് താഴെയുള്ള വിശാലമായ നെൽപാടങ്ങളിൽ ജലസേചനം നടത്താൻ വൻപിച്ച സാധ്യത നിലനിർത്തിക്കൊണ്ടൊഴുകി നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തിയായ മൂത്താനവഴി ഒന്നായി ച്ചേർന്ന് ചെമ്മരുതി ആറ് എന്ന സ്ഥാനം പിടിച്ചുപറ്റി പടിഞ്ഞാറോട്ടൊഴുകിപോകുന്നു.

90% ജനങ്ങളും മുഖ്യമായും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നു. കർഷക കുടുംബങ്ങളിലെ അംഗങ്ങളെല്ലാം തന്നെ കാർഷിക വൃത്തിയിൽ അഭിമാനത്തോടെ പങ്കെടുക്കുന്നു. രണ്ടായിരത്തോളം കാർഷിക തൊഴിലാളികൾക്ക് ഭാഗികമായെങ്കിലും തൊഴിൽ നൽകാൻ കാർഷിക മേഖലയ്ക്ക് കഴിയുന്നു.

### ഭൂവിനിയോഗം

28.23 ചതുരശ്രകിലോമീറ്റർ വിസ്തീർണം വരുന്ന നാവായിക്കുളം ഗ്രാമപഞ്ചായത്ത് കുടവൂർ, നാവായിക്കുളം എന്നീ രണ്ടു റവന്യൂ വില്ലേജുകൾ കൂടിചേർന്നതാണ്. നിരപ്പായ പ്രദേശം, താഴ്‌വര, ഉയർന്ന പ്രദേശം, കുന്നിൻ ചെരിവ്, പാറക്കെട്ട് തുടങ്ങി വ്യത്യസ്ഥ സ്വഭാവമുള്ള പ്രദേശങ്ങൾ ഇടകലർന്നു കിടക്കുന്ന ഒരു ഭൂ പ്രദേശമാണ് നാവായിക്കുളം ഗ്രാമപഞ്ചായത്ത്.

ആകെ 6863 കുടുംബങ്ങളിൽ ഭൂരിഭാഗവും മൂന്നു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്. നമ്മുടെ പഞ്ചായത്തിലെ ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 1190 ആണ്. പഞ്ചായത്തിൽ മുഖ്യമായും കൃഷിചെയ്യുന്ന കാർഷികവിളകൾ നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ്, റബ്ബർ എന്നിവയാണ്. കൂടാതെ

36–2

## കൃഷിക്കാരുടെ കൈവശ ഭൂമികാണിക്കുന്ന ചിത്രം



■ *–വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ)*

▩ *–ചെറുകിട കർഷകർ (1–2 ഹെക്ടർ)*

□ *–നാമമാത്ര കർഷകർ (1 ഹെക്ടറിനു താഴെ)*

| | |
|---|---|
| നാമമാത്ര കർഷകർ | 26,458 |
| ചെറുകിട കർഷകർ | 4450 |
| വൻകിട കർഷകർ | 150 |

വാഴ, പച്ചക്കറി, മാവ്, പ്ലാവ്, പയർ വർഗങ്ങൾ, ഗ്രാംപൂ മുതലായവയും കൈതച്ചക്കയും കൃഷി ചെയ്തു വരുന്നു.

**നെൽകൃഷി**

ശാസ്ത്രീയനാമം: ഒറൈസ സറ്റൈവ.

ഇംഗ്ലീഷിൽ ഇതിനെ പാഡി (paddy) എന്നും ഹിന്ദിയിൽ ദാൻ, ചാവൽ എന്നീപേരുകളിലും അറിയപ്പെടുന്നു. ആദ്യമായി നെൽകൃഷിചെയ്തത് ചൈനയിലാണെന്ന് വിശ്വസിക്കപ്പെടുന്നു. ബി.സി. 2800-മാണ്ടിൽ ഏർപ്പെടുത്തിയ വിളവിറക്കുത്സവത്തിൽ ചക്രവർത്തിയും രാജകുടുംബാംഗങ്ങളും നെല്ലും മറ്റു ധാന്യങ്ങളും വിതയ്ക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. 2300 വർഷങ്ങൾക്കുമുമ്പെങ്കിലും ഇന്ത്യയിൽ നെൽകൃഷിതുടങ്ങിയിരുന്നുവെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

കഴിഞ്ഞ രണ്ടു പതിറ്റാണ്ടു മുമ്പുവരെ ജനങ്ങൾ മുഖ്യമായും നെൽകൃഷിയിൽ കേന്ദ്രീകരിച്ചിരുന്നു. നൂറ്റാണ്ടുകൾക്കു മുമ്പുമുതൽ നെൽപാടങ്ങൾ നിലനിന്നിരുന്നതായി കണക്കാക്കാം. ഇരുപ്പൂ നിലങ്ങളാണ് കൂടുതലും. ചില ഏലാകളിൽ 3 പൂവും (പുഞ്ച) നിലനിന്നിരുന്നു. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുവരെ നാടൻ വിത്തുകളും, നാടൻ സങ്കേതവുമാണ് നിലനിന്നിരുന്നത്. ഇപ്പോൾ 200 ഹെക്ടർ സ്ഥലത്ത് ഇരുപ്പൂ കൃഷി ചെയ്തുവരുന്നതായി കണക്കാക്കുന്നു.

നെൽപാടങ്ങൾ നികത്തി തെങ്ങ്, വാഴ മറ്റു കൃഷികൾ കെട്ടിട നിർമാണങ്ങൾ തുടങ്ങിയവയ്ക്കുള്ള പ്രവണത കൂടിക്കൂടിവരുകയാണ്. നമ്മുടെ ഗ്രാമ പഞ്ചായത്തു പ്രദേശങ്ങളിൽ നിന്നും തൊഴിൽ തേടി ഗൾഫ് രാജ്യങ്ങളിൽ പോയി ആർജിച്ച ധനം ഈ പ്രവണതയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. പരിസ്ഥിതി പ്രശ്നങ്ങളും, നെൽകൃഷിയുടെ നിലനിൽപിനേയും ഈ പ്രക്രിയ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെ വമ്പിച്ച ആശയപ്രചരണം അത്യന്താപേക്ഷിതമാണ്.

ശാസ്ത്രീയമായ ജലസേചനത്തിന്റെ അഭാവവും മറ്റു തൊഴിൽ മേഖലകളിൽ ഉള്ളതിനേക്കാൾ കുറഞ്ഞ കൂലിയുമായതിനാൽ കാർഷിക തൊഴിലാളികളുടെ ദൗർലഭ്യം, സമ്പന്നരായിമാറിക്കൊണ്ടിരിക്കുന്ന ഒരു വിഭാഗം ജനങ്ങളുടെ കൃഷിയോടുള്ള താൽപര്യക്കുറവ് മുതലായവ മറ്റു വിളകൾക്ക് വഴി മാറിക്കൊടുക്കാൻ ഇടയായി. വർഷം തോറും 10% നെൽപാടങ്ങൾ മറ്റു വിളകൾക്കു വേണ്ടി മാറ്റപ്പെടുന്നു.

നെൽകൃഷിക്ക് രാസവളപ്രയോഗം സാർവസാധാരണമായിരിക്കുന്നു. എന്നാൽ ശാസ്ത്രീയമായ വളപ്രയോഗം പരിമിതമാണ്. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം രാസവളമുപയോഗിക്കുന്ന കർഷകർ വളരെ കുറവാണ്.

രണ്ടുവിളകളും മഴയെ ആശ്രയിച്ച് തുടങ്ങുന്നു. വിത്തുപാകി പറിച്ചു നടുന്ന രീതി ഏതാണ്ടു വ്യാപകമായിട്ടുണ്ട്. രണ്ടാം വിളയ്ക്ക് പച്ചില ഉപയോഗിക്കുന്ന രീതി ഏതാണ്ട് രണ്ടു പതിറ്റാണ്ടു മുമ്പുവരെ സർവസാധാരണമായിരുന്നു. എന്നാലിപ്പോൾ പച്ചില പ്രയോഗം ഇല്ലെന്നു തന്നെ പറയാം. മണ്ണിന്റെ രാസഘടന നെൽകൃഷിയ്ക്ക് യോജിച്ച തരത്തിൽ ക്രമീകരിക്കുന്ന കുമ്മായ പ്രയോഗം മുതലായവയും വളരെ പരിചിതമാണ്. ഇക്കാരണങ്ങൾ കൊണ്ടുതന്നെ മണ്ണിന്റെ ഉൽപാദനക്ഷമത കുറഞ്ഞു വരുന്നു. മഴക്കാലത്ത് വെള്ളപ്പൊക്കവും രണ്ടാം വിളയുടെ അവസാനസമയത്ത് ജല ദൗർലഭ്യവുമാണ് നെൽകൃഷിയെ അലട്ടുന്ന മുഖ്യ പ്രശ്നങ്ങൾ. പഞ്ചായത്തിലെ മൊത്തം പാടശേഖര വിസ്തീർണം 200 ഹെക്ടർ ആണ്. മുഴുവൻ ഇരുപ്പൂ നിലങ്ങളാണ്. അത്യുൽപാദന ശേഷിയുള്ള മേൽത്തരം വിത്തുകളും, സങ്കരയിനം വിത്തുകളും വരുന്നതിനുമുമ്പ് നാടൻ വിത്തുകളായ ചേറാടി, അമ്പതാംവെള്ള, മുണ്ട, കൊറുവ, മുളക് ചമ്പാവ് തുടങ്ങിയവ ഉപയോഗിച്ചിരുന്നു. ഇവയ്ക്കു പൊതുവിൽ രോഗപ്രതിരോധ ശേഷിയും ചിലയിനങ്ങൾക്ക് ഒരു പരിധിവരെ ജല ദൗർലഭ്യത്തെ അതിജീവിക്കാനും കഴിഞ്ഞിരുന്നു. എന്നാൽ സങ്കരയിനം വിത്തുകളുടെ ആവിർഭാവത്തോടെ രാസവളപ്രയോഗവും ആധുനിക കീടനാശിനി പ്രയോ

ഗവും തുടക്കത്തിൽ ഉൽപ്പാദനരംഗത്ത് വൻപിച്ച കുതിച്ചു ചാട്ടം തന്നെ നടത്തി. ശാസ്ത്രീയമായ കൃഷിരീതി ജപ്പാൻ മാതൃകയിലുള്ള നെൽകൃഷി – കൃഷി വകുപ്പ് പ്രചരണരംഗത്ത് ഉയർത്തിക്കൊണ്ടുവന്നപ്പോൾ അൽഭുതകരങ്ങളായ പരിവർത്തനം വന്നു.

എന്നാൽ ഇടയ്ക്ക് തൈനാൽ–3 എന്ന നെൽവിത്ത് അതിന്റെ ഗുണങ്ങൾ വേണ്ടത്ര വിലയിരുത്താതെ കർഷകന് വമ്പിച്ച തോതിൽ കൊടുത്തത് തിരിച്ചടിയുണ്ടാക്കി. ഇന്ന് പരമ്പരാഗത നാടൻ വിത്തുകൾ ഒന്നുപോലും കാണാനില്ല. ഒന്നാം വിളയ്ക്ക് ജ്യോതി, ഭാരതി, ജയ, കാർത്തിക, പവിഴം തുടങ്ങിയ അത്യുൽപാദന ശേഷിയുള്ള വിത്തുകളും പട്ടാമ്പി തവളക്കണ്ണൻ, പി.റ്റി.ബി – 10 മുതലായ വിത്തുകളും പ്രചാരത്തിലിരുന്നു.

നെല്ലുൽപാദന മേഖലയിലെ സ്ത്രീകളുടെ അദ്ധ്വാന നിക്ഷേപം പുരുഷന്മാരുടെതിനെക്കാൾ കൂടുതലാണ്. എന്നാൽ വിദ്യാസമ്പന്നരായ യുവതിയുവാക്കൾ അത്യന്തം ക്ലേശകരമായ നെൽകൃഷിയോട് അലംഭാവം കാണിക്കുന്നത് നെൽകൃഷിനേരിടുന്ന ഒരു മുഖ്യ പ്രശ്നമാണ്.

നെൽകൃഷി അനാദായകരം എന്നു വരുമ്പോൾ നെല്ലിടങ്ങൾ മറ്റു കൃഷികൾക്ക് വഴിമാറുന്നു. കൃഷിക്ക് മാന്യത കല്പിക്കാതിരിക്കുന്നത് മറ്റൊരു പ്രശ്നമാണ്. ആധുനിക സാങ്കേതികവിദ്യയിൽ ഈ പ്രദേശത്തെ കർഷകർ ഇന്നും അജ്ഞരാണ്. നെൽകൃഷിയ്ക്ക് വൈദ്യുതിയുടെ ഉപയോഗം ഈ പ്രദേശത്ത് ഇല്ലെന്നു തന്നെപറയാം. പാടശേഖര സമിതികളുടെ പ്രവർത്തനം ഏതാനും പോക്കറ്റുകളിലും, വ്യക്തികളിലും മാത്രം ഒതുങ്ങി നിൽക്കുന്നു.

1960–കളിൽ കർഷകരെ സേവിക്കാൻ മാത്രം വേണ്ടി ജന്മമെടുത്ത സഹകരണ പ്രസ്ഥാനം ക്രമേണ കാർഷിക മേഖലയിൽ നിന്നും അകന്നു വരുന്നു. ആയിരക്കണക്കായ കർഷകരിൽ നിന്നും സ്വരൂപിച്ച ഷെയർ വിഹിതം ഉപയോഗിച്ച് പടുത്തുയർത്തിയ സഹകരണപ്രസ്ഥാനം യഥാർഥ കർഷകർക്ക് ഇന്ന് അന്യമായിരിക്കുന്നു.

മുന്തിയ പലിശയ്ക്ക് നിക്ഷേപം സ്വീകരിച്ച് പരമാവധി ഉയർന്ന പലിശയ്ക്ക് സമൂഹത്തിലെ ഉയർന്ന ആളുകൾക്ക് മാത്രം വായ്പ എടുക്കാൻ പാകത്തിലുള്ള വായ്പനയമാണ് സഹകരണ ബാങ്കുകൾ തുടരുന്നത്. ദേശസാൽകൃത ബാങ്കുകളാണെങ്കിൽ നമ്മുടെ നാട്ടിലെ നിക്ഷേപം ഊറ്റിയെടുത്ത് അന്യസംസ്ഥാനങ്ങളിലെ വൻകിട വ്യവസായങ്ങൾക്കും ഊഹക്കച്ചവടക്കാർക്കും വായ്പ ലഭ്യമാക്കുന്നു. ആരെങ്കിലും സ്വർണ്ണപണയത്തിൽ എന്തെങ്കിലും വായ്പ എടുക്കുന്നുവെങ്കിൽ വായ്പാപേക്ഷയുടെ അടിയിൽ കാർഷികാവശ്യത്തിന് എന്ന് എഴുതിച്ചേർത്ത് റിസർവ് ബാങ്കിനെ കബളിപ്പിക്കുന്നു.

വകുപ്പധിഷ്ഠിതമായ പദ്ധതികളുടെ നടത്തിപ്പിനുള്ള ജനപങ്കാളിത്തത്തിന്റെ അഭാവവും വിവിധ ഔദ്യോഗിക ഏജൻസികളുടെ ഏകോപനമില്ലാത്ത പ്രവർത്തനവും അപാകതകളിൽ പ്രധാനമാണ്.

1987മുതൽ സംസ്ഥാനത്ത് മുഴുവൻ പഞ്ചായത്തുകളിലും കൃഷിഭവൻ ആരംഭിച്ചപ്പോൾ മുതൽ 3 കൃഷി അസിസ്റ്റന്റുമാരും ഒരു കൃഷി ഓഫീസറും ഉൾപ്പെടുന്ന കൃഷിഭവൻ ഇവിടെ സ്ഥാപിതമായി. കൃഷിഭവൻ വഴിയുള്ള സേവനം കൃഷികാർക്ക് തീരെ ലഭ്യമല്ല. നാലു പേരും സാങ്കേതിക വിദഗ്ധരാണ്. റിസർച്ച് സ്റ്റേഷനുകളിൽ നിന്നും ഏറ്റവും ഒടുവിൽ ലഭിക്കുന്ന അറിവുകൾ സാങ്കേതിക മേന്മയോടെ കൃഷിക്കാർക്ക് പകർന്നു കൊടുക്കേണ്ട ഒരു സ്ഥാപനമാണ് കൃഷിഭവൻ. റിസർച്ച് കേന്ദ്രത്തിനും കൃഷികാർക്കും ഇടയിൽ ഒരു പാലമായി വർത്തിക്കേണ്ട ഘടകം. ഈ ഉദ്യോഗസ്ഥർക്ക് നിരന്തര പരിശീലനവും പുനർ പരിശീലനവും ലഭിക്കുന്നുണ്ട്. എന്നാൽ അത് താഴോട്ടുവരുന്നില്ല. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ കൃഷി ഓഫീസറാണ്. കൃഷി ഇടങ്ങൾ സന്ദർശിച്ച് കൃഷിക്കാരുടെ പ്രശ്നങ്ങൾ അവരോടു ചോദച്ചറിഞ്ഞ് അവർക്ക് കൃഷിസംബന്ധമായ അറിവുകൾ പ്രായോഗികതലത്തിൽ പകർന്നു കൊടുക്കുന്നതിന് ഇന്ന് യാതൊരു സംവിധാനവുമില്ല.

കൃഷിഭവൻ വരുന്നതിനു തൊട്ടുമുൻപ് കൃഷി വകുപ്പ് നടപ്പിലാക്കിയിരുന്ന സന്ദർശന - പരിശീലന പരിപാടി ഈ സംവിധാനത്തോടെ മെച്ചമായിരുന്നു. ഏതാനും 1000രൂപ സബ്സിഡി അനുവദിക്കുന്നതിനും 500കിലോ വിത്തും കുറച്ചു നടീൽ വസ്തുക്കളും വില്ക്കുന്നതിന് ഒരു ആന്റസർ മാത്രം മതിയാകും.

### നെൽകൃഷി മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ

മുഴുവൻ നെൽകൃഷി പ്രദേശങ്ങളും ഗ്രൂപ്പ്ഫാമിംഗ് സമിതിയുടെ പ്രവർത്തനപരിധിക്ക് വിധേയമാക്കണം. ഗ്രാമ പഞ്ചായത്തിലെ ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ ഒരു അപക്സ് ബോഡി രൂപീകരിക്കണം. ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ ജനാധിപത്യ സ്വഭാവം ഉറപ്പുവരുത്തണം.

ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം, നടീൽ യന്ത്രം മുതലായവ പാടശേഖര സമിതികൾക്ക് സൗജന്യമായി വിതരണം ചെയ്യണം. നെൽകൃഷിക്കാവശ്യമായി വരുന്ന ചിലവുകളുടെ 50%സർക്കാർ വഹിക്കണം. ഓരോ പാടശേഖരത്തിന്റെയും കാർഷിക പ്രവർത്തനങ്ങളുടെ മേൽനോട്ടം അതാതു സമിതികൾ തന്നെ നൽകണം.

പഞ്ചായത്തിലെ എല്ലാ പ്രധാനകേന്ദ്രങ്ങളിലും രാസവള സബ് ഡിപ്പോ അനുവദിക്കണം. സഹകരണബാങ്ക് ലാഭനഷ്ടം കണക്കാക്കാതെ ഡിപ്പോകൾ പ്രവർത്തിപ്പിക്കാൻ മുൻകൈ എടുക്കണം. കൃഷി ഇൻഷ്വറൻസ് പ്രായോഗികമായി നടപ്പിൽ വരുത്തണം. കാർഷികതൊഴിലാളുകളുടെ പ്രത്യേകസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് അവരുടെ സേവനം മാന്യമായ വേതനത്തോടെ കാർഷികമേഖലക്ക് ഉറപ്പാക്കണം. വിവിധകാരണങ്ങളാൽ തരിശിടുന്ന നെൽവയലുകൾ ഏറ്റെടുത്ത് നേരിട്ട് കൃഷിയിറക്കാൻ പഞ്ചായത്തുകൾക്ക് അധികാരം നല്കണം.

നെൽപാടങ്ങളുടെ ഇരുവശങ്ങളിലുമുള്ള കര തോടുകൾ പുനരുദ്ധരിച്ച് നെൽകൃഷിയുടെ നിലനിൽപ് ഉറപ്പു വരുത്തണം. നെൽപാടങ്ങൾ നികത്തുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള പൂർണമായ അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം. നെൽകൃഷി ആദായകരമായി പുനർക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

### തെങ്ങ്-കവുങ്ങ്

ശാസ്ത്രീയനാമം-കൊക്കോസ് ന്യൂസിഫെറ

ഇംഗ്ലീഷ്- കോക്കനട്ട് ട്രീ

ഹിന്ദി- ഗോള

തെങ്ങിന്റെ ഉൽഭവത്തെക്കുറിച്ച് 1935-ൽ ബർക്കിൽ എന്ന സസ്യശാസ്ത്രജ്ഞൻ മൂന്നു സിദ്ധാന്തങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്.

1. തെക്കേ അമേരിക്കയിൽ ഉൽഭവിച്ച് ശാന്തസമുദ്രദ്വീപുകൾ വഴി മറ്റു ഭൂഖണ്ഡങ്ങളിലാകെ വ്യാപിച്ചു.
2. മധ്യ അമേരിക്കയിലെ ഉഷ്ണമേഘലാപ്രദേശങ്ങളിൽ ഉത്ഭവിച്ചു.
3. ദക്ഷിണ ഏഷ്യയിലോ ശാന്തസമുദ്രപ്രദേശങ്ങളിലോ ഉത്ഭവിച്ച് അമേരിക്കയിലേയ്ക്ക് വ്യാപിച്ചു.

1498-ൽ വാസ്കോഡിഗാമ ആഫ്രിക്ക കണ്ടെത്തിയപ്പോൾ അവിടെ തെങ്ങ് കൃഷിചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

സയോണിൽ കൃസ്തുവിന് 300 വർഷം മുമ്പ് മുതൽ തെങ്ങു കൃഷി ചെയ്തുവരുന്നു. ഏകബീജപത്രിയായ തെങ്ങ് പാമോസി എന്ന കുടുംബത്തിലെ അംഗമാണ്. കേരളത്തിൽ എട്ടു ലക്ഷത്തോളം ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി ചെയ്തുവരുന്നു. തികച്ചും ഉഷ്ണമേഘലാ വിളയാണിത്. വർഷം മുഴുവൻ മഴകിട്ടുന്ന പ്രദേശം കൂടുതൽ അനുയോജ്യമാണ്.

### തെങ്ങിന്റെ വ്യാവസായിക പ്രാധാന്യം

1. തേങ്ങയെണ്ണ ഉപയോഗിച്ച് മേൽത്തരം സോപ്പുകളും സുഗന്ധദ്രവ്യങ്ങളും ഉൽപാദിപ്പിക്കുന്നു.
2. കള്ളുചെത്തുവ്യവസായം കേരളത്തിന്റെ

## തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണം (ഏക്കറിൽ) | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ്റൂട്ട് ബ്ലീഡിംഗ് | സ്റ്റെം ബ്ലീഡിങ്ങ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 41.1 | 3912 | 19213 | 23115 | 100 | 75 | 175 | ഇല്ല | ഇല്ല | |
| 2 | 27.35 | 3414 | 10287 | 13701 | 184 | 65 | 130 | " | " | |
| 3 | 42.78 | 4066 | 19998 | 24064 | 70 | 85 | 125 | " | " | |
| 4 | 107.4 | 17104 | 43144 | 60248 | 660 | 60 | 140 | " | " | |
| 5 | 68.73 | 9145 | 29521 | 38666 | 248 | 70 | 135 | " | " | |
| 6 | 24.89 | 2827 | 11175 | 14134 | 63 | 65 | 145 | " | " | |
| 7 | 43.35 | 3891 | 20498 | 24389 | 182 | 80 | 130 | " | " | |
| 8 | 60.77 | 7563 | 26622 | 34185 | 270 | 70 | 125 | 15 | " | |
| 9 | 57.44 | 6072 | 26240 | 32312 | 187 | 85 | 140 | 10 | " | |
| 11 | 52 | 7950 | 21309 | 29259 | 477 | 60 | 130 | 18 | " | |
| 12 | 50.1 | 8682 | 19513 | 28195 | 325 | 80 | 175 | 10 | " | |
| 13 | 74.41 | 9178 | 32679 | 41857 | 757 | 60 | 140 | 12 | " | |

## നടീൽ വസ്തു വിവരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993–94 | 1994–95 | 1995–96 |
| തെങ്ങ് | 1010എണ്ണം | 1000 എണ്ണം | 1665 എണ്ണം |
| കുരുമുളക് | 5000ചെടി | 5000ചെടി | 960ചെടി |
| പച്ചക്കറി | 500കിറ്റ് | 500 കിറ്റ് | 750 കിറ്റ് |
| നെല്ല് | 400 | 550 | 750 |
| പയർ | 12സഴ | 72കു | 24കു |
| വാഴ | 920 | 200 | ഇല്ല |

സാമൂഹിക സാമ്പത്തിക മേഘലയിൽ നിർണായക ശക്തിയാണ്.

3. കയറും കയറുൽപന്നങ്ങളും

ആയിരക്കണക്കിന് പരമ്പരാഗത കയർ തൊഴിലാളികൾക്ക് ജോലി നൽകുന്ന കയറുൽപാദനം കയറ്റുമതിവഴി വമ്പിച്ച വിദേശ നാണ്യശേഖരം ഉണ്ടാക്കുന്നു.

വികസിത മുതലാളിത്ത രാജ്യങ്ങളിൽ പ്ലാസ്റ്റിക് ഉൽപന്നങ്ങൾ നിരോധിച്ചതോടെ കയർ വ്യവസായത്തിന്റെ പ്രസക്തി പതിന്മടങ്ങ് വർദ്ധിച്ചു.

തെങ്ങുകൃഷി നമ്മുടെ കർഷകരുടെ ഒട്ടേറെ സാമൂഹികപ്രതിബദ്ധത നിലനിർത്തുന്നു. നാളികേരം നിത്യജീവിതത്തിന്റെ അഭിവാജ്യ ഘടകമാണ്. സാമൂഹ്യമായി പരിശോധിക്കുമ്പോൾ ഹിന്ദു സമൂഹത്തിൽ മരണപ്പെട്ടവരുടെ ഓർമ്മയ്ക്കായി തെങ്ങിൻതൈ വയ്ക്കുന്നു. കേരളീയരുടെ നിരവധി ആചാരങ്ങളുമായി തെങ്ങ് ബന്ധപ്പെട്ടിരിക്കുന്നു.

തെങ്ങിൻതൈകൾ പുതുതായി വയ്ക്കുന്നതിന് അനുഭവസമ്പന്നരായ കർഷകർ പാവുതെങ്ങ് വേർതിരിച്ചറിഞ്ഞ് നിലനിർത്തുന്നു. തെങ്ങിൻതൈ വയ്ക്കുമ്പോൾ കുഴികളുടെ അളവു രീതികളെല്ലാം ശാസ്ത്രീയമായി നടപ്പിലാക്കാൻ നമ്മുടെ കർഷക സമൂഹത്തിനുള്ള ധാരണ പ്രസക്തമാണ്.

മേൽത്തരം തെങ്ങിൻ തൈകളുടെ ഉൽപാദനം തെങ്ങുകൃഷി മേഘലയിൽ വലിയ പരിവർത്തനം നടത്തി. TXD, DXT, GXT എന്നീ സങ്കര ഇനങ്ങൾ ഇന്ന് പ്രചുരപ്രചാരത്തിലുണ്ട്. സങ്കര ഇനങ്ങളുടെ സാങ്കേതികമേന്മ ഇനിയും വിലയിരുത്തേണ്ടതുണ്ട്. എന്നാൽ രോഗ വിമുക്തമേഘലയിലെ വിത്ത് തേങ്ങയെയാണ് ഇന്ന് വ്യാപകമായി ആശ്രയിക്കുന്നു.

തെങ്ങുകൃഷിയുടെ രോഗകീടബാധയെപ്പറ്റിയും വളപ്രയോഗത്തെപ്പറ്റിയും കേന്ദ്രതോട്ടവിള ഗവേഷണകേന്ദ്രം നിരവധി പരീക്ഷണ-നിരീക്ഷണങ്ങൾ നടത്തി നിഗമനത്തിൽ എത്തിയിട്ടുണ്ട്. പ്രസ്തുത നിഗമനങ്ങൾ പ്രയോഗത്തിൽ വരുത്തുന്നത് തെങ്ങുകൃഷിയെ സംബന്ധിച്ച് വളരെ പ്രസക്തമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ വളരെ സാദ്ധ്യതകൾ ഉണ്ടായിരുന്ന നമ്മുടെ നെൽപാടങ്ങളുടെ വരമ്പുകളെ ഉറപ്പിക്കുന്നതിൽ വളരെ പങ്കുവഹിച്ചിരുന്ന കവുങ്ങ് കൃഷി ഇന്ന് വംശനാശത്തെ നേരിടുകയാണ്. വളരെ ശ്രദ്ധയോടെ കവുങ്ങ് കൃഷി നിലനിർത്താൻ കർഷകർക്ക് പ്രതിബദ്ധതയുണ്ട്. നമ്മുടെ ഏലാകരകളിൽ പടിഞ്ഞാറൻ വെയിലിന്റെ ശല്യം ഒഴിവാക്കിക്കൊണ്ടുള്ള കവുങ്ങ് കൃഷിയുടെ നിലനില്പ് ഭദ്രമാക്കാൻ കർഷകർ ശ്രദ്ധിയ്ക്കുന്നത് നന്നായിരിക്കും.

പഞ്ചായത്തടിസ്ഥാനത്തിൽ കേരവികസന സമിതികൾ രൂപീകരിച്ച് കൃഷിഭവൻ മുഖാന്തിരം തെങ്ങുകൃഷി പുഷ്ടിപ്പെടുത്താൻ ചില പദ്ധതികൾ സംസ്ഥാനസർക്കാർ കേന്ദ്രസഹായത്തോടെ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ തെരെഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തിന് പ്രസ്തുതസമിതിയിൽ യാതൊരു നിയന്ത്രണവും ഇല്ല. ചില വ്യക്തികളുടെ താൽപ്ര്യ പ്രകാരം നടക്കുന്ന ഒരു പദ്ധതിയായി ഇത് അധഃപതിച്ചിരിക്കുന്നു.

തെങ്ങുകൃഷിയെ ബാധിക്കുന്ന മാരകമായ വേരു രോഗത്തിനുപുറമേ ചെന്നീരൊലിപ്പ്, മണ്ടചീയൽ, കൊമ്പൻചെല്ലി, ചുവന്നചെല്ലി, പൂങ്കുലചാഴി, മാഗാളി എന്നിവയുടെ ശല്യങ്ങളും നമ്മുടെ ദേശത്തു കണ്ടുവരുന്നു.

**സാധ്യതകൾ**

റബ്ബർകൃഷിക്ക് അനുവദിക്കുന്ന സബ്സിഡികൾ ഒരു മാതൃകയായി തെങ്ങുകൃഷിക്ക് നടപ്പിൽ വരുത്തണം.

രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുന്നതിന് വർധിച്ച സാമ്പത്തിക സഹായം നൽകണം. തെങ്ങൊന്നിന് 500 രൂ. എങ്കിലും നഷ്ടപരിഹാരം നല്കണം. രോഗം ബാധിച്ച തെങ്ങുകൾ കണ്ടെത്തുന്നതിനും മുറിച്ചുമാറ്റുന്നതിനും യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കണം.

കേരവികസന സമിതികൾ ജനാധിപത്യ രീതിയിൽ പുനഃസംഘടിപ്പിക്കുകയും പഞ്ചായത്തു സമിതിക്കു വിധേയമാക്കുകയും ചെയ്യുക. മേൽത്തരം തെങ്ങിൻ തൈകളുടെ ഉൽപാദനം, വിതരണം മുതലായവ കേരവികസനസമിതികളിലൂടെ നടപ്പാക്കണം.

ശാസ്ത്രീയമായ വളപ്രയോഗം, കീടരോഗ നിയന്ത്രണം എന്നിവയ്ക്കു പൂർണചുമതല ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ വരുത്തണം. തെങ്ങുകൃഷിയുടെ വ്യാപ്തിയും ഉൽപാദനവും പരിഗണിച്ച് ഒരു കൊപ്രാ സംഭരണ സംസ്കരണ കേന്ദ്രം നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കണം.

കർഷകത്തൊഴിലാളി മേഘലയിലെ കർഷകർക്ക് അവരുടെ പരിമിതമായ തെങ്ങുകൾക്കാവശ്യമായ രാസവളം, കീടനാശിനി, മുതലായവ സൗജന്യമായി നല്കണം.

### കുരുമുളക്

നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ കുരുമുളകിന് വളരെ നിർണായകമായ സ്ഥാനമുണ്ട്. കറുത്തപൊന്ന് എന്നറിയപ്പെടുന്ന കുരുമുളകിന് ലോകകമ്പോളത്തിൽ വളരെ പ്രസക്തിയുണ്ട്. നൂറ്റാണ്ടുകളായി നമ്മുടെ രാജ്യത്തിന് ദൂരദേശങ്ങളുമായി വാണിജ്യബന്ധത്തിലേർപ്പെടാൻ കുരുമുളക് ഒരു പ്രചോദനമായിരുന്നു.

ഏതൊരു കൃഷിക്കും കാലാവസ്ഥ വളരെ പ്രസക്തമാണ്. നല്ല നീർവാർച്ചയുള്ളതും ഫലഭൂയിഷ്ഠമുള്ളതുമായ മണ്ണ് മറ്റേതൊരു കൃഷിക്കുമെന്നപോലെ കുരുമുളക് കൃഷിക്കും അത്യന്താപേക്ഷിതമാണ്. കുരുമുളക് കൃഷിയെക്കുറിച്ച് ചിന്തിക്കുമ്പോൾ അനുയോജ്യമായ താങ്ങ് മരങ്ങൾ വളരെ പ്രസക്തമാണ്. മാവ്, പ്ലാവ്, മുരിക്ക്, തുടങ്ങിയ വൃക്ഷങ്ങൾ താങ്ങ് മരമായി ഉപയോഗിക്കുന്നു. ശീമക്കൊന്ന ഇപ്പോൾ വ്യാപകമായി തായ്മരമായി ഉപയോഗിച്ചുവരുന്നു.

കാലവർഷാരംഭത്തോടെയാണ് പുതിയവള്ളികൾ വച്ചുപിടിപ്പിക്കുന്നത്. വേരു മുളപ്പിച്ച തൈ ഇപ്പോൾ വ്യാപകമായി വച്ചുപിടിപ്പിക്കും. നമ്മുടെ നാട്ടിൽ അമ്പിരിയൻ, കുതിരവാലൻ തുടങ്ങിയ നാടൻ ഇനങ്ങൾക്കു പുറമെ അത്യുൽപാദനശേഷിയുള്ള കരിമുളക്, പന്നിയൂർ-1 എന്നീ ഇനങ്ങളും ധാരാളമായി വച്ചുപിടിപ്പിക്കുന്നു.

1980-കളിൽ ഉണ്ടായ കുരുമുളകിനെ ബാധിച്ച ദ്രുതവാട്ടം എന്ന രോഗം ഒട്ടേറെ നാശനഷ്ടങ്ങൾ വരുത്തി. കേന്ദ്രസ്പൈസസ് ബോർഡ് കുരുമുളക് കൃഷിയുടെ നിലനില്പിനും, വളർച്ചക്കും വേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ കുരുമുളക് കൃഷിയുടെ സാധ്യത പൂർണമായി പ്രയോജനപ്പെടുത്തുന്നതിന് ഊന്നൽ നല്കി ആവശ്യമായ നടപടികൾ സ്വീകരിക്കണം. നെൽകൃഷിക്കുള്ള ഗ്രൂപ്പ് ഫാമിംഗ് സമിതി പോലെ കുരുമുളക് കൃഷി സമിതികൾ രൂപീകരിച്ച് കുരുമുളക് കൃഷി അഭിവൃദ്ധിപ്പെടുത്താൻ നടപടികൾ സ്വീകരിക്കണം.

### കശുമാവ്

ശാസ്ത്രീയനാമം- അനാക്കാർഡിയം ഓക്സിഡന്റൽ ഇന്ത്യക്ക് വിദേശനാണ്യം നേടിത്തരുന്നതിൽ മൂന്നാംസ്ഥാനം.

16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ പറങ്കിമാവ് ഇന്ത്യയിൽ കൊണ്ടുവന്നതായി കണക്കാക്കുന്നു. 1560-ാം മാണ്ടുമുതൽക്ക് മുതൽ കശുമാവ് വളർത്തി വരുന്നു. 1920-ൽ ആദ്യമായി 10160 കശുവണ്ടിപരിപ്പ് തെക്കേ അമേരിക്കയിലേക്ക് കയറ്റി അയച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

കശുമാവ് കൃഷിയെ സംബന്ധിച്ച് നമ്മുടെ ഗ്രാമപഞ്ചായത്തിന് വളരെ പ്രസക്തിയും താൽപര്യവും ഉണ്ട്. കാർഷികപരമായും വ്യാവസായികപരമായും വളരെ പ്രാധാന്യം പ്രസ്തുത വിളയ്ക്ക് നിലനില്ക്കുന്നു. 7 കശുവണ്ടി സംസ്കരണശാലകളിലായി 3500 ൽ കുറയാതെ തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നു. മൊത്തം ജനസംഖ്യയിൽ 1/3 പ്രസ്തുത വ്യവസായത്തെ മുഖ്യമായും ആശ്രയിക്കുകയാണ്. പൊതുമേഘലയിലും

സഹകരണമേഘലയിലും സ്വകാര്യമേഘലയിലുമായി പ്രസ്തുതവ്യവസായം വർഷങ്ങളായി നിലനിൽക്കുന്നു. പ്രസ്തുത ഫാക്ടറികളിൽ പ്രോസ്സസ് ചെയ്യുന്ന തോട്ടണ്ടി അധികവും വിദേശ രാജ്യങ്ങളിൽ നിന്നോ മറ്റു സ്റ്റേറ്റുകളിൽ നിന്നോ ഇറക്കുമതി ചെയ്യുന്നു.

തോട്ടണ്ടി ഇവിടെ ഉല്പാദിപ്പിക്കുന്നതിൽ ഇന്നോളം ബോധപൂർവമായ ഒരു ശ്രമവും പഞ്ചായത്തിൽ നടത്തിയതായി അറിവില്ല. ഇവിടത്തെ നെൽവയലുകൾ ഒഴിച്ചുള്ള കര ഭൂമിയിൽ കശുമാവുകൾ വച്ചുപിടിപ്പിക്കാൻ സാധ്യതകൾ ഏറെയുണ്ട്. പ്രത്യേകിച്ച് പഞ്ചായത്ത് പ്രദേശത്ത് വ്യാപിച്ച് കിടക്കുന്ന കുന്നിൻ പ്രദേശങ്ങളിൽ അനുയോജ്യമായി ഒര വിളയായി കശുമാവ് വച്ചുപിടിപ്പിക്കാം.

കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ മേൽത്തരം കശുമാവ് വച്ച് പിടിപ്പിക്കാൻ 80 കളിൽ ഒരു ശ്രമം നടന്നിരുന്നു. അത് വേണ്ടത്ര ഫലപ്രദമായില്ല.

കശുമാവുകൾക്ക് മാത്രം അനുയോജ്യമായ ഭൂപ്രദേശം നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. പ്രസ്തുത പ്രദേശം തിട്ടപ്പെടുത്തി മേൽത്തരം കശുമാവിൻ തൈകൾ ശാസ്ത്രീയമായ രീതിയിൽ നട്ടുപിടിപ്പിച്ച് ശാസ്ത്രീയമായ വളപ്രയോഗം, കീടനിയന്ത്രണം ഇവ ഏർപ്പെടുത്തിയും നിലവിലുള്ള കശുമാവിൻ തോട്ടങ്ങൾ കൂടുതൽ ഉല്പാദനക്ഷമമാക്കിത്തീർത്ത് കശുവണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ ഗ്രാമപഞ്ചായത്തും കൃഷിഭവനും പദ്ധതികൾ ആവഷ്കരിച്ച് നടപ്പിലാക്കണം. ഉല്പാദനക്ഷമമല്ലാത്ത പ്രായം ചെന്ന കശുമാവുകൾ വെട്ടിമാറ്റി പുതിയ പുതിയ തൈകൾ വച്ച് പിടിപ്പിക്കണം.

### റബ്ബർ

അടുത്ത കാലത്തായി നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ കിഴക്കൻ ഭാഗത്ത് റബ്ബർകൃഷി വ്യാപിച്ചുവരുന്നു. റബ്ബറിന്റെ വ്യാവസായിക പ്രാധാന്യം മാന്യമായ വില- അനായാസേനയുള്ള കൃഷി- പ്രത്യേകിച്ച് ജലസേചനം ആവശ്യമില്ലാത്ത അവസ്ഥ, പാറക്കെട്ടുകളിലും കുന്നിൻപ്രദേശത്തും അനുയോജ്യമായ വിള, റബ്ബർബോർഡിന്റെ സാമ്പത്തിക സഹായം എന്നീ കാരണങ്ങളാൽ റബ്ബർകൃഷി വ്യാപിച്ചിരിക്കുകയാണ്. ഇടത്തരക്കാരായ കർഷകരിൽ പുതിയ പ്രതീക്ഷകൾ നാമ്പിടുകയും അവരുടെ സാമ്പത്തിക പുരോഗതിയിൽ ഗണ്യമായ ഒരു സ്ഥാനം റബ്ബർകൃഷി നേടിവരികയുമാണ്. റബ്ബർ കൃഷിയുടെ സാങ്കേതിക മേന്മ കാരണം മണ്ണൊലിപ്പ് തടയാനും ഭൂമിയുടെ സംപുഷ്ടത നിലനിർത്താനും സാധിക്കുന്നു. വിദ്യാസമ്പന്നരായ കർഷകർക്ക് റബ്ബർകൃഷിയിൽ പ്രത്യേക താൽപര്യമുണ്ട്. വളരെ മാന്യമായ ഒരു തൊഴിലായി അവർ കണക്കാക്കുന്നു. റബ്ബർ ചെടികളുടെ പരിചരണം, ടാപ്പിംഗ്, ഷീറ്റ് നിർമ്മാണം എന്നീ മേഘലകളിൽ മുകളിൽ പറഞ്ഞ സമ്പന്ന സമൂഹം താൽപര്യത്തോടെ ഇടപെടുന്നു. റബ്ബർബോർഡിന്റെ ഇടപെടൽ റബ്ബർകൃഷിയെ മാന്യമായ ഒരു തൊഴിലായി ഉയർത്തിവരുന്നു. റബ്ബറിന്റെ പ്രധാനരോഗം പട്ടചീയലാണ്. മറ്റു ചില രോഗങ്ങളും ഇല്ലാതില്ല. കൂടുതൽ വിളതരുന്ന ഒട്ടു തൈകൾ ഇന്ന് വളരെ പ്രചാരത്തിൽ വന്നിട്ടുണ്ട്.

### സാധ്യതകൾ

വാർഡുതലത്തിൽ റബ്ബർകൃഷി വ്യാപിപ്പിക്കാവുന്ന പ്രദേശങ്ങൾ കണ്ടെത്തണം. കർഷകരെ ഏകോപിപ്പിച്ചുകൊണ്ട് ശാസ്ത്രീയമായി നഴ്സറികൾ സ്ഥാപിക്കണം. റബ്ബർ ടാപ്പിംഗ് പരിചയമുള്ള തൊഴിലാളികൾ ഈ പ്രദേശത്ത് കുറവാണ്. തൊട്ടടുത്തുള്ള പഞ്ചായത്തുകളെ ഏകോപിപ്പിച്ചുകൊണ്ട് റബ്ബർ അധിഷ്ഠിതവ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കണം.

### വാഴ

സാമൂഹ്യമായും സാമ്പത്തികമായും നമുക്ക് വളരെ പ്രധാനപ്പെട്ട ഒരു വിളയാണ് വാഴ. നിത്യജീവിതത്തിൽ വാഴ ഒരു പ്രധാന പങ്കുവഹിക്കുന്നു. വാഴയിലയിലുള്ള ഊണ് ഒരു പ്രത്യേക അനുഭൂതിയാണ്. നിരവധി ഇനങ്ങളിലുള്ള വാഴകൾ നമ്മുടെ പഞ്ചായത്തിൽ കൃഷി ചെയ്യുന്നു. മുഖ്യവിളയായും ഇടവിളയായും നെൽപ്പാടങ്ങളിൽ മൂന്നാം വിളയായും വാഴ കൃഷി ചെയ്യാം.

1940 കളിൽ പഴയ തിരുവിതാംകൂർ പ്രദേശത്ത് വ്യാപകമായി കണ്ടിരുന്ന കൂമ്പടപ്പൻ രോഗം വാഴകൃഷിയെ പ്രതികൂലമായി ബാധിച്ചു. മറ്റു പല രോഗങ്ങൾ ഉണ്ടെങ്കിലും വാഴയുടെ കമ്പടപ്പൻ രോഗം അതിന്റെ മാരക ശേഷി ഇന്നും നിലനിർത്തുന്നു. ചിലയിനം വാഴകൾക്ക് ഒരു പരിധിവരെ പ്രതിരോധ ശേഷിയുള്ളതായി വിലയിരുത്തിയിട്ടുണ്ട്. രോഗം വരാതിരിക്കാൻ ചില രാസ വസ്തുക്കൾ ഉപയോഗിച്ചു വരുന്നു.

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് വളരെ ശാസ്ത്രീയ രീതികൾ അവലംബിച്ചു കൊണ്ട് വാഴകൃഷി വ്യാപിപ്പിക്കാനുള്ള സംഘടിത ശ്രമം ഇതുവരെ നടപിലാക്കിയിട്ടില്ല. ചില വ്യക്തികൾ ആ വഴിക്ക് ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

നമ്മുടെ പ്രദേശത്തെ ജനങ്ങൾ മറ്റുപല കാർഷിക വിളകളെക്കാളും കൂടുതൽ അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത്. വാഴപ്പഴത്തിനും വാഴയിലയ്ക്കും മറ്റുമാണ്. നമ്മുടെ അയൽ സംസ്ഥാനത്ത് നമ്മുടെ ആവശ്യം, അഭിരുചി മുതലായവ കണക്കിലെടുത്ത് വൻതോതിൽ വാഴകൃഷി നടത്തി വരുന്നു.

എന്നാൽ ഈ പ്രവണത അവസാനിപ്പിച്ചു ഇക്കാര്യത്തിലെങ്കിലും സ്വാശ്രയത്തം സ്ഥാപിക്കാൻ വളരെ സാധ്യതകൾ ഉള്ള ഭൂപ്രദേശം നമ്മുടെ ഗ്രാമ പഞ്ചായത്തിലുണ്ട്. അത് പ്രയോജനപ്പെടുത്താനുള്ള സാധ്യതകൾ താഴെക്കൊടുക്കുന്നു.

രോഗപ്രതിരോധ ശക്തിയുള്ളതും രോഗവിമുക്തവുമായ വാഴവിത്തുകൾ ലഭ്യമാക്കണം. വാഴയ്ക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തണം. നിലവിൽ വാഴകൃഷിക്ക് യാതൊരു സബ്സിഡിയും ഇല്ല. കൃഷി വകുപ്പിൽ നിന്നും വാഴകൃഷിയ്ക്ക് ആവശ്യമായ രാസ വളത്തിന്റെ 50% സബ്സിഡി അനുവദിക്കണം. ഇടവിളയായി തെങ്ങിൻ തോട്ടങ്ങളിൽ വാഴ കൃഷി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകണം. രോഗം ബാധിച്ച വാഴകൾ പൂർണമായി നശിപ്പിക്കാൻ ഒരു തീവ്രയത്ന പരിപാടി നടപ്പിലാക്കണം.

ഇവിടെ ഉല്പാദിപ്പിക്കുന്ന വാഴക്കുലകൾക്ക് വിപണന സൗകര്യം പഞ്ചായത്ത് തലത്തിൽ നടപ്പാക്കണം. വാഴപ്പഴത്തിന്റെ ഗുണവും Keeping Quality യും നിലനിർത്താൻ രാസ വസ്തുവിന്റെ ഉപയോഗം പരിമിതപ്പെടുത്തി ജൈവവള പ്രയോഗം പ്രോൽസാഹിപ്പിക്കണം. വേനൽക്കാലത്തും ജലസേചനം നടത്താൻ പോർട്ടബിൾ പമ്പ് സെറ്റുകൾ സ്ഥാപിക്കാൻ സബ്സിഡി അനുവദിക്കണം. ആവശ്യമായ മണ്ണെണ്ണയ്ക്കും ഡീസലിനും പെർമിറ്റ് നൽകണം.

**പച്ചക്കറി**

നമ്മുടെ നാട്ടിൽ നാടൻ പച്ചക്കറി കൃഷി, പണ്ടു മുതലേ നട്ടു പിടിപ്പിക്കുന്നതും സ്വയം കരുത്തു വരുന്നതുമായ മത്തൻ, കുമ്പളം, കോവയ്ക്ക, വെള്ളരിക്ക തുടങ്ങി നിരവധി ഇനങ്ങൾ നിലനിന്നിരുന്നു. വളരെ പോഷക ഗുണങ്ങളുള്ള ഈ പച്ചക്കറി വിളകൾ ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. നമ്മുടെ പ്രദേശത്തെ ഉൽസവകാലങ്ങളും വിവാഹമാസങ്ങളും ഒക്കെ കണക്കാക്കി നമുക്ക് വേണ്ടി അന്യസംസ്ഥാനങ്ങളിൽ കൃഷി ചെയ്ത് ലോറികളിൽ കടകളിൽ എത്തിയ്ക്കുന്നു. പച്ചക്കറി വിലക്ക് വാങ്ങി മാത്രം ഉപയോഗിക്കുന്ന പ്രവണത ശക്തിപ്പെട്ടിരിക്കുന്നു. വാണിജ്യാടിസ്ഥാനത്തിൽ വൻതോതിൽ രാസവസ്തുക്കൾ ഉപയോഗിച്ചു ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ആണ് നാം ഉപയോഗിക്കുന്നത് എന്ന് നാം മനസിലാക്കുന്നില്ല.

ആരോഗ്യസംരക്ഷണത്തിൽ പച്ചക്കറിയുടെ ഉപഭോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ നിരവധി ഏജൻസികൾ പ്രവർത്തിച്ചിട്ടുണ്ട് ഇന്നും നമ്മുടെ ശരാശരി പച്ചക്കറിയുടെ ഉപഭോഗം ആവശ്യമുള്ളതിനെക്കാൾ വളരെ പിന്നിലാണ്. ഉപയോഗിക്കുന്നതാകട്ടെ ഗുണമേൻമയില്ലാത്തതും.

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ പച്ചക്കറി വികസനത്തിന് വമ്പിച്ച സാധ്യതകളാണുള്ളത്. വീട്ടുപറമ്പുകളിൽ എല്ലാക്കാലത്തും കൃഷി ചെയ്യാവുന്ന വിളയാണ് പച്ചക്കറി. 2-ാം വിളയ്ക്ക് ശേഷം നെൽവയലുകളിൽ ലാഭക

രമായി മൂന്നാം വിളയായി കൃഷി ചെയ്യാം. നെൽവയലുകളുടെ ഉല്പാദനക്ഷമത മെച്ചപ്പെടുത്താനും ഈ പ്രക്രിയ ഉപകരിക്കും.

ഗ്രാമ പഞ്ചായത്തിലെ പച്ചക്കറി കൃഷിക്കാരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം. അവർക്ക് ആവശ്യമുള്ള സാങ്കേതിക സാമ്പത്തിക സഹായം സംഘം വഴി ഉറപ്പാക്കണം നമ്മുടെ നാട്ടിലെ മണ്ണിനും കാലാവസ്ഥയ്ക്കും യോജിച്ചതും വിപണന സാധ്യതകൾ ഉള്ളതുമായ ഇനങ്ങളുടെ മേൽത്തരം വിത്തുകൾ ലഭ്യമാക്കണം. പച്ചക്കറി കൃഷി മേഖലയിൽ വീട്ടമ്മമാർക്ക് ആവശ്യമായ പരിശീലനം നൽകി അവരുടെ പങ്കാളിത്തം ഉറപ്പാക്കണം. വേനൽക്കാല പച്ചക്കറിയ്ക്ക് ജലസേചനം നടത്താൻ പോർട്ടബിൾ പമ്പ് സെറ്റുകൾ കർഷകർക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യണം. രാസകീടനാശിനികളുടെ ഉപയോഗം കുറവ് ജൈവകീടനാശിനിയുടെ പ്രസക്തിയെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കണം.

### ഫലവൃക്ഷങ്ങൾ

ഫലവൃക്ഷങ്ങളുടെ കാര്യത്തിൽ സമ്പന്നമായ ഒരു ഭൂപ്രദേശമായിരുന്ന നമ്മുടെ ഗ്രാമപഞ്ചായത്ത് ഇന്ന് ദേശീയ പാതയായി മാറികഴിഞ്ഞ പഴയ തിരുവനന്തപുരം ജില്ലയിലെ കല്ലമ്പലം മുതൽ കടമ്പാട്ട് കോണം വരെയുള്ള റോഡിന്റെ ഇരുവശവും വൻമാവുകൾ, പുളി, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൽ കാലക്രമത്തിൽ അക്കേഷിയയ്ക്കും കാറ്റാടി മരങ്ങൾക്കും വഴിമാറിക്കൊടുത്തു. സ്വകാര്യ കുടുംബക്കാരുടെയും ദേവസ്വം വകയായും ഉണ്ടായിരുന്ന സാമൂഹ്യവനങ്ങളിൽ നിരവധി ഫലവൃക്ഷങ്ങൾ ഉണ്ടായിരുന്നു. പ്ലാവിനും മാവിനും ഫലവൃക്ഷങ്ങളുടെ കൂട്ടത്തിൽ മുഖ്യസ്ഥാനം നൽകിപോന്നു. കപ്പമാവ്, പാണ്ടിമാവ്, മൈലാപ്പൂർ, കിളിച്ചുണ്ടൻ, ചാപ്പാണൻ തുടങ്ങിയ നിരവധി ഇനം മാവുകൾ അതിന്റെ അന്ത്യത്തിലേയ്ക്ക് കടക്കുകയാണ്. ശവദാഹം നടത്തുന്നതിന് മാവ് ഇന്ന് പ്രത്യേകം സംരക്ഷിച്ചു നിലനിർത്താൻ കുടുംബത്തിലെ കാരണവൻമാർ പ്രത്യേകതാൽപര്യം കാണിക്കുന്നുണ്ട്.

### പയറുവർഗങ്ങൾ

വൻപയർ, ഉഴുന്ന്, എള്ള്, മുതിര തുടങ്ങിയ പയറുവർഗങ്ങൾ പാരമ്പര്യമായി കൃഷി ചെയ്തു വരുന്നു. പ്രധാനമായും കാലവർഷത്തിനുമുമ്പ് മേടമാസത്തിലെ വേനൽകാലമഴ കിട്ടുമ്പോൾ കരപുരയിടത്തിലും രണ്ടാം വിള കഴിഞ്ഞു നെൽവയലുകളിലും കൃഷിചെയ്തു വന്നിരുന്നു. എന്നാൽ കരപുരയിടങ്ങളിലെ പയറുവർഗ കൃഷി കുറഞ്ഞു വരികയാണ്.

അന്തരീക്ഷ നൈട്രജൻ സംഭരിച്ച മണ്ണിനെ സമ്പുഷ്ടമാക്കുന്ന പ്രക്രിയയെക്കുറിച്ച് കർഷകർക്ക് വേണ്ടത്ര ധാരണയില്ലായ്മയും കൃഷി പൊതുവേ ആദായകരമല്ലായെന്ന പ്രചരണവും ഇത്തരം കൃഷിയിൽ നിന്ന് കർഷകർ പിന്നോക്കം പോകാൻ കാരണമാണ്. ഒരു കാലത്ത് കർഷകഭവനങ്ങളെ സമ്പന്നമാക്കിയിരുന്ന എള്ളെണ്ണയും എള്ളിൻ പിണ്ണാക്കും പുതിയ തലമുറയ്ക്ക് അജ്ഞാതമായിരിക്കുന്നു.

എള്ളു കൃഷിയ്ക്ക് നമ്മുടെ കരഭൂമിയും അതുപോലെ കടമ്പാട്ടുകോണം, വെള്ളൂർകോണം, ഇടമൺനില, കടവൂർകോണം എന്നീ ഏലാകളിൽ മൂന്നാംവിളയായി കൃഷി ചെയ്യുമായിരുന്നു. നെൽവയലുകളിൽ ഒന്നാം വിള നെല്ലിൽ നിന്ന് കിട്ടുന്ന ആദായത്തിൽ കൂടുതൽ വരുമാനം എള്ളുകൃഷിയിൽ നിന്നും അനായാസേന ഉണ്ടാക്കാൻ കഴിയും.

മേൽത്തരം എള്ളു വിത്തും മറ്റു സാങ്കേതിക സഹായങ്ങളും ഉറപ്പാക്കണം.

### മുതിരകൃഷി

തുലാവർഷാരംഭത്തോടെ തെങ്ങിൻതോപ്പുകളിൽ ഇടവിളയായി മുതിരകൃഷി ചെയ്യാൻ കഴിയും.

### ഉഴുന്ന്

വളരെപോഷകപ്രധാനമായ ഒരു വിളയാണ് ഉഴുന്ന്. കരപുരയിടത്തിൽ മേടമാസത്തിലും നെൽവയലുകളിൽ മേടമാസത്തിൽ ഇടവിളയായും കൃഷിചെയ്യാം. വിത്തും സാങ്കേതിക ഉപദേശങ്ങളും യഥാസമയം എത്തിക്കണം.

### പയറ്

ഉഴുന്നുകൃഷിയെപോലെ പയറും അതേ സീസണിൽ കൃഷിചെയ്യുന്നതിന് നമ്മുടെ നാട്ടിൽ യോജിച്ച ഇനം വിത്ത് ലഭ്യമാക്കണം.

ഇടവിളകൾക്കെല്ലാം തന്നെ കുമ്മായ പ്രയോഗം അത്യാവശ്യമാണ്. നമ്മുടെ നാട്ടിലെ പാവപ്പെട്ടവർക്കും സസ്യാഹാരം കഴിക്കുന്നവർക്കും ആവശ്യമായ മാംസാഹാരം ലഭിക്കുന്നത് പയറുവർഗ്ഗങ്ങളിൽ നിന്നാണ്. ഈ പ്രാധാന്യം മനസിലാക്കി പയറുവർഗങ്ങൾ വ്യാപിപ്പിക്കണം.

### കിഴങ്ങുവർഗങ്ങൾ

മരിച്ചീനി, ചേന, ചേമ്പ്, കൂവക്കിഴങ്ങ് മുതലായവ വൻതോതിൽ കഴിഞ്ഞ പത്തുവർഷത്തിനുമുമ്പുവരെ കൃഷിചെയ്തിരുന്നു. മരിച്ചീനി പാവപ്പെട്ടവരുടെ ഒരു മുഖ്യാഹാരമായിരുന്നു. മരിച്ചീനി കൃഷി ഗണ്യമായ തോതിൽ റബ്ബർകൃഷിയ്ക്ക് വഴിമാറിക്കൊടുത്തു. വളരെ പോഷകഗുണമുള്ള ഒരു വിളയെന്ന നിലയിലും, കന്നുകാലികൾക്ക് ഒരാഹാരമായി മരിച്ചീനി, കൂവ മുതലായവ നല്കാനുള്ള സൗകര്യം, കൂടാതെ ഇപ്പോൾ മാർക്കറ്റിൽ പ്രിയമുള്ള അവസ്ഥ, ഇക്കാരണങ്ങളിൽ കൂടുതൽ ശ്രദ്ധ ഈ രംഗത്ത് ഉണ്ടാകണം.

ചേന, ചേമ്പ്, നനകിഴങ്ങ്, കാച്ചിൽ തുടങ്ങിയവ ചെറിയ തോതിലെങ്കിലും എല്ലാവീട്ടുവളപ്പിലും ഇടവിളയായിട്ട് ചെല്ലാൻ കഴിയും. ഈ വഴിക്ക് കൃഷിക്കാരെ പ്രേരിപ്പിക്കാൻ സംവിധാനം ഉണ്ടാകണം. മദ്ധ്യതിരുവിതാംകൂറിലും മറ്റും ധാരാളമായി കൃഷിചെയ്യുന്ന ഈ വിളകളുടെ വിത്ത് കച്ചവടക്കാർ പല പ്രദേശത്തും വിൽക്കുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിലും ഇത്തരം ഒരു മാർക്കറ്റു സ്ഥാപിക്കാൻ മുൻകൈ എടുക്കണം. നാവായിക്കുളം ക്ഷേത്രത്തിലെ ഉത്സവകാലത്ത് വിവിധഫലവർഗതൈകൾ സ്വകാര്യ വ്യക്തികൾ വിൽക്കുന്നുണ്ട്. അതിനോടൊപ്പം പഞ്ചായത്ത് മുൻകൈ എടുത്തു. വിവിധകിഴങ്ങു വർഗങ്ങളുടെ ഒരു പ്രദർശനവും വില്പനയും സംഘടിപ്പിച്ചാൽ കിഴങ്ങുവർഗകൃഷിയുടെ പുരോഗതിയ്ക്ക് അത് ഒരു നാഴികകല്ലായിരിക്കും.

### പ്രശ്നങ്ങളും നിർദേശങ്ങളും

1. നെൽകൃഷിയുടെ പുരോഗതിക്കുവേണ്ടി തോടുകളിൽ ക്രോസ്ബാർ നിർമിച്ച് ജലം സംഭരിക്കുക.
2. ഏലായ്ക്കുസമീപമുള്ള കുളങ്ങൾ കൃഷിയ്ക്ക് അനുയോജ്യമല്ല.
3. ചിറ്റായിക്കോട് ഏലായുടെ ഇരുവശത്തും നടുവിലും ബണ്ടുകൾ കെട്ടുക.
4. അയിറ്റിൻ ചിറ കുളത്തിൽ സ്ഥാപിച്ചിരിക്കുന്ന പമ്പ് സെറ്റ് പ്രവർത്തിക്കുന്നില്ല.
5. ഇലംമൂട്ടിന് സമീപത്തുള്ള കുളത്തിൽ സ്ഥാപിച്ചിരിക്കുന്ന പമ്പ് സെറ്റ് ഉടൻതന്നെ ഉപയോഗപ്രദമാക്കുക.
6. നെല്ലിനു നൽകുന്ന സബ്സിഡി യഥാർഥ കർഷകന് ലഭിക്കുന്നു എന്നുറപ്പ് വരുത്തുക.
7. ഗ്രൂപ്പ് ഫാറം സമിതികളെ സഹകരണ മേഖലകളാക്കി പുനഃസംഘടിപ്പിക്കുക.
8. ലാഭകരമായി കൃഷിചെയ്യാൻ, ട്രില്ലർ, ട്രാക്ടർ, നടീൽയന്ത്രം, കൊയ്ത്ത് യന്ത്രം, മെതിയന്ത്രം എന്നീ ഉപകരണങ്ങൾ നല്കി സഹായിക്കുക.
9. രാസവള സബ്സിഡി ഉയർത്തുക.
10. മിച്ചമുള്ള നെല്ല് സംഭരിക്കുന്നതിന് ഡിപ്പോകൾ തുടങ്ങുക.
11. കടമ്പാട്ടുകോണത്തെ മത്സ്യമൊത്ത വ്യാപാരം ആ പ്രദേശത്തെ നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.
12. ജൈവവള നിർമാണയൂണിറ്റുകൾക്ക് സാമ്പത്തികസഹായവും മാർഗനിർദേശവും നൽകുക.
13. തെങ്ങിന് മാരകമായ രോഗം ബാധിക്കുന്നു.
14. തെങ്ങിന് ജൈവവിളപ്രയോഗം നടപ്പിലാക്കുക.
15. നാളീകേരസംസ്കരണത്തിനും വിപണനത്തിനും ഫാക്ടറികൾ സ്ഥാപിക്കുക.
16. തെങ്ങുല്പന്നങ്ങളുടെ സംസ്കരണകേന്ദ്രങ്ങൾ ആരംഭിക്കുക.
17. തെങ്ങുകയറ്റ യന്ത്രങ്ങൾ ലഭ്യമാക്കണം.

13. കടമ്പാട്ടുകോണത്ത് നടന്ന് വരുന്ന അനധികൃത മത്സ്യമാർക്കറ്റിൽ നിന്ന് വരുന്ന മലിനജലം കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. കടമ്പാട്ടുകോണം മൂത്താന തോട്ടിലെ ജലം ഉപയോഗ ശൂന്യമാകുന്നു.

14. കുന്നത്ത്കാവുകുളവും ഈഞ്ചവിള കുളവും ഉപയോഗിച്ച് ഒരുപദ്ധതി തയ്യാറാക്കി ജലസേചനത്തിന് ഉപയോഗപ്പെടുത്തിയാൽ 4, 5, 6, 13 എന്നീ വാർഡുകൾക്ക് പ്രയോജന പ്രദമാകും.

15. മണൽ വാരൽ തടയുക.

16. കടമ്പാട്ടുകോണം മുതൽ ചെമ്മരുതി അതിർത്തിവരെയുള്ള തോട്ടിന്റെ ദുർബലമായ ഭാഗങ്ങളിൽ സൈഡ്‌വാൾ നിർമിച്ച് കൃഷിനാശം തടയുക.

17. കടമ്പാട്ടുകോണം ഏലായിലെ കുരുശ്ശി കുളം പുനരുധരിച്ച് കൃഷിക്ക് അനുയോജ്യമാക്കുക.

18. സുഗമമായ ജലസേചനത്തിന് വയൽ നികത്തുന്നത് കർശനമായി തടയുക.

19. ഇടമൺനില ഏലായിലെ രണ്ട് കുളങ്ങൾ ജലസേചനത്തിന് ഉപകരിക്കുന്ന വിധത്തിൽ പുനർനിർമിക്കുക.

20. മുല്ലനല്ലൂർ കുളത്തിലെ വെള്ളം വലിയ കുന്നിന്റെ മുകളിൽ ടാങ്കെട്ടി അതിൽ സംഭരിച്ചാൽ നാവായികുളം പഞ്ചായത്തിലെ 9,10 എന്നീ വാർഡുകൾക്കും, മടവൂർ പഞ്ചായത്തിലെ 7, 8 എന്നീ വാർഡുകൾക്കും ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗപ്രദമാകും.

21. കപ്പാംവിളയിൽ തെങ്ങിന് ജലസേചനം നടത്തുന്നതിന് വേണ്ടി നിർമിക്കുന്ന കമ്യൂണിറ്റി ഇറിഗേഷന്റെ പണി ധൃതഗതിയിലാക്കുക.

22. പോളച്ചിറക്കുളം വൃത്തിയാക്കുക.

23. ചാവർകാവ്കുളം കൃഷിക്ക് അനുയോജ്യമാക്കുക (ഇടമൺനില ഏലാ).

24. 3–ാം വാർഡിൽ അളാക്കോണം ചിറയിൽ സൈഡ്‌വാൾ കെട്ടണം.

25. കുടവൂർ ഏലാതോട് സൈഡുവാളുകൾ കെട്ടി തടയണകൾ നിർമിയ്ക്കണം.

26. മാടൻകാവിൽകുളം ഉപയോഗിച്ച് വെള്ളൂർക്കോണം ഏലായുടെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.

**പ്രശ്നപരിഹാരത്തിന് ചില നിർദേശങ്ങൾ**

1. നിലവിലുള്ള എല്ലാ തോടുകളിലും ഒരു നിശ്ചിത അകലം ഇടവിട്ട് ക്രോസ്ബാറുകൾ നിർമിക്കുക. നിലവിലുള്ള തടയണകളിൽ പലക ഇടുകയും, ഇതിന്റെ സംരക്ഷണ ചുമതല അതാത് പ്രദേശത്തെ കർഷകസമിതിയെ അധികാരപ്പെടുത്തുകയും ചെയ്യുക. പ്ലാസ്റ്റിക് ചാക്കുകളിൽ മണൽ നിറച്ച് അടുക്കിവച്ച് ജലത്തിന്റെ കുത്തൊഴുക്കിനെ നിയന്ത്രിക്കാൻ കഴിയുമോ എന്ന് പരീക്ഷിക്കുക. വിജയമെന്ന് കണ്ടാൽ ചെലവ്കുറഞ്ഞ ഈ സംവിധാനം-വ്യാപിപ്പിക്കുക.
2. തലക്കുളങ്ങൾ ഇല്ലാത്ത ഏലാകളിൽ പാടശേഖര സമിതികളുടെ സഹായത്തോടെ തലക്കുളം നിർമിച്ച് ജലസേചന സൗകര്യം ഉണ്ടാക്കുക.
3. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരവലോകനം നടത്തുകയും അത്യാവശ്യമായി വരുന്ന കടമ്പാട്ടുകോണം ഏലാപോലുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുകയും ചെയ്യുക.
4. വാമനാപുരം നദീതടപദ്ധതിയിലോ, പൂവൻപാറ ആറ്റിൽ നിന്നുള്ള ജലം ഉപയോഗിച്ചുള്ള പദ്ധതിയിലോ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ മുഴുവൻ വാർഡുകളിലും ജലസേചനം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
5. ഉപയോഗ ശൂന്യമായി കിടക്കുന്ന കുളങ്ങൾ പുനരുധരിക്കുകയും, വിവിധകുളങ്ങളിലായി പ്രവർത്തിക്കാതെ കിടക്കുന്ന പമ്പ്സെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുമുള്ള പദ്ധതിയുണ്ടാക്കുക.
6. പുതിയ കിണറുകൾ കുഴിക്കുന്നതിനും, പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും 50% സബ്സിഡി അനുവദിക്കുക. കൃത്യസമയത്ത് അടയ്ക്കുന്നവർക്ക് പലിശ 10% ത്തിൽ താഴെയാക്കുക.

7. ഒരു സ്ഥലത്ത്നിന്ന് മറ്റൊരു സ്ഥലത്തേക്ക് പ്രയാസം കൂടാതെ എടുത്തുകൊണ്ട്പോകാൻ കഴിയുന്ന പോർട്ടബിൾ പമ്പ്സെറ്റുകൾക്ക് സബ്സിഡിനൽകി വൻതോതിൽ വിതരണം ചെയ്യുക.

8. മണൽ വാരൽ തടയുകയും, ജലസേചനത്തെ പ്രതികൂലമായി ബാധിക്കുന്ന നിലംനികത്തൽ തടയുകയും ചെയ്യുക.

9. കടമ്പാട്ടുകോണത്ത് നടക്കുന്ന മത്സ്യവ്യാപാര കേന്ദ്രത്തിലെ മലിനജലം തോട്ടിലും, വയലിലും ഇറങ്ങാതിരിക്കുന്നതിന് നടപടി സ്വീകരിക്കുക.

10. മഴയിലൂടെ ലഭിക്കുന്ന ജലം അമിതമായി ഒഴുകിപോകാതെ തടഞ്ഞുനിർത്തി ഭൂഗർഭ ജലത്തിന്റെ നിലവാരം ഉയർത്തുക.

നമുക്ക് പ്രകൃതി നൽകിയിട്ടുള്ള അളവറ്റ ജലസ്രോതസ്സുകളെ ഫലപ്രദമായും, ശാസ്ത്രീയമായും ഉപയോഗിക്കാൻ കഴിയുന്നതിന് ഉപകരിക്കുന്ന ജലവിഭവ മാനേജ്മെന്റാണ് 9-ാം ജനകീയ പദ്ധതിയിൽ നമുക്കാവശ്യം.

**ജലസേചന സംവിധാനങ്ങൾ**

| വാർഡ് | പൊതുജലസേചന കിണർ | കുഴൽകിണർ | കുളം | ക്രോസ്ബാർ |
|---|---|---|---|---|
| വാർഡ് 1 | 3 | 2 | 2 | 3 |
| വാർഡ് 2 | 2 | 2 | 1 | – |
| വാർഡ് 3 | 2 | 3 | 2 | – |
| വാർഡ് 4 | 3 | 2 | 4 | 2 |
| വാർഡ് 5 | 3 | 2 | 2 | 2 |
| വാർഡ് 6 | 3 | 2 | 4 | 3 |
| വാർഡ് 7 | 2 | 2 | 2 | 3 |
| വാർഡ് 8 | 3 | 2 | – | – |
| വാർഡ് 9 | 3 | 1 | 2 | 1 |
| വാർഡ് 10 | 3 | 1 | 1 | 2 |
| വാർഡ് 11 | 4 | 2 | – | 1 |
| വാർഡ് 12 | 3 | 1 | 1 | 1 |

# 2. മൃഗസംരക്ഷണം-മത്സ്യബന്ധനം

### കന്നുകാലിവളർത്തൽ

നാവായികുളം പഞ്ചായത്തിന്റെ ഭൂപ്രകൃതിയും ഭൂവിനിയോഗരീതിയും പതിറ്റാണ്ടുകൾക്ക് മുമ്പുതന്നെ മൃഗസംരക്ഷണപ്രവർത്തനത്തിന് പ്രത്യേകിച്ച് കന്നുകാലി വളർത്തലിന് അനുയോജ്യമായിരുന്നു. കൃഷിയും പരസ്പരബന്ധമാക്കി സാമൂഹ്യ സാമ്പത്തിക മേഖലകളെ ശക്തവും ദൃഢവുമാക്കാൻ പഴയകാല കർഷകർ തൽപരരായിരുന്നു. കാർഷിക വൃത്തിയോടനുബന്ധിച്ച് നടന്നിരുന്ന മരമടി മത്സരങ്ങൾക്ക് പേരുകേട്ടതായിരുന്നു നമ്മുടെ പഞ്ചായത്ത്. കൃത്രിമ പുല്ലുൽപാദനങ്ങൾക്കോ, കാലിത്തീററകൾക്കോ സാദ്ധ്യത ഇല്ലായിരുന്ന അക്കാലത്ത് കൃഷിമൂലം ലഭിക്കുന്ന വസ്തുക്കളായിരുന്നു മൃഗങ്ങൾക്ക് നല്കുന്ന മുഖ്യാഹാരം. വൈക്കോലും തവിടും ധാരാളമുണ്ടായിരുന്നു. പഞ്ചായത്തിൽ വിശാലമായിക്കിടക്കുന്ന കുന്നിൻമേടുകളും അവിടെ ധാരാളമുണ്ടായിരുന്ന പുല്ലുകളും മൃഗപരിപാലനത്തിന് സഹായകമായിരുന്നു. നാട്ടിലെ മുഴുവൻ കാർഷികകുടുംബങ്ങളിലും പശു, കാള, കോഴി എന്നിവ ധാരാളം വളർത്തിയിരുന്നു. കൃഷി ആരംഭിക്കുന്നതിനു മുൻപ് തമിഴ്നാട്ടിൽനിന്നും എത്തുന്ന നല്ലയിനം കാളകളെ വാങ്ങി മെരുക്കിയെടുക്കുന്ന കൃഷിക്കാരായിരുന്നു അധികവും. രോഗപ്രതിരോധ ശേഷിയുള്ള നല്ലയിനം നാടൻ ഇനങ്ങൾ മാത്രമായിരുന്നു അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്നത്. ധാരാളം പാലും പാലുൽപന്നങ്ങളും കർഷകകുടുംബങ്ങളിൽ ലഭ്യമായിരുന്നു. പ്രാദേശികമായ വിപണന സമ്പ്രദായം കാര്യമായിട്ടുണ്ടായിരുന്നെങ്കിലും അവയിലൂടെ കർഷകനുണ്ടായ ലാഭനഷ്ടങ്ങളേയും ചൂഷണത്തേയും ആ കാലഘട്ടത്തിന്റെ മററു സാമൂഹ്യ ചുററുപാടുകളുമായി ബന്ധപ്പെടുത്തിയേ വിലയിരുത്തുവാൻ കഴിയുകയുള്ളൂ.

ഭൂപരിഷ്കാരത്തിനുശേഷം ഉടമസ്ഥയിലുണ്ടായമാറ്റം പരമ്പരാഗതമായ കന്നുകാലി വളർത്തൽ സമ്പ്രദായത്തിൽ മാററം വരുത്തി. കൂട്ടുകുടുംബ വ്യവസ്ഥയിലുണ്ടായ മാറ്റവും ഇതിനുകാരണമായി കൃഷിഭൂമിയുടെ തുണ്ടുവൽക്കരണവും ഭൂപരിഷ്കരണത്തിന്റെ അനുകൂലഘടകങ്ങളും കാർഷികോൽപാദനരംഗത്ത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്തതുകൊണ്ടുതന്നെ കാർഷികരംഗത്തുണ്ടായ മുരടിപ്പ് അനുബന്ധിത മേഖലയായ കന്നുകാലിവളർത്തലിനേയും ബാധിച്ചു.

കന്നുകാലിവളർത്തലിനെ കാര്യമായി ബാധിച്ച മറ്റൊരു കാര്യം കൂട്ടുകുടുംബങ്ങളിൽ വന്ന മാററവും ഗൾഫ് മേഖലയുടെ സ്വാധീനവുമാണ്. നിത്യവൃത്തിക്കായി മററു മേഖലകളിൽ നിന്നും സമ്പത്ത് ലഭിച്ചപ്പോൾ കൃഷിയെപ്പോലെ തന്നെ കന്നുകാലിവളർത്തലിലും നാം അശ്രദ്ധരായി. എന്നാൽ അടുത്തകാലത്തായി പഞ്ചായത്തിൽ കന്നുകാലി വളർത്തൽ മേഖലയിൽ പ്രകടമായ ചില മാററങ്ങൾ കാണാം. അവയോടൊപ്പം പുതിയ പ്രശ്നങ്ങളും വർദ്ധിക്കുന്നു.

## കന്നുകാലികളെ സംബന്ധിക്കുന്ന രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | ദഹനസംബന്ധമായവ<br>Digestive disorders | 788 | 19 | 378 | – | – | 6 | – | – | – | – |
| 2. | ശ്വാസകോശസംബന്ധം<br>Respiratory diseases | 160 | 06 | 103 | – | – | 384 | – | – | – | – |
| 3. | ഉപാപചയ സംബന്ധം<br>Metabolic diseases | 115 | – | – | – | – | – | – | – | – | – |
| 4. | ത്വക് രോഗങ്ങൾ<br>Skin diseases | 167 | – | 06 | – | – | – | – | – | – | – |
| 5. | ധാതുലവണങ്ങളുടെ അഭാവം<br>Deficiency diseases | – | – | – | – | – | – | – | – | – | – |
| 6. | പരാദരോഗങ്ങൾ<br>Parasitic diseases | 646 | – | 122 | – | – | 269 | – | – | – | – |
| 7. | പ്രത്യുത്പാദന വ്യവസ്ഥ-യുമായി ബന്ധപ്പെട്ടവ<br>Cynacological disorders | 313 | 06 | 72 | – | – | 76 | – | – | – | – |
| 8. | വന്ധ്യത<br>Infertility | – | – | – | – | – | – | – | – | – | – |
| 9. | അകിടുവീക്കം<br>Mastistis | 110 | – | 19 | – | – | – | – | – | – | – |
| 10. | മുടന്തൻ പനി<br>Ephemeral Fever | 244 | – | – | – | – | – | – | – | – | – |
| 11. | പകർച്ചവ്യാധികൾ<br>Contagion diseases | – | – | – | – | – | – | – | – | – | – |
| 12 | Surgical | 166 | - | 141 | - | - | - | - | | - | - |

# വിദ്യാഭ്യാസം

ആരോഗ്യമുള്ള രാഷ്ട്രം ആരോഗ്യമുള്ള സമൂഹത്തിന്റെ സൃഷ്ടിയാണ്. സമൂഹത്തിന്റെ ആരോഗ്യം വ്യക്തികളിൽ അധിഷ്ഠിതമാണ്. അതായത് ആരോഗ്യമുള്ള വ്യക്തികളാണ് ഏതൊരു രാഷ്ട്രത്തിന്റെയും ആണിക്കല്ലുകൾ എന്നർത്ഥം. ഒരു വ്യക്തിയുടെ ആരോഗ്യം അവന്റെ കായികവും മാനസികവുമായ അവസ്ഥയെ അടിസ്ഥാനമാക്കിയാവണം നാം വിലയിരുത്തേണ്ടത്. ഔപചാരികമോ അനൗപചാരികമോ ആയ വിദ്യാഭ്യാസത്തിലൂടെ വ്യക്തിയിൽ കടന്നുകൂടിയിട്ടുള്ള വിജ്ഞാനമാണ് അവന്റെ മാനസികാരോഗ്യത്തെ നിർണയിക്കുന്നത്. ഇതുകൊണ്ടാണ് വികസനമുന്നേറ്റം നടത്തുവാൻ ശ്രമിക്കുന്ന സമൂഹത്തിൽ വിദ്യാഭ്യാസത്തിന് വളരെയധികം പ്രാധാന്യമുള്ളത്.

അതിപ്രാചീനമായ ഒരു വിദ്യാഭ്യാസസംസ്കാരം ഞങ്ങൾക്കുണ്ട്. നിരവധി കുടിപ്പള്ളിക്കുടങ്ങളും, എഴുത്ത് ആശാൻമാരും ഞങ്ങളുടെ ഓർമകളിൽ ജീവിക്കുന്നു. മഹാരാജാ ശ്രീമൂലം തിരുനാളിന്റെ കാലഘട്ടത്തിലാണ് നമ്മുടെ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തുടക്കം കുറിച്ചതെന്ന് ചരിത്രരേഖകൾ വ്യക്തമാക്കുന്നു. നാവായിക്കുളം ഗവണ്മെന്റ് ഹൈസ്കൂൾ ആ കാലഘട്ടത്തിലാണ് നാവായിക്കുളം ഗവ: ഒട ഇന്ന് നിൽക്കുന്നിടത്ത് സ്ഥാപിതമായത്. (sl. h-1085, AD1910) അന്നു മുതൽ നമ്മുടെ വിദ്യഭ്യാസവളർച്ചയുടെ ചരിത്രം ആരംഭിക്കുന്നു. ഈ കാലഘട്ടത്തിന് മുമ്പ് തന്നെ ഒന്നിലധികം സ്വകാര്യവിദ്യാലയങ്ങൾ ഇവിടെ ആരംഭിച്ചിരുന്നു.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ മൂന്ന് ഹൈസ്കൂളുകളും ഒരു U.P സ്കൂളും 8 ലോവർ പ്രൈമറി സ്കൂളും നിലവിലുണ്ട്. ഇവ കൂടാതെ നിരവധി അനംഗീകൃത വിദ്യാഭ്യാസസ്ഥാപനങ്ങളും സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ട്. 1950-ൽ 28-ാംമൈൽ ജംഗ്ഷനിൽ സ്ഥാപിക്കപ്പെട്ട വിവേകോദയം ഗ്രന്ഥശാലയും അതിനുശേഷം തുടങ്ങിയ കടമ്പാട്ടുകോണം വിജ്ഞാന പ്രദായനിയും ഇടമൺനിലയിലെ ഗ്രാമസേവാസംഘവും മറ്റ് നിരവധി ഗ്രന്ഥശാലകളും സാംസ്കാരിക സ്ഥാപനങ്ങളും വിദ്യാഭ്യാസമേഖലയിലെ നമ്മുടെ വളർച്ചയുടെ സുപ്രധാനകണ്ണികളാണ്.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജനസംഖ്യാനുപാതികമായി പരിശോധിച്ചാൽ പര്യാപ്തമാണെന്ന് ബോധ്യപ്പെടും. ഇത്തരം സൗകര്യങ്ങളിൽ പോലും ഇംഗ്ലീഷ്മീഡിയം വിദ്യാഭ്യാസത്തിനുവേണ്ടി പഞ്ചായത്തിതര പ്രദേശങ്ങളിലേക്ക് പോകുന്ന വിദ്യാർത്ഥികൾ ഇവിടെ ഉണ്ട്. പഞ്ചായത്തിലെ 12 സ്കൂളുകളിലും വേണ്ടത്ര ഭൗതികസാഹചര്യം ഇല്ല.

ക്ലാസ് മുറികൾ കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ കളിസ്ഥലം, ദൃശ്യശ്രാവ്യഉപകരണങ്ങൾ കക്കൂസ്, മൂത്രപ്പുര എന്നിവയുടെയെല്ലാം അപര്യാപ്തത നമ്മുടെ സ്കൂളുകളിലേറെയാണ്.

പഞ്ചായത്തിലെ മൂന്ന് ഹൈസ്കൂളുകളിലെ കഴിഞ്ഞ അഞ്ചുവർഷത്തെ S.S.L.C വിജയശതമാനം പട്ടികയായി ചുവടെ ചേർക്കുന്നു.


03a-2
500
400
300
200
100
489
361
174
98
6
4
ആകെ ബിജസങ്കലനം നടത്തിയവ
ഒന്നിലധികം തവണ ബീജസങ്കലനം നടത്തിയവ
പശു
കിടാരി
എരുമ

മൊത്തം ശേഖരിക്കുന്ന പാലിന്റെയും പഞ്ചായത്തിൽ വിൽക്കുന്നതും പുറത്തേക്ക യയ്ക്കുന്നതുമായ പാലിന്റെ കണക്ക് സൂചി പ്പിക്കുന്ന ചിത്രം.




ഈ പാൽ ശേഖരണ കേന്ദ്രത്തിൽ പാൽനൽകുന്നവർക്ക് ലിററിന് ശരാശരി 7 രൂപയ്ക്കും 7.50 നും മദ്ധ്യേ വില കിട്ടുന്നു. ചില കേന്ദ്രങ്ങളിൽ 8 രൂപയോളം നൽകുന്നുണ്ട്. എന്നാൽ ഈ കേന്ദ്രങ്ങളിൽ നിന്നും പാൽ വാങ്ങുന്നവർക്ക് 10 രൂപയും മിൽമാ കവറിലടയ്ക്കപ്പെട്ട പാലിന് 10രൂപ 50 പൈസയും നൽകേണ്ടിവരുന്നു. ആസൂത്രിതമായ ചൂഷണത്തിന്റെ ചിത്രം ഈ മേഖലയിൽ കാണാൻ കഴിയും. പാൽ വിൽക്കുന്നവരും മേടിക്കുന്നവരുമായ നമ്മുടെ പഞ്ചായത്തിലെ ആൾക്കാർ ചൂഷണത്തിന് വിധേയരാകുമ്പോൾ അദ്ധ്വാന ശക്തി വിനിയോഗിക്കാതെ കൊഴുത്തുവരുന്ന ഒരു കൂട്ടം ഈ മേഖലയിൽ ജീവിക്കുന്നു. ഒരു പരിഷ്കൃത സമൂഹത്തിനും ഇതിനെതിരെ കണ്ണടയ്ക്കാൻ കഴിയില്ല. പഞ്ചായത്തിൽ നിന്നും ശേഖരിക്കപ്പെടുന്ന പാൽ വർഷത്തിൽ 2, 89, 925.3 ലിററർ കയറ്റി അയക്കപ്പെടുമ്പോൾ മിൽമയുടെ കവർ പാൽ വില്പനകേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു എന്നത് വൈരുദ്ധ്യമാണ്.

എരുമ, ആട് എന്നിവയിൽ അത്യുൽപാദന ഇനങ്ങളുടെ പ്രചാരം വേണ്ടത്ര ഉണ്ടായിട്ടില്ല. ഉഴവുമാടുകൾ കുറഞ്ഞുവരുന്നു. വ്യാവസായികാടിസ്ഥാനത്തിൽ കോഴികളെ കൃഷിചെയ്യുന്ന കേന്ദ്രങ്ങൾ കുറവാണ്. CWCRA വഴി ചില വ്യക്തികൾ കോഴി വളർത്തൽ ആരംഭിച്ചുവെങ്കിലും തുടക്കത്തിൽതന്നെ അവ തകരുന്ന ചിത്രമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. വഴി മാറ്റി ചിലവഴിക്കുന്നതും ശരിയായ മാർഗ നിർദേശങ്ങളിലെ അപാകതയും ആണ് ഇങ്ങനെ തകർച്ചയ്ക്കുള്ള കാരണം.

എരുമ, പോത്ത്, നായ്ക്കൾ എന്നിവയേയും വളർത്തുന്നുണ്ട്. പ്രതിരോധ പേവിഷചികിൽസ എല്ലാ നായ്ക്കൾക്കും ലഭ്യമാക്കാറില്ല. അലഞ്ഞുനടക്കുന്ന നായ്ക്കൾ മാർക്കറ്റുകൾ കേന്ദ്രീകരിച്ച് ധാരാളമായിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ മാംസത്തിനായി അന്യപ്രദേശങ്ങളിൽ നിന്നും മൃഗങ്ങളെ കൊണ്ടുവരാറുണ്ട്. താറാവ്, കോഴി, മുയൽ, പന്നി എന്നിവയുടെ ശാസ്ത്രീയമായ വളർത്തൽ ഇനിയും ഉണ്ടായിട്ടില്ല.

പ്രശ്നങ്ങൾ

1. മൃഗചികിൽസ വ്യാപകമല്ല.
2. മൃഗാശുപത്രിയുടേയും ICDP Sub Centre കളുടേയും പ്രവർത്തനം എല്ലാ മേഖലയിലും ലഭിക്കാറില്ല.
3. നിലവിലുള്ള ICDP Sub Centre കളിൽ ആവശ്യമായ ഉദ്യോഗസ്ഥൻമാരും ഉപകരണങ്ങളുമില്ല.
4. കന്നുകാലികളെ വാങ്ങുന്നതിനുള്ള ധനസഹായം സാർവത്രികമല്ല.
5. പാലിന് നല്ല വില ലഭിക്കാറില്ല.
6. പാലുൽപ്പന്നങ്ങൾക്ക് അമിതവില കൊടുക്കേണ്ടിവരുന്നു.
7. കാലിത്തീററകൾക്ക് അമിതവില കൊടുക്കേണ്ടിവരുന്നു.
8. ആശുപത്രികളിൽ ആധുനിക സജ്ജീകരണങ്ങളില്ല.
9. പാലുൽപ്പാദക കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിക്കാറില്ല.
10. കാലിത്തീറ്റകൾക്ക് ലഭിക്കുന്ന സബ്സിഡി വളരെ കുറവാണ്.

11. കോഴികളെ ശാസ്ത്രീയമായി വളർത്തുന്നതിനുള്ള പരിശീലനം ലഭിക്കാറില്ല.

12. പഞ്ചായത്തിലെ ആവശ്യത്തിനുള്ള മുട്ടകൾ പുറം സംസ്ഥാനങ്ങളിൽ നിന്നും വരുന്നു.

13. ആശുപത്രികളിൽ പ്രതിരോധ വാക്സിനുകൾ യഥാസമയം ലഭിക്കാറില്ല.

14. വന്ധ്യതാ പരിശീലന ക്യാമ്പ് കൃത്യമായി നടത്താറില്ല.

15. First aid മരുന്നുകൾ ആശുപത്രുകളിൽ യഥാസമയം ലഭിക്കാറില്ല.

16. അലഞ്ഞുതിരുയുന്ന നായ്ക്കൾ വളരെ കൂടുതലുണ്ട്.

**സാധ്യതകളും നിർദ്ദേശങ്ങളും**

1. വാർഡ് അടിസ്ഥാനത്തിൽ പ്രതിരോധചികിത്സ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

2. ഉദ്യോഗസ്ഥന്മാരുടെ ഒഴിവുകൾ ഉടനടി നികത്തുവാൻ ശ്രദ്ധിക്കണം.

3. അജഇഛരട അംഗീകരിച്ച വിലനിലവാരം പാൽ കൊടുക്കുന്നവർക്കും വാങ്ങുന്നവർക്കും ദോഷകരമാണ്. ഇതൊഴുവാക്കുന്നതിനായി വാർഡുകൾ കേന്ദ്രീകരിച്ചോ മേഖലാടിസ്ഥാനത്തിലോ പ്രവർത്തനങ്ങളും സംഭരണ ശാലകളും നിർമ്മിക്കണം.

4. പഞ്ചായത്തിൽ ഒരു കന്നുകാലിത്തീറ്റ ഫാക്ടറി ആരംഭിക്കണം. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഇതിനായി ഉപയോഗിക്കുവാൻ കഴിയും

5. കാലികൾക്കു നൽകുന്നതിനായുള്ള പുല്ല് നട്ടുവളർത്തുന്നതിനായി വിത്തുകളും വളങ്ങളും നൽകണം. മാതൃകാ പുല്ലുവളർത്തു കേന്ദ്രങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം.

6. വിത്തുകാളകളെ വളർത്തുന്നതിനും അവയെ ഇണചേർക്കുന്നതിനും ലൈസൻസ് ഏർപ്പെടുത്തണം.

7. വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും അലഞ്ഞുനടക്കുന്ന പട്ടികളെ കൊല്ലുന്നതിന് നടപടികൾ സ്വീകരിക്കുകയും വേണം.

8. വളർത്തു നായ്ക്കളെ പ്രതിരോധ പേവിഷ ചികിത്സക്ക് വിധേയമാക്കണം.

**മത്സ്യബന്ധനവും അനുബന്ധമേഖലയും**

നാവായിക്കുളം പഞ്ചായത്തിൽ സാധ്യതകൾ ഇല്ലാത്ത ഒരു മേഖലയാണ് മത്സ്യബന്ധനം. നിരവധി ചെറുതോടുകളിലും കുളങ്ങളിലുമായി കാണുന്ന ചെറിയ നാടൻ മത്സ്യങ്ങൾ മാത്രമാണിവിടെയുള്ളത്. ചെറുതോടുകളിലും, കുളങ്ങളിലും ചൂണ്ട ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടക്കുന്നുണ്ട്. മത്സ്യബന്ധനം ഉപജീവനമാർഗമായി സ്വീകരിച്ച തൊഴിലാളികൾ പഞ്ചായത്തിലില്ല. അതിനുള്ള സാധ്യതകളുമില്ല.

മത്സ്യ കൃഷി ഈ പ്രദേശത്ത് തികച്ചും അപരിചിതമാണ്. ശുദ്ധജല മത്സ്യ കൃഷിക്ക് ഏറെ സാധ്യതകളുള്ള ഈ പ്രദേശത്ത് ഇതിനുള്ള പരിശ്രമങ്ങൾ നടക്കാതിരിക്കുന്നത് കർഷകർക്ക് ഇതു സംബന്ധമായ അജ്ഞത മൂലമാണ്. മത്സ്യവകുപ്പിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും വ്യാപകമായ ബോധവത്കരണ പ്രവർത്തനം ഇവിടെ നടത്തിയാൽ മത്സ്യകൃഷിക്ക് കുറച്ച് സാധ്യതകളുണ്ട്. കുളങ്ങളും തോടുകളും ഇതിനായി ഉപയോഗിക്കണം.

പഞ്ചായത്തിൽ കൂടുതൽ ലഭിക്കുന്നതും ഉപയോഗിക്കുന്നതുമായ മത്സ്യം കടൽമത്സ്യങ്ങളാണ്. അഞ്ചുതെങ്ങ്, നീണ്ടകര, മംഗലാപുരം, വിഴിഞ്ഞം, വർക്കല എന്നിവിടങ്ങളിൽ നിന്നുമാണ് മത്സ്യങ്ങൾ ഇവിടേയ്ക്കു കൊണ്ടുവരുന്നത്. ഇവിടെ നിന്നും കൊണ്ടുവരുന്ന മത്സ്യം ശേഖരിച്ച് മൊത്തവ്യാപാരം ചെയ്യുന്ന ചന്ത കടമ്പാട്ടുകോണത്തുണ്ട്. നമ്മുടെ പഞ്ചായത്തു മേഖലയിലാണ് ഈ സ്ഥാപനം നിലനിൽക്കുന്നതെങ്കിലും പഞ്ചായത്തിന് യാതൊരു വിധ കരവും ലഭിക്കാറില്ല. മത്സ്യവില്പനയിലൂടെ ജീവിക്കുന്ന ധാരാളം

കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവരുടെ അധ്വാനത്തെ ചൂഷണം ചെയ്യുന്ന പണം കടം കൊടുപ്പുകാരും ഇവിടം കേന്ദ്രീകരിച്ചിട്ടുണ്ട്. മത്സ്യ വ്യാപാരത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി അടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**പ്രശ്നങ്ങൾ**

1. വറ്റാത്ത ജനസ്രോതസുകളുടെ അഭാവം.
2. ശാസ്ത്രീയ മത്സ്യകൃഷി പരിശീലനത്തിന്റേയും ബോധ വത്കരണത്തിന്റേയും കുറവ്.
3. സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത.
4. വയലിലെ അമിതമായ രാസവള-കീടനാശിനി പ്രയോഗവും രോഗങ്ങളും.
5. പഞ്ചായത്തിൽ ലഭ്യമാകുന്ന മത്സ്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കപ്പെടുന്നില്ല.
6. മത്സ്യതൊഴിലാളികളെ സഹായിക്കുന്നില്ല. ശരിയായ ആസൂത്രണ പരിപാടികളിലൂടെ ഈ മേഖലയെ പുഷ്ടിപ്പെടുത്താൻ കഴിയും.

**പരിഹാരങ്ങൾ**

1. നിലവിലുള്ള കുളങ്ങളെ സംരക്ഷിക്കുക.
2. മഴക്കാലത്ത് ഒഴുകിപ്പോകുന്ന ജലം കെട്ടിനിർത്തി മത്സ്യകൃഷിയേയും കൃഷിയേയും എത്ര മാത്രം സഹായിക്കാൻ കഴിയുമെന്ന് പരിശോധിക്കുക.
3. നൂതന മത്സ്യകൃഷി രീതികളെ കുറിച്ച് ബോധവത്കരണവും പരിശീലനവും നൽകുക.
4. സ്വകാര്യം, സഹകരണം, പഞ്ചായത്ത് എന്നീ മേഖലകളിൽ ഒറ്റക്കോ, കൂട്ടായോ മത്സ്യകൃഷി വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ പരിശോധിച്ച് നടപ്പിലാക്കുക.
5. ശാസ്ത്രീയ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായവും മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതും പ്രാവർത്തികമാക്കുക.
6. മത്സ്യ കൃഷിക്ക് താല്പര്യമുള്ള കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുക.

**മത്സ്യ കൃഷിക്ക് അനുയോജ്യമാണോ എന്ന് പരിശോധിക്കാവുന്ന കുളങ്ങൾ**

1. കടമ്പാട്ടുകോണം പോളച്ചിറക്കുളം
2. വെട്ടിയറ പട്ടാണിക്കുളം
3. നാവായിക്കുളം അയിറ്റിൻ ചിറകുളം
4. കുടവൂർകോണം ഏലായിലെ രണ്ടു കുളങ്ങൾ
5. ഇടമൺനില ഏലായിലെ കുളം
6. XII-ാം വാർഡിലെ മാടൻ കാവ് കുളം.

നമ്മുടെ പഞ്ചായത്തിൽ ഒരു ഗവ. മൃഗാശുപത്രിയും രണ്ടു കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും (I. C. D. P) നിലവിലുണ്ട്.

പഞ്ചായത്തിലെ മുഴുവൻ മേഖലയിലും സേവനം ലഭിക്കുന്ന വിധത്തിലല്ല മൃഗാശുപത്രിയുടെ ലൊക്കേഷൻ. ഇതുകൂടാതെ I.C.D.P കേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതുണ്ട്. നാടൻ മൃഗങ്ങൾ കുറഞ്ഞുവരികയും കൃത്രിമബീജസങ്കലനത്തിലൂടെ അത്യുൽപാദന ശേഷിയുള്ള നല്ലയിനം ജനുസുകളെ സാർവത്രികമാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നാടൻപശുക്കളുടെ രോഗപ്രതിരോധ ശേഷി പുതിയ ഇനം ജനുസുകൾക്ക് ഇല്ല എന്നുള്ളത് ഈ മേഖലയിലെ ഒരു പ്രശ്നമാണ്.

നമ്മുടെ കന്നുകാലി വളർത്തലിനെ തളർത്തുന്ന മുഖ്യപ്രശ്നം തീറ്റയെ സംബന്ധിച്ചതാണ്. കൃഷി അനുബന്ധിതമായി കന്നുകാലി വളർത്തിയിരുന്ന പാരമ്പര്യരീതിയിൽനിന്ന് പിന്നോട്ടു പോയതാണ് ഇതിനു കാരണം. നെൽപാടങ്ങൾ നികത്തപ്പെടുകയും ഉൽപാദനക്ഷമത കുറഞ്ഞുവരുകയും ചെയ്യുന്നതിനാനുപാതികമായി വൈക്കോൽ ക്ഷാമം രൂക്ഷമാകുന്നു. പിണ്ണാക്ക്, മറ്റു കാലിത്തീററകൾ എന്നിവയുടെ ഭീമമായ വിലക്കയററം കന്നുകാലി വളർത്തൽ കർഷകന് നഷ്ട്ടകച്ചവടമാകുന്നു.

നമ്മുടെ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന പാൽ ആഭ്യന്തരവും ബാഹ്യവുമായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ 5 ക്ഷീര സംഘങ്ങളാണുള്ളത്. നാലെണ്ണം ആപ്കോസ് അംഗീകരിച്ച സഹകരണ സംഘങ്ങളും, മാവിൻ മൂട്ടിലുള്ള സംഘം പാൽ ശേഖരിച്ച് ആഭ്യന്തരവിപണനം നടത്തുന്നതുമാണ്. ആപ്കോസ് അംഗീകാരമുള്ള സഹകരണ സംഘങ്ങളിൽ മിൽമയുടെ പാലുൽപന്നങ്ങളും, കാലിത്തീററകളും വിൽപ്പനയുണ്ട്.

ഈ അഞ്ചുസ്ഥാപനങ്ങൾക്കു പുറമേ പാൽ ശേഖരിച്ച് വിൽക്കുന്ന വ്യക്തികളും ഒരു മിൽമാബൂത്തും നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ പാൽ ശേഖരിച്ചുവിൽക്കുന്ന സംഘങ്ങളുടെ ശേഖരണവിവരത്തെ സംബന്ധിക്കുന്ന ഒരു ചാർട്ട് ചുവടെ ചേർത്തിട്ടുണ്ട്.

| സഹകരണ സംഘത്തിന്റെ പേര് | മൊത്തം ശേഖരിക്കുന്ന പാൽ ലിറ്റർ | പഞ്ചായത്തിൽ തന്നെ വിൽക്കുന്ന ലിറ്റർ | പുറത്തേക്ക് അയക്കുന്നത് ലിറ്റർ |
|---|---|---|---|
| തൃക്കോവിൽവട്ടം ക്ഷിരോ:സഹ:സംഘം | 116004 | 44238.8 | 71765.2 |
| കടവൂർ മിൽക്ക് പ്രൊഡ്യൂസേഴ്സ് ഉൽപ്പാദക സംഘം | 122552.7 | 13751.1 | 108801.6 |
| നാവായിക്കുളം മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ. 28-ാം മൈൽ | 133917.5 | 61474 | 72443.5 |
| കുണ്ടുമണ്കാവ ക്ഷീരോൽപാദക സഹ. സംഘം | 52750 | 15825 | 36925 |
| മാവിൽമൂട് ക്ഷീരവിതരണകേന്ദ്രം | 79848 | 79848 | |
| ആകെ | 505072.2 | 215136.9 | 289935.3 |

**41-1**


60
50
40
30
20
10
91-92
92-93
93-94
94-95
95-96
1991-91
92-93
93-94
94-95
95-96

കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ SSLC വിജയശതമാനം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | 1991–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|---|
| I. | SKV HS കടമ്പാട്ടുകോണം | 51% | 50% | 48% | 52% | 50% |
| II | Kh. H S നാവായിക്കുളം | 36% | 35% | 37% | 42% | 39% |
| III | AKM HS കുടവൂർ | 41% | 28% | 35% | 29% | 38% |
| | ആകെ | 42.67% | 37.67% | 40% | 41% | 42.33% |

1991–92 അധ്യയനവർഷം പഞ്ചായത്തിൽ ട.ട.ഘ.ഇ വിജയശതമാനം 42.67% ആയിരുന്നു. തൊട്ടടുത്ത വർഷം 6% കുറവ് സംഭവിച്ചു. തുടർന്ന് വന്ന കഴിഞ്ഞ മൂന്ന് അധ്യായനവർഷങ്ങളിലും ഒരു ശതമാനത്തിന്റെ ക്രമാനുകതമായ വളർച്ച കാണാൻ കഴിയും. എന്നാൽ 91–92 വർഷം നേടിയ വിജയശതമാനം ഇനിയും നേടാൻ കഴിഞ്ഞിട്ടില്ല. ബോധപൂർവമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള 5അംഗണവാടികളിൽ 4 എണ്ണം മാത്രമേ ഇന്ന് പ്രവർത്തിക്കുന്നുള്ളൂ. ഇവയ്ക്കെല്ലാം സ്വന്തമായി കെട്ടിടങ്ങളുണ്ട്. അംഗണവാടികളിൽ വേണ്ടത്ര കളിക്കോപ്പുകൾ ഇല്ലായെന്നതും കുട്ടികൾക്കായെത്തുന്ന ആഹാരസാധനങ്ങൾ ഗുണനിലവാരം കുറഞ്ഞതാണ് എന്നതും അംഗണവാടികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി 26 അംഗണവാടികൾ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം ഉണ്ടെങ്കിലും സ്ഥലത്തിന്റെ അപര്യാപ്തത ഇവയുടെ നിർമ്മാണത്തിന് തടസമായി നിൽക്കുന്നു.

പ്രശ്നങ്ങൾ

1) സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു.

2) ഹരിജനങ്ങൾ അധികമായുള്ള 4 കോളനികൾ ഉൾപ്പെട്ട ചാവർകോഡ് മേഖലയിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനായി മൂന്നര കിലോമീറ്ററോളം സഞ്ചരിച്ച് പോകേണ്ടതായുണ്ട്. ഇക്കാരണത്താൽ ഈ പ്രദേശത്തെ SC/ST വിഭാഗത്തിലെ കുട്ടികൾ പകുതിപോലും പ്രാഥമികവിദ്യാഭ്യാസത്തിന് എത്തിച്ചേരുന്നില്ല.

3) കിഴക്കതേല ഗവ: LPS നോട് ചേർന്ന് മൂന്ന് വശവും വാഹനഗതാഗതമുള്ള റോഡുകളാണ്. ചുറ്റുമതിൽ കുറച്ചുഭാഗം ഇടിഞ്ഞുപോയത് പുനർനിർമ്മിച്ച് ഈ സ്കൂളിലെ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം.

4) വെട്ടിയറ ഗവ: L.P.S-ൽ ഷിഫ്റ്റ് സംമ്പ്രദായം നിലനിൽക്കുന്നു.

5) നമ്മുടെ പഞ്ചായത്തിന്റെ 3-ാം വാർഡിൽപ്പെട്ട പുല്ലൂർമുക്ക് പരിസരത്തെ കുട്ടികൾക്ക് അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിന് 2 1/2 കിലോമീറ്ററിലേറെ സഞ്ചരിക്കേണ്ടതുണ്ട്.

6) കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് വേണ്ടിയുള്ള ച.ഇ.ഇ ച.ട.ട സ്കൗട്ട് ആന്റ് ഗൈഡ് എന്നിവയുടെ പ്രവർത്തനം സ്കൂളുകളിലില്ല.

7) പ്രൈമറിതലം മുതൽ കുട്ടികൾക്ക് കായികപരിശീലനം ലഭിക്കണം. നിലവിൽ സ്കൂളുകളിൽ കുട്ടികൾക്ക് വേണ്ടത്ര കായികപരിശീലനം ലഭിക്കുന്നില്ല.

8) എല്ലാ സ്കൂളുകളിലേയും പി.ടി.എ. യുടെ പ്രവർത്തനം കാര്യക്ഷമമല്ല.

9) ഉച്ചഭക്ഷണവിതരണം കാര്യക്ഷമമല്ല.

10) അധ്യാപക-വിദ്യാർത്ഥി അനുപാതം കൂടുതലാണ്.

11) വിദ്യാഭ്യാസ ഗുണനിലവാരം മോശമാണ്.

12) കുട്ടികളിലെ വായനാശീലം കുറഞ്ഞുവരുന്നു.

13) സ്കൂൾ ലൈബ്രറികൾ, ലബോറട്ടറികൾ എന്നിവ കാര്യക്ഷമമല്ല.

14) മുസ്ലീം, നാടാർ എന്നീ കുട്ടികളുടെ ധനസഹായം കൃത്യസമയത്തു ലഭിക്കുന്നില്ല.

15) തോടുകൾ കടന്നുവരുന്ന കുട്ടികൾക്ക് മഴക്കാലത്ത് സ്കൂളുകളിൽ ഹാജരാകാൻ കഴിയുന്നില്ല.

16) പാഠ്യവിഷയങ്ങളുടെ അധികൃവും വിദ്യാഭ്യാസത്തോടുള്ള ഒരു വിഭാഗം മാതാപിതാക്കളുടെ സമീപനരീതിയും വിദ്യാർത്ഥികളെ മാനസികമായി തളർത്തുകയും സമൂഹത്തിൽ നിന്നും അന്യമാക്കുകയും ചെയ്യുന്നു.

17) ഗാർഹികമായി കൂടുതൽ ഉത്തരവാദിത്വങ്ങളുള്ള വനിതകളാണ് അധ്യാപകരിൽ കൂടുതലും എന്നുള്ളത് വിദ്യാഭ്യാസരംഗത്തെ ബാധിച്ചിട്ടുണ്ട്.

18) ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം സാമൂഹ്യപ്രതിബദ്ധത ഇല്ലാത്ത ഒരു സമൂഹത്തെ സൃഷ്ടിക്കും.

19) ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അനിയന്ത്രിതമായ വളർച്ച നമ്മുടെ മേഖലയിലെ സ്കൂളുകളുടെ നിലനില്പിനെ ബാധിച്ചിട്ടുണ്ട്. കല്ലമ്പലം SVUPS വിദ്യാർത്ഥികളുടെ കുറവു മൂലം അടച്ചുപൂട്ടേണ്ടിവന്നത് ഇതിന് ഉദാഹരണമാണ്. 16 ഡിവിഷനുണ്ടായിരുന്ന BVUPS ഇന്ന് 7 ഡിവിഷനായി കുറഞ്ഞതുപോലുള്ള വിദ്യാഭ്യാസ പ്രതിസന്ധികൾക്ക് ഇത് വഴിതെളിക്കുന്നു.

20) സ്കൂളുകളിൽ നിരക്ഷരരായ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നു.

21) S.S.L.C ക്ക് ശേഷം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള സാഹചര്യം ഇന്ന് പഞ്ചായത്തിലില്ല.

22) അഞ്ചാം വാർഡിലെ ശിശുവിഹാറിന്റെ നിർമ്മാണം നിലച്ചിരിക്കുന്നു.

**സാധ്യതകൾ**

1. പി.ടി.എ യുടെ പ്രവർത്തനം ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ പഞ്ചായത്തുതലത്തിൽ നടത്തിയാൽ സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത നികത്താൻ കഴിയും.

2. ജനസംഖ്യാനുപാതികമായി നമ്മുടെ പഞ്ചായത്തിൽ സ്കൂളുകളുടെ ആവശ്യം ഇല്ലെങ്കിലും ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ ആറാം വാർഡിലെ ചാവർകോഡ് മേഖലയിൽ ഒരു പ്രൈമറി സ്കൂൾ അത്യാവശ്യമാണ്. പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാതെ പോകുന്ന പട്ടികജാതി വിദ്യാർത്ഥികളെ സ്കൂളിലെത്തിക്കാൻ ഈ പ്രവർത്തനത്തിന് കഴിയും.

3. അധ്യാപക അനധ്യാപക ജീവനക്കാരുടെ പ്രവർത്തനത്തെ വിലയിരുത്താൻ പഞ്ചായത്തു കമ്മിറ്റികൾക്കും പി.ടി.എ ക്കും കഴിയണം.

4. സ്കൂളുകളുടെ സുഗമമായ നടത്തിപ്പിന് ജനകീയകമ്മിറ്റികൾ രൂപീകരിക്കണം.

5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനായി നാവായിക്കുളം ഗവണ്മെന്റ് H.S നോട് ചേർന്ന് VHSE, പ്ലസ്-ടു എന്നിവ തുടങ്ങണം.

6. കുട്ടികൾക്ക് നൽകുന്ന സാമ്പത്തിക സഹായം അധ്യയന വർഷത്തിൽതന്നെ നൽകണം.

7. കല്ലമ്പലം, പുല്ലൂർമുക്ക് പ്രദേശത്തെ കുട്ടികൾക്ക് അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി നാവായിക്കുളം മുസ്ലീം ഗവണ്മെന്റ് L.P.S ൽ അപ്പർ പ്രൈമറി വിഭാഗം തുടങ്ങണം.

8. വെട്ടിയറ ഗവണ്മെന്റ് LPS ന്റെ വികസനത്തിനായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഒരു യോഗം വിളിച്ചു കൂട്ടി പ്രശ്നപരിഹാരം കാണണം. ഷിഫ്റ്റ്സമ്പ്രദായം നിർത്തലാക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിച്ചു നൽകണം.

9. സ്കൂൾ ലൈബ്രറികളിൽ എല്ലാ ദിവസവും പുസ്തകം എടുക്കുന്നതിനുള്ള അവസരം ഉണ്ടാക്കുക.

10. മാസാന്ത്യങ്ങളിൽ കുട്ടികളുടെ വായനാശീലം വളർത്തുന്നതിനുപകരിക്കുന്ന മത്സരങ്ങൾ സ്കൂൾതലത്തിൽ സംഘടിപ്പിക്കണം.

11. NSS, NCC സ്കൗട്ട് & ഗൈഡ് എന്നിവയുടെ യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള സമ്മർദ്ദം ചെലുത്തുക.

12. കുട്ടികൾ യാത്രചെയ്യുന്ന വഴികളിലുള്ള തോടുകളിൽ നടപ്പാലം കെട്ടണം.

13. എല്ലാ L.P.S കളിലും Pre-Primary വിദ്യാഭ്യാസം ആരംഭിക്കണം.

ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഗവണ്മെന്റിന്റെ ഭരണകാലത്ത് സമ്പൂർണസാക്ഷ

രത പ്രവർത്തനങ്ങൾക്കായി നടന്ന പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലും സജീവമായിരുന്നു. ഒന്നാംഘട്ടത്തിൽ നേടിയ ആശാവകമായ മുന്നേറ്റം രണ്ടാംഘട്ടത്തിൽ പല കാരണങ്ങളാൽ തകരുന്ന ചിത്രമാണ് നാം കണ്ടത്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ നാലോളം ജനവിദ്യാകേന്ദ്രങ്ങൾ നിലവിലുണ്ട്. ഒന്നുപോലും വേണ്ടത്രപ്രവർത്തനം നടത്തുന്നില്ല.

വളരെ ശോഭനമല്ലെങ്കിലും മോശമല്ലാത്തൊരു വിദ്യാഭ്യാസനിലവാരം നമുക്കുണ്ട്. നമ്മുടെ സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും നിരക്ഷരതാ നിർമ്മാർജനം സഫലമാക്കുന്നതിനുംവേണ്ടി നമ്മുടെ സംഘടിതശക്തി ഉപയോഗിക്കാം.

*"വിദ്യാധനം സർവ്വധനാൽ പ്രധാനം"*

**പഞ്ചായത്തിലെ സമാന്തര കോളേജ് വിവരങ്ങൾ**

| ട്യൂട്ടോറിയുടെ പേര് | ആകെ പഠിക്കുന്ന കുട്ടികളുടെ എണ്ണം | S.S.L.C. private ന് പഠിക്കുന്ന കുട്ടികളുടെ എണ്ണം | പഠിപ്പിക്കുന്ന അധ്യാപകരുടെ |
|---|---|---|---|
| വിശ്വഭാരതി നാവായിക്കുളം | 246 | 20 | 20 |
| ഗുരുസാഗർ കല്ലമ്പലം | 275 | 19 | 21 |
| ജയാകോളേജ് നാവായിക്കുളം | 250 | 30 | 18 |
| പ്രിൻസ് നാവായിക്കുളം | 320 | 20 | 12 |
| വിദ്യനികേതൻ കിഴക്കനേല | 250 | 25 | 21 |
| സയൻഷ്യാ പുന്നവിള | 200 | 24 | 21 |
| വികാസ് കോളേജ് പുന്നവിള | 250 | 7 | 17 |

# ആരോഗ്യവും കുടിവെള്ളവും

## ആരോഗ്യം

### ആമുഖം

ആരോഗ്യമെന്നാൽ രോഗമില്ലാത്ത അവസ്ഥ എന്ന സാധാരണയായിട്ടുള്ള വിശ്വാസം മാറ്റേണ്ടത് അത്യാവശ്യമാണ്. മരുന്ന്, ചികിത്സ, ആശുപത്രി എന്നത് ആരോഗ്യത്തിന്റെ സാമാന്യമായ നിർവചനമാക്കിയത് ഈ രംഗത്തെ കച്ചവടത്താൽപര്യക്കാരാണ്. ആരോഗ്യമെന്നാൽ പോഷകാഹാരം, കുടിവെള്ളം, ആരോഗ്യപരമായ പരിസരം, ആരോഗ്യശീലങ്ങൾ, വ്യായാമം, വിനോദം, ശുദ്ധവായുലഭ്യത എന്നിവയിൽക്കൂടി വ്യത്തി സ്വയം ആർജിക്കുന്ന സുഖകരമായ അവസ്ഥയാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. 1978-ലെ ആൽമാആത്താ ഉടമ്പടി ഈ നിർവചനത്തെ അടിവരയിട്ടുറപ്പിക്കുന്നു. ഇതു പ്രകാരം ആരോഗ്യസമ്പാദനത്തിൽ മരുന്നിനും ആശുപത്രിക്കും വലിയ പങ്കില്ല. ആരോഗ്യ രംഗത്തുള്ള ചികിത്സോന്മുഖത്വം മാറ്റിയെടുക്കുക എന്നുള്ളതാണ് ഇന്നത്തെ അടിയന്തിരാവശ്യം. ഈ കാഴ്ചപ്പാടിൽ നിന്നു വേണം നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ പ്രശ്നങ്ങൾ വിലയിരുത്തി പദ്ധതി ആവിഷ്കരിക്കാൻ.

രോഗനിർണയം ഇന്ന് ഡോക്ടറുടെ കയ്യിൽ നിന്നും ആധുനിക യന്ത്രങ്ങളുടെ സഹായത്തോടെ ലാബുകളിലേക്കു മാറിയിരിക്കുന്നു. കോടികൾ മുടക്കി രോഗപരിശോധനായന്ത്രങ്ങൾ വാങ്ങി ലാബുകൾ നിലവിൽ വരുമ്പോൾ നിലനിൽപിനുവേണ്ടി രോഗികളെ ചാക്കിട്ടു പിടിക്കുന്നതിനുള്ള കുത്സിതമാർഗങ്ങൾ ആരായുന്നു. ഡോക്ടർമാർ ലാബുകളുടെ ഏജന്റുമാരായി അധഃപതിക്കുന്ന കാഴ്ച നമുക്കിന്നു സുപരിചിതമാണ്.

ഇന്ന് രോഗചികിത്സ സാധാരണക്കാരന് ദുഃസഹമായിരിക്കുന്നു. ഒരു രോഗിക്ക് ശരാശരി 90 രൂപ പ്രതിമാസം ചികിത്സക്കായി ചിലവാക്കുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്. ക്ഷയരോഗത്തിനെതിരെ മെച്ചപ്പെട്ട എത്രയോ മരുന്നുകൾ നമുക്കുണ്ടായിട്ടും രോഗം നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടില്ല. എയ്ഡ്സ് രോഗികളുടെ എണ്ണം ഭീതിജനകമാം വിധം ഉയരുന്നു. മലേറിയ, പ്ലേഗ്, കോളറ, കുഷ്ഠം, എലിപ്പനി എന്നീ രോഗങ്ങൾ തിരിച്ചുവന്നിരിക്കുന്നു. ഈ രോഗങ്ങൾക്കെതിരേയുള്ള നമ്മുടെ സമീപനങ്ങളിൽ എവിടേയോ തകരാറുവന്നിരിക്കുന്നു. ഏതാനും ഡോക്ടർമാരുടെ അത്യധ്വാനത്താലോ, ആശുപത്രിയും, മരുന്നുകളിലും കൂടെയോ ഈ രോഗങ്ങളെ നിയന്ത്രിക്കുവാൻ കഴിയില്ല. എയ്ഡ്സ് രോഗത്തിന് പരിഹാരം ബോധവൽക്കരണമാണ്. ക്ഷയം, കോളറ, മലമ്പനി എന്നീ രോഗങ്ങൾ ഉണ്ടാക്കുന്ന ജീവിത സാഹചര്യങ്ങൾ നിലനിർത്തി പ്രശ്നം പരിഹരിക്കാമെന്ന മൂഢവിശ്വാസം നമ്മെ കീഴടക്കിയിരിക്കുന്നു. ആരോഗ്യ ബോധമുള്ള ഒരു ജനതയുടെ പൂർണപങ്കാളിത്തത്തോടുകൂടിയുള്ള വികസന പ്രവർത്തനങ്ങളിലൂടെ മാത്രമേ ഈ രോഗങ്ങളുടെ നിയന്ത്രണം സാധ്യമാകൂ.

ആരോഗ്യരംഗത്തുള്ള ജനകീയ ഇടപെടലെന്നാൽ തമാശയായി മാറിയിരിക്കുന്നു. വികലമായ ആരോഗ്യബോധമുള്ള ജനങ്ങൾ ഏറ്റവും കൂടുതൽ പ്രാക്ടീസുള്ള ഡോക്ടർമാരേയും ചിലവേറിയ ആശുപത്രികളേയും തേടി മൈലുകളോളം സഞ്ചരിക്കുന്നു. ആരോഗ്യരംഗത്തെ ഇത്തരം മാമൂൽ ചിന്തകൾ മാറിയാൽ മാത്രമേ ആരോഗ്യമുള്ള ഒരു ജനസമൂഹത്തെ വാർത്തെടുക്കുവാൻ കഴിയൂ. ഈ കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ വേണം നമ്മുടെ പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങൾ വിലയിരുത്തുവാനും പദ്ധതി ആവിഷ്കരിക്കുവാനും.

**ആരോഗ്യസ്ഥാപനങ്ങൾ**

**1. പ്രൈമറി ഹെൽത്ത് സെന്റർ**

1993 മുതൽ നാവായിക്കുളം പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രം ആരംഭിച്ചു. നീണ്ടുനിന്ന ജനകീയ പ്രക്ഷോഭങ്ങൾക്കുശേഷമാണ് ആരോഗ്യകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള തീരുമാനം ഉണ്ടായത്. പ്രതിദിനം 100-ലധികം രോഗികൾ ഇവിടെ ചികിത്സയ്ക്കായി എത്തുന്നു. നാവായിക്കുളം പഞ്ചായത്താഫീസിനു സമീപം വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

**2. ആയുർവേദ ഡിസ്പെൻസറി**

1961-ൽ നാവായിക്കുളം പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി ആരംഭിച്ചു. ഗവ. ഹൈസ്കൂളിനു സമീപം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പ്രതിദിനം 125-ൽ പരം രോഗികൾ ഇവിടെ ചികിത്സിക്കപ്പെടുന്നു. ജനങ്ങൾ പൊതുവേ ആയുർവേദ ചികിത്സയെ കൂടുതൽ ആശ്രയിക്കുന്നതായി കണക്കുകൾ കാണിക്കുന്നു. പാർശ്വഫലങ്ങൾ ഇല്ലാത്ത ചികിത്സയിൽ ആൾക്കാർ കൂടുതൽ താൽപര്യം കാണിക്കുന്നു.

**3. ഹോമിയോ ഡിസ്പെൻസറി**

1988 മുതൽ നാവായിക്കുളം ഡീസന്റുമുക്കിൽ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടമുണ്ട്. പ്രതിദിനം 60-ൽപരം രോഗികൾ ചികിത്സയ്ക്കായി എത്തുന്നുണ്ട്.

**4. സ്വകാര്യ ആശുപത്രികൾ**

നാവായിക്കുളം പഞ്ചായത്തിൽ കല്ലമ്പലം കേന്ദ്രീകരിച്ച് രണ്ട് സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നു. കിടത്തി ചികിത്സിക്കുന്നതിനുള്ള ഈ ആശുപത്രികളിൽ പ്രതിദിനം 25-ൽപരം രോഗികൾ ചികിത്സയ്ക്കെത്തുന്നു.

**5. E.S.I. ഡിസ്പെൻസറി**

5500-ഓളം തൊഴിലാളികൾക്കായി നാവായിക്കുളത്തെ ഇ.എസ്.ഐ. ആശുപത്രി പ്രവർത്തിക്കുന്നു. നാവായിക്കുളം ക്ഷേത്രത്തിനു സമീപം പ്രവർത്തിക്കുന്ന ഈ ഡിസ്പെൻസറിയിൽ മിക്കവാറും എല്ലാ തൊഴിലാളികളും ചികിത്സക്കായി എത്തുന്നു.

**പ്രശ്നങ്ങൾ**

1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് സ്വന്തം കെട്ടിടമില്ല.

2. രോഗികളെ കിടത്തി ചികിത്സിപ്പിക്കാൻ സൗകര്യമില്ല.

3. രണ്ടു വാർഡികൾക്കുവേണ്ടി ഒരു സബ്സെന്റർ മാത്രമേ ഉള്ളൂ.

4. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ സൂക്ഷിക്കേണ്ട വിവരങ്ങൾ ലഭ്യമല്ല.

5. ആയുർവേദ ഡിസ്പെൻസറിയിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല.

6. കൊതുകുശല്യം കൂടുതലാണ്.

7. വരൾച്ചകാലത്തും വർഷകാലത്തും ജലജന്യരോഗങ്ങൾ ഉണ്ടാകുന്നു.

8. 1070-ഓളം വീടുകളിൽ കക്കൂസുകൾ ഇല്ല.

9. ജനങ്ങൾ ഇടതിങ്ങി പാർക്കുന്ന പട്ടികജാതിക്കോളനികളിൽ ആരോഗ്യപ്രശ്നങ്ങൾ കൂടുതലാണ്.

10 പഞ്ചായത്തിൽ 7 കശുവണ്ടി ഫാക്ടറികളുണ്ട്. ഇവിടെ നിന്നും പുറപ്പെടുന്ന പുക തൊഴിലാളികളുടെ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

11. വ്യാജമദ്യത്തിന്റെ ഉപയോഗം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

12. ദാരിദ്ര്യ-പോഷകാഹാരക്കുറവുമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ.

13. കടമ്പാട്ടുകോണത്തെ മത്സ്യവ്യാപാരം മൂലമുണ്ടാകുന്ന ജലമലിനീകരണം.

14. ഇടത്തരക്കാരിലും ദുർബലവിഭാഗങ്ങളിലും കാണുന്ന രോഗാതുരത.

15. പട്ടികജാതി വിഭാഗത്തിനുള്ള ആരോഗ്യപ്രശ്നം.

16. ആരോഗ്യശീലങ്ങളുടെ കുറവ്.

17. അശാസ്ത്രീയമായി ക്രമീകരിച്ചിരിക്കുന്ന അടുക്കളകൾ.

18. വ്യാജവും, അശാസ്ത്രീയവുമായ ചികിത്സാരീതികൾ.

19. വിദ്യാലയങ്ങൾ, തൊഴിൽശാലകൾ എന്നിവിടങ്ങളിലെ ആരോഗ്യരക്ഷാസംവിധാനങ്ങളുടെ അപര്യാപ്തത.

20. ഡങ്കളട തുടങ്ങിയ സാംക്രമിക രോഗങ്ങളുടെ വരവ്.

21. മലിനമായ ഓടകൾ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ.

22. പാറ, മരംകയറ്റം, തുടങ്ങിയ തൊഴിലുകളുമായി ബന്ധപ്പെട്ട അപകടങ്ങൾ.

23. സദ്യാലയങ്ങളിൽ നിന്നുള്ള അവശിഷ്ടം.

24. ബീഡി, സിഗററ്റ്, വെറ്റിലമുറുക്ക്, പൊടിവലി, മറ്റു ലഹരിപദാർഥങ്ങൾ എന്നിവയുടെ ഉപയോഗം..

25. E.S.I. ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടവും ലബോറട്ടറി പരിശോധനാ സംവിധാനവും ഇല്ല.

26. പുല്ലൂർമുക്ക്, കല്ലമ്പലം, 28-ാം മൈൽ ചന്തകൾ എന്നിവിടങ്ങളിലെ എല്ലുകുഴികൾ.

27. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികൾ.

28. ജനകീയ ആരോഗ്യനയത്തിന്റെ അഭാവം.

**സാധ്യതകൾ**

1993-ലാരംഭിച്ച പ്രാഥമികാരോഗ്യ കേന്ദ്രം ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തു വക ഭൂമിയിൽ എവിടെയെങ്കിലും കെട്ടിടം നിർമ്മിച്ച് രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. അതുപോലെ തന്നെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം. അത്യാവശ്യമുള്ള ലബോറട്ടറി-X-Ray ലാബുകൾ സ്ഥാപിക്കണം. ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യണം. ആരോഗ്യവിദ്യാഭ്യാസം വ്യാപകമായി നല്കണം.

നാവായിക്കുളം പഞ്ചായത്തിൽ വെട്ടിയറ പ്രദേശത്ത് നായർ സർവീസ് സൊസൈറ്റിയ്ക്ക് ആശുപത്രി നടത്തുന്നതിന് പഞ്ചായത്തിൽ നിന്നും ഒരേക്കർ ഇരുപത്തഞ്ച് സെന്റ് ഭൂമി പട്ടയത്തിനു നൽകിയിട്ടുണ്ട്. കുറച്ചുനാൾ ആശുപത്രി നടത്തിയെങ്കിലും ദീർഘനാളായി കെട്ടിടവും ആശുപത്രി കോമ്പൗണ്ടും ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

പഞ്ചായത്തിൽ അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ വിഭാഗങ്ങളിൽ മൂന്ന് ആശുപത്രികളുണ്ട്. ഇതിൽ അലോപ്പതി-ആയുർവേദ ആശുപത്രികൾ നാവായിക്കുളത്ത് കേന്ദ്രീകരിച്ചിരിക്കുന്നു. വർധിച്ചുവരുന്ന സൗകര്യങ്ങൾക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ അറിയേണ്ട സ്ഥിതിവിവരങ്ങൾ, ജനനനിരക്ക്, മരണനിരക്ക്, ആയുർദൈർഘ്യം, സാനിട്ടറിസൗകര്യങ്ങൾ തുടങ്ങിയവ ക്രോഡീകരിച്ച് സൂക്ഷിക്കാൻ കഴിയും. അത്തരത്തിൽ കുറ്റമറ്റ ഒരു ആരോഗ്യപ്രവർത്തനശൈലി രൂപപ്പെടുത്താം.

നമ്മുടെ പഞ്ചായത്തിൽ പതിമൂന്ന് വാർഡുകൾക്കായി ആറ് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഉണ്ട്. വാർഡുകളുടെ എണ്ണം വർധിച്ചതിനനുസരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ എണ്ണത്തിൽ വർധനവ് വന്നിട്ടില്ല. 5000 ജനസംഖ്യയ്ക്ക് ഒരുകേന്ദ്രം എന്ന കണക്കിൽ

നാവായിക്കുളത്ത് ഇനിയും ഒരു കേന്ദ്രം കൂടി വേണം. ഓരോ ഉപകേന്ദ്രത്തിലുമുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ എല്ലാമാസവും ഓരോ വീട്ടിലും ഒരു തവണയെങ്കിലും സന്ദർശനം നടത്തി ആരോഗ്യകാര്യങ്ങൾ ആരായേണ്ടതാണ്. എന്നാൽ മിക്കവാറും ഒരു സ്ഥലത്തും കൃത്യമായി നടന്നുകാണുന്നില്ല. കഷ്ടിച്ച് 17% വീടുകളിൽ മാത്രമാണ് ഈ ആരോഗ്യപ്രവർത്തനങ്ങൾ കടന്നുചെന്നിട്ടുള്ളത്. ഈ ഭവനസന്ദർശനം ആരോഗ്യപ്രവർത്തനത്തിന്റെ ഏറ്റവും വിലപ്പെട്ട ഘടകമാണ്. ഇന്നത്തെ അവസ്ഥയിൽ ആരോഗ്യപ്രവർത്തകരെ ഉപയോഗിക്കുന്നത് മുഖ്യമായും ജനസംഖ്യാനിയന്ത്രണം, പ്രതിരോധകുത്തിവയ്പുകൾ എന്നിവയ്ക്കുവേണ്ടി മാത്രമാണ്.

1961-ൽ ആണ് നാവായിക്കുളത്ത് ആയുർവേദ ഡിസ്പെൻസറി അരംഭിച്ചത്. അഞ്ചു വർഷങ്ങൾക്കുമുമ്പ് സ്വന്തമായി കെട്ടിടം നിർമിച്ച് നാവായിക്കുളം ഗ്രാമത്തിന്റെ ഹൃദയഭാഗത്തായി പ്രവർത്തിച്ചുവരുന്ന ഈ ഡിസ്പെൻസറിക്ക് കാര്യമായ ഉയർച്ച ഉണ്ടായിട്ടില്ല. ദിവസം പ്രതി നൂറിലധികം രോഗികൾ ചികിത്സക്കായി വരുന്നു. ഈ ഡിസ്പെൻസറിയുടെ വികസനം ഈ നാട്ടുകാരുടെ സ്വപ്നമാണ്. പാർശ്വഫലങ്ങളില്ലാത്തതും, ചെലവു കുറഞ്ഞതുമായ ഈ ചികിത്സാ സമ്പ്രദായം ഗ്രാമത്തിന്റെ ജൈവചൈതന്യത്തെ പുഷ്ടിപ്പെടുത്തുന്നതിന് വളരെ സഹായിക്കുന്നു.

ഡിസ്പെൻസറി സ്ഥിതിചെയ്യുന്ന കാമ്പൗണ്ടിൽ ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള ഒരു ജനകീയ യജ്ഞം ആരംഭിച്ചുകൊണ്ട് നമുക്കുചുറ്റുപാടും ലഭിക്കുന്ന ഔഷധചെടികളുടെ പ്രാധാന്യം മനസിലാക്കാം. നമുക്ക് സാധാരണയുണ്ടാകുന്ന പനി, ചുമ എന്നിവയ്ക്ക് ആടലോടകം, മുത്തങ്ങാക്കിഴങ്ങ്, പർപ്പിടകപ്പുല്ല് എന്നിവ ഫലപ്രദമാണ്. സർപ്പഗന്ധി, കുറുന്തോട്ടി, ഉമ്മം, കറ്റാർവാഴ, കൊടകപ്പാല തുടങ്ങിയ ഔഷധസസ്യങ്ങൾ യാതൊരു ചിലവും കൂടാതെ നട്ടുപിടിപ്പിക്കാവുന്നതും രോഗനിവാരണത്തിന് ഉപയോഗിക്കാവുന്നതുമാണ്.ആധുനിക സമൂഹത്തിൽ ആയുർവേദത്തിന് വർധിച്ചുവരുന്ന ആവശ്യം മുതലെടുക്കുന്നതിന് കച്ചവടതല്പരരായ ഒരു വർഗം രംഗപ്രവേശം ചെയ്തിരിക്കുന്നു. ബുദ്ധിക്കും, ശക്തിക്കും, സൗന്ദര്യത്തിനും, പ്രായം കുറയുന്നതിനും, ബലഹീനതയ്ക്കും ഒക്കെ കുപ്പിയിലടച്ച ആയുർവേദ ഔഷധങ്ങൾ സമ്പൂർണ സാക്ഷരത നേടിയ കേരളീയന്റെ തലയിൽ അടിച്ചേൽപ്പിക്കുന്ന– ആയുർവേദ ഔഷധങ്ങളുടെ വിശ്വസ്തത ചൂഷണം ചെയ്യുന്ന– ഈ വർഗത്തെ തിരിച്ചറിയേണ്ടിയിരിക്കുന്നു. വർദ്ധിച്ചുവരുന്ന ആവശ്യം മുതലെടുത്ത് ഔഷധസസ്യങ്ങൾ രാസവളവും രാസകീടനാശിനിയും ഉപയോഗിച്ച് വൻതോതിൽ ഉൽപാദിപ്പിക്കുന്നതുമൂലം ഔഷധത്തിന്റെ ഗുണം കുറയുകയും വിശ്വസ്തത നഷ്ടപ്പെടുകയും ചെയ്യുന്നു. മാത്രമല്ല യഥാർത്ഥ ഔഷധസസ്യങ്ങൾക്കുപകരം ഔഷധേതരസസ്യങ്ങൾകൂടി കലർത്തി മായം ചേർത്ത് കച്ചവടമാക്കുകയും ചെയ്യുന്നു. ഉപയോഗശൂന്യമായിരിക്കുന്ന പുരയിടങ്ങളിൽ സസ്യങ്ങൾ വച്ചുപിടിപ്പിച്ചാൽ അതൊരു തൊഴിലും വരുമാനമാർഗവുമാകും. കൂടാതെ ചിലവില്ലാതെ തന്നെ ഗൗരവമില്ലാത്ത രോഗങ്ങൾക്ക് വീട്ടിൽതന്നെ ചികിത്സിക്കുവാനും അതുവഴി സാമ്പത്തിക ലാഭം ഉണ്ടാക്കുവാനും കഴിയും.

നാവായിക്കുളത്തോടൊപ്പം ആരംഭിച്ച ഡിസ്പെൻസറികളൊക്കെ കിടക്കകളുള്ള ആശുപത്രിയായി ഉയർത്തപ്പെട്ടിട്ടുണ്ട്. അതിനാൽ സ്വന്തം കെട്ടിടവും പുരയിടവും ഉള്ളതിനാൽ വാർഡുകളോടുകൂടി രോഗികളെ കിടത്തിചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. താഴ് വാരങ്ങളും, കുറ്റിക്കാടുകളുമുള്ള നമ്മുടെ ഗ്രാമത്തിൽ വിഷജന്തുക്കൾ ഉള്ളതിനാൽ വിഷവാർഡും, മരം കയറ്റ തൊഴിലാളികളും ഉള്ളതിനാൽ മർമ വാർഡും, (അപകടം സംഭവിച്ചവർക്കുള്ള അടിയന്തിര ചികിത്സ) അരംഭിക്കേണ്ടതുണ്ട്. ചുരുക്കത്തിൽ പ്രകൃതിയ്ക്ക് വിധേയമായി അരോഗ്യ ദൃഢഗാത്രരായി ജീവിക്കുന്നതിനുള്ള അഭിവജ്ഞ

സമൂഹത്തിൽ വളർത്തിയെടുക്കുന്നതിന് പാർശ്വഫലങ്ങളില്ലാത്തതും ചിലവുകുറഞ്ഞതുമായ ഒരു ചികിത്സാ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, നമ്മുടെ ആയുർവ്വേദ ആശുപത്രികൾക്കുള്ള പങ്ക് സുവ്യക്തമാക്കാം.

ആശുപത്രിസൗഹൃദസമിതിയുടെ ബോധപൂർവമായ ഇടപെടലിലൂടെ നാവായിക്കുളം പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസൂചകങ്ങളിൽ വ്യക്തമായ വർധന വരുത്തുന്നതിനുള്ള ആയുർവേദ ആശുപത്രികൾക്കുള്ള പ്രാധാന്യം വർധിപ്പിക്കാം.

രോഗങ്ങളുടെ പ്രധാന വാഹകരായ കൊതുകുകളുടെ ശല്യം നാവായിക്കുളത്ത് താരതമ്യേന കൂടുതലാണ്. സാംക്രമികരോഗങ്ങൾ വ്യാപകമാക്കുന്നതിൽ കൊതുകിന്റെ പങ്ക് വളരെ വലുതാണല്ലോ. വേഗം കൊണ്ട് ദൂരത്തേയും സമയത്തേയും കീഴടക്കി അന്യഗ്രഹങ്ങളിൽ പോലും അധീശത്വം സ്ഥാപിച്ച നമുക്ക് ഇന്നും നിയന്ത്രാണീധീനമാക്കാൻ കഴിയാത്തത് സാംക്രമികരോഗങ്ങളെയാണ്. പ്ലേഗും, കോളറയും ഒരു പ്രദേശം സന്ദർശിച്ചുകഴിയുമ്പോൾ അവിടുത്തെ ജനസംഖ്യ പകുതിയായി കുറയുന്നു. ഗ്രാമ-പട്ടണ വ്യത്യാസമില്ലാതെ കൊതുകുശല്യം വർധിച്ചു വരുന്നു. നമ്മുടെ പരിസ്ഥിതിയിൽ വന്ന മാറ്റമാണ് ഇതിനു കാരണം. അന്യായമായ വനനശീകരണം, വയൽ നികത്തൽ, കെട്ടിട നിർമ്മാണം ഇവയൊക്കെ ഇതിനുദാഹരണങ്ങളാണ്.

പ്രകൃതിയിൽ മാറ്റങ്ങളുണ്ടാകുമ്പോൾ അതിന്റെ പ്രതിഫലങ്ങളാണ് മലമ്പനിയും, മസ്തിഷ്കജ്വരവും, പ്ലേഗും, കോളറയും ഡെംഗ്യൂപനിയും മറ്റും. കൊതുകുശല്യത്തിന്റെ പ്രധാനകാരണം മലിനജലം കെട്ടിനിൽക്കുന്നതാണ്. അടിഞ്ഞുകൂടുന്ന ഖരമാലിന്യങ്ങൾ മറ്റൊരു പ്രധാന കാരണമാണ്. ഇതാകട്ടെ വ്യാപാരകേന്ദ്രങ്ങൾ, വിവാഹസദ്യാലയങ്ങൾ കമ്യൂണിറ്റിഹാളുകൾ എന്നിവയുടെ സമീപമാണ് കാണപ്പെടുന്നത്. റോഡുവക്കിലും തുറസായ സ്ഥലങ്ങളിലും തള്ളുന്ന ചപ്പുചവറുകളിൽ കൊതുകും ഈച്ചയും പെറ്റു പെരുകുന്ന സാഹചര്യങ്ങളാണ്. കീടങ്ങളെ നശിപ്പിക്കുന്നതിനുവേണ്ടി അമിതമായി ഉപയോഗിക്കുന്ന മരുന്നുകൾ ഫലത്തിൽ, കൊതുകുപോലുള്ള കീടങ്ങളെ തിന്നു നശിപ്പിക്കുന്ന മിത്രകീടങ്ങളെയും നശിപ്പിക്കുന്നു. പരിസരത്തിലുള്ള മാറ്റത്തിലൂടെ മാത്രമേ കൊതുകു നിയന്ത്രണം സാധ്യമാകൂ. ഈ പ്രവർത്തനം വ്യാപകമായ പ്രചാരണത്തിലൂടെയും അതിനെത്തുടർന്ന് തീവ്രയത്ന പരിപാടിയിലൂടെയുമേ സാധിക്കൂ. ഇതിന് ബഹുജനങ്ങളുടെ സമ്പൂർണമായ പങ്കാളിത്തം ആവശ്യമാണ്. ഈ പ്രചാരണത്തിലൂടെ കൊതുകുനിയന്ത്രണം സാധ്യമായാൽ പോലും അതുനില നിർത്തണമെങ്കിൽ ജനങ്ങളുടെ അവബോധവും ആത്മാർത്ഥവുമായ ഇടപെടലും ആവശ്യമാണ്. ഇത്തരത്തിലുള്ള ഒരു ജനകീയ-ആരോഗ്യപ്രവർത്തനത്തിന് നേതൃത്വം കൊടുക്കാൻ പഞ്ചായത്തിനു കഴിയണം.

നമ്മുടെ വീടുകളിലെ കൊതുകുകളുടെ പ്രധാന ഉത്ഭവകേന്ദ്രം കക്കൂസുകളുടെ കുഴിയാണ്. കക്കൂസുകുഴിയിൽ മുട്ടയിട്ടുപെറ്റുപെരുകുന്ന കൊതുകുകൾ കുഴൽവഴി പുറത്തേക്കുവരുന്നു. കുഴലിന്റെ മുകൾഭാഗം വല കൊണ്ട് കെട്ടിയാൽ അതുവഴിയുള്ള കൊതുകിന്റെ വ്യാപനം തടയാം. പഞ്ചായത്തിലെ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ജനകീയമായി ഈ വലകെട്ടൽ പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കാവുന്നതാണ്. തൊഴുത്തിൽ കെട്ടിനിൽക്കുന്ന കന്നുകാലി മൂത്രം കൊതുകുവർധനവിന്റെ മറ്റൊരുകേന്ദ്രമാണ്. മൂത്രം കെട്ടിനിൽക്കാതെ ശ്രദ്ധിക്കുകയും ദിവസവും തൊഴുത്ത് വെള്ളമൊഴിച്ച് കഴുകുകയും ചെയ്താൽ കൊതുകിനെ നിയന്ത്രിക്കാം.

കല്ലമ്പലം പോലുള്ള വ്യാപാര കേന്ദ്രങ്ങൾ പുറന്തള്ളുന്ന അവശിഷ്ടങ്ങൾ മാർക്കറ്റുകളിൽ (കല്ലമ്പലം, എതുക്കാട്, 28-ാംമൈൽ, തോളൂർ മറ്റ് അനഃധികൃത ചന്തകൾ) നിന്നുള്ള അവശിഷ്ടങ്ങൾ എന്നിവ ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് കമ്പോസ്റ്റ്

ആക്കി മാറ്റുന്നതിനുള്ള നടപടികൾ എടുത്തു കൊണ്ട് കൊതുകിനെ ഒരു പരിധിവരെ നിയന്ത്രിക്കാം. നാവായിക്കുളം ക്ഷേത്രത്തോടനുബന്ധിച്ചുള്ള വിവാഹസദ്യാലയങ്ങളിൽ നിന്നും മാറ്റുന്ന ആഹാരവശിഷ്ടങ്ങൾ പ്രത്യേക കമ്പോസ്റ്റ് കുഴിയിലാക്കി മൂടുന്നതിന് പൊതുനിരത്തിലേക്ക് മലിനജലം ഒഴുകാതിരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുകൊണ്ട് നമ്മുടെ ഗ്രാമത്തിലെ കൊതുകു ശല്യത്തിന് കുറച്ചൊക്കെ ശമനം കാണാം.

വേനൽക്കാലക്ക് ഒഴുക്ക് നിലക്കുന്ന തോടുകൾ കൊതുകുകളുടെ നല്ല ആവാസ കേന്ദ്രമാണ്. വരൽച്ചകാലത്ത് കൊതുകുശല്യം കൂടാൻ കാരണം ഇപ്രകാരം കൊതുകു വർധിക്കുന്നതാണ്. ലഘുകീടനാശിനികൾ തളിച്ചും പരമാവധി വെള്ളം ഒഴുക്കികളഞ്ഞും ഇങ്ങനെയുണ്ടാകുന്ന കൊതുകുകളെ നശിപ്പിക്കാം.

നമ്മുടെ പഞ്ചായത്തിലെ ഹോമിയോ ഡിസ്പൻസറി ഡീസന്റ് മുക്കിൽ പ്രവർത്തിക്കുന്നു. സ്വന്തം കെട്ടിടമുള്ള ഈ ആതുരാലയത്തിൽ വൈദ്യുതി ഇനിയും ലഭിച്ചിട്ടില്ല. താരതമ്യേന പാർശ്വഫലങ്ങൾ ഇല്ലാത്ത ഈ ചികിത്സാരീതി ധാരാളം രോഗികൾ സ്വീകരിക്കുന്നു. കൂടുതലായും നമ്മുടെ നാട്ടിൽ കുട്ടികളെ ചികിത്സിക്കുന്നതിനാണ് ഈ വിഭാഗത്തെ ജനങ്ങൾ ഉപയോഗിക്കുന്നത്. പ്രായഭേദമന്യേ എല്ലാവർക്കും ചികിത്സിക്കുന്ന ഹോമിയോ ആശുപത്രിയുടെ സേവനം കൂടുതൽ വ്യാപകമാക്കേണ്ടതാണ്. ബോധവൽക്കരണത്തിനുള്ള പ്രചരണ പരിപാടികൾ നടത്തുകയും പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് ചികിത്സാ സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കുകയും വേണം.

ആരോഗ്യസൂചകങ്ങളിൽ പ്രധാനപ്പെട്ടതാണ് കക്കൂസുകൾ. വെളിസ്ഥലത്ത് മലമൂത്രവിസർജനം നടത്തുന്നതുമൂലം സാംക്രമിക രോഗങ്ങൾ പടരുന്നു. അന്തരീക്ഷം ദുർഗന്ധപൂരിതമാകുകയും ചെയ്യുന്നു. വയറിളക്കം പോലുള്ള രോഗങ്ങൾ ഉണ്ടാകാനും കാരണമാകുന്നു. നമ്മുടെ പഞ്ചായത്തിൽ ഉദ്ദേശ്യം പത്തുശതമാനം വീടുകളിൽ കക്കൂസില്ല. ആകെ 6500 ഓളം വീടുകളിൽ 650 ൽപരം വീടുകളിൽ താമസിക്കുന്നവർ പൊതുസ്ഥലങ്ങളിൽ മലമൂത്രവിസർജനം നടത്തുന്നു. ഈ വിസർജ്യവസ്തുക്കൾ പക്ഷികളും മൃഗങ്ങളും കിണറുകളിലും മറ്റ് കുടിവെള്ളസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതുവഴി രോഗങ്ങൾ പടരുന്നു.

പ്രധാനമായും പട്ടികജാതി കോളനികളിലാണ് കക്കൂസിന്റെ അഭാവം കാണുന്നത്. നിർധനരായ ഈ ജനവിഭാഗത്തിനെ സൗജന്യമായി കക്കൂസ് നിർമിച്ച് നൽകേണ്ടിവരും. ബാക്കിയുള്ളവർക്ക് നിശ്ചിത ശതമാനം സാമ്പത്തിക സഹായത്തോടെ കക്കൂസ് നിർമിച്ച് നൽകുന്നതിനുള്ള നടപടിയുണ്ടാവണം. കക്കൂസില്ലാത്ത വീടുകൾ കണ്ടുപിടിക്കുന്നതിന് പ്രാഥമികാരോഗ്യകേന്ദ്രം, പഞ്ചായത്ത് സന്നദ്ധ സംഘടനകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ സർവേ നടത്തണം. സർവേയുടെ അടിസ്ഥാനത്തിൽ എല്ലാവർക്കും കക്കൂസ് എന്ന അവസ്ഥ പ്രായോഗികമാക്കണം. ചിലവുകുറഞ്ഞ സങ്കേതങ്ങൾ ആരായണം. ഇപ്രകാരം പൊതുസ്ഥലങ്ങളിലെ മലമൂത്രവിസർജനം ഒഴിവാക്കുന്നതുവഴി ആരോഗ്യരംഗത്ത് ഒട്ടേറെ മുന്നേറാൻ നമുക്ക് കഴിയും.

കമ്പനികൾ, ഫാക്ടറികൾ, മറ്റു തൊഴിൽശാലകൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്കായി E.S.I ഡിസ്പെൻസറി നാവായിക്കുളം ക്ഷേത്രത്തിനു സമീപത്തായി വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. നാലു ഡോക്ടർമാരുടെ സേവനം ഇവിടെ ലഭിക്കുന്നുണ്ട്. സ്ഥലപരിമിതി പ്രശ്നമാണ് ഇവിടെ നിന്നും വിദഗ്ദചികിത്സക്കായി പേരൂർക്കട ആശുപത്രിയിലേക്കും മെഡിക്കൽകോളേജിലേയ്ക്കും നിർദ്ദേശിക്കുന്നുണ്ട്.

എന്നാൽ E.S.I മുഖാന്തിരം മെഡിക്കൽ കോളേജിൽ അയയ്ക്കുന്ന രോഗികൾക്ക് വേണ്ടത്ര പരിഗണന കിട്ടുന്നില്ലെന്ന് പരാതിയുണ്ട്. നാവായിക്കുളം, പള്ളിക്കൽ, മടവൂർ, കിളിമാനൂർ, എന്നീ പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ,

കൊല്ലം പാർവ്വതീമിൽ, മീറ്റർകമ്പനി, എന്നി വിടങ്ങളിലെ തൊഴിലാളികൾക്കായാണ് ഡിസ്പൻസറി സ്ഥാപിച്ചിരിക്കുന്നത്.

E.S.I യ്ക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്ന തിന് ഭൂമി വാങ്ങിയിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും കെട്ടിടംപണി ഇതുവരേയും തുടങ്ങിയിട്ടില്ല. കെട്ടിടനിർമ്മാണം കേന്ദ്രഭരണകൂടത്തിന്റെ ചുമതലയായതിനാൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തേണ്ടിവരും. സ്വന്തം കെട്ടിടത്തിൽ രോഗികളെ കിടത്തിചികിത്സിക്കുന്നതിനുള്ള വാർഡുകളും മറ്റു സംവിധാനങ്ങളും ഉണ്ടാവണം. നിർദ്ധനരായ തൊഴിലാളികൾക്ക് അമ്പതിലധികം കിലോമീറ്റർ സഞ്ചരിച്ച് പേരൂർക്കടയിലും മെഡിക്കൽകോളേജിലും പോകുന്ന സാഹചര്യം ഒഴിവാക്കണം. തൊഴിലാളികൾ, തൊഴിലുടമകൾ, പൊതുജനങ്ങൾ മറ്റു സാമ്പത്തിക സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സാമ്പത്തിക സഹായത്താൽ രോഗപരിശോധനയ്ക്കുള്ള ലാബുകൾ, X- Ray എന്നിവ സ്വായത്തമാക്കണം. ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം 5500 പേർക്കായി നിശ്ചയിച്ചിട്ടുള്ള ഈ ആശുപത്രി 15000 തൊഴിലാളികൾക്കായി മാറ്റണം. വരൾച്ചക്കാലത്ത് പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിലും, വർഷകാലത്ത് താഴ്ന്ന പ്രദേശങ്ങളിലും വയറിളക്കം തുടങ്ങിയ രോഗങ്ങൾ വ്യാപകമാവുന്നു. പ്രധാനമായും കുടിവെള്ളത്തിൽ കൂടിയുള്ള രോഗാണുസംക്രമണം മൂലമാണ് ഇത്തരം രോഗങ്ങൾ ഉണ്ടാകുന്നത്. കൂടുകലായും പട്ടികജാതി കോളനികളിലാണ് ഇത്തരം രോഗങ്ങൾ കണ്ടുവരുന്നത്. വേനൽക്കാലത്ത് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കിക്കൊണ്ടും മഴക്കാലത്ത് വെള്ളം ഒഴുകിപ്പോകാൻ സൗകര്യമുണ്ടാക്കിക്കൊണ്ടും രോഗത്തെ തടയാം. കുടിവെള്ളം നല്കുന്നതിനുള്ള സ്ഥായിയായ മാർഗ്ഗങ്ങൾ ആരായേണ്ടതുണ്ട്. ഇവിടെ ജനങ്ങൾ തിങ്ങിപാർക്കുന്നതിനാൽ സാനിട്ടേഷൻ സൗകര്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ ആവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ ഏഴ് കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 3000-ഓളം തൊഴിലാളികൾ പണിയെടുക്കുന്നു. മതിയായ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലാത്തതിനാൽ തൊഴിലാളികൾക്ക് പൊതുസ്ഥലത്ത് പ്രാഥമികാവശ്യങ്ങൾ നിറവേറ്റേണ്ടിവരുന്നു. വിസർജ്ജ്യങ്ങൾ തോട്ടിലേക്കും മറ്റും ഒഴുകുന്നതിനാൽ ജലം മലിനീകരിക്കപ്പെടുന്നു. ആയതിനാൽ ഫാക്ടറികളിൽ മൂത്രപ്പുരയും കക്കൂസും നിർബ്ബന്ധമായും ഉറപ്പുവരുത്തണം. ഈ കശുവണ്ടിഫാക്ടറികൾ പുറപ്പെടുവിക്കുന്ന പുക രൂക്ഷമായ വായുമലിനീകരണം ഉണ്ടാക്കുന്നുണ്ട്. പുക പുറത്തേയ്ക്കു പോകുന്ന കുഴലിന്റെ പൊക്കം മതിയായ തോതിൽ ഫാക്ടറി പരിസരത്ത് പുക പടരുന്നു. ഉണക്കാനിടുന്ന വസ്ത്രങ്ങളിലും, വീടിന്റെ ഭിത്തികളിലും പുകയുടെ കറ പിടിക്കുന്നു. കുട്ടികളിൽ ശ്വാസതടസം ബ്രോങ്കോലിറ്റ്സ്, മുതിർന്നവരിലെ ആസ്മ, ബ്രോങ്കൈറ്റിസ്, ബ്രോങ്കോജനിക് കാൾസിനോമ (ശ്വാസകോശാർബുദം) എന്നീ അസുഖങ്ങൾക്കും ഇതു കാരണമാകുന്നു.

ഫാക്ടറി പരിസരത്ത് മാത്രമുള്ളവർക്ക് മാത്രമല്ല ഫാക്ടറിതൊഴിലാളികളും പുകയുടെ ദൂഷ്യഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നു.

ആരോഗ്യത്തെ ബാധിക്കുന്ന വ്യക്തിപരമായ ശീലങ്ങൾ ഒട്ടേറെ നമ്മുടെ പഞ്ചായത്തിലുണ്ട്. പ്രധാനമായും മദ്യത്തിന്റെ ഉപയോഗമാണ്. ഒരു വിദേശമദ്യഷാപ്പും നാലു കള്ളുഷാപ്പുകളും ഇവിടെയുണ്ട്. വിദേശമദ്യഷാപ്പിൽക്കൂടിയും, കള്ളുഷാപ്പുകളിൽക്കൂടിയും വ്യാജമദ്യ വിൽപ്പന സജീവമാണ്. ആരോഗ്യത്തെ വളരെ പ്രതികൂലമായി ബാധിക്കുന്ന വിഷപദാർത്ഥങ്ങളാണ് കള്ളിനോടൊപ്പം കലർത്തി വിൽക്കുന്നത്. ആരോഗ്യത്തെ മാത്രമല്ല, കുടുംബത്തിലേയും, സമൂഹത്തിലേയും സമാധാനാന്തരീക്ഷവും ഇതുമൂലം നശിക്കുന്നു. വിദേശമദ്യഷാപ്പിലേയും

കള്ളുഷാപ്പുകളിലേയും വ്യജമദ്യവിൽപന പൂർണമായും തടയുന്നതിന് സർക്കാർ വകുപ്പ് തലങ്ങളിൽ കർശനനടപടികൾ ഉണ്ടാവണം. അതോടൊപ്പം മദ്യത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ശ്രമങ്ങൾ

തുടർച്ചയായി നടത്തണം. കുട്ടികളുടെ പാഠ്യ പദ്ധതിയിൽ മദ്യത്തിന്റെ ദോഷഫലങ്ങൾ ഉൾപ്പെടുത്തണം.

ഹൃദ്രോഗം, രക്തസമ്മർദ്ദം, മസ്തിഷ്ക രോഗം, പ്രതിരോധശേഷിനഷ്ടം, തുടങ്ങിയ ഭൗതികാസുഖങ്ങൾക്കു പുറമേ ഓർമ്മക്കുറവ്, മതിഭ്രമം, വിഭ്രാന്തി തുടങ്ങിയ രോഗങ്ങളും മദ്യപരെ ബാധിക്കുന്നു. ജോലിസംബന്ധമായ പ്രയാസങ്ങൾ, അനാഥത്വം, കുടുംബഹിംസ കുടിച്ചുകൊണ്ട് വാഹനമോടിക്കുന്നതുകൊണ്ടുണ്ടാകുന്ന അപകടങ്ങൾ തുടങ്ങിയ സാമൂഹ്യ

പ്രശ്നങ്ങളും മദ്യപാനംമൂലം നേരിടേണ്ടി വരുന്നു. പ്രത്യക്ഷമായും പരോക്ഷമായും സർക്കാരിനുണ്ടാകുന്ന ചിലവ് ഷാപ്പ് ലേലം വഴി കിട്ടുന്ന തുകയേക്കാളും വളരെ വലുതാണ്.

നമ്മുടെ പഞ്ചായത്തിലെ മറ്റൊരാരോഗ്യ പ്രശ്നം പട്ടികളനികളുമായി ബന്ധപ്പെട്ടതാണ്. പ്രധാനമായും വേടർ സമുദായം തിങ്ങിപ്പാർക്കുന്ന തൈനാംകോണം കോളനിയിലാണ് ആരോഗ്യപ്രശ്നങ്ങൾ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. താരതമ്യേന വളരെ താഴ്ന്ന സാക്ഷരതാ നിരക്ക് ഒരു പ്രധാന കാരണമാണ്. സാക്ഷരതാപരിരാടി സജീവവും, തുടർച്ചയായും നടത്തിക്കൊണ്ടു മാത്രമേ ഇതിനു പരിഹാരം കാണാൻ കഴിയൂ. അതിനുള്ള സമഗ്രപരിപാടി ഈ വിഭാഗം ജനങ്ങളുടെ പൂർണസഹകരണത്തോടുകൂടി ആരംഭിക്കണം. സാക്ഷരരല്ലാത്ത ഒരു സമൂഹത്തെ നിലനിർത്തിക്കൊണ്ട് രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ആശയം നടപ്പാക്കാൻ കഴിയില്ല.

ആരോഗ്യത്തിന്റെ ഒരു പ്രധാനസൂചികയാണ് രോഗാതുരത. പഴകിയ രോഗങ്ങളുമായി ജീവിക്കുന്ന ആളുകളുടെ എണ്ണം, രോഗങ്ങൾ മൂലം നഷ്ടപ്പെടുന്ന പ്രവൃദിനങ്ങളുടെ എണ്ണം ആശുപത്രിയിൽ കിടക്കുന്ന ദിവസങ്ങുടേയും, ഉപയോഗിക്കുന്ന മരുന്നുകളുടെ വിലയും കണക്കാക്കി രോഗാതുരതയുടെ തീവ്രത മനസിലാക്കാം. രോഗാതുരർ ദേശീയ ശരാശരി 1000–ത്തിന് 23–ൽ താഴെയായിരിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് 75–ലധികമാണ്. നമ്മുടെ പഞ്ചായത്തിലും സ്ഥിതി വ്യത്യസ്ഥമല്ല. പ്രത്യേകിച്ചും ദുർബ്ബല വിഭാഗങ്ങളിലുള്ള ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലെ രോഗാതുരത ശ്രദ്ധേയമാണ്. പല കാരണങ്ങൾ നിരത്താമെങ്കിലും അസുഖം പൂർണമായും ഭേദപ്പെടുത്തുന്നതുവരെ ചികിത്സ തുടരാത്തതും, അശാസ്ത്രീയമായ ചികിത്സാമാർഗങ്ങൾ അവലംബിക്കുന്നതും കാരണമാണ്. ഒരു വിഭാഗം ആളുകൾ തീരെച്ചെറിയ അസുഖങ്ങൾക്കുപോലും ആശുപത്രിയെ സമീപിക്കുന്നതും, ആശുപത്രികൾ ചൂഷണകേന്ദ്രങ്ങളായി മാറുന്നതും രോഗാതുരമായ ഒരു സമൂഹത്തെ നിലനിർത്തുന്നതിന് കാരണമാണ്. മതിയായ യോഗ്യതയുള്ള ഡോക്ടർമാരുടെ അഭാവത്തിലും ചികിത്സനടത്തുന്ന ആതുരാലയങ്ങൾ, സങ്കരവൈദ്യം വരുത്തിവയ്ക്കുന്ന വിനകൾ എന്നിവയും ഗ്രാമീണാരോഗ്യരംഗത്തെ പ്രശ്നങ്ങളാണ്.

ആരോഗ്യമുള്ള വ്യക്തിക്ക് വ്യായാമത്തിന്റെ ആവശ്യത്തെക്കുറിച്ച് ശരിയായ ബോധം ഉണ്ടാകേണ്ടതുണ്ട്. ആധുനിക സമൂഹത്തിൽ എല്ലാത്തരം ജോലികൾക്കും യന്ത്രങ്ങളുടെ സഹായമുള്ളപ്പോൾ കായികാദ്ധ്വാനം നന്നെ കുറയുന്നു. അതുവഴിയുള്ള വ്യായാമവും ഇല്ലാതാകുന്നു. പണ്ടുകാലങ്ങളിൽ വൈകുന്നേരങ്ങളിൽ ചെറുപ്പക്കാരും കുട്ടികളും കായികവിനോദങ്ങളിൽ ഏർപ്പെടുമായിരുന്നു. എന്നാൽ ഇന്ന് ടി.വി.യുടെ മാസ്മരികതയിൽ അവർ ചടഞ്ഞുകൂടുന്നു. നമ്മുടെ വിദ്യാലയങ്ങളിൽ പഠനത്തിനു പുറമെ വ്യായാമം ലഭിക്കുന്ന കായിക പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. പത്ത് മണിക്ക് മുമ്പുതന്നെ അര മണിക്കൂർ സമയം ഇതിനായി കണ്ടെത്താവുന്നതേയുള്ളൂ. പ്രൈമറി ക്ലാസുകളിലും ഇതു നിർബന്ധമാക്കണം.

ആയിരക്കണക്കിന് വിദ്യാർഥികൾ പഠിക്കുന്ന വിദ്യാലയങ്ങൾ, തൊഴിൽശാലകൾ എന്നിവിടങ്ങളിലെ ആരോഗ്യസുരക്ഷാസന്നാ

ഹങ്ങൾ വളരെ ശുഷ്കമാണ്. പ്രാഥമിക ശുശ്രൂഷ നൽകുന്നതിനുള്ള സംവിധാനം സ്ക്കൂളുകളിലും ഫാക്ടറികളിലും ഉണ്ടാകണം. ഇതിനായി ഒന്നോ രണ്ടോ പേർക്ക് പരിശീലനം നൽകണം. നമ്മുടെ പഞ്ചായത്തിൽ പാറമടകളിൽ പണിയെടുക്കുന്ന ധാരാളം തൊഴിലാളികൾ ഉണ്ട്. ഇവർക്ക് ജോലിസ്ഥലത്ത് അപകടങ്ങൾ ഉണ്ടാകാം. എന്നാൽ പ്രാഥമിക ചികിത്സ നൽകുന്നതിനുപോലും ഈ തൊഴിൽ കേന്ദ്രങ്ങളിൽ സംവിധാനങ്ങളില്ല. പാറ പൊട്ടിക്കുന്നതിന് ലൈസൻസ് നൽകുമ്പോൾ ആരോഗ്യരക്ഷാസന്നാഹങ്ങൾ പരിശോധിച്ച് മാത്രമേ ലൈസൻസ് നൽകൂ എന്ന് വന്നാൽ അത്യാവശ്യം ശുശ്രൂഷക്കുള്ള സംവിധാനം അവിടങ്ങളിലുണ്ടാകും. അതുപോലെ മരംകയറ്റ തൊഴിലാളികളൾക്കു ജോലിക്കിടക്ക് അപകടങ്ങൾ ഉണ്ടാകും.

മരണം ഒരു മാരിയായി പെയ്യുന്ന എയ്ഡ്സ് വന്നതോടെയാണ് നാം 21-ാം നൂറ്റാണ്ടിനെ വരവേൽക്കുന്നത്. അനാശാസ്യ പ്രവർത്തനങ്ങളുടെ ഫലമായാണ് എയ്ഡ്സ് ഉണ്ടാകുന്നത്. കേരളത്തെപ്പോലെ ഒരു തുറന്ന സമൂഹത്തിൽ എയ്ഡ്സിന് പെട്ടെന്ന് വ്യക്തിയേയും അതുവഴി സമൂഹത്തേയും കീഴടക്കാൻ കഴിയും. W.H.O യുടെ കണക്കനുസരിച്ച് 75000 പേർക്ക് ഒരു ദിവസം പുതുതായി HIV ബാധ ഉണ്ടാകുന്നു. കഴിഞ്ഞ രണ്ടു മാസത്തിനിടയിൽ തിരുവനന്തപുരം ജില്ലയിൽ 12 രോഗികളെക്കൂടി കണ്ടെത്തി. നമ്മുടെ പഞ്ചായത്തിലെ കല്ലമ്പലവും ഇപ്രകാരം രോഗികളെ കണ്ടെത്തിയ പട്ടികയിലുണ്ട്. രോഗം ബാധിച്ചുകഴിഞ്ഞാൽ നിരുപാധികം മരണത്തിന് കീഴടങ്ങുകയേ നിവർത്തിയുള്ളൂ. സദാചാര ബോധത്തിന്റെ ലംഘനം മൂലമുണ്ടാകുന്ന ഈ രോഗം നിയന്ത്രിക്കാൻ കർശനമായ സദാചാരബോധത്തിൽക്കൂടിയും ആശുപത്രികളിൽ ഡിസ്പോസിബിൾ നീഡിലുകൾ ഉപയോഗിക്കുന്നതിലൂടെയും മാത്രമേ കഴിയൂ.

കടമ്പാട്ടുകോണത്ത് മത്സ്യം ഇറക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നത് ആരോഗ്യപരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മീൻ കഴുകുന്ന വെള്ളം തോട്ടിൽ കൂടി ഒഴുക്കിവിടുന്നതിനാൽ ഈ തോട്ടിൽ കുളിക്കുന്ന ജനങ്ങൾക്ക് ചൊറിച്ചിൽ മുതലായ അസുഖങ്ങൾ കാണപ്പെടുന്നു. അതുപോലെ ഈ വെള്ളം കെട്ടിനിൽക്കുന്ന നെൽപാടം കൃഷിക്ക് യോഗ്യമല്ലാതിരിക്കുകയും ചെയ്യുന്നു. മത്സ്യം ചീഞ്ഞ ദുർഗന്ധം പരിസരത്തെ സ്വസ്ഥജീവിതത്തെ സാരമായി ബാധിക്കുന്നു. ശാസ്ത്രീയമായ സംവിധാനങ്ങൾ ഒരുക്കി മലിനീകരണവും ദുർഗന്ധവും തടയേണ്ടതാണ്.

പുകവലി, വെറ്റിലമുറുക്ക്, പൊടിവലി, കഞ്ചാവ് പോലെയുള്ള ലഹരികളുടെ ഉപയോഗം എന്നിവ മററുള്ള ഇടങ്ങളിലേതുപോലെ നമ്മുടെ ഗ്രാമത്തിലെയും പ്രശ്നങ്ങളാണ്. പുകവലി മൂലം ശരീരത്തിലെ രക്തക്കുഴലുകൾ അടഞ്ഞ് അവയവം മരവിച്ച് അവസാനം മരണത്തിലേക്ക് വീണവർ നമ്മുടെ ഗ്രാമത്തിലുണ്ട്. വെറ്റിലമുറുക്ക് തൊണ്ടയിലും നാക്കിലും കവിളിലും ക്യാൻസർ ഉണ്ടാക്കുന്നു. ദിവസക്കൂലിത്തൊഴിലാളികൾ ആഹാരത്തേക്കാളും പ്രാധാന്യം കൊടുക്കുന്നത് ബീഡി, മുറുക്കാൻ എന്നിവയ്ക്കാണ്. മൂന്നാം വാർഡിൽ പുല്ലൂർമുക്കിൽ ഒരിടത്ത് അറവുശാലയിൽ നിന്ന് മൃഗങ്ങളുടെ എല്ല് അഴുകുന്നത് വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സംഘടനകളും ജനങ്ങളും പ്രതിഷേധിച്ചിട്ടും ഇത് നിർബാധം തുടരുന്നു. എല്ലുകുഴിയിൽ നിന്നും, അവശിഷ്ടങ്ങൾ നായ്ക്കളും, പക്ഷികളും എടുത്ത് പരിസരങ്ങളിലും കിണറുകളിലും നിക്ഷേപിക്കുന്നതുമൂലം പരിസരവാസികൾ ഭയത്തിലാണ്. അസഹനീയമായ ദുർഗന്ധം ഈ പ്രദേശത്തുള്ളവരുടെ ഉറക്കം കെടുത്തുന്നു. ശാസ്ത്രീയമായി എല്ലുകുഴി സംവിധാനം ചെയ്ത് മേൽപറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

അലഞ്ഞുതിരിയുന്നതും യഥാർഥ ഉടമസ്ഥർ ഇല്ലാത്തതുമായ പട്ടികൾ നമ്മുടെ ഗ്രാമത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വർഷാവർഷം ഇത്തരം നായ്ക്കളെ നശിപ്പിക്കുന്നതിന് പദ്ധതികളിടുകയും കുറെയൊക്കെ

നശിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിലും പ്രശ്നം പൂർണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തണമെന്ന് ചില ഗ്രാമസഭകൾ ശുപാർശ ചെയ്തിട്ടുണ്ട്. പേവിഷമുള്ള പട്ടികൾ റോഡിലും പൊതുസ്ഥലത്തും ജനങ്ങളെ ആക്രമിക്കുന്നു. പേവിഷബാധക്ക് നമ്മുടെ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ചികിത്സാസൗകര്യം ഉറപ്പാക്കണം.

ആരോഗ്യരംഗത്തെ സവിശേഷമായ പ്രശ്നം നമുക്കൊരു ആരോഗ്യനയം ഇല്ലായെന്നുള്ളതാണ്. സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികൾ കെട്ടിപ്പൊക്കുന്ന ധൂർത്തിനേക്കാളും ജനകീയമായ ഇടപെടലും ആരോഗ്യശീലങ്ങളും ബോധവും ജനങ്ങളിൽ ഉണ്ടാക്കിയെടുക്കാനാണ് ശ്രമിക്കേണ്ടത്. പണ്ടുകാലങ്ങളിൽ ഇവിടെ നാട്ടുവൈദ്യന്മാർ ഈ കടമ സമൂഹത്തിനുവേണ്ടി ചെയ്തുപോന്നത്. അവരെ നിലനിർത്തിയിരുന്നത് സമൂഹമായിരുന്നുതാനും. ചികിത്സാചിലവ് ഏറെക്കുറെ തുച്ഛമോ സൗജന്യമോ ആയിരുന്നു. ഇന്ന് ആരോഗ്യരംഗത്ത് നാം വൻ വളർച്ചനേടിയിട്ടുണ്ട് 1300 ഓളം അലോപ്പതി ആശുപത്രികളും 42000 കിടക്കകളും നമുക്കുണ്ട്. 700 ആയുർവ്വേദ ചികിത്സാകേന്ദ്രങ്ങളും 400 ഹോമിയോ ആശുപത്രികളും നമ്മുടെ സംസ്ഥാനത്തുണ്ട്. പ്രതിവർഷം 400 കോടിയിലേറെ രൂപ സർക്കാർ ആരോഗ്യമേഖലയിൽ ചെലവഴിക്കുന്നുമുണ്ട്.

പൊതുജനാരോഗ്യകേന്ദ്രങ്ങളുടെ അനാഥാവസ്ഥ വിദഗ്ദരുടെ അഭാവം മരുന്നില്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾ സാധാരണക്കാർ സർക്കാർ ആതുരാലയങ്ങളിൽ പോകാറില്ല. അതുകൊണ്ട്തന്നെ പലരും കടം വാങ്ങിയും പണയം വച്ചും കരിഞ്ചന്തയേക്കാൾ കൊള്ളലാഭം ചെയ്യുന്ന പിടിച്ചുപറികേന്ദ്രങ്ങളായ സ്വകാര്യാശുപത്രികളിലേക്ക് പോകുന്നു.

ആരോഗ്യം പൗരന്റെ മൗലികാവകാശമാണ്. അതു നിറവേറ്റുന്നതിന് ഭരണകൂടങ്ങൾക്ക് ഇന്ന് കഴിയാതെ പോകുന്നു. ബ്രിട്ടൻ പോലുള്ള രാജ്യങ്ങൾ ഈ രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു. ജനങ്ങളുടെ സഹകരണത്തോടെ ആരോഗ്യസേവനരംഗത്ത് മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാംയ്ക്കാം.ഭാവനാപൂർണമായ പരിപാടികളും അവ നടപ്പിലാക്കാൻ ജനങ്ങളുടെ സഹകരണം നേടിയെടുക്കുകയുമാണ് വേണ്ടത്. അപ്രകാരം ആശുപത്രികളെ ആതുരസേവനരംഗങ്ങളാക്കാം. സമഗ്രമായ ഒരു ആരോഗ്യസേവനപദ്ധതി തയ്യാറാക്കി ജനസഹകരണത്തോടെ നടപ്പാക്കണം. രോഗത്തിനല്ല ചികിത്സ വേണ്ടത് രോഗം വരുത്തുന്ന സാഹചര്യങ്ങൾക്കാണ്.

### കുടിവെള്ളം

പരമ്പരഗതമായി കുടിവെളളത്തിനായി നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ കിണറുകളെയാണ് ആശ്രയിക്കുന്നത്. കോളനിപ്രദേശത്തെ വീടുകൾ ഒഴിച്ച് പഞ്ചായത്തിലെ ഏകദേശം എല്ലാവീടുകളിലും കിണറുകൾ സ്വന്തമായി ഉണ്ട്. 20 വർഷങ്ങൾക്ക് മുമ്പ് ആപൂർവ്വമായി മാത്രം അനുഭവപ്പെട്ടിരുന്ന കുടിവെള്ളക്ഷാമം ഇന്ന് എല്ലാ വർഷവും വേനൽക്കാലങ്ങളിൽ പഞ്ചായത്തിനെ ബാധിക്കുന്നു.

പഞ്ചായത്തിൽ ആകെ 34 പൊതുകിണറുകളാണ് വിവിധ വാർഡുകളിലായി ഉളളത്. പൊതു കിണറുകൾ നിരവധി കുടുംബങ്ങൾ കുടിവെളളത്തിനായി ഉപയോഗിക്കുന്നു.

പൊതുകിണറുകൾക്ക് പുറമെ 21 കുളങ്ങൾ പഞ്ചായത്ത് വകയായി ഉണ്ട്. ഇവയിൽ ചിലത് മാത്രമാണ് പൊതു ജനങ്ങൾ ഉപയോഗിക്കുന്നത്. ഇവകൂടാതെ സ്വകാര്യ വ്യക്തികളുടെ വകയായി നിരവധി ചെറുകുളങ്ങളും നമുടെ പഞ്ചായത്തിൽ ഉണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വറ്റാത്ത നീരുറവകൾ ഉണ്ട്, ഇവ ഫലപ്രദമായി നമുടെ പഞ്ചായത്തിൽ ഉപയോഗിക്കുന്നില്ല. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 22 കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട് ചിലതു മാത്രമാണ് പൊതു ജനങ്ങൾ സ്ഥിരമായി ഉപയോഗിക്കുന്നത്. പലതും സ്ഥാപിച്ചിട്ടുള്ളത് ആവശ്യം വേണ്ട സ്ഥലങ്ങളിലല്ല.*

ഇവകൂടാതെ പഞ്ചായത്തിൽ നാവായികുളം വലിയ കുളത്തിൽ നിന്ന് ജലം എടുത്ത്

### പഞ്ചായത്തിലെ ജലസേചന സംവിധാനങ്ങൾ

| വാർഡ് | പൊതുജലസേചന | കുഴൽ കിണർ | കുളം | ക്രോസ്ബാർ |
|---|---|---|---|---|
| I | 3 | 2 | 2 | 3 |
| II | 2 | 2 | 1 | - |
| III | 2-1 | 3-1 | 2+3 | - |
| IV | 3 | 2 | 4 | 2 |
| V | 3 | 2 | 2 | 2 |
| VI | 3 | 2 | 4 | 3 |
| VII | 2 | 2 | 2 | 3 |
| VIII | 3 | 2 | - | - |
| IX | 3 | 1 | 2 | 1 |
| X | 3 | 1 | 1 | 2 |
| XI | 4 | 2 | - | 1 |
| XII | 3 | 1 | 1 | 1 |

കൊണ്ട് ഒരു ജലസേചന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ I, II, VII, VIII, IX, X, XII, XIII എന്നീ '8' വാർഡുകളിലായി. ഏകദേശം 90ൽ പരം ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ ഒരു ടാപ്പ് പോലും പ്രവർത്തിക്കുന്നില്ല.

**പ്രശ്നങ്ങൾ**

1 1, 3, 4, 5, 9, 10, 12 എന്നീ വാർഡുകളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

2 കുഴൽകിണറുകൾ ഉപയോഗയോഗ്യമല്ല.

3 പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ജലസേചന പദ്ധതി പ്രവർത്തനക്ഷമം അല്ല.

4 പഞ്ചായത്ത് ഫണ്ട് ആവശ്യമില്ലാതെ വാട്ടർ അതോർട്ടിക്ക് കൊടുക്കേണ്ടിവരുന്നു.

5 ടാങ്കർ ലോറിയിൽ വെള്ളം എത്തിക്കുന്നത് ഫലപ്രദമല്ല.

6 ജലക്ഷാമം പരിഹരിയ്ക്കാൻ അനുവദിക്കുന്ന ഫണ്ടുകൾ എത്തിച്ചേരുന്നതിൽ കാലവിളംബം നേരിടുന്നു.

7 കുളങ്ങൾ ഉപയോഗശൂന്യമായ കിടക്കുന്നു.

8 പല ചിറകളും കെട്ടി സംരക്ഷിച്ച് ഉപയോഗയോഗ്യമാക്കുന്നില്ല.

9 നാഷണൽ ഹൈവേക്ക് പടിഞ്ഞാറു വശത്തുള്ള വാർഡുകളിൽ ശുദ്ധജലവിതരണം എത്തിയിട്ടില്ല.

10 ഭൂഗർഭ ജലത്തിന്റെ നിരപ്പ് താഴുന്നു.

**പരിഹാരനിർദേശങ്ങൾ**

a അവനവൻ ചേരി ജലസേചന പദ്ധതിയിൽ നിന്ന് ജലം ലഭ്യമാക്കി നിലവിലുള്ള ശുദ്ധജല പദ്ധതി പരിഷ്കരിക്കുക.

b 1, 2, 3, 4, 5, 6, 13 എന്നീ വാർഡുകൾക്ക് ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് വേണ്ടി പറക്കുന്ന്- കൊടുവേലിക്കോണം എന്ന സ്ഥലത്ത് ഒരു കിണർ നിർമിച്ച് മിനി ജല സേചന പദ്ധതി നടപ്പിലാക്കുക.

c ഉപയോഗയോഗ്യമല്ലാത്ത കുഴൽ കിണറുകൾ ഉടൻ അറ്റകുറ്റ പണി നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. ഈ കിണറുകളിൽ ഉപയോഗിച്ചിരിക്കുന്ന ഇരുമ്പ് പെപ്പ് മാറ്റി- പകരം ്ര പെപ്പുകൾ ഉപയോഗിച്ച് ശുദ്ധ ജല ലഭ്യത ഉറപ്പ് വരുത്തുക.

d ഒരു തുള്ളി ജലം പോലും ഉപയോഗിക്കാൻ കഴിയാത്ത ഇന്നത്തെ ശുദ്ധജലവിതരണ പദ്ധതിയുടെ അറ്റകുറ്റ പണികൾക്കായി പഞ്ചായത്ത് വർഷംതോറും വാട്ടർ അതോർട്ടിക്ക് അടക്കേണ്ടി വരുന്നരൂപ അടയക്കാതിരിക്കുന്നതിനുള്ള അനുമതി വാങ്ങുകയോ, ശുദ്ധജലവിതരണ പദ്ധതി കാര്യക്ഷമം ആക്കുകയ്യോ ചെയ്യുക.

e കുടിവെള്ള ക്ഷാമം ഉണ്ടാക്കുന്ന സന്ദർഭങ്ങളിൽ ഉപയോഗിക്കുവാൻ റിസർവ് ഫണ്ട് മുൻകൂട്ടി പഞ്ചായത്തുകൾക്ക് നൽക്കുക.

f നീരുറവ ഉള്ള കുളങ്ങളിൽ പമ്പ് സെറ്റുകൾ സ്ഥാപിച്ച് ടാങ്കിൽ ജലം എത്തിച്ച് ജലസേചനത്തിന് ഉപയോഗപ്പെടുത്തുക.

g അയിറ്റിൻ ചിറപോലുള്ള കുളങ്ങൾ കെട്ടി സംരക്ഷിച്ച് ജനങ്ങൾക്ക് ഉപയോഗ പ്രഥമാക്കുകയും, ആടുമാടുകളെ കുളത്തിനുള്ളിൽ ഇറക്കി കുളിപ്പിക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.

h ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിന് വേണ്ടി തോടുകളിൽ തട അണ നിർമിക്കുയും, വയലുകളും, ചതുപ്പുനിലങ്ങളും നികത്തുന്നത് കർശനമായി തടയുക.

"ഒരു പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യം നിലനിൽക്കുന്നത് ആ പ്രദേശത്തെ ശുദ്ധജലത്തിന്റെ ലഭ്യതയെ ആശ്രയിച്ചാണ്."

# വ്യവസായം

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒരു സംസ്ഥാനത്തിലെ തല സ്ഥാന ജില്ലയുടെ വടക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് നാവായിക്കുളം. കശുവണ്ടിഫാക്ടറികളാണ് ഇവിടത്തെ പ്രധാന വ്യവസായ സ്ഥാപനങ്ങൾ. ശ്രീ-തങ്ങൾ കുഞ്ഞ് മുസലിയാർ കല്ലമ്പല ത്തിൽ ആരംഭിച്ച കശുവണ്ടിഫാക്ടറിയാണ് പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങളിൽ ആദ്യത്തേത്. ഏകദേശം ഇതേകാലയളവിൽ തന്നെ ശ്രീ-വെണ്ടർ കൃഷ്ണപിള്ള 28-ാം മൈലിലും കശുവണ്ടിഫാക്ടറി സ്ഥാപിച്ചു. ഇന്നു കാഷ്യുഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള ഈ സ്ഥാപനം ഉൾപ്പെടെ 7 കശു വണ്ടിഫാക്ടറികൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിൽ 28-ാം മൈൽ കേന്ദ്ര മാക്കി പ്രവർത്തിക്കുന്ന കശുവണ്ടിഫാക്ടറി (Capex) സഹകരണ മേഖലയിലാണ് പ്രവർത്തിക്കുന്നത്. ബാക്കിയുള്ള അഞ്ചെണ്ണം സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്നു.

ചിലചെറുകിട വ്യവസായ യൂണിറ്റുകളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. ഏറെ പ്രതീക്ഷയോടെ ആധുനിക സജ്ജീകരണ ങ്ങളോടുകൂടി ആരംഭിച്ച കട മ്പാട്ടുകോണം ബ്രദേഴ്സ് ഫാർമസ്യൂട്ടി ക്കൽസ് മാനേജ്മെന്റിന്റെ പിടിപ്പുകേടു മൂലം അടച്ചുപൂട്ടിയ അവസ്ഥയാണ്. സിഡോറിയ കെമിക്കൽസും പ്രവർത്തനമില്ലാതായി. നാവാ യിക്കുളം കേന്ദ്രമായി തുടങ്ങിയ സുരക്ഷിത് പാക്കിംഗ് ഇൻഡസ്ട്രി ഗുരുതരമായ പ്രതി സന്ധി നേരിടുകയാണ്. നാവായിക്കുളം ഷൈൻസോപ്പ് വർക്സും മാനേജ്മെന്റിന്റെ കാര്യക്ഷമത ഇല്ലായ്മമൂലം അടച്ചുപൂട്ടേണ്ടി വന്നു. ഇഷ്ടിക വ്യവസായം നടത്തിവരുന്ന രണ്ട് ചെറുകിട വ്യവസായ യൂണിറ്റുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. സിമെന്റ് ഹോളോ ബ്രിക്സ് നിർമ്മിച്ച് വ്യാപാരം നട ത്തിവരുന്ന ഏതാനും സ്വകാര്യയൂണിറ്റുകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

കിഴക്കതേല കെട്ടിടം ജംഗ്ഷൻ കേന്ദ്രീക രിച്ച് കശുവണ്ടിതോടിൽ നിന്ന് കറഎടുത്ത് കയറ്റുമതി ചെയ്യുന്ന ഒരു സ്ഥാപനവും, ഇതി നോട് ചേർന്ന് ധന്യ എന്ന പേരിൽ ഒരു കാർട്ടൂൺ നിർമ്മാണ യൂണിറ്റും പ്രവർത്തി ക്കുന്നു. ഇവകൂടാതെ. നാവായിക്കുളം തട്ടു പാലം കേന്ദ്രീകരിച്ച് ഒരു ചെരുപ്പ് നിർമ്മാണ ഫാക്ടറിയും, വിവിധ പ്രദേശങ്ങളിലായി ഒന്നി ലധികം ഫുഡ് നിർമ്മാണ യൂണിറ്റുകളും, സോപ്പ് നിർമ്മാണ യൂണിറ്റുകളും പ്രവർത്തി ക്കുന്നു.

പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ 10-ൽ അധികം തൊഴിലാളികൾ പണിയെടുക്കുന്ന ഏതാനും മെറ്റിലടി യൂണിറ്റുകളും പ്രവർത്തി ക്കുന്നുണ്ട്. തീപ്പെട്ടി നിർമ്മാണ യൂണിറ്റുകളും ബീഡിനിർമ്മാണ യൂണിറ്റുകളും ഈപഞ്ചാ യത്തിൽ ചിലസ്ഥലങ്ങളിലായി പ്രവർത്തിച്ചി രുന്നു. എന്നാൽ ഇവയിൽ പലതും ശൈസ വാവസ്ഥ പിന്നിട്ടിട്ടില്ല. പഞ്ചായത്തിൽ ഏതാനും ഈർച്ചമില്ലുകളുണ്ട്. ഈ മില്ലുക ളിൽ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറ

പ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിനാൽ പല അപകടങ്ങളും സംഭവിച്ചിട്ടുണ്ട്. ഈ ഗ്രാമത്തിലെ വിവിധ വാർഡുകളിലായി ഏതാനും റൈസ് മില്ലുകളും ധാന്യം പൊടിപ്പിച്ച് കവറുകളിലാക്കി വിതരണം നടത്തുന്ന ഏതാനും യൂണിറ്റുകളും പ്രവർത്തിക്കുന്നു. ഇവകൂടാതെ തഴപായ്നെയ്ത്ത്, കുട്ട, വട്ടി എന്നിവയുടെ നിർമ്മാണവും നമ്മുടെ ഗ്രാമത്തിൽ ഉണ്ടായിരുന്നു. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, സഹായത്തിന്റെ അഭാവം എന്നിവ ഇത്തരം പരമ്പരാഗത വ്യവസായങ്ങളെ തളർത്തി.

ഫിലിം ഫോട്ടോഗ്രാഫി, വീഡിയോ റിക്കാർഡിംഗ് റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ്, ഓയിൽ മില്ലുകൾ എന്നിവയും ഈ പഞ്ചായത്തിലുണ്ട്. വിശദമായ സാമ്പത്തിക സാമൂഹിക സർവ്വെയുടെ അഭാവത്തിൽ ഈ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വസ്തുനിഷ്ഠമായ ഒരു വിവരണം സാധ്യമല്ല.

### കശുഅണ്ടി മേഖല

പരമ്പരാഗത കുടിൽ വ്യവസായമായി ആരംഭിച്ച കശുഅണ്ടി വ്യവസായം ഇന്നീഗ്രാമത്തിൽ 3000-ൽ പരം തൊഴിലാളികൾ പണിയെടുക്കുന്ന ഏറ്റവും വലിയ വ്യവസായമാണ്, നമ്മുടെ രാജ്യത്തിന്റെ വിദേശ നാണ്യസമ്പാദനത്തിൽ ഈമേഖല ഗണനീയമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. സംഘടിത തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ കൊടിക്കീഴിൽ അവകാശ സമര പോരാട്ടങ്ങൾക്ക് അണിനിരന്ന കശുവണ്ടി തൊഴിലാളികൾ സമര ചരിത്രങ്ങളിൽ വീരേതിഹാസം രചിച്ചവരാണ്. എണ്ണമറ്റതും ത്യാഗോജ്ജ്വലവുമായ പോരാട്ടങ്ങളിലൂടെ E.SI, P.F, ഗ്രാറ്റുവിറ്റി, DA, ബോണസ് എന്നിവ ഉൾപ്പെടെയുള്ള അവകാശങ്ങൾ നേടിയെടുത്തിട്ടുണ്ട്. ഈവ്യവസായത്തിൽ 95%-ൽ അധികവും സ്ത്രീ തൊഴിലാളികളാണെന്നുള്ളതാണ് ഏറെ ശ്രദ്ധേയം. കേരളാസ്റ്റേറ്റ് കാഷ്യു ഡവലപ്പ്മെന്റ് കോർപ്പറേഷനിലും കാപ്പക്സിലും മാറിമാറി വരുന്ന മാനേജ്മെന്റിന്റെ അഴിമതിയും കാര്യക്ഷമത ഇല്ലായ്മയും ഈ സ്ഥാപനങ്ങളെ നശിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷങ്ങളായി കാഷ്യു ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിൽ 15 ദിവസത്തിൽ താഴെ മാത്രമാണ് പ്രതിവർഷം തൊഴിൽ ലഭിച്ചത്. കുറഞ്ഞ ചിലവിൽ തൊഴിലാളികളെ പണിയെടുപ്പിക്കാൻ കഴിയുന്ന സമീപ സംസ്ഥാനങ്ങളിലേക്ക് ഈ വ്യവസായത്തെ പറിച്ചുനടുന്നതിനുള്ള ശ്രമവും നടന്നുവരുന്നു. അസംസ്കൃത വസ്തുവായ കശുവണ്ടിയുടെ ലഭ്യതക്കുറവ് ഈവ്യവസായം നേരിടുന്ന പ്രതിസന്ധിയാണ്. ഒട്ടേറെ തൊഴിൽ സാദ്ധ്യതയുള്ള ഈ പരമ്പരാഗത വ്യവസായത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1. അസംസ്കൃത വസ്തുവിന്റെ ലഭ്യതക്കുറവ്.

2. പലപ്പോഴും മോശമാകുന്ന തൊഴിലുടമാബന്ധം.

3. ഫാക്ടറികളിലെ പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത.

4. തൊഴിൽ നിയമത്തെ ക്കുറിച്ച് തൊഴിലാളിക്കുള്ള അറിവില്ലായ്മ.

5. തൊഴിൽ ജന്യ രോഗങ്ങൾ.

6. നിയമപരമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

### നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കശുവണ്ടിക്ക് കുത്തക സംഭരണം ഏർപ്പെടുത്തുക. ഇങ്ങനെ സംഭരിക്കപ്പെടുന്ന കശുവണ്ടി തൊഴിലാളികളുടെ അനുപാതം അനുസരിച്ച് ഫാക്ടറികൾക്ക് വിതരണം ചെയ്യുക.

2. തരിശ് ഭൂമിയിലും, റോഡിന്റെ വശങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന സർക്കാർ ഭൂമിയിലും സർക്കാർ സ്ഥാപനങ്ങളുടെ വളപ്പുകളിലും മുന്തിയ ഇനം കശുമാവ് വച്ചുപിടിപ്പിയ്ക്കുകയും അവ ലേലം ചെയ്ത് സംഭരണത്തിനുള്ള ഏർപ്പാടുണ്ടാക്കുകയും ചെയ്യുക.

## കശുവണ്ടിഫാക്ടറിയുടെ പേരും; പണിയടുക്കുന്ന തൊഴിലാളികളുടെ എണ്ണവും-വകുപ്പും

| നമ്പർ | ഫാക്ടറിയുടെ പേരും സ്ഥലവും | ഷെല്ലിംഗ് | പീലിംഗ് | റോസ്റ്റിംഗ് (പാസ്സ്) | ഗ്രേഡിംഗ് (വറുപ്പ്) | ബോർമ | വാച്ചർ | സ്റ്റാഫ് | | മേസ്തിരി (സൂപ്പർവൈസർ) | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 1 | സൺഫുഡ് കോർപ്പറേഷൻ | 242 | 239 | 65 | 06 | 04 | 03 | 10 | – | 05 | – |
| 2 | വിഷ്ണു കാഷ്യു കമ്പനി | 95 | 56 | 14 | 06 | 02 | 03 | – | – | 04 | 01 |
| 3 | കേരളാ സ്റ്റേറ്റ് കാഷ്യു ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KSCDC) കല്ലമ്പലം | 256 | 262 | 71 | 09 | 06 | 03 | 04 | 01 | 04 | 01 |
| 4 | കാപ്പെക്സ്, 28-ാം മൈൽ | 243 | 214 | 71 | 08 | 04 | 03 | 12 | 03 | 04 | – |
| 5 | സൗത്ത് കേരളാ കാഷ്യു എക്സ്പോർട്ടേഴ്സ് പറകുന്ന് | 178 | 160 | 20 | 05 | 03 | 03 | 03 | 02 | 02 | – |
| 6 | റഫീക്ക് കാഷ്യു കമ്പനി പറകുന്ന് | 42 | 40 | 15 | 04 | 02 | – | 01 | – | 02 | – |
| 7 | സൗത്ത് കേരളാ കാഷ്യു എക്സ്പോർട്ടേഴ്സ് ഇടമൺനില | 149 | 135 | 27 | 06 | – | 03 | 03 | – | 03 | – |

3. കർഷകന് മുന്തിയ ഇനം കശുമാവിന്റെ തൈകൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. കർഷകരെ കശുമാവ് കൃഷിചെയ്യാൻ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

4. സംസ്ഥാനത്തിന് പുറത്ത് നിന്ന് കശുവണ്ടി വാങ്ങിക്കൊണ്ടു വരുന്നതിന് ഏജൻസിയെ നിയമിക്കുക. ഗുണനിലവാരം നിർണ്ണയിക്കാൻ തൊഴിലാളി പ്രാതിനിത്യമുള്ള കമ്മറ്റിരൂപീകരിക്കുക.

5. വ്യാവസായിക അന്തരീക്ഷം ആരോഗ്യപരമായി കൊണ്ട് പോകുന്നതിന് നിലവിലുള്ള തൊഴിൽ നിയമങ്ങൾ പാലിക്കുവാൻ മാനേജ്മെന്റും വ്യവസായ അന്തരീക്ഷം ആരോഗ്യപരമായി കൊണ്ടുപോകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് തൊഴിലാളിയൂണിയനുകൾ തൊഴിലാളികൾക്ക് ക്ലാസ്സുകളും സംഘടിപ്പിക്കുക. തൊഴിൽ സമരങ്ങൾ നടക്കുന്നത് പ്രധാനമായും രണ്ടുകാരണങ്ങളാലാണ്. തൊഴിലാളികൾക്ക് നൽകേണ്ട അനുകൂല്യങ്ങൾ നൽകാൻ വിസമ്മതിക്കുന്ന മാനേജ്മെന്റാണ് തൊഴിൽ സമരങ്ങൾക്ക് വഴിതെളിക്കുന്ന പ്രധാനകാരണം. അപൂർവ്വമായി തൊഴിലാളികൾക്കുള്ള തൊഴിലിനെകുറിച്ചുള്ള അജ്ഞതയും ഇതിന് കാരണമാകാറുണ്ട്. തൊഴിലാളി മുതലാളി ബന്ധത്തിന്റെ വിശ്വാസ്യതയും, ആവശ്യകതാബോധവുമാണ് പരിഹാരമാർഗ്ഗം.

6. ഫാക്ടറികളിൽ പ്രാഥമിക സൗകര്യത്തിന് ആവശ്യമായ സൗകര്യം ഉണ്ടെന്ന് ഫാക്ടറിലൈസൻസ് പുതുക്കുന്നതിനു മുമ്പ് ഉറപ്പുവരുത്തുക. ശുദ്ധജല ലഭ്യതയും ആവശ്യമായ വായു സഞ്ചാരം ഉള്ളതുമായ ഷെഡുകൾ നിർമ്മിക്കുക. ഫാക്ടറികളിൽ പണിയെടുക്കുന്നതിൽ ഏറേയും സ്ത്രീതൊഴിലാളികളായതിനാൽ തൊഴിൽ സമയങ്ങളിൽ കൈക്കുഞ്ഞുങ്ങളെ സുരക്ഷിതമായി പരിചരിക്കുന്നതിന് ക്രഷേ സംവിധാനം എല്ലാഫാക്ടറികളിലും ഉറപ്പ് വരുത്തുക.

7. തൊഴിൽ സംബന്ധമായ രോഗങ്ങൾ ആരംഭദിശയിൽ തന്നെ കണ്ടുപിടിക്കുന്നതിനും ചികിത്സിച്ച് സുഖമാക്കുന്നതിനും വേണ്ടി ESIയുടെ സഹായത്തോടെ 6 മാസത്തിലൊരിക്കൽ ഫാക്ടറികളിൽ മെഡിക്കൽ ക്യാമ്പ് നടത്തുക.

8. നിയമപരമായ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ നൽകി തൊഴിലാളികളെ വിശ്വാസം വളർത്തുക.

9. സഹകരണ, പൊതുമേഖലാ ഫാക്ടറികൾ തൊഴിലാളികളുടെ താണെന്ന ബോധം വളർത്തിയെടുക്കുക.

**ഇതര വ്യവസായങ്ങളെ സംബന്ധിച്ച പ്രശ്നങ്ങളും നിർദ്ദേശങ്ങളും**

1. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കണം.

2. നാളികേരാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങണം.

3. റെഡിമെയ്ഡ് ഗാർമെന്റ്സ് മേക്കിംഗ് യൂണിറ്റ് തുടങ്ങണം.

4. പാറമേഖലയിലെ തൊഴിലാളികളെ സംഘടിപ്പിച്ചു കൊണ്ട് മെറ്റിൽ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കണം.

5. പുറം പോക്ക് ഭൂമികണ്ടെത്തി ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് നൽകണം.

6. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ചെരുപ്പ് നിർമ്മാണം, സോപ്പ് നിർമ്മാണം എന്നിവയ്ക്ക് സാങ്കേതിക ഉപദേശവും ആവശ്യമായ സഹായങ്ങളും നൽകണം.

7. ടൈലറിംഗ് സ്കൂൾ ആരംഭിക്കണം.

8. തഴപ്പായ് നിർമ്മാണ യൂണിറ്റ് തുടങ്ങണം.

9. നാളികേരം സംഭരിച്ച് ചിരകി ഉണക്കി പായ്ക്കറ്റുകളാക്കി വിതരണം ചെയ്യുന്ന യൂണിറ്റ് തുടങ്ങുക.

10. റബർ ഉല്പന്നങ്ങളും തുകലുല്പന്നങ്ങളും നിർമ്മിക്കുന്ന യൂണിറ്റ് തുടങ്ങണം.

11. സ്വയം തൊഴിൽ സംരംഭകർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് ഒരു ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുക.

12.സഹകരണാടിസ്ഥാനത്തിൽ പാർപ്പടക നിർമ്മാണയൂണിറ്റ് ആരംഭിക്കണം.

13. ബാങ്കുകളുടെ സഹായത്തോടെ കഞ്ഞളജ പോലെയുള്ള സ്കീമുകൾ ഉണ്ടാക്കി ചെറുകിട വ്യവസായകരെ സഹായിക്കുക.

14. വൈദ്യുതിയുടെ ക്ഷാമം.

15. അംഗീകൃതമല്ലാത്ത ചെറുകിട വ്യവസായ യൂണിറ്റുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മാന്യമായ വേതനം ലഭിക്കാറില്ല.

16. റബ്ബർ അധിഷ്ഠിത വ്യവസായശാല നമുക്കില്ല.

17. ഗൾഫ് മലയാളികളുടെ വരുമാനം വേണ്ടവിധത്തിൽ വിനിയോഗിക്കാറില്ല.

18. സിഡോറിയ കെമിക്കൽസും , ബ്രദേഴ്സ് ഫാർമസ്യൂറ്റിക്കൽസും അടഞ്ഞു കിടക്കുന്നു.

19. ചെറുകിടവ്യവസായ യൂണിറ്റുകളിൽ ക്വാളിറ്റി കുറഞ്ഞ ഉല്പന്നങ്ങളാണ് ഉണ്ടാക്കുന്നത്.

## പ്രശ്നപരിഹാരത്തിനു ചില നിർദേശങ്ങൾ–പുതിയ പദ്ധതികൾ

### 1. കാലിത്തീറ്റ ഫാക്ടറി

നമ്മുടെ പഞ്ചായത്തിൽ പ്രതിദിനം 5 ടൺ കാലിത്തീറ്റ വിറ്റഴിയുന്നുവെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. പഞ്ചായത്തിൽ അഞ്ച് ക്ഷീരോല്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ നാലെണ്ണം അപ്കോസ് അംഗീകൃതങ്ങളാണ്. ഈ സംഘങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ തുടങ്ങുകയാണെങ്കിൽ പാലുൽപ്പാദക കർഷകർക്ക് കാലിത്തീറ്റയുടെ ഇന്നത്തെ വിലയിൽ 20%ത്തോളം കുറച്ച് നൽകാൻ കഴിയും. ഇതിലുപരി ധാരാളം തൊഴിൽ സാധ്യതകളും ഉണ്ട്. ഉല്പന്നത്തിന്റെ മാർക്കറ്റിനെകുറിച്ച് ആശങ്കയ്ക്ക് വകയില്ല. അസംസ്കൃതവസ്തുക്കൾ പ്രദേശികമായി സ്വരൂപിക്കുവാനും കഴിയും.

### 2. നാളീകേരധിഷ്ഠിതമായ വ്യവസായം

നമ്മുടെ നാട്ടിൽ ഉല്പാദിപ്പിക്കപ്പെടുന്ന നാളീകേരത്തിന്റെ സിംഹഭാഗവും സംസ്ഥാനത്തിന്റെ വെളിയിൽ നിന്ന് വരുന്ന വിലയേറിയ സോപ്പുകളും, ഹെയർ ഓയിലുകളും സുഗന്ധദ്രവ്യങ്ങളും നിർമിക്കാനാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് തന്നെ ഏറ്റവും കൂടുതൽ നാളീകേരം ഉല്പാദിപ്പിക്കുന്ന കേരളീയരല്ല മേൽപ്പറഞ്ഞ ഉല്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നത്. ഒരു വിദഗ്ധ സമിതിയുടെ സഹായത്തോടെ ഒരു പ്രോജക്ട് തയ്യാറാക്കി ഒരു നാളീകേര സംസ്കരണശാല നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചാൽ നാളീകേരത്തിന്റെ മാർക്കറ്റ് ഒരു ചെറിയ അളവിൽ നമ്മുക്ക് നിയന്ത്രിക്കാൻ കഴിയും. നിരവധി യുവതിയുവാക്കൾക്ക് തൊഴിലും ലഭിക്കും.

### റബ്ബർ സംസ്കരണ യൂണിറ്റ്

ഇന്ത്യയിൽ ഉല്പാദിപ്പിക്കപ്പെടുന്ന സ്വാഭാവിക റബ്ബറിന്റെ 95% കേരളത്തിലാണ് ഉല്പാദിപ്പിക്കപ്പെടുന്നത്. എന്നാൽ റബ്ബറിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളിലധികവും സംസ്ഥാനത്തിന് വെളിയിലാണ് ഉളളത്. നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ 10 വർഷക്കാലമായി വൻതോതിൽ റബ്ബർകൃഷി ചെയ്ത് വരുന്നു. എന്നാൽ റബ്ബറിൽ അധിഷ്ഠിതമായ ഒരു പ്രധാന വ്യവസായ യൂണിറ്റും നമ്മുടെ പഞ്ചായത്തിലില്ല. ആധുനിക വ്യവസായത്തിന് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് റബ്ബർ. ഈ പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന റബ്ബർ പാൽ ഉപയോഗിച്ച് ഒരു വ്യവസായം തുടങ്ങിയാൽ കുറെയധികം പേർക്ക് തൊഴിൽ ലഭിക്കും.

ആധുനിക സംവിധാനങ്ങളോടെ കടമ്പാട്ടുകോണത്തിന് സമീപം ആരംഭിച്ച ബ്രദേഴ്സ് ഫാർമസ്യൂട്ടിക്കൽസ് എന്ന് മരുന്നുല്പാദന വ്യവസായ കേന്ദ്രം മാനേജ്മെന്റിന്റെ കഴിവുകേടുമൂലം പൂട്ടേണ്ടി വന്നു. വിദഗ്ദരായ നൂറു കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. ഈ സ്ഥാപനം സർക്കാർ ഏറ്റെടുത്ത് പ്രവർത്തനം പുനരാരംഭിക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നുവന്നു.

കുത്തകപാട്ടത്തിന് പഞ്ചായത്ത് നൽകിയ സ്ഥലത്ത് നാട്ടുകാർ കമിറ്റി രൂപികരിച്ച് വിഭ

വസമാഹാരണം നടത്തി നിർമ്മിച്ചു നൽകിയ കെട്ടിടത്തിൽ പ്രവർത്തിച്ച വെട്ടിയറ ചടട ആശുപത്രി പ്രവർത്തനരഹിതമായിട്ട് വർഷങ്ങൾ ഏറെയായി. കുത്തകപാട്ടം റദ്ദാക്കി സ്ഥലം ഏറ്റെടുത്ത് ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കണം.

മിക്ക ഗ്രാമസഭകളിൽ നിന്നും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ തുടങ്ങണമെന്ന് ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് പല സ്ഥലങ്ങളിൽ തുടങ്ങിയ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും അടച്ചുപൂട്ടിയ അനുഭവമാണുള്ളത്. അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം, മാർക്കറ്റുകൾ കണ്ടെത്തുന്നതിൽ വരുന്ന പരാജയം, സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ അഭാവം, മാർക്കറ്റിൽ കുത്തകകളുമായി പിടിച്ചു നിൽക്കാൻ കഴിയാതെ വരുന്നത്, ഗുണമേന്മയിൽ വരുന്ന കുറവ് ഇവയെല്ലാം ഇത്തരം പദ്ധതികളുടെ പരാജയകാരണങ്ങളായിരുന്നു.

പുറം നാടുകളിൽ പണിയെടുക്കുന്ന ധാരാളം പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. അവരുടെ മിച്ച വരുമാനം വ്യവസായ മേഖലയിലേയ്ക്ക് തിരിച്ചുവിടുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന ക്വാളിറ്റി കൂടിയ ഉല്പന്നങ്ങളോടൊപ്പം മാർക്കറ്റിൽ പിടിച്ചു നില്ക്കുന്നതിന് ചെറുകിട വ്യവസായ യൂണിറ്റുകളിലെ ഉല്പന്നങ്ങൾക്ക് കഴിയുന്നില്ല. മാറിവരുന്ന മാർക്കറ്റ് രുചിക്കനുസരിച്ച് ഉല്പന്നങ്ങൾക്ക് മാറ്റം വരുത്തുന്നതിനായി ചെറുകിട വ്യവസായ തൊഴിലാളികൾക്ക് പരിശീലനവും മറ്റു സഹായങ്ങളും നൽകുന്ന ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കണം.

അവശ്യസാധനങ്ങളേക്കാൾ ആഡംബര വസ്തുക്കൾക്ക് നാം പ്രാധാന്യം കൊടുത്തു കഴിഞ്ഞിരിക്കുന്നു. പരസ്യങ്ങൾ നിയന്ത്രിക്കുന്ന വിപണികളിൽ ഉപഭോക്താവിന് ചിന്തിക്കാൻ അവസരം ലഭിക്കുന്നില്ല. വളരെ ഗുരുതരമായ ഒരു ഉപഭോക്തൃ സംസ്കാരത്തിന്റെ പിടിയിലാണ് നാം. നമ്മിൽ അവശേഷിക്കുന്ന വിവേകത്തിന്റെ കണികകൾ പന്തങ്ങളായി നമ്മുടെ നാടിനെ രക്ഷിക്കാം.

*'നാടൻ വാങ്ങൂ*

*നാട് നന്നാക്കൂ...'*

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

**ഗതാഗതം**

ദൂരവും സമയവും കീഴടക്കിയ ആധുനിക യുഗത്തിൽ ഗതാഗതം ഏറെ ശ്രദ്ധിക്കപ്പെടുന്ന ഒരു മേഖലയാണ്. വികസനമെന്ന് കേട്ടാൽ റോഡുകൾ എന്ന സങ്കല്പമായിരിക്കുന്നു നമ്മുടേത്. റോഡുകളുടെ നിർമ്മാണവും ടാറിംഗുമാണ് വികസനത്തിന്റെ അളവുകോൽ എന്ന സങ്കല്പം മാറേണ്ടിയിരിക്കുന്നു. വികസന പ്രക്രിയയിൽ ഗതാഗതവും ഒരു പ്രശ്നം തന്നെയാണ്.

തിരുവനന്തപുരം ജില്ലയുടെ വടക്കേയറ്റത്ത് കൊല്ലം ജില്ലയോട് ചേർന്ന് കിടക്കുന്ന ഈ ഗ്രാമത്തിലൂടെ NH കടന്നു പോകുന്നു. 13 വാർഡുകളുള്ള ഈ പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും ആവശ്യത്തിനുള്ള പൊതുവഴികൾ ഇതിനകം തന്നെയുണ്ട്. ഏറെ ഗതാഗത സൗകര്യമുള്ള പഞ്ചായത്താണിത്. 22.35km കച്ചയും 103km മെറ്റൽ റോഡും, 10.138km ടാർ ചെയ്ത പഞ്ചായത്ത് റോഡും 23സാ ടാർ ചെയ്ത PWD റോഡും 5km NH റോഡും ഈ പഞ്ചായത്തിലുണ്ട്.

| റോഡിന്റെ സ്വഭാവം | നീളം |
|---|---|
| കച്ച | 22.35km |
| മെറ്റൽ | 103km |
| പഞ്ചായത്ത് | 10.138km |
| PWD | 23km |
| NH | 5km |
| ആകെ | 163.488km |

ടാർ ചെയ്ത റോഡുകളുടെ അനുപാതികം കാണിക്കുന്ന ചിത്രം.




മൊത്തം റോഡിന്റെ 23.33% ടാർ ചെയ്ത് ഗതാഗതത്തിനായി കാർ, ആട്ടോ, ബസ്, സമാന്തര സർവീസുകൾ, സൈക്കിൾ, സ്കൂട്ടർ എന്നിവയെ ആളുകൾ ആശ്രയിക്കാറുണ്ട്. കൂടാതെ ചരക്ക് കടത്തിനുള്ള വാഹനസൗകര്യവും നമ്മുടെ പഞ്ചായത്തിലുണ്ട്. നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര റോഡുകളും ചെറു വഴികളും കൊണ്ട് നിറഞ്ഞതാണെന്ന് പഠനം വ്യക്തമാക്കുന്നു.

**പ്രശ്നങ്ങൾ**

1. Bus Service-കൾ കുറവാണ്.

2. 28-ാം മൈൽ കാട്ടുപുതുശ്ശേരി റോഡ് പൊളിഞ്ഞ് കിടക്കുന്നു.

3. 28-ാം മൈൽ മറവിൻ മൂട് റോഡ് ടാറിംഗ് പൂർത്തിയായില്ല.

4. മലച്ചിറ റോഡിനെ NH മായി ബന്ധിപ്പിക്കണം.

5. കടമ്പാട്ട്കോണം-കിഴക്കനേല പാലം റോഡ് ടാറിംഗ്.

6. ഊന്നൻപാറ പഷ്ണാംകുഴി റോഡിനെ നവായ്ക്കുളം സ്റ്റാച്യു റോഡുമായി ബന്ധിപ്പിക്കണം.

7. കിഴക്കനേല-മടന്തപ്പച്ച റോഡിന്റെ പണി പൂർത്തിയായിട്ടില്ല.

8. പഞ്ചായത്തിൽ ടാക്സി ഓട്ടോ എന്നിവയുടെ വാടകനിരക്കിൽ ഏകീകൃത സ്വഭാവമില്ല.

9. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും റോഡുകൾ ടാറിംഗ് ഉൾപ്പെടെയുള്ള പണി നടത്തിയിട്ടില്ല.

10. അംഗീകൃത Taxi stand-കൾ ഇല്ല.

11. റോഡുകൾക്ക് ഓടകൾ ഇല്ല.

12. നാവായിക്കുളം-തുമ്പോട്യ റോഡ് പൊളിഞ്ഞു കിടക്കുന്നു.

13. ഉദയഗിരി-കല്ലൂർക്കുഴി റോഡ് നാവായിക്കുളം റോഡുമായി ബന്ധിപ്പിക്കണം.

14. വടക്കേവയൽ-മൂങ്ങോട്ടുകോണം മേഖലയിൽ പുതുതായി വെട്ടിയ റോഡ് പന്തുവിളയിൽ ചെന്ന് ചേരത്തക്ക വിധത്തിൽ വിപുലീകരിക്കുകയും ടാർ ചെയ്ത് ടാർ ചെയ്തും സൈഡിൽ ഓട കെട്ടിയും സംരക്ഷിക്കുക.

15. NH-ൽ നിന്നും കാഞ്ഞിരംവിളയിൽ കൂടി പറകുന്ന് ഭാഗത്തേക്ക് പോകുന്ന റോഡ് പുനരുദ്ധരിച്ച് ടാർ ചെയ്യുക.

16. നൈനാംകോണം-നാവായിക്കുളം റോഡ് വിപുലീകരിച്ച് സഞ്ചാരയോഗ്യമാക്കുക.

17. 28-ാം മൈൽ കാവനാട്ടുകോണം റോഡ് വീതി കൂട്ടി ഗതാഗത യോഗ്യമാക്കണം.

18. നാവായിക്കുളം ക്ഷേത്രത്തിന്റെ പടിഞ്ഞാറുകൂടി മാവേലി മഠം വഴി പോകുന്ന റോഡും വയലിലേക്കിറങ്ങുന്ന ഇടവഴികളും റോഡിന്റെ സൈഡിൽ ഓടകൾ കെട്ടി സംരക്ഷിച്ച് ഗതാഗത യോഗ്യമാക്കുക.

19. തലവിള-പ്ലാച്ചിവട്ടം കോളനി റോഡ് കെട്ടിടത്തിൻ വാതുക്കൽ റോഡുമായി കൂട്ടിമുട്ടിച്ച് ടാർ ചെയ്യണം.

20. നാവായിക്കുളം ക്ഷേത്രത്തിന് പടിഞ്ഞാറ് നിന്ന് വലിയകുളത്തിന് സമീപത്തുകൂടി പോകുന്ന റോഡ് പുനരുദ്ധരിക്കുക.

21. നൈനാംകോണം റോഡ് - പൈവേലിക്കോണം റോഡുമായി ബന്ധിപ്പിക്കുക.

22. പുല്ലൂർ മുക്ക്-ഡീസന്റ്മുക്ക് റോഡ് ടാർ ചെയ്യണം.

23. ആലിന്റെ മൂടു മുതൽ ലക്ഷം വീട് കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

**സാധ്യതകൾ**

1. നാവായിക്കുളം പഞ്ചായത്തിലെ പൈവേലിക്കോണം, ചാവർകോട്, മാവിൻമൂട് എന്നീ പ്രദേശങ്ങളിൽ യാത്രാക്ലേശം അനുഭവപ്പെടുന്നു. K.S.R.T.C ബസുകൾ അനുവദിക്കണം.

2. റോഡുകളുടെ നിർമാണത്തിൽ പ്രാദേശിക വിഭവങ്ങളും മനുഷ്യസേവനവും ഉപയോഗപ്പെടുത്തണം.

3. നാവായിക്കുളം പഞ്ചായത്തിൽ അംഗീകൃത Taxi, Auto stand ഉണ്ടാക്കണം. കൂടാതെ ഇത്തരം വാഹനങ്ങളെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് നമ്പർ നൽകുകയും മീറ്റർ സംവിധാനം നിർബന്ധമാക്കുകയും വേണം.

4. റോഡിന്റെ സംരക്ഷണം ജനങ്ങൾക്ക് നൽകണം.

5. റോഡുകളുടെ നാശത്തിന് മനഃപൂർവം കാരണക്കാരാവുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കണം.

6. റോഡുകളുടെ ഓടകൾ കെട്ടി സംരക്ഷിക്കണം. റോഡുകളുടെ ദീർഘകാല സംരക്ഷണം ഇതുമൂലം സാധ്യമാകണം.

**വാർഡുകളിൽ നിന്നു വന്നിട്ടുള്ള നിർദേശങ്ങൾ.**

1. നാവായിക്കുളത്തുനിന്നും ആരംഭിക്കുന്ന സർക്കാർ ബസുകളും stay ചെയ്യുന്ന ബസുകളും ഉണ്ടാകണം.

ബന്ധിപ്പിക്കുന്ന ഭാഗത്ത് നടപ്പാലം കെട്ടി സംരക്ഷിക്കണം.

64. തോളൂർ ഞാറയിൽക്കോണം റോഡ് മെയിന്റനൻസ് ചെയ്യണം.

65. മുല്ലനല്ലൂർ പാലമുക്കിന്റെ കിഴക്ക് ഭാഗത്തുള്ള തടം വൃത്തിയാക്കി സ്ലാബിടുക.

66. മരുതികുന്ന് സ്കൂളിന്റെ കിഴക്ക് ഭാഗത്തുള്ള റോഡും നിലവിലുള്ള പാലവും സംരക്ഷിക്കുക.

67. മരുതികുന്ന് പള്ളിയുടെ കിഴക്ക് ഭാഗത്ത് കൂടിപോകുന്ന Road ൽ Step കെട്ടുകയും സൈഡ്വാൾ കെട്ടുകയും വേണം.

68. മരുതികുന്ന് ചിറയിൽ ഭാഗത്തേയ്ക്ക് പോകുന്ന തടം ഗതാഗതയോഗ്യമാക്കണം.

69. ഞാറയിൽക്കോണം റോഡിൽ നിന്നും സദ്ദാം ജംഗ്ഷന് വലത്തോട്ട് ഹരിജൻ കോളനിയിലേക്ക് പോകുന്ന തടം ഗതാഗതയോഗ്യമാക്കണം.

70. ചക്കൻചിറ കുടവൂർ Govt. LPS റോഡ് ടാർ ചെയ്യുക.

71. പോങ്ങോട് വട്ടക്കോണം റോഡ് ഗതാഗതയോഗ്യമാക്കണം.

72. ചക്കൻചിറ കാട്ടുവള്ളിക്കോണം റോഡ് സഞ്ചാരയോഗ്യമാക്കുക.

73. ഞാറയിൽക്കോണം സ്കൂളിന്റെ മുൻവശത്ത് നിന്നും പുതുവൽ വഴി ട്രാൻസ്ഫോമറിന്റെ മുമ്പിലുള്ള തടത്തിൽ വശം ചേരുന്ന റോഡ് വാഹന ഗതാഗതയോഗ്യമാക്കണം.

74. മുട്ടിയറ ഹരിജൻ കോളനി ഡീസന്റ് മുക്കിൽ വന്നുചേരുന്ന റോഡ് നന്നാക്കണം. മുട്ടിയറ പാലം നിർമിക്കണം.

75. സീമന്തപുരം പത്തനാപുരം റോഡ് XI-ാം വാർഡുമായി ബന്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കണം.

76. കുടവൂർ വിളയിൽ ഗ്രന്ഥശാലാ ജംഗ്ഷനിൽ നിന്നും മേട്ടക്കോണത്തേയ്ക്കുള്ള തടം ഗതാഗതയോഗ്യമാക്കിതീർക്കണം.

77. കപ്പാംവിള കിടത്തിച്ചിറ റോഡ് ഗതാഗതയോഗ്യമാക്കണം.

78. കരിമ്പുവിള ചരുവിളക്കോണം വയലിൽ ചെന്ന് ചേരുന്ന റോഡ് ഗതാഗതയോഗ്യമാക്കണം.

79. ഡീസന്റ്മുക്ക് പുല്ലൂർമുക്ക് റോഡ് ടാർ ചെയ്യണം.

80. കരിമ്പുവിള ജംഗ്ഷനിൽ നിന്നും കലവൂർക്കോണം റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

81. വിളയിൽ ജംഗ്ഷൻ കുടവൂർ റോഡ് സഞ്ചാരയോഗ്യമാക്കണം.

82. കണ്ണൻകോണം സീമന്തപുരം റോഡ് ഗതാഗതയോഗ്യമാക്കണം.

83. വട്ടക്കോണം ചരുവിള റോഡ് ഗതാഗതയോഗ്യമാക്കണം.

84. നിർത്തലാക്കിയ KSRTC ബസ്സുകൾ പുനഃരാരംഭിക്കണം, നിർത്തലാക്കിയ പ്രൈവറ്റ് ബസ് സർവ്വീസ് പുനഃരാരംഭിക്കണം.

85. കിളിമാനൂർ, മടന്തപ്പച്ച, ഇടമൺനില, കിഴക്കനേല, കൊല്ലം KSRTC ബസ് ആരംഭിക്കണം.

86. ചിറവിള, ചാരുകുഴിതടം സൈഡ്വാൾ കെട്ടി ഗതാഗതയോഗ്യമാക്കണം.

തക 87. മടന്തപ്പച്ച ഞഗങ ഒട റോഡ് കരവായ്ക്കോണം റോഡ് കൈപ്പടക്കോണം, പുഴിയറക്കോണം റോഡ് ചിരട്ടക്കുന്ന് ആനക്കാട് റോഡ് എന്നിവ ഗതാഗതയോഗ്യമാക്കണം.

88. ചിരട്ടക്കുന്ന് മുട്ടിയറ റോഡ് കപ്പാംവിള മുട്ടിയറ റോഡുമായി ബന്ധിപ്പിക്കണം.

89. വള്ളിച്ചിറ മുട്ടിയറ റോഡ് കരവായിക്കോണം കുന്നുംപുറത്ത് വാതുക്കൽ റോഡ് കോടിക്കോണം ആനക്കാട് റോഡ് ആലുപ്പാറ പള്ളിവാതുക്കൽ റോഡ്, കൈപ്പടക്കോണം മൂതക്കം പാതറോഡ്, കൈപ്പടക്കോണം കരയിക്കോണം റോഡ് തുടങ്ങിയവ പുന:രുധരിക്കണം.

XII 90. ഡീസന്റ്മുക്ക് പള്ളി കൊച്ചുക്കോണം റോഡ് ടാർ ചെയ്യണം.

91. വൈരമല റോഡ് ടാർ ചെയ്യണം.

92. മാടൻകാവ് മുകളിൽപുറം റോഡ് ടാർ ചെയ്യണം.

93. ഡീസന്റ് മുക്കിൽ നിന്ന് പാറങ്കിൽ കോളനി വഴി വെള്ളൂർക്കോണം റോഡ് റീടാർ ചെയ്യണം.

94. ഡീസന്റ് മുക്ക് കല്ലുവിള പുല്ലൂർമുക്ക് റോഡ് ടാർ ചെയ്യണം.

95. ഹംസാമുക്ക്, വൈരമല, കക്കോട് റോഡ് ഗതാഗത യോഗ്യമാക്കണം.

96. ഡീസന്റ് മുക്ക് പള്ളി മദ്രസ കൊച്ചു കോണം റോഡ് ടാർ ചെയ്യണം.

97. കപ്പാംവിള മോടിൻപുറം റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

98. കോളനി പറണ്ടിവിള റോഡ് ഗതാഗത യോഗ്യമാക്കണം.

XIII 99. വെട്ടിയറ L.P.S 28-ാം മൈൽ റോഡ് ഗതാഗത യോഗ്യമാക്കുക.

100. ഫാർമസി ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ടുള്ള റോഡ് ചാവർകോട് ജംഗ്ഷനുമായി ബന്ധിപ്പിക്കണം.

101. N.Y.C പോളച്ചിറ റോഡ് സഞ്ചാരയോഗ്യമാക്കുക.

| റോഡിന്റെ സ്വഭാവം | നീളം |
|---|---|
| കച്ച | 22.35 Km |
| മെറ്റൽ | 103 Km |
| പഞ്ചായത്ത് | 10.138 Km |
| PWD | 23Km |
| NH | 5 Km |
| ആകെ | 163.488 Km |

### ഊർജം

ഊർജത്തിന്റെ ഉല്പാദനത്തിലും വിനിയോഗത്തിലും മനുഷ്യൻ കൈവരിച്ച നേട്ടം അവന്റെ പുരോഗതിയുടെ ചിത്രം വ്യക്തമാക്കുന്നു. വികസിത രാജ്യങ്ങളിൽ ഗാർഹികാവശ്യത്തിന് പോലും കൂടുതലായി ഉപയോഗിക്കുന്നത് വൈദ്യുതിയാണ്. എന്നാൽ നാം ഗാർഹികാവശ്യത്തിനുപയോഗിക്കുന്നതിൽ 90 ശതമാനത്തിലെറെ ജൈവോർജമാണ്. ഇത് കൂടാതെ വൈദ്യുതി, വിറക്, മണ്ണെണ്ണ, പാചക ഗ്യാസ്, എന്നിവയും നാം ഉപയോഗിക്കുന്നു.

### വൈദ്യുതി

ഗാർഹികാവശ്യത്തിന് ഉപയോഗിക്കുന്നതിൽ കൂടുതൽ ജൈവോർജമാണെങ്കിലും ആദുനിക മനുഷ്യന് ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നാണ് വൈദ്യുതി. ഇലക്ട്രിക് ലാംപ് മുതൽ വാഷിംഗ് മെഷീൻ വരെ പ്രവർത്തിക്കാതിരിക്കുന്നത് ചിന്തിക്കാൻ പോലും കഴിയാത്ത ഒരു വസ്ഥയിലേക്കാണ് നാം എത്തിച്ചേർന്നിരിക്കുന്നത്. പഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നില്ല. കാർഷികരംഗത്ത് വൈദ്യുതിയുടെ ഉപയോഗം വളരെകുറവാണ്. ഗാർഹികരംഗത്ത് ഉപയോഗിക്കുന്ന വൈദ്യുതിയുടെ 5 ശതമാനത്തിലെറെ ആഡംബരങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിക്കുന്നത്. അമൂല്യമായ വൈദ്യുതി സംരക്ഷിക്കുന്നതിൽ തികഞ്ഞ അനാസ്ഥ നാം കാണിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 729 തെരുവ് വിളക്കുകളും 252 ട്യബ് ലൈറ്റുകളും ഉണ്ട്. ഇതിനായി പ്രതിവർഷം 2,28 382 (1995-96) ചിലവാകുന്നു. ഈ തുക പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ 16.94% ആണ്.

വൈദ്യുതി ഉപയോഗിച്ച് ആഹാരം പാചകം ചെയ്യുന്ന ഒരു ന്യൂനപക്ഷം പഞ്ചായത്തിലുണ്ട്. അനാവശ്യമായ വൈദ്യുത ഉപയോഗം ഈ മേഘലയിലെ ഗുരുതരമായ പ്രശ്നമാണ്.

### വിറക്

പാചകാവശ്യങ്ങൾക്കായി പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഇന്ധനമാണ് വിറക്. കാടുകൾ അധികമുണ്ടായിരുന്ന ഞങ്ങളുടെ പഞ്ചായത്തിൽ വിറകുകൾക്ക് ക്ഷാമമില്ലാതിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ആ സ്ഥിതി മാറി. വിറക് ഇപ്പോൾ വലിയ വിലയ്ക്ക് വാങ്ങിയാണ് ഭൂരിപക്ഷം വീടുകളിലും പാചകത്തിനുപയോഗിക്കുന്നത്. വിറക് ഉപയോഗിക്കുന്ന അടുപ്പുകൾ അധികവും അശാസ്ത്രീയമായ

രീതിയിൽ നിർമ്മിച്ചവയാണ്. ഈ അശാസ്ത്രീയ അടുപ്പുകളുടെ ഉപയോഗം നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അടുപ്പിൽ നിന്നും പുറത്തുവരുന്ന പുക ശ്വസിക്കേണ്ടി വരുന്നത്കൊണ്ട്, പുകയിലടങ്ങിയിരിക്കുന്ന കാർബൺ മോണോക്സയിഡ്, 5കാർബൺ ഡൈ ഓക്സയിഡ്, T.S.P, ബെൻസോ ആൽസാ വൈറിൻ മുതലായ വിഷ പദാർഥങ്ങൾ വീട്ടമ്മയുടെ ശ്വാസകോശങ്ങളിൽ കടന്ന് ശ്വാസകോശരോഗങ്ങൾ, അസ്ത്മ, വിളർച്ച എന്നിവയ്ക്ക് കാരണമാകുന്നു. പുക ശല്യം ഇല്ലാത്ത അടുപ്പുകൾ വ്യാപകമായി സ്ഥാപിച്ച് കൊണ്ട് ഇത്തരം ആരോഗ്യ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാം. കേരള സർക്കാർ സ്ഥാപനമായ അനെർട്ട് ഇത്തരം അടുപ്പുകൾ (പരിഷത്ത് അടുപ്പ്- 21) പ്രചരിപ്പിക്കുന്നുണ്ട്. ഇത്തരം അടുപ്പിന്റെ സവിശേഷത, പുക അടുക്കളയിൽ പടരാതെ, അടുപ്പിനോട് ചേർന്ന് സ്ഥാപിച്ചിരിക്കുന്ന കുഴൽ വഴി പുറത്തേയ്ക്ക് പോകുന്നു.

രൂക്ഷമായികൊണ്ടിരിക്കുന്ന വിറക് ക്ഷാമം പരിഹരിക്കുന്നതിന് ഒരു പരിധി വരെ ഈ അടുപ്പ് സഹായിക്കുന്നു. സാധാരണ അടുപ്പിന്റെ ദക്ഷത 10-12% ആകുമ്പോൾ പരിഷത്തിന്റെ അടുപ്പുകളുടെ ദക്ഷത 30% വരെ ആകുന്നു. അതായത് സാധാരണ ഉപയോഗിക്കുന്ന വിറകിന്റെ അഞ്ചിൽ രണ്ട് ഭാഗം വിറക് മാത്രമേ പരിക്ഷത്ത് അടുപ്പുകൾക്ക് വേണ്ടൂ. വന നശീകരണത്തിന്റെ തോത് 2/5 ആയി കുറയ്ക്കാം എന്ന് സാരം.

പരിക്ഷത്ത് അടുപ്പിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് നിർമാണ ചെലവിനെക്കാൾ ഉയർന്ന തോതിൽ ഉപഭോക്താവിന് അനെർട്ട് സബ്സിഡി ലഭ്യമാക്കുന്നുണ്ട്. നിർമാണ ചെലവ് ഉപഭോക്തൃ വിഹിതം 240 രൂപയും സബ്സിഡി 285 രൂപയും.

നമ്മുടെ പഞ്ചായത്ത് ഊർജഗ്രാമമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ 1995-ൽ ആവിഷ്ക്കരിച്ച ഊർജ ഗ്രാമപരിപാടി അനുസരിച്ച് 150- ഓളം പരിഷത്ത് അടുപ്പുകൾ സ്ഥാപിച്ചുകഴിഞ്ഞു. മറ്റ് സന്നദ്ധ സംഘടനകളുടെയും, അനെർട്ടിന്റേയും സഹകരണത്തോടെ സാമ്പത്തിക ബാധ്യതയില്ലാതെ തന്നെ നമ്മുടെ ഗ്രാമത്തിലുള്ള മുഴുവൻ വസതികളിലും ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കാം. സ്കൂളുകൾ, ഹോട്ടലുകൾ എന്നിവയുടെ അടുപ്പുകൾ ശാസ്ത്രീയമായ രീതിയിൽ ക്രമീകരിച്ചാൽ പുക മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ നിയന്ത്രിക്കാനാകും. ഇത്തരം കമ്മ്യൂണിറ്റി അടുപ്പുകൾ 60.65% വരെ ദക്ഷത നൽകുന്നത് മൂലം വിറക് ഉപയോഗം ഗണ്യമായി കുറയ്ക്കാൻ കഴിയും. പാചകപാത്രം അധികം കരിപിടിക്കില്ല. അടുക്കളയ്ക്ക് കൂടുതൽ വൃത്തി എന്നിവയും പരിഷത്ത് അടുപ്പിന്റെ പ്രത്യേകതകളാണ്. ജനസംഖ്യാ വർധനവും, വന നശീകരണവും വിറകിന്റെ സുഗമായ ലഭ്യതയെ ബാധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ പരിഷത്ത് അടുപ്പുകളുടെ പ്രാധാന്യം ഏറുന്നു.

**മണ്ണെണ്ണ**

വൈദ്യുത കണക്ഷൻ ലഭിക്കാത്ത വീടുകളിൽ വിളക്കുകളിൽ ഉപയോഗിക്കുന്നതിനും വിറക് സുലഭമല്ലാതിരിക്കുന്ന വീടുകളിൽ പാചകത്തിനും മണ്ണെണ്ണ ഉപയോഗിക്കുന്നു. പാചകത്തിനുപയോഗിക്കുന്ന ഊർജത്തിൽ വിറക് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് മണ്ണെണ്ണയാണ്. കാർഷികാവശ്യങ്ങൾക്ക് സാധാരണഗതിയിൽ മണ്ണെണ്ണ ഉപയോഗിക്കാറില്ല.

**പാചക വാതക ഗ്യാസ്**

ഗാർഹിക രംഗത്ത് ഉപയോഗിക്കുന്ന കുക്കിംഗ് ഗ്യാസ് 1% വീടുകളിൽ മാത്രമാണ് ഉപയോഗിക്കുന്നത്. പാചകത്തിന് ബയോ ഗ്യാസ് പ്ലാന്റുകൾ നിലവിലുള്ളത് കേവലം നാമ മാത്രമാണ്.

**പ്രശ്നങ്ങൾ.**

1. വൈദ്യുതിയുടെ പ്രസരണ നഷ്ടം.

2. വോൽട്ടേജ് ക്ഷാമം

3. തെരുവു വിളക്കുകളുടെ പ്രവർത്തനമില്ലായ്മ

4. വൈദ്യുത കണക്ഷൻ ലഭിക്കാനുള്ള കാല താമസം.

5. പവർകട്ടും ലോഡ് ഷെഡിംഗും.

6. പാരമ്പര്യേതര ഊർജോൽപാദനത്തിന്റെ അഭാവം.

7. ഉപഭോക്താക്കളുടെ ബോധക്കുറവ്.

8. വൈദ്യുതി വെട്ടിപ്പ്.

9. വൈദ്യുതീകരിക്കാത്ത കോളനികൾ.

10. നാഷണൽ ഹൈവേയിൽ തെരുവു വിളക്കുകളില്ല.

11. വിറകിന്റെ ലഭ്യതക്കുറവ്.

12. ദക്ഷത കുറഞ്ഞ അടുപ്പുകൾ.

13. മണ്ണെണ്ണയുടെ ദൗർലഭ്യം.

14. കുക്കിംഗ് ഗ്യാസ് കണക്ഷനുള്ള കാല താമസം.

15. ബയോഗ്യാസ് പ്ലാന്റുകൾ സാർവത്രിക മല്ല.

**പരിഹാരം**

1. ഇലക്ട്രിക് ലൈനുകളിൽ ചാഞ്ഞ് കിടക്കുന്ന വൃക്ഷകൊമ്പുകൾ വൈദ്യുതി പ്രസരണ നഷ്ടം വരുത്തുന്നു. യഥാസമയം വൃക്ഷക്കൊമ്പുകൾ മുറിച്ചു മാറ്റണം.

2. ട്രാൻസ്ഫോർമറുകൾ അടുത്തടുത്ത് സ്ഥാപിക്കണം.

3. N.H. ൽ നിന്നും വളരെ ദൂരെ കിടക്കുന്ന പോസ്റ്റുകൾ NH ന് സമീപത്തേയ്ക്ക് മാറ്റി സ്ഥാപിക്കുകയും Tube കൾ ഇടുകയും വേണം.

4. പുതിയ വൈദ്യുത പദ്ധതികൾ ഉടനടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

5. എല്ലാ ലക്ഷം വീടു കോളനികളും വൈദ്യുതീകരിക്കണം.

6. സോളാർ സെല്ലുകൾ ഉപയോഗിച്ചുള്ള തെരുവു വിളക്കുകൾ സ്ഥാപിക്കണം.

7. ഇന്ധനക്ഷമത കൂടുതൽ ഉള്ള അടുപ്പുകൾ ഉപയോഗിക്കുക

8. ബയോഗ്യാസ് പ്ലാന്റുകളെക്കുറിച്ച് ബോധ്യപ്പെടുത്താൻ ശ്രദ്ധിക്കണം.

9. ആവശ്യാനുസരണം മണ്ണെണ്ണയ്ക്കുള്ള പെർമിറ്റ് നൽകുക.

**തെരുവുവിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് | വിളക്കുകളുടെ എണ്ണം | | | | |
|---|---|---|---|---|---|
| | പേപ്പർ ലാമ്പ് | ഫ്ളൂ. റ്റ്യൂബ് | ബൾബ് | മറ്റുള്ളവ | ആകെ |
| I | - | 22 | 65 | - | 87 |
| II | - | 25 | 70 | - | 95 |
| III | - | 30 | 70 | - | 100 |
| IV | - | 20 | 55 | - | 75 |
| V | - | 16 | 50 | - | 65 |
| VI | - | 18 | 55 | - | 73 |
| VII | - | 20 | 58 | - | 78 |
| VIII | - | 15 | 60 | - | 75 |
| IX | - | 20 | 60 | - | 80 |
| X | - | 12 | 55 | - | 67 |
| XI | - | 25 | 61 | - | 86 |
| XII | - | 29 | 70 | - | 99 |
| ആകെ | - | 252 | 729 | - | 981 |

തെരുവുവിളക്ക് വൈദ്യുതി ചാർജിനത്തിൽ

തൻവർഷം ചിലവഴിച്ച തുക: 2, 28, 382 (1995-96)

(മൊത്തം വരുമാനത്തിന്റെ 16.94%)

**മാർക്കറ്റ്**

കാർഷികഉൽപന്നങ്ങൾ ധാരാളം ഉൽപാദിപ്പിക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിൽ അവയുടെ വിപണനത്തിന് നാലുപഞ്ചായത്തു മാർക്കറ്റ്ഉൾപ്പെടെ ആറുമാർക്കറ്റുകൾ ഉണ്ടായത് തികച്ചും സ്വാഭാവികം. ഈ മാർക്കറ്റുകൾ ഉണ്ടാക്കുന്നതിൽ ചില ഉദാരമതികളുടെ സംഭാവന സ്മരണീയമാണ്.

പഞ്ചായത്തിന്റെ ആദ്യത്തെ പൊതു മാർക്കറ്റ് നാവായിക്കുളം മാർക്കറ്റാണ്. ഇതിന് സ്ഥലം നാട്ടുകാർ പിരിവുനടത്തിയാണു വാങ്ങിയത്. കല്ലമ്പലം മാർക്കറ്റിന് സ്ഥലം നൽകിയത് ശ്രീ ഖാദർ പിള്ളയാണ്. 28-ാം മൈൽ മാർക്കറ്റിന് സ്ഥലം സൗജന്യമായി സംഭാവനചെയ്തത് ശ്രീ. അപ്പുക്കുഞ്ഞാണ്. തോളൂർമാർക്കറ്റിന് വേണ്ടുന്ന സ്ഥലം നാട്ടുകാർ കമ്മിറ്റി രൂപീകരിച്ച് വിഭവസമാഹരണം നടത്തിവാങ്ങുകയും, തറലെവൽ ചെയ്ത് നൽകുകയും ചെയ്തു.

കാർഷിക ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനുപുറമേ ആടുമാടുകൾ, കോഴി തുടങ്ങിയ വളർത്തുമൃഗങ്ങളുടെയും പക്ഷികളുടേയും വിപണനകേന്ദ്രങ്ങളാണ്. ഇവകൂടാതെ വട്ടി, കുട്ട, മൺകല വ്യാപാരം മറ്റുചെറുകിട കച്ചവടങ്ങൾ, അടുക്കള ഉപകരണങ്ങൾ എന്നിവയും വ്യാപാരം നടത്തിവരുന്നു. ഈ മാർക്കറ്റുകൾ കേന്ദ്രീകരിച്ച് മത്സ്യവിൽപനയ്ക്ക് പുറമേ ആടുമാടുകളുടെ മാംസവിൽപനയും നടന്നുവരുന്നു. 28-ാം മൈൽ, നാവായിക്കുളം എന്നീമാർക്കറ്റുകളോടനുബന്ധിച്ച് മാർക്കറ്റ് സ്റ്റാളുകളും, കടകളും പഞ്ചായത്തിന്റെ വകയായുണ്ട്.

ചന്ത, സ്റ്റാൾ, ചവർ, ഫലവൃക്ഷങ്ങൾ, മറ്റുള്ളവ എന്നീ ഇനങ്ങളിലായി കഴിഞ്ഞ സാമ്പത്തിക വർഷം 2,05,703 രൂ. 60 പൈ. പഞ്ചായത്തിന് ലഭിച്ചു. ഇത് പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ 15.26% ആണ്.

**മാർക്കറ്റിന്റെ പൊതുസ്ഥിതി.**

**കല്ലമ്പലം:** ഈ മാർക്കറ്റിൽ മത്സ്യവിൽപന നടത്തുന്ന സ്ഥലത്തുനിന്ന് മലിനജലവും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യാനുള്ള സംവിധാനങ്ങളില്ല. മഴക്കാലത്ത് വ്യാപാരം നടത്തുന്നതിനുള്ള സംവിധാനത്തിന്റെ അഭാവം മഴക്കാലത്തെ വ്യാപാരത്തെബാധിക്കുന്നു. മാർക്കറ്റ് സ്റ്റാൾ ഇല്ല. മാർക്കറ്റ് സമയം കഴിഞ്ഞതിനുശേഷം വൃത്തിയായും, സുരക്ഷിതമായും സൂക്ഷിക്കുന്നതിനുള്ള സംവിധാനത്തിന്റെ അഭാവം ഉണ്ട്.

**നാവായിക്കുളം:** ഈ മാർക്കറ്റിൽ വ്യാപാരത്തിന് അത്യാവശ്യം സ്റ്റാളുകളും മുൻവശത്തായി ഒരുവരി കടകളുമുണ്ട്. ചുറ്റുമതിൽ ഉണ്ടെങ്കിലും സുരക്ഷിതമല്ല. ചപ്പുചവറ് നീക്കം ചെയ്യാനുള്ള സംവിധാനമില്ല. മാർക്കറ്റ് സ്റ്റാളും കടകളുടെ ഷട്ടറുകളും സമയാസമയങ്ങളിൽ അറ്റകുറ്റപണി ചെയ്യാത്തതിനാൽ അപകടാവസ്ഥയിലാണ്. കച്ചവടസ്ഥാപനങ്ങൾക്ക് സുരക്ഷിതത്വവും ഇല്ല.

**28-ാം മൈൽ മാർക്കറ്റ്:** പഞ്ചായത്തിലെ മാർക്കറ്റ് വരുമാനത്തിന്റെ പകുതിയിലധികം ലഭിക്കുന്നത് 28-ാം മൈൽ മാർക്കറ്റിൽ നിന്നും, മാർക്കറ്റുമായി ബന്ധപ്പെട്ട സ്റ്റാൾ, കടകൾ എന്നിവയിൽ നിന്നുമാണ്. വേണ്ടത്ര സ്ഥലസൗകര്യമുണ്ടെങ്കിലും ഫലപ്രദമായല്ല ഉപയോഗിക്കുന്നത്. മത്സ്യക്കച്ചവടം നടത്തുന്ന സ്ഥലത്തെ മലിനജലവും, ചവറുകളും, മാടുകളെവെട്ടുന്ന സ്ഥലത്തെ അവശിഷ്ടങ്ങളും ഇഴുകിച്ചേർന്ന് ദുർഗ്ഗന്ധപൂരിതമാണ് മാർക്കറ്റന്തരീക്ഷം. മാർക്കറ്റിനകത്തുള്ള കിണർ ഉപയോഗ ശൂന്യമായും കിടക്കുന്നു. ഇതിനുപുറമേ സമീപത്തുള്ള ചിലവ്യാപാരികളും ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനുള്ള സ്ഥലമായി മാർക്കറ്റിനെ മാറ്റുന്നു. ആടുവിൽപനയുള്ള തിരുവനന്തപുരം-കൊല്ലം ജില്ലകളിലെ ചുരുക്കം ചില മാർക്കറ്റുകളിൽ ഒന്നാണിത്. മാർക്കറ്റിന്റെ മുൻവശത്തായി സ്ഥാപിച്ചിരിക്കുന്ന സ്റ്റാളും കടകളും യഥാസമയത്ത് അറ്റകുറ്റപ്പണിനടത്താത്തതിനാൽ ഇടിഞ്ഞുപൊളിഞ്ഞ് അപകടാവസ്ഥയിലാണ്. മാർക്കറ്റ് നിരപ്പായല്ലകിടക്കുന്നത്.

**തോളൂർ മാർക്കറ്റ്:** പഞ്ചായത്തുവക മാർക്കറ്റുകളിൽ ഏറ്റവും ചെറുതാണ് തോളൂർ മാർക്കറ്റ്. ആഴ്ചയിൽ ശനി, ബുധൻ എന്നീ ദിവസങ്ങളിൽ മാത്രമാണ് കാര്യമായി മാർക്കറ്റുകൂടുന്നത്. മാർക്കറ്റ് സ്റ്റാളുകളുണ്ടായിരുന്നത് സംരക്ഷിക്കാത്തതുമൂലം നശിച്ചുപോയി. കുരുമുളക്, കശുവണ്ടി തുടങ്ങിയ നാണ്യവിളകൾ ഈ മാർക്കറ്റിൽ കൂടുതലായി വിപണനത്തിനെത്തുന്നു.

കിഴക്കനേല-കപ്പാംവിള മാർക്കറ്റുകൾ: സ്ഥലവാസികൾ തന്നെ സംഘടിച്ചാണ് ഈ മാർക്കറ്റുകൾ ഉണ്ടാക്കിയത്. ഇവ രണ്ടും സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത്. സ്ഥിരമായി മാർക്കറ്റുകൂടാറില്ല. ഒരു ചുരുങ്ങിയ വിപണനമേഖലമാത്രമാണ് ഇവയ്ക്കുള്ളത്. കപ്പാം വിളമാർക്കറ്റിന് ഒരു വലിയ മാർക്കറ്റായി വികസിക്കാനുള്ള സാധ്യത വളരെകൂടുതലാണ്.

കടമ്പാട്ടുകോണം മത്സ്യവിപണനകേന്ദ്രം: പഞ്ചായത്ത് അതിർത്തിയിലായി കടമ്പാട്ടുകോണത്ത് വയൽ നികത്തി മത്സ്യമൊത്തക്കച്ചവടകേന്ദ്രം പ്രവർത്തിച്ചുവരുന്നു. ദിനം പ്രതി ലക്ഷക്കണക്കിനു രൂപയുടെ മത്സ്യവ്യാപാരം ഇവിടെ നടക്കുന്നു. എന്നാൽ പഞ്ചായത്തിന് യാതൊരു വരുമാനവും ഇതിൽനിന്നു ലഭിക്കുന്നില്ല. നിരവധി പരിതസ്ഥിതി പ്രശ്നങ്ങൾക്കും, ആരോഗ്യ പ്രശ്നങ്ങൾക്കും ഈ വിപണനകേന്ദ്രം വഴിതെളിക്കുന്നുണ്ട്.

ഗ്രാമസഭകളിൽ നിന്നുള്ള ആവശ്യങ്ങളും, പ്രശ്നങ്ങളും, പ്രശ്നപരിഹാര നിർദ്ദേശങ്ങളും:

1. നിലവിലുള്ള മാർക്കറ്റുകളിൽ മൂത്രപ്പുരയില്ല. മൂത്രപ്പുര നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

2. ചിലമാർക്കറ്റുകളിൽ കിണറുകളില്ല. കിണറുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

3. ചുറ്റുമതിൽ ഇല്ലാത്തമാർക്കറ്റുകളിൽ മതിൽ നിർമ്മിക്കുകയും, മലിനജലം ഒഴുക്കിക്കളയുന്നതിന് ഓട നിർമ്മിക്കുകയും ചെയ്യുക.

4. കടമ്പാട്ടുകോണം മത്സ്യവിപണകേന്ദ്രം പരിസരമലിനീകരണവും കൃഷിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഇതിന് പരിഹാരം ഉണ്ടാവണം. (നിർദ്ദേശം വന്നത് 13, 6, 7 എന്നീ വാർഡുകളിൽ നിന്ന്).

5.മാർക്കറ്റുകളിൽ മാംസവ്യാപാരം നടക്കുന്നതിനാൽ നായ്ക്കളുടെ ശല്യം വർധിക്കുന്നു. പേവിഷബാധയ്ക്ക് സാധ്യതയേറെയാണ്. ഇതിനു പരിഹാരം കാണുന്നതിനു വേണ്ടി സൗകര്യപ്രദമായ സ്ഥലത്ത് പഞ്ചായത്തുക ശാപ്പുശാല (സ്ലാട്ടർഹൗസ്) നിർമ്മിക്കണം.

6.പഞ്ചായത്തുവക മാർക്കറ്റ് സ്റ്റാളുകളുടേയും കടകളുടേയും അവസ്ഥ ശോചനീയമാണ്. സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി മാർക്കറ്റ് സ്റ്റാളുകളും കടകളും സംരക്ഷിക്കണം.

7.വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് ചപ്പുചവറുകൾ പബ്ലിക് മാർക്കറ്റിൽ നിക്ഷേപിക്കുന്നവർക്കെതിരെ നടപടിസ്വീകരിക്കണം.

8.മത്സ്യക്കച്ചവടം നടത്തുന്ന സ്ഥലം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണം. ഇതിനായി പ്രസ്തുതസ്ഥലം കോൺക്രീറ്റ്ചെയ്ത് കഴുകിവൃത്തിയാക്കണം.

9.മാർക്കറ്റുകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് സ്ഥിരം സംവിധാന മേർപ്പെടുത്തണം.

10.മാർക്കറ്റുകളിൽ പൊതുജനങ്ങളുടെ അറിവിലേക്കായി ഓരോ ഇനത്തിനുമേർപ്പെടുത്തിയ ചുങ്കം സൂചിപ്പിക്കുന്ന ബോർഡുവയ്ക്കണം. ഇതുപ്രകാരം തന്നെയാണോ പിരിവുനടത്തുന്നതെന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം.

പുതിയമാർക്കറ്റുകൾ ആരംഭിക്കുന്നതിനുള്ള ഗ്രാമസഭാ നിർദ്ദേശങ്ങൾ:

1.മടന്തപ്പച്ച വലിയപാറയിൽ ഏകദേശം രണ്ടേക്കറോളം വരുന്ന തരിശുഭൂമിയിൽ ഒരു പൊതുമാർക്കറ്റുണ്ടാക്കണം.

2.ചാവർകോട് കേന്ദ്രീകരിച്ച് ഒരു പബ്ലിക് മാർക്കറ്റുണ്ടാക്കണം.

3.പത്താം വാർഡിൽ ഒരു പബ്ലിക് മാർക്കറ്റ് സ്ഥാപിക്കുക.

4.പറകുന്ന് കേന്ദ്രീകരിച്ച് സ്ഥലം വാങ്ങി ഒരു മാർക്കറ്റ്സ്ഥാപിക്കുക.

**മാർക്കറ്റുകളിൽ നിന്നുള്ള വരുമാനം**

| നമ്പർ | മാർക്കറ്റിന്റെ പേര് | ആകെ വരുമാനം |
|---|---|---|
| 1 | നാവായിക്കുളം | 25110 |
| 2 | കല്ലമ്പലം | 35000 |
| 3 | 28-ാം മൈൽ | 100550 |
| 4 | തോജൂർ | 2550 |

നിലവിലുള്ള മാർക്കറ്റുകൾക്കുപുറമേ പല സ്ഥലങ്ങളിലും പ്രാദേശികമായിജനങ്ങൾ സ്വയം ഒത്തുകൂടുന്ന കേന്ദ്രങ്ങളുണ്ട്. ഇവയും വിപണനകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു.

**ലേലവരുമാനം സംബന്ധിച്ച വിവരങ്ങൾ**

| ചന്ത | സ്റ്റാൾ | ചവറ് | ഫലവൃക്ഷങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 163210 | 40974 | 334.40 | 1134.20 | 51 |

# 7. പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളാണ്. ഗൾഫ് വരുമാനത്തിന്റെ പിൻബലത്തിൽ ഈ മേഖലയിൽ ഒരു കോൺക്രീറ്റ് സംസ്കാരത്തിന്റെ പ്രകടമായ സ്വാധീനം ഉള്ളതായി കാണാം. ഉള്ളതെല്ലാം കൊണ്ട് കൊട്ടാരങ്ങൾ നിർമിക്കുന്ന പഴയ രാജസംസ്കാരത്തിന്റെ മാതൃക പാർപ്പിടമുണ്ടാക്കുന്നതിൽ ഇന്നും നഗ്നമായി അനുകരിക്കുന്നു എന്നുള്ളതാണ് വസ്തുത. എന്നാൽ ഈ കോൺക്രീറ്റ് സംസ്കാരത്തിലും അന്തിയുറങ്ങാൻ ഓലക്കുടിലിനെ ആശ്രയിക്കുന്നവരും, സ്വന്തമായി ഭൂമിയില്ലാത്തവരുമാണ് ഈ പഞ്ചായത്തിൽ അധികവും. ധാരാളിത്തത്തിന്റേയും, ഇല്ലായ്മയുടേയും കൂത്തരങ്ങാണ് ഇന്നീമേഖല.

ഏകദേശം 30 കൊല്ലങ്ങൾക്കു മുമ്പുവരെ പ്രാദേശികസുലഭമായി ലഭിച്ചിരുന്ന പ്രകൃതി വിഭവങ്ങളായ തടി, ഓല, മുള, മണ്ണ് എന്നിവ ഉപയോഗിച്ചായിരുന്നു പഞ്ചായത്തിലെ പാർപ്പിടങ്ങളധികവും നിർമിച്ചിരുന്നത്. രാജവാഴ്ചയുടെ പ്രൗഢിയെ അനുസ്മരിപ്പിക്കുന്ന ശില്പചാതുര്യത്തിലുള്ള കൊട്ടാരങ്ങളും സംസ്കാരസമ്പന്നയായ നാവായിക്കുളം പഞ്ചായത്തിൽ വളരെയേറെയുണ്ടായിരുന്നു. മുൻകാലങ്ങളിൽ കൃഷിയുടേയും, സുഖകരമായ ജീവിയസാഹചര്യങ്ങളുടേയും സ്വാധീനത്തിൽ വയൽക്കരകളും തോടുവക്കുകളുമാണ് പാർപ്പിടം നിർമിക്കാനുപയോഗിച്ചിരുന്നത്. കൃഷിയിൽ മേൽനോട്ടം വഹിക്കുന്നതിനും പ്രകൃതി വിഭവങ്ങളെ പരുപോഷിപ്പിക്കുന്നതിനുംഇതുമൂലം കഴിഞ്ഞിരുന്നു. ഇപ്രകാരം അധിവസിച്ചിരുന്ന കാലത്ത് സംസ്കാരങ്ങളെ സമ്പന്നമാക്കുന്നതിനും പ്രകൃതിയ്ക്കനുസരിച്ചുള്ള ജീവിതശൈലി സ്വീകരിക്കുന്നതിനും മനുഷ്യനുകഴിഞ്ഞിരുന്നു എന്നുള്ളതാണ് വസ്തുത.

എന്നാലിന്ന് തികച്ചും വിപരീതമായ അധിവാസരീതിയാണുകാണുന്നത്. പ്രകൃതിവിഭവങ്ങളെ ഉപയോഗിക്കുന്നതിനുപകരം അസംസ്കൃതവസ്തുക്കളാണ് കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ചു വരുന്നത്. സിമന്റ്, കമ്പി, ഹോളോബ്രിക്സ്, ചുടുകട്ട എന്നിവയുപയോഗിച്ചാണ് ഇന്നത്തെ കെട്ടിടങ്ങളിൽ അധികവും നിർമിക്കുന്നത്. ഫൈവ്സ്റ്റാർ ജീവിത രീതിയെ അനുകരിക്കുന്ന മാർബിൾ, ടൈൽസ്, റോക്ക്ഫർണിഷ്ഡ് മെറ്റീരിയൽസ്, എന്നിവയുപയോഗിച്ചുള്ള ബഹുനില കെട്ടിടങ്ങൾ ഇന്ന് ഗ്രാമപ്രദേശങ്ങളിൽപോലും കാണാൻ സാധിക്കും. ഇത് നമ്മുടെ സാമ്പത്തിക ഭദ്രതയെ തകർക്കുമെന്നു മാത്രമല്ല, വിദേശീയ സംസ്കാരത്തിന്റെ അന്ധമായ അനുകരണവുമാണ്. മുൻകാലങ്ങളിൽ വയൽക്കരകളാണ് വീട് നിർമിക്കാൻ ആശ്രയിച്ചിരുന്നതെങ്കിൽ ഇന്ന് റോഡ് പാർശ്വങ്ങളെയാണ് വീടു നിർമിക്കുവാൻ ആശ്രയിക്കുന്നത്. ഇത് തികച്ചും അശാസ്ത്രീയവും, പരിസ്ഥിതി മലിനീകരണപ്രശ്നങ്ങൾക്കു കാരണവുമാകുന്നു. കുന്നുകളെ വെട്ടിനിരപ്പാക്കിയും

11. ഭൂരഹിതരായവർക്ക് നിലവിലുള്ള പദ്ധതി പ്രകാരം അടിയന്തിര ആശ്വാസം ലഭിക്കുന്ന രീതിയിൽ പദ്ധതികൾ പുനരാവിഷ്കരിക്കണം.

12. ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന തെങ്ങിനെയെന്ന് ജനങ്ങളിൽ ബോധവൽക്കരണം നടത്തണം.

**സാമൂഹ്യക്ഷേമം**

ദാരിദ്ര്യനിർമ്മാർജ്ജനവും അധഃസ്ഥിത വിഭാഗങ്ങളുടെ ഉന്നമനവും ലക്ഷ്യമാക്കി വിവിധതരം പദ്ധതികൾക്ക് ഇതിനകം തന്നെ ഗവണ്മെന്റ് രൂപം നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ പ്രധാനപ്പെട്ടവ ദാരിദ്ര്യ നിർമ്മാർജ്ജന സംയോജിത ഗ്രാമ വികസന പരിപാടികളും വിവിധ പെൻഷൻ പദ്ധതികളുമാണ്. ഈ ക്ഷേമ പദ്ധതികളൊക്കെത്തന്നെ സൗജന്യമായും, സബ്സിഡിയോടുകൂടി വായ്പയായും തുക നൽകാറുണ്ട്. ഇത്തരം വായ്പകളിൽ വായ്പത്തുകമാത്രം പലിശയുൾപ്പെടെ ചെറുഗഡുക്കളായി തിരിച്ചടച്ചാൽ മതി. സ്വയം തൊഴിൽ സംരംഭത്തിനാണ് തുക ലഭിക്കുന്നതെങ്കിൽ സംരംഭത്തിൽ നിന്ന് സ്ഥിരമായി വരുമാനം ലഭിച്ചു തുടങ്ങുന്നതു വരെ വായ്പയുടെ തിരിച്ചടവ് നിർബന്ധിതമല്ല. എന്നാൽ ഇന്നത്തെ മത്സരക്കമ്പോളത്തിൽ ഇത്തരം പ്രോജക്ടുകൊണ്ട് ആരംഭിക്കുന്ന സംരംഭങ്ങൾ പരാജയപ്പെടുന്നു എന്നുള്ളതാണ് വസ്തുത. ഗവണ്മെന്റിന്റെ വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് താഴെ പ്രതിപാദിച്ചിട്ടുണ്ട്.

**പഞ്ചായത്തിലെ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ**

052-1

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽക്കൂരയുടെ സ്വഭാവം | | | | |
|---|---|---|---|---|---|---|
| | | ഒന്നിൽകൂടുതൽ നിലവിലുള്ള കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| I | 83 | 18 | 253 | 238 | 293 | 29 |
| II | 1194 | 19 | 330 | 442 | 398 | 24 |
| III | 1102 | 39 | 416 | 369 | 276 | 14 |
| IV | 1049 | 11 | 216 | 320 | 473 | 40 |
| V | 894 | 8 | 139 | 313 | 422 | 20 |
| VI | 1144 | 10 | 204 | 320 | 560 | 60 |
| VII | 1600 | 22 | 342 | 504 | 654 | 100 |
| VIII | 1072 | 18 | 270 | 340 | 415 | 47 |
| IX | 1005 | 36 | 247 | 286 | 428 | 44 |
| X | 858 | 15 | 225 | 258 | 335 | 40 |
| XI | 991 | 18 | 209 | 265 | 482 | 35 |
| XII | 660 | 8 | 187 | 193 | 217 | 63 |
| ആകെ | 12382 | 222 | 3038 | 3875 | 4953 | 516 |

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| 1 | 813 | 16 | 253 | 238 | 293 | 29 | – |
| 2 | 1194 | 19 | 330 | 442 | 398 | 24 | 3 |
| 3 | 1102 | 39 | 416 | 396 | 276 | 14 | – |
| 4 | 1049 | 11 | 216 | 320 | 473 | 40 | 6 |
| 5 | 894 | 8 | 139 | 313 | 422 | 20 | 2 |
| 6 | 1144 | 10 | 204 | 320 | 560 | 60 | 1 |
| 7 | 1600 | 22 | 342 | 504 | 654 | 100 | 2 |
| 8 | 1072 | 18 | 270 | 340 | 415 | 47 | 3 |
| 9 | 1005 | 36 | 247 | 286 | 428 | 44 | 3 |
| 10 | 858 | 15 | 225 | 258 | 335 | 40 | 4 |
| 11 | 991 | 18 | 209 | 265 | 482 | 35 | 4 |
| 12 | 660 | 8 | 187 | 193 | 217 | 63 | 2 |
| ആകെ | 12382 | 222 | 3038 | 3875 | 4953 | 516 | |


052- 2
15,000
10,000
5000
കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ നമ്മുടെ പഞ്ചായത്തുകളിലെ കെട്ടിടങ്ങളാൽ വന്നിട്ടുള്ള വർദ്ധനവ്
Note: 5cm = 5000 scale.
Scale 5cm-5000 buildings)
io 12096 buildings = 24.2cm
11578bm = 23.59cm.
11578bm = 23.15
10340 bm = 20.68
19.8
1995-96
94-95
93-94
92-93
92-91

## നാവായിക്കുളം ഗ്രമപഞ്ചായത്തിൽ
## I. R. D. P. സർവ്വേ പ്രകാരം - ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം.

| വാർഡ് | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം. | ഇതിൽ SC / ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ. 1996 - 1997. | ഇതിൽ SC / ST കുടുംബങ്ങൾ |
|---|---|---|---|---|
| വാർഡ്. I | 155 | 12 | 2 | 1 |
| വാർഡ്. II | 206 | 52 | 7 | 3 |
| വാർഡ്. III | 162 | 25 | 6 | 4 |
| വാർഡ്. IV | 346 | 67 | 5 | 2 |
| വാർഡ്. V | 149 | 8 | 4 | 2 |
| വാർഡ്. VI | 240 | 90 | 3 | 2 |
| വാർഡ്. VII | 397 | 107 | 12 | 6 |
| വാർഡ്. VIII | 150 | 67 | 16 | 8 |
| വാർഡ്. XI | 186 | 99 | 2 | 1 |
| വാർഡ്. X | 242 | 50 | 6 | 4 |
| വാർഡ്. XI | 291 | 92 | 6 | 4 |
| വാർഡ്. XII. | 151 | 44 | 4 | 3 |

**ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)**

| വാർഡ് നമ്പർ | IRDP സർവ്വേപ്രകാരം ഗ്രാമീണകൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ | കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 37 | 5 | 37 | |
| 2 | 17 | 4 | 17 | |
| 3 | 11 | 7 | 11 | |
| 4 | 41 | 6 | 41 | |
| 5 | 13 | 2 | 13 | |
| 6 | 42 | 4 | 42 | |
| 7 | 62 | 16 | 62 | |
| 8 | 19 | 2 | 19 | |
| 9 | 14 | 5 | 14 | |
| 10 | 22 | 4 | 22 | |
| 11 | 35 | 3 | 35 | |
| 12 | 9 | 5 | 9 | |

### സംയോജിത ഗ്രാമ വികസന പരിപാടി (I.R.D.P)

ദാരിദ്ര്യ നിർമ്മാർജ്ജനവും പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനവും ലക്ഷ്യമാക്കി കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകൾ തുല്യതോതിൽ ചിലവിടുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംയോജിത ഗ്രാമ വികസന പരിപാടി. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് വരുമാനം വർധിപ്പിക്കുന്നതിനാവശ്യമായ ആസ്തിയും നിക്ഷേപവും നൽകുന്നതാണ് ഈ പദ്ധതി.

നാവായിക്കുളം പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ കഞളജ സർവ്വേ പ്രകാരം കണ്ടെത്തുകയും അവർക്ക് സ്വയം തൊഴിലിനു വേണ്ടിയുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇന്ന് അർഹതയുള്ളവർക്കല്ല ഈ ക്ഷേമപദ്ധതി പ്രകാരം സഹായം ലഭിക്കുന്നത്. സഹായം ലഭിച്ചവർ തന്നെ സംരംഭം പൂർത്തിയാക്കുകയോ പ്രവർത്തനം തുടങ്ങുകയോ ചെയ്യാത്തവരായുണ്ട്. ഇന്ന് നിലവിലുള്ള മത്സരക്കമ്പോളത്തിൽ ഈ സംരംഭങ്ങളിൽ നിന്നും ഉള്ള ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുവാൻ സാധിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. 1991 മുതൽ 97 വരെയുള്ള കാലയളവിൽ പഞ്ചായത്തിലുള്ള ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ പട്ടിക താഴെ കാണിക്കുന്നു.

### ഗ്രാമീണ ശിശുവികസന പരിപാടി (D.W.C.R.A.)

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് ഉ.ണ.ഇ.ഞ.അ. സ്ത്രീകളുടെ സ്വാശ്രയത്വം മുൻനിർത്തി, അവരുടെ കുടുംബവരുമാന വർധനയ്ക്ക് സഹായിക്കുന്ന കൂട്ടായ സാമ്പത്തിക പരിപാടികൾ ഏറ്റെടുക്കാൻ സഹായിക്കുന്ന ഈ പരിപാടിയും കഞളജ യുടെ അനുബന്ധമാണ്. സംസ്ഥാനത്ത് വയനാട്, പാലക്കാട്, ഇടുക്കി, മലപ്പുറം, കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിലെ എല്ലാ ബ്ലോക്കുകളിലും ഈ പരിപാടി യൂണിസെഫ് സഹായത്തോടെ നടപ്പാക്കുന്നു. വനിതകളുടെ ഗ്രൂപ്പുകളാണ് ഈ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നത്. ഈ ഗ്രൂപ്പിന് പൊതുവായി താൽപര്യമുള്ള ഒരു തൊഴിൽ സംരംഭം ഏറ്റെടുക്കാൻ വായ്പയും സബ്സിഡിയും ലഭിക്കും. സ്വയം തൊഴിൽ യൂണിറ്റുകളിൽ പ്രവർത്തിയെടുക്കുന്ന അമ്മമാരുടെ കുഞ്ഞുങ്ങൾക്ക് പരിചരണം നൽകാൻ ക്രഷ് തുടങ്ങിയവ ഏർപ്പെടുത്താനും ഈ പരിപാടി ലക്ഷ്യമിടുന്നത്.

### ക്ഷേമനിധി

കർഷകത്തൊഴിലാളിക്ഷേമനിധി, കെട്ടിട നിർമ്മാണക്ഷേമനിധി, കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി എന്നിവയുടെ ആനുകൂല്യം ലഭിക്കുന്ന വിവിധ ഭാഗങ്ങളിൽപ്പെട്ട ധാരാളം തൊഴിലാളികൾ നമ്മുടെ ഗ്രാമ പഞ്ചായത്തിലുണ്ട് എങ്കിലും വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന ധാരാളം തൊഴിലാളികൾ ക്ഷേമനിധി അംഗങ്ങളാകാൻ ബാക്കിയുണ്ട്.

### തൊഴിലില്ലായ്മവേതനം.

S.S.L.C യോ തത്തുല്യമായ വിദ്യാഭ്യാസ യോഗ്യതയുള്ളവരും Employment Exchangeൽ പേര് രജിസ്റ്റർ ചെയ്തു മൂന്ന് വർഷം പൂർത്തിയാക്കിയാൽ സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന യുവതീ യുവാക്കൾക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ഈ ആനുകൂല്യം ലഭിക്കുന്നവർ അർഹരായ പലരുമുണ്ട്. അർഹരായ എല്ലാവർക്കും ഈ ആനുകൂല്യം ലഭിക്കുന്നില്ലെന്ന ആക്ഷേപം ഗ്രാമസഭയിൽ പരക്കെ ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ വിശദമായ നിരീക്ഷണത്തിന് വിധേയമാക്കി അപാകതകൾ പരിഹരിക്കേണ്ടതാണ്. നാമമാത്രമായി ലഭിക്കുന്ന ഈ സഹായം കൃത്യമായി ലഭിക്കുന്നില്ലെന്ന പരാതിയും നിലനിൽക്കുന്നു.

**സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹങ്ങൾക്കുള്ള സാമ്പത്തിക സഹായം.**

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹനടത്തിപ്പിന് 2000/- രൂപ സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും നൽകിവരുന്നു. അച്ഛനമ്മമാർ മരിച്ചുപോയ ദരിദ്രകുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനും ഈ ധനസഹായം ലഭിക്കുന്നു.

**പൊതുവിതരണ കേന്ദ്രങ്ങൾ**

1964-ൽ സംസ്ഥാനത്ത് സ്റ്റാട്ടൂട്ടറി റേഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തിയപ്പോൾ ന്യായവില ഷോപ്പുകൾ നിലവിൽ വന്നു. അന്ന് നമ്മുടെ പഞ്ചായത്തിൽ ആറു ന്യായവില ഷോപ്പുകൾ ഉണ്ടായിരുന്നു. ഇന്ന് നമ്മുടെ പഞ്ചായത്തിൽ 19 ന്യായവില ഷോപ്പുകൾ നിലവിലുണ്ട്.

**ട്രൈസം**

ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകുടിൽ വ്യവസായ, സർവ്വീസ് മേഖലകളിൽ സ്വയം തൊഴിൽ പരിശീലനം കൊടുത്ത് I. R. D. P യുടെ പൂർണ പ്രയോജനം അവർക്ക് ലഭ്യമാക്കാനുദ്ദേശിക്കുന്നതാണ് ഈ പരിപാടി. പരിശീലനാനന്തരം, സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പയും സബ്സിഡിയും കൊടുത്ത് നിശ്ചിത തൊഴിൽ തുറകളിൽ അവരെ കുടിയിരുത്തുന്നതിന് IRDP യുടെ ഈ അനുബന്ധ പരിപാടി സഹായിക്കുന്നു. ഐ.ടി.ഐ.കൾ, പോളിടെക്നിക്കുകൾ, എഞ്ചിനിയറിംഗ് കോളേജുകൾ മറ്റ് സാങ്കേതിക സ്ഥാപനങ്ങൾ തുടങ്ങിയവയിലും വിദഗ്ധരുടെ കീഴിലുമാണ് പരിശീലനം. തൊണ്ണൂറോളം ട്രേഡുകളിൽ പരിശീലനത്തിന് സൗകര്യമുണ്ട്. രണ്ടുമാസം മുതൽ ഒരു വർഷം വരെ കാലാവധിയുള്ള ട്രേഡുകളാണിവ.

I.R.D.P ലക്ഷ്യവിഭാഗത്തിൽ 18നും 35നും മധ്യേ പ്രായമുള്ളവർ പരിശീലനത്തിനർഹരാണ്. എന്നാൽ നിരാലംബരായ വിധവകൾ, വിമോചിതരായ അടിമപ്പണിക്കാർ, ജയിൽ വിമോചിതർ, വലിയ വികസന പദ്ധതികൾ മൂലം മാറ്റിപ്പാർപ്പിക്കപ്പെട്ടവർ, കുഷ്ഠരോഗത്തിൽ നിന്നും മോചിതരായവർ എന്നിവരെ സംബന്ധിച്ചിടത്തോളം പ്രായപരിധി 45 വയസുവരെയാകാം. ഗുണഭോക്താക്കളിൽ 50% പട്ടികജാതി പട്ടികവർഗക്കാരും 40% വനിതകളുമായിരിക്കും.

**കേന്ദ്രഗ്രാമശുചിത്വ പരിപാടി (CRSP)**

ഗ്രാമങ്ങളിലെ ശുചിത്വസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി നടപ്പിലാക്കുന്ന പരിപാടിയാണിത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമിക്കുന്നതിന് 2000 രൂപ ധനസഹായം നൽകുന്നു.

**വിവിധപെൻഷനുകൾ**

നമ്മുടെ പഞ്ചായത്തിൽ വാർധക്യകാല പെൻഷൻ, വികലാംഗപെൻഷൻ, കർഷകത്തൊഴിലാളിപെൻഷൻ, വിധവാപെൻഷൻ എന്നിങ്ങനെ വിവിധതരം പെൻഷനുകൾ ലഭിക്കുന്നവരുണ്ട്. ഇവ കൃത്യസമയത്ത് ലഭിക്കുന്നില്ലായെന്നും, ഇങ്ങനെയുള്ള ധനസഹായം കുറവാണെന്നും, അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ലെന്നും ഗ്രാമസഭകളിൽ നിന്നും പരക്കെ ആക്ഷേപമുണ്ട്.

**പ്രശ്നങ്ങൾ**

1. ദാരിദ്ര്യരേഖയുടെ സാമ്പത്തിക പരിധി ശരിയല്ല.
2. IRDP ലോണുകൾ നൽകുന്നതിന് സമയദൈർഘ്യം അനുഭവപ്പെടുന്നു.
3. അനർഹർ IRDP ലിസ്റ്റിൽ കടന്നുകൂടുന്നു.
4. കഞളജ ലോണുകളുടെ തിരിച്ചടവ് ശരിയായി നടക്കുന്നില്ല.
5. DWCRA യൂണിറ്റുകൾ ശരിയായി നടക്കാറില്ല.
6. ട്രൈസം വഴി പരിശീലനം ലഭിച്ച മുഴുവൻ പേർക്കും സ്വയം തൊഴിൽ ചെയ്ത് ജീവിക്കുവാനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നില്ല.
7. CRSP പദ്ധതി പ്രകാരം കക്കൂസുകൾക്ക് അനുവദിക്കുന്ന തുക അപര്യാപ്തമാണ്.

വികലാംഗരെകുറിച്ചുള്ള വിവരങ്ങൾ

| അംഗവൈകല്യത്തിന്റെ സ്വഭാവം | വികലാംഗരുടെ എണ്ണം | | |
|---|---|---|---|
| | പു | സ്ത്രീ | ആകെ |
| ചലനവൈകല്യം | 70 | 46 | 116 |
| കാഴ്ച | 12 | 17 | 29 |
| കേൾവി | 70 | 14 | 84 |
| മന്ദബുദ്ധി | 15 | 6 | 21 |
| മറ്റിനം | 5 | 1 | 6 |
| ആകെ | 172 | 84 | 256 |

## ഗ്രന്ഥശാലകളുടെ പൊതുസ്ഥിതി

| ഗ്രന്ഥശാലയുടെ എണ്ണം | അംഗങ്ങൾ | സ്ഥാപിച്ചവർഷം | ഗ്രന്ഥങ്ങളുടെ എണ്ണം | പ്രതിദിന വിതരണം | മറ്റ് പ്രവർത്തനങ്ങൾ | സ്വന്തമായി കെട്ടിടമുണ്ടോ |
|---|---|---|---|---|---|---|
| വിവേകോദയം ഗ്രന്ഥശാല | 1293 | 1950 | 8000 | 30 | സ്പോട്സ് ക്ലബ്ബ് | ഉണ്ട് |
| വിജ്ഞാനപ്രദായിനി | 1137 | 4-6-1954 | 5689 | 28 | സ്പോഴ്സ് ക്ലബ്ബ് | ഉണ്ട് |
| ഗ്രന്ഥശാല, കടമ്പാട്ടുകോണം | | | | | ആട്സ് ക്ലബ്ബ് | ഉണ്ട് |
| ഗ്രാമസേവാസംഘം | 902 | 1971 | 3963 | 15 | സ്പോട്സ് ക്ലബ്ബ് | ഉണ്ട് |
| ഇടമൺനില | | | | | ആട്സ് ക്ലബ്ബ് | |
| ദേശാഭിമാനി | 269 | 1980 | 1346 | 12 | ആട്സ് ക്ലബ്ബ് | ഇല്ല |
| നവോദയാഗ്രന്ഥശാല | 215 | 1984 | 1050 | 05 | സ്പോട്സ് ക്ലബ്ബ് | ഉണ്ട് |

# സംസ്ക്കാരം

അതി പ്രാചീന കാലം മുതൽ തന്നെ ഈ പഞ്ചായത്തിന്റെ സമസ്ത മേഖലകളിലും അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വളർന്നു വന്നിരുന്നു. ഗുരുകുലവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ കാലഘട്ടം മുതൽ വളർന്നു വന്ന ഒരു സാംസ്ക്കാരിക പൈതൃകം തന്നെ നമുക്കവകാശപ്പെടാനുണ്ട്. നാനാ ജാതി മതസ്തരും മത മൽസരമില്ലാതെ ജീവിക്കുന്ന പ്രശാന്തസുന്ദരമായ ഈ ചെറു ഗ്രാമം ചെറുകിട കർഷകരും കർഷകതൊഴിലാളികളും കശുവണ്ടി തൊഴിലാളികളും അടങ്ങുന്നതാണ്. അഞ്ചു ശതകത്തിനുമേൽ പഴക്കമുള്ള നാവായിക്കുളം ശ്രീ ശങ്കരനാരായണ സ്വാമി ക്ഷേത്രം, അതിപുരാതനമായ നാവായിക്കുളം വലിയ പള്ളി തുടങ്ങിയ ആരാധനാലയങ്ങളും മറ്റും ഇവിടുത്തെ സർവ്വമത മൈത്രിയുടെ തിളക്കമാർന്ന ഉദാഹരണങ്ങളാണ്. ഓട്ടൻ തുള്ളൽ, കഥകളി, ചാക്യാർ കൂത്ത്, പാഠകം, ഭാഗവതപാരായണം, മതപ്രസംഗം തുടങ്ങിയവ അന്നും ഇന്നും ഇവിടുത്തെ സാംസ്ക്കാരിക പാരമ്പര്യം വിളിച്ചോതുന്നവയാണ്. നാവായിക്കുളം ശങ്കരനാരായണ സ്വാമി ക്ഷേത്രത്തിലെ ഉത്സവപരിപാടികളിൽ ജാതി മതഭേദചിന്ത കൂടാതെ സമസ്ത വിഭാഗം ജനങ്ങളും സഹകരിക്കുന്നു എന്നുളളത് തദ്ദേശീയരുടെ ദേശീയോത്സവത്തിന്റേയും ജീവിതത്തിന്റേയും സംസ്ക്കാരത്തിന്റേയും മനുഷ്യസ്നേഹത്തിന്റേയും ഭാഗമാണെന്നോർക്കേണ്ടതുണ്ട്.

നാവായിക്കുളം ക്ഷേത്രത്തിന്റെ കിഴക്കുഭാഗത്തായി പ്രാതസ്മരണീയനായ കുമാരപിളളസാർ അവർകളുടെ മേൽനോട്ടത്തിൽ പ്രവൃത്തിച്ചിരുന്ന ആദ്യകാല വായനശാല, 1950 ൽ 28 മൈൽ കേന്ദ്രീകരിച്ച് കല്ലുവാങ്ങൽ ഗോപാലൻ സാറിന്റെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ട വിവേകോദയം ഗ്രന്ഥശാല, കടമ്പാട്ടുകോണം വിജ്ഞാന പ്രദായനി ഗ്രന്ഥശാല, ഇടമൺനിലയിലെ ഗ്രാമസേവാസംഘം ഗ്രന്ഥശാല തുടങ്ങി അതി പ്രശസ്ഥങ്ങളായ നിരവധി വായനശാലകൾ ഇവിടുത്തെ സാംസ്ക്കാരിക അഭ്യൂന്നതിയുടെ ഉറവിടങ്ങളാണ്. ഈ ഗ്രന്ഥശാലകൾക്കു പുറമേ പഞ്ചായത്തിന്റെ വിവിധ മേഖലകളാൽ പ്രവൃത്തിക്കുന്ന കലാ കായിക ക്ലബ്ബുകൾ, ഏറെക്കാലം പ്രവൃത്തനക്ഷമമായിരുന്ന 'നിള' എന്ന കലാ സാംസ്ക്കാരിക സമിതി, ദേശാഭിമാനി ഗ്രന്ഥശാലയും, കലാ സാംസ്ക്കാരിക സമിതിയും, P.S.A.C തുടങ്ങിയവ നമ്മുടെ യശസ്സുയർത്തിപ്പിടിക്കാൻ സഹായകമായ സാംസ്ക്കാരിക സമിതികളാണ്. കേരളത്തിന്റെ തനതുകലയായ കഥകളി പ്രതിവർഷം ഒന്നിലധികം തവണ നാവായിക്കുളം കഥകളി ആസ്വാദക സംഘത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷേത്രാങ്കണത്തിൽ ഇന്നും നടത്തി വരുന്നു. അവയിൽ ചിലതെല്ലാം ഇന്ന് നിലവിലില്ല.

വായനശാലകളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനു പുറമേ പ്രസിദ്ധങ്ങളായിട്ടുളള പത്രമാസികകളും എല്ലാ വിഭാഗം ജനങ്ങളും നിത്യേന പാരായണം ചെയ്യപ്പെടുന്നു. എന്നാൽ ഗ്രന്ഥ പാരായണ ശീലം മുൻ കാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചുവരുന്നതായി

സ്ത്രീകളുടെ പങ്ക് പുരുഷൻമാരെ അപേക്ഷിച്ച് കുറവാണ്. തൊഴിൽ പങ്കാളിത്തത്തെക്കുറിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| തൊഴിലാളികൾ | പുരുഷൻ | സ്ത്രീ |
|---|---|---|
| കർഷകർ | 1826 | 308 |
| കർഷകതൊഴിലാളി | 2231 | 796 |
| മൈനിംഗ് & ക്വാറി | 58 | 14 |
| കുടിൽ വ്യവസായങ്ങൾ | 54 | 22 |
| നിർമ്മാണ-തൊഴിലാളികൾ | 316 | 07 |
| വ്യാപാരം | 729 | 53 |
| ട്രാൻസ്പോർട്ട്, വാർത്താവിനിമയം | 319 | 15 |
| കോൺട്രാക്റ്റ് | 861 | 1830 |
| പരമ്പരാഗത തൊഴിലാളി | 56 | 20 |
| മറ്റു ജീവനക്കാർ | 678 | 336 |
| ആകെ | 7645 | 4536 |

1991-ലെ സെൻസസ് റിപ്പോർട്ട് കാണിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള ഒരു ചാർട്ട് ആണ് ഇവിടെ കാണിച്ചിരിക്കുന്നത്. ഇതിലെ കണക്കുകൾ കൃത്യമല്ലെങ്കിലും ഇതിൽ നിന്നും വ്യക്തമാകുന്ന ഒരു വസ്തുത നമ്മുടെ പ്രദേശത്തെ സ്ത്രീകളിൽ ഭൂരിപക്ഷവും തൊഴിലില്ലാത്തവരാണ് എന്നതിലുപരി തൊഴിലുള്ളവർ തന്നെ വേതനം കുറഞ്ഞ മേഖലകളിലാണ് ജോലി നോക്കുന്നത് എന്നാണ്. ഗവൺമെന്റ് മേഖലകളിൽ അവർ പിന്നോക്കമാണെന്നതും വസ്തുതയാണ്. നമ്മുടെ സമീപ പ്രദേശത്തെ പഞ്ചായത്തുകളിൽ നിന്നും ഭിന്നമായി നമ്മുടെ പഞ്ചായത്തുകളിൽ സ്ത്രീ തൊഴിലാളികൾക്ക് പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിൽ തൊഴിൽ ലഭിക്കുന്നു. കാപ്പെക്സിന്റെയും കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെയും ഓരോ കശുവണ്ടി ഫാക്ടറിയും മാനേജ്മെന്റിന്റെ കീഴിൽ 5 ഫാക്ടറികളും ഇവിടെ ഉണ്ട്. ഇവയിൽ 3000- ഓളം വനിതാ തൊഴിലാളികൾ പണിയെടുക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ കാണുന്ന ഒരു പ്രധാന പ്രശ്നം ചില കോളനികളിലെ സ്ത്രീകളുടെ അവസ്ഥയാണ്. തൊഴിലിനു പോയി സ്ത്രീ സമ്പാദിക്കുന്ന പണം മാത്രമാണ് കുടുംബത്തിന്റെ വരുമാനം. ഒരു കുടുംബത്തിന്റെ ദൈനംദിന ചിലവിന് വേണ്ടി പകലന്തിയോളം കാർഷിക മേഖലയിലായാലും പാറ തൊഴിൽ മേഖലയിലായാലും പണിയെടുക്കേണ്ടതായി വരുന്നു. അതിനാൽ കുടുംബത്തിലെ മറ്റു കാര്യങ്ങളിൽ സ്ത്രീകൾക്ക് ശ്രദ്ധിക്കാൻ കഴിയാതെ വരുന്നു. കുട്ടികളെ കൃത്യമായി സ്കൂളിൽ പറഞ്ഞയക്കുവാൻ കഴിയാതെ വരുന്നു. സ്കൂളിൽ കുട്ടികൾ കൊഴിഞ്ഞു പോകുന്നതിനും കോളനികളിൽ നിരക്ഷരത വർദ്ധിക്കുന്നതിനും ഇത് വഴി തെളിക്കും. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ബഹുദൂരം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ കാണുന്ന മറ്റൊരു വേർതിരിവ് വേതനത്തെ സംബന്ധിക്കുന്നതാണ്. ഒരേ കാലയളവിൽ തൊഴിലെടുക്കുന്ന സ്ത്രീപുരുഷ തൊഴിലാളികൾക്ക് വ്യത്യസ്ത വേതന നിരക്കാണ് നിലനില്ക്കുന്നത്. കാർഷിക മേഖലയിൽ ബുദ്ധിമുട്ടേറിയ തലച്ചുമട് പോലുള്ള ജോലികൾക്ക് വളരെ കുറഞ്ഞവേതന നിരക്കാണ് ഇന്നും നിലനിൽക്കുന്നത്. ഈ തൊഴിലിലേർപ്പെട്ടിരിക്കുന്നത് കൂടുതലും സ്ത്രീ തൊഴിലാളികളാണ് എന്നതാവാം ഇതിനു കാരണം.

കശുവണ്ടിമേഖലയിൽ കൂടുതലും പണിയെടുക്കുന്നത് സ്ത്രീകളാണ്. അതുപോലെ കാർഷിക ജോലികളിലും അവർ ഏർപ്പെടുന്നു. വർഷത്തിൽ കുറച്ചുമാത്രം ദിവസങ്ങളിലാണ് കശുവണ്ടി ഫാക്ടറികളിൽ തൊഴിൽ ലഭിക്കുക. ഫാക്ടറികളിലെ തൊഴിൽദിനങ്ങൾ കാർഷിക മേഖലയിലെ തൊഴിൽ ലഭിക്കുന്ന അവസരത്തിലാകുന്നത് ഈ രണ്ട് മേഖലകളിലും പണിയെടുക്കുന്നവർക്ക് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുത്തുന്നു. ആസൂത്രിതമായി ക്രമീകരിച്ചാൽ ഈ രണ്ടു മേഖലയിലും തൊഴിലെടുക്കുന്നവർക്ക് രണ്ട് തൊഴിൽമേഖലകളിലും പണിയെടുക്കുന്നതിലുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിയും.

കോളനികളിലും പണിയെടുക്കുന്ന സ്ത്രീകൾക്ക് പ്രാഥമിക സൗകര്യങ്ങൾക്കുള്ള സാഹചര്യങ്ങൾ ഇല്ലാത്ത അവസ്ഥയുണ്ട്. പഞ്ചായത്തിലെ നല്ലൊരു ശതമാനം വീടുകളും സ്ത്രീയെ ആശ്രയിച്ചു കഴിയുന്നവരാണ്. ഹരിജനങ്ങൾ അധിവസിക്കുന്ന കോളനികളിലാണ് ഇങ്ങനെയുള്ള വീടുകൾ അധികമായി കാണുന്നത്. 9–ാം വാർഡിലെ തൊഴിലാളി കുടുംബങ്ങളിലധികവും നേതൃത്വം നൽകുന്നത് സ്ത്രീ തൊഴിലാളികളാണ്. സ്ത്രീധനത്തിന്റെ പ്രശ്നത്തിൽ വിവാഹിതരാകാൻ കഴിയാത്ത പെൺകുട്ടികളും ഉണ്ട്. പെൺകുട്ടികളെ വിവാഹം കഴിപ്പിക്കുക വഴി കടക്കെണിയിൽ വീഴുന്ന കുടുംബങ്ങൾ ധാരാളമുണ്ട്. വിവാഹം ആർഭാടമായി മാറിയിരിക്കുന്ന അവസ്ഥയാണിവിടെ. ഒന്നിലധികം പെൺകുട്ടികൾ ഉള്ള വീടുകൾ മിക്കവയും വളരെ കഷ്ടത്തിലാവുന്ന അവസ്ഥയാണുള്ളത്.

സ്ത്രീകളുടെ സാമൂഹിക ഉയർച്ചയ്ക്ക് മാനസിക വികാസത്തിനുള്ള ഒരു സംഘടിത പ്രവർത്തനവും ഇവിടെയില്ല. വർഷങ്ങൾക്കു മുമ്പ് ചില മഹിളാ സമാജങ്ങളും ജനാധിപത്യ മഹിളാ അസോസിയേഷന്റെ പ്രവർത്തനങ്ങളും ഇവിടെ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് സ്ത്രീകളുടെ സംഘടനാബോധവും പ്രവർത്തനങ്ങളും കുറവാണ്. നിലവിൽ നമ്മുടെ പഞ്ചായത്തിൽ പേരിനുമാത്രം പ്രവർത്തിച്ചിരുന്ന ചില മഹിളാ സമാജങ്ങൾ ഉണ്ട് എന്നതൊഴിച്ചാൽ പൊതുവിൽ വനിതകളുടെ സംഘടിത ശക്തി ഉണർന്നിട്ടില്ല. ഇത്തരം ഒരു സാമൂഹിക അന്തരീക്ഷത്തിലാണ് നമ്മുടെ വനിതകൾ. വനിതകൾ നേരിടുന്ന ഒത്തിരി പ്രശ്നങ്ങളുണ്ട്.

**പ്രശ്നങ്ങൾ**

1) ഇന്നും സ്ത്രീകൾ സാമൂഹികമായി പിന്നിലാണ്.
2) സ്ത്രീധനം കൊടുക്കാൻ കഴിയാത്ത കുടുംബങ്ങളുണ്ട്.
3) തൊഴിൽകുറവും വേതനത്തിൽ വിവേചനവും അനുഭവപ്പെടുന്നു.
4) സ്ത്രീകളുടെ സംഘടിതയത്നം പഞ്ചായത്തിൽ നിലവിൽ ഇല്ല എന്നു മാത്രമല്ല അതിനാൽ അവഗണിക്കപ്പെടുകയും ചെയ്യുന്നു.
5) നല്ലൊരു ശതമാനം വീടുകളിലും കുടുംബനാഥ വീട് നയിക്കേണ്ടതായി വരുന്നു.
6) വിദ്യാഭ്യാസപരമായി ഇന്നും നിയന്ത്രണങ്ങൾ നിലനിൽക്കുന്നു.
7) സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നില്ല.
8) എല്ലാവിധ സാമൂഹിക ചൂഷണങ്ങൾക്കും വിധേയരാകുന്നു.
9) മോശമായ ആരോഗ്യസ്ഥിതി.
10) തൊഴിലെടുക്കുന്നവർക്കുള്ള വീട്ടുജോലി വിശ്രമമില്ലാതാക്കിത്തീർക്കുന്നു.
11) വനിതാ സഹകരണ സംഘങ്ങളില്ല.
12) സ്ത്രീത്വത്തെ അപമാനിക്കുന്ന പോസ്റ്ററുകൾ.
13) മാവേലി സ്റ്റോറുകളിൽ നിന്ന് സാധനങ്ങൾ മേടിക്കുന്നതിനായി കൂടുതൽ യാത്ര ചെയ്യേണ്ടിവരുന്നു.
14) പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിഭവങ്ങൾ ശരിയായ വിധം ശേഖരിച്ച് കമ്പോളത്തിൽ ലഭിക്കാറില്ല.
15) വിലകുറഞ്ഞ തരത്തിൽ ഗാർഹിക സാധനങ്ങൾ ലഭിക്കുന്നില്ല.
16) കശുവണ്ടി ഫാക്ടറികളിലെ കൂലി അപര്യാപ്തമാണ്.
17) കശുവണ്ടി ഫാക്ടറികളിൽ പ്രാഥമിക ആവശ്യങ്ങൾക്കും ആഹാരം കഴിക്കുന്നതിനും, കുഞ്ഞുങ്ങളെ നോക്കുന്നതിനും സൗകര്യമില്ല.
18) പുരുഷന്മാരുടെ മദ്യാസക്തി കുടുംബങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
19) അങ്കണവാടികൾ സാർവത്രികമല്ല.
20) സ്വയം തൊഴിലിനുള്ള സൗകര്യങ്ങൾ ലഭിക്കാറില്ല.
21) മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ അപര്യാപ്തമാണ്.

സ്ത്രീകളുടെ നിരക്ഷരതയും തൊഴിലില്ലായ്മയും ചിത്രീകരിക്കുന്ന ചാർട്ട്

| വാർഡ് നമ്പർ | സ്ത്രീകളുടെ എണ്ണം | സ്ത്രീ, നിരക്ഷരർ | തൊഴിലില്ലാത്ത സ്ത്രീകൾ |
|---|---|---|---|
| I | 968 | 84 | 882 |
| II | 1529 | 180 | 1213 |
| III | 1472 | 204 | 1007 |
| IV | 1634 | 222 | 1248 |
| V | 1154 | 146 | 918 |
| VI | 1555 | 171 | 1121 |
| VII | 2097 | 309 | 1650 |
| VIII | 1420 | 218 | 1099 |
| IX | 1584 | 248 | 1177 |
| X | 1322 | 234 | 770 |
| XI | 1568 | 237 | 952 |
| XII | 1145 | 183 | 875 |

22) സ്ത്രീകളുടെ വായനാശീലം കുറയുന്നു.

23) വിധവകൾക്ക് ഭവനനിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

24) സാക്ഷരതാ പ്രവർത്തനം നടക്കുന്നില്ല. ICDS സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

25) സ്ഥിരവരുമാനമുള്ള തൊഴിലവസരങ്ങളില്ല.

26) ദുർബലവിഭാഗങ്ങളുടെ പെൻഷൻ യഥാസമയം ലഭിക്കുന്നില്ല.

27) DWCRA യൂണിറ്റുകളുടെ പ്രവർത്തനത്തിൽ സ്ത്രീകൾക്കിടയിലെ നേതൃത്വത്തിന്റെ അഭാവം പ്രകടമാണ്.

ഗവൺമെന്റിന്റെ നിയമനടപടികൾക്കും ഇടപെടലുകൾക്കും പരിഹരിക്കുന്നതിന് പരിമിതികളുള്ള മേഖലയാണിത്. സ്ത്രീകളുടെ സാമൂഹികമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ആസൂത്രിതമായ പ്രവർത്തനങ്ങളാണ് വേണ്ടത്. പഞ്ചായത്ത് തലത്തിലോ പ്രാദേശികതലത്തിലോ ഏകീകരിക്കപ്പെടുന്ന ഒരു വലിയ വ്യവസായ യൂണിറ്റിനെ ചെറിയ ഭാഗങ്ങളായി തിരിച്ച് സർക്കാർ ലോണുകളുടെ സഹായത്തോടെ വിധവകൾ നയിക്കുന്ന കുടുംബങ്ങൾക്ക് നൽകിയാൽ ആശ്വാസമാകും. വേതനത്തിൽ വിവേചനം കാണിക്കുന്ന പ്രദേശങ്ങളിൽ പ്രശ്നങ്ങൾ സംഘടിതമായി ഇല്ലാതാക്കാൻ ശ്രമിക്കുകയോ ഗ്രാമസഭകളിലുയർത്തിക്കൊണ്ടുവന്ന് പ്രശ്നപരിഹാരത്തിന് ശ്രമിക്കുകയോ വേണം. വനിതകൾക്ക് സ്വയം തൊഴിൽ നൽകാൻ കഴിയുന്ന പദ്ധതികൾ അവരെ മനസിലാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ ഉൾപ്പെടുത്തി ക്യാമ്പുകൾ സംഘടിപ്പിക്കാൻ കഴിയും നാവായിക്കുളം പഞ്ചായത്തിൽ മുഴുവൻ വീട്ടുസാധനങ്ങൾ ന്യായ വിലക്കു ലഭിക്കുന്നതിനായി 28-ാം മൈൽ കേന്ദ്രീകരിച്ച് ഒരു മാവേലിസ്റ്റോർ തുടങ്ങണം. മറ്റു സ്വകാര്യ മാർക്കറ്റിൽനിന്നും ലഭിക്കുന്നതിനേക്കാൾ വില കുറച്ച് സാധനങ്ങൾ ലഭിക്കുന്നതിനു വേണ്ടി വനിതകളുടെ നേതൃത്വത്തിൽ വാർഡു കേന്ദ്രങ്ങളിൽ കൺസ്യൂമർ സ്റ്റോറുകൾ തുടങ്ങാൻ കഴിയണം. വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിന് ഇതു സഹായകമാകും. കാർഷികവിഭവങ്ങൾ ശേഖരിച്ച് മാർക്കറ്റിലെത്തിക്കാനും ഈ സംരംഭം ഉപയോഗിക്കാൻ കഴിയും. സ്വകാര്യസ്ഥാപനങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ലാതെ വന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ പ്രശ്നങ്ങൾ ബോധ്യപ്പെടുത്താൻ തൊഴിലാളികൾക്ക് കഴിയണം. വ്യവസായ ലൈസൻസുകൾ പുതുക്കാൻ ബന്ധപ്പെട്ട മേധാവികൾ ഫാക്ടറികളുടെ എല്ലാ സൗകര്യങ്ങളെയും കുറിച്ച് സൂക്ഷ്മ പരിശോധന നടത്തണം. വായനശാലകളുടെ സഹകരണത്തോടെ സ്ത്രീകളുടെ വായനാശീലം പരിപോഷിപ്പിക്കുവാൻ കഴിയും. കൂടുതൽ ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കാൻ ശ്രദ്ധിക്കണം.

വനിതാവ്യവസായ യൂണിറ്റുകൾ യഥാകാലം ഇൻസ്പെക്ഷൻ നടത്തി മാർഗനിർദേശങ്ങൾ നൽകണം. സ്തീകളുടെ ആരോഗ്യസ്ഥിതി മനസ്സിലാക്കി പരിഹരിക്കുന്നതിന് വർഷത്തിൽ ഒന്നിലധികം തവണ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം. സംഘടിത മേഖലയിലെ തൊഴിലാളികൾക്കു ലഭിക്കുന്ന ESI അടക്കമുള്ള മുഴുവൻ ആനുകൂല്യങ്ങളും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ലഭ്യമാകണം.

വെട്ടിയറ N S S ഹോസ്പിറ്റൽ സ്ഥലം ഏറ്റെടുത്ത് വനിതാ വ്യവസായ യൂണിറ്റ് തുടങ്ങിയാൽ വനിതകൾക്ക് തൊഴിലവസരങ്ങൾ ലഭിക്കും. DWCRA യൂണിറ്റുകൾ വാർഡുകൾ തോറും സ്ഥാപിക്കണം. സ്ത്രീപീഢനങ്ങൾക്കെതിരെ നിയമ നടപടികൾ ശക്തമാകുക.

സ്തീകൾ സമൂഹത്തിന്റെ സമ്പത്താണ്. സ്തീകളുടെ ആരോഗ്യം സമൂഹത്തിന്റേതും. ആരോഗ്യവും കെട്ടുറപ്പുള്ളതുമായ സമൂഹത്തിൽ മാത്രമേ വികസനം സാധ്യമാവുകയുള്ളു. അതിനായി നമുക്ക് യത്നിക്കാം.

# 10. സഹകരണമേഖല

സഹകരണ മേഖലക്ക് വളരെയേറെ സാധ്യതകളുള്ള പഞ്ചായത്താണ് നാവായിക്കുളം ഗ്രാമപഞ്ചായത്തെന്ന് കഴിഞ്ഞകാല അനുഭവങ്ങൾ സൂചിപ്പിക്കുന്നു. കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളുടെ ചരിത്രത്തിന് ഒപ്പം നിൽക്കുന്നതാണ് നമ്മുടെ പഞ്ചായത്തിലെ സഹകരണ മേഖലയുടെ ചരിത്രവും. ഏകദേശം 71 വർഷങ്ങൾക്ക് മുമ്പ് ചെറുകിട നാമമാത്ര കർഷകരെ സഹായിക്കുന്നതിന് വേണ്ടി നാവായിക്കുളം കേന്ദ്രീകരിച്ച് ഒരു സഹകരണ സ്ഥാപനം ആരംഭിച്ചതോട് കൂടിയാണ് ഈ മേഖലയിലെ ചരിത്രം തുടങ്ങുന്നത്. 1925 ജൂൺമാസം 14-ാം തീയതി നാവായിക്കുളം ക്ഷേത്രത്തിന് മുൻവശത്തുള്ള ഒരു സാധാരണ കടമുറി കേന്ദ്രീകരിച്ചാണ് ഈ സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചത്. കേവലം 150 അംഗങ്ങളുമായി പ്രവർത്തനം ആരംഭിച്ച ഈ സഹകരണസംഘം ഇന്ന് നാവായിക്കുളം സർവീസ് സഹകരണ സംഘം (നമ്പർ 964) ആയി രൂപാന്തരം പ്രാപിച്ചിട്ടുണ്ട്. നാവായിക്കുളം, കുടവൂർ വില്ലേജുകളാണ് ഈ സഹകരണ ബാങ്കിന്റെ പ്രവർത്തന മേഖല. ഈ ബാങ്ക് ഉൾപ്പടെ 2 ക്രഡിറ്റ് സഹകരണ സംഘങ്ങളും 7 വ്യവസായ സഹകരണ സംഘങ്ങളുമാണ് ഈ പഞ്ചായത്തിലുള്ളത്. കൂടാതെ ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖ ഈ പഞ്ചായത്തിലെ കല്ലമ്പലം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. നിസ്തുലമായ പ്രവർത്തനമാണ് സഹകരണ മേഖലയുടെ വിജയം. എന്നാൽ ഇന്ന് രാഷ്ട്രീയാധി പ്രസരം മൂലം ഈ മേഖലയിൽ മുരടിപ്പുണ്ടായതായി കാണാം. പഞ്ചായത്തിലെ ഓരോ സഹകരണ സംഘങ്ങളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് താഴെ സൂചിപ്പിക്കുന്നു.

**1). നാവായിക്കുളം സർവീസ് സഹകരണ ബാങ്ക്.**

1925-ൽ രജിസ്റ്റർ ചെയ്തു 150 ഓളം അംഗങ്ങളുടെ പിൻബലത്തോടു കൂടിയാണ് ഈ സംഘം പ്രവർത്തനമാരംഭിച്ചത്. ഈ പഞ്ചായത്തിലെ രണ്ട് വില്ലേജുകളും ഉൽപ്പെട്ട വിശാലമായ പഞ്ചായത്ത് പ്രദേശമാണ് ഇതിന്റെ പ്രവർത്തന മേഖല. ഇന്ന് ഈ ബാങ്കിന്റെ അംഗസംഖ്യ 8432 ആണ് വെറുമൊരു വാടകക്കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിന് ഇന്ന് സ്വന്തമായി കെട്ടിടവും മൂന്ന് കോടി മുപ്പത്തിയെട്ട് ലക്ഷം രൂപ പ്രവർത്തന മൂലധനവുംമുണ്ട്. ഈ സഹകരണ സംഘത്തിലെ ഒരു ഓഹരിയുടെ വില അഞ്ചു രൂപയും അംഗീകൃത ഓഹരി മൂലധനം 25,000/- രൂപയുമാണ്. കൂടാതെ പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം പത്ത് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി രണ്ട് രൂപയും, സർക്കാർ ഓഹരി ഇരുപത്തൊന്നായിരത്തി അഞ്ഞൂറ് രൂപയുമാണ്. ചെറുകിട നാമമാത്ര കർഷകരെ സഹായിക്കുന്നതിന് വേണ്ടിയാണ് ഈ ബാങ്ക് രൂപീകരിച്ചത്. എന്നാൽ ഇന്ന് അർഹതയുള്ള കർഷകർക്ക് അംഗത്വമോ വായ്പകളോ ലഭ്യമാക്കുന്നില്ലാ

യെന്ന് ഗ്രാമസഭകളിൽ നിന്ന് പരക്കെ ആക്ഷേപമുന്നയിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ വിവിധ പ്രവർത്തനങ്ങൾ താഴെ കാണുന്ന പട്ടികകളിൽ സൂചിപ്പിച്ചിട്ടുണ്ട്.

**2). ഹരിജൻ വ്യവസായ സഹകരണ സംഘം.**

നാവായിക്കുളം കേന്ദ്രീകരിച്ച് 1992-ൽ ഹരിശ്രീ എന്ന പേരിലാണ് ഈ വ്യവസായ സഹകരണ സംഘം ആരംഭിച്ചത്. നോട്ട് ബുക്ക് നിർമ്മാണവും പ്രിന്റിംഗുമാണ് ഇവിടുത്തെ പ്രവർത്തനം ഈ സഹകരണ സംഘത്തിന് 50 അംഗങ്ങളും അഞ്ചുലക്ഷം രൂപ പ്രവർത്തന മൂലധനവുമുണ്ട്. ഈ സഹകരണ സംഘത്തിലെ ആളോഹരി വിഹിതം ആയിരം രൂപയാണ്. നാവായിക്കുളം, മടവൂർ, പള്ളിക്കൽ, ചെമ്മരുതി, പുളിമാത്ത്, നഗരൂർ, പഴയകുന്നിമ്മേൽ, കരവാരം, കിളിമാനൂർ, മുദാക്കൽ, ഓറ്റൂർ എന്നീ പഞ്ചായത്തുകളാണ് ഈ സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖല. ഈ സംഘം ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

**3). വനിതാ വ്യവസായ സഹകരണ സംഘം.**

നാവായിക്കുളം കേന്ദ്രീകരിച്ചാണ് ഈ വനിതാ സഹകരണ സംഘം പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുള്ളത്. 'ഹെറിറ്റേഴ്സ് ഗാർണമെന്റ്സ്' എന്ന പേരിലുള്ള റെഡിമെയ്ഡ് വസ്ത്രനിർമ്മാണ കേന്ദ്രമാണിത്. റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിൽ പ്രാഗൽഭ്യമുള്ള 22 വനിതകളാണ് സഹകരണ സംഘത്തിലുള്ളത്. ഈ സംഘത്തിലെ ആളോഹരി വിഹിതം ആയിരം രൂപയാണ്. പ്രവർത്തനമാരംഭിച്ചിട്ടില്ലായെങ്കിലും നാവായിക്കുളം, മടവൂർ, പള്ളിക്കൽ, കരവാരം, ഒറ്റൂർ, ചെമ്മരുതി പഞ്ചായത്തുകളാണ് ഇതിന്റെ പ്രവർത്തന മേഖലയായി നിശ്ചയിച്ചിട്ടുള്ളത്.

**ബിൽഡേഴ്സ് വ്യവസായ സഹകരണ സംഘം.**

കല്ലമ്പലം കേന്ദ്രീകരച്ച് ആവാസ് എന്ന പേരിലാണ് ഈ സംഘം രജിസ്റ്റർ ചെയ്തത്. കുറഞ്ഞ ചിലവിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ നിർമ്മിക്കുകയെന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. 18 അംഗങ്ങളുള്ള ഈ സഹകരണ സംഘത്തിന്റെ ആളോഹരിവിഹിതം 2000/- രൂപയാണ്. പ്രവർത്തനമാരംഭിച്ചിട്ടില്ലെങ്കിലും നാവായിക്കുളം, ഒറ്റൂർ, ചെമ്മരുതി, കരവാരം എന്നീ പഞ്ചായത്തു പ്രദേശങ്ങളാണ് ഇതിന്റെ പ്രവർത്തന മേഖലയായി നിശ്ചയിച്ചിട്ടുള്ളത്.

**ഹരിജൻ സർവീസ് സഹകരണ സംഘം.**

പഞ്ചായത്തിലെ കപ്പാംവിള കേന്ദ്രീകരിച്ചാണ് ഈ സഹകരണ സംഘം പ്രവർത്തിക്കുന്നത്. അർഹരായ ഹരിജനങ്ങളെ സഹായിക്കുകയെന്നതാണ് സ്ഥാപനത്തിന്റെ സ്ഥാപിതലക്ഷ്യം. ഈ സഹകരണ സംഘത്തിൽ 727 അംഗങ്ങളും ആസ്തി ഏകദേശം മൂന്ന് ലക്ഷം രൂപയുമാണ്. ആളോഹരി വിഹിതം ഒരു രൂപയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. ഇന്ന് ഈ സഹകരണ സംഘത്തിന്റെ പ്രവർത്തനം മന്ദീഭവിച്ച നിലയിലാണ്.

**ക്ഷീരോൽപാദന സഹകരണ സംഘങ്ങൾ**

നാല് ക്ഷീരോല്പാദന സഹകരണ സംഘങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. തൃക്കോവിൽ വട്ടം, കുടവൂർ, നാവായിക്കുളം, പറകുന്ന് എന്നീ കേന്ദ്രങ്ങളിലാണ് ഈ സംഘങ്ങൾ പ്രവർത്തിക്കുന്നത്. പ്രാദേശികമായി ലഭിക്കുന്ന പാൽ സംഭരിക്കുകയും വിപണനം ചെയ്യുകയുമാണ് ഈ സംഘങ്ങളിലെ പ്രവർത്തനം. ഇവിടെ സംഭരിക്കുന്ന പാൽ പ്രാദേശികമായി വിപണനം ചെയ്യുന്നതോടൊപ്പം ഡയറി കേന്ദ്രത്തിലേക്കയക്കുകയും ചെയ്യുന്നു. ക്ഷീര കർഷകർക്ക് മാർക്കറ്റ് വിലക്ക് ആനുപാതികമായ പ്രതിഫലം ഇവിടെ നിന്നും ലഭിക്കുന്നില്ലായെന്ന് ഗ്രാമസഭകളിൽ നിന്നും പരക്കെ ആക്ഷേപമുന്നയിച്ചിട്ടുണ്ട്. ഈ സംഘങ്ങളുടെ കൂടുതൽ പ്രവർത്തനങ്ങൾ ചാർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

**പ്രശ്നങ്ങൾ**

1. അർഹരായ എല്ലാവർക്കും അംഗത്വം ലഭിക്കുന്നില്ല.

**നാവായിക്കുളം കോ-ഓപ്പറേറ്റീവ് ബാങ്കിൽ 1995-96 ൽ നൽകിയ ലോൺ വിവരം**

| വായ്പാസ്വഭാവം | തുക |
|---|---|
| കൃഷിയ്ക്കുള്ള ആവശ്യത്തിന് വേണ്ടി കൊടുത്തത് (കിണർ, പമ്പ് മരച്ചീനി, വാഴ, തെങ്ങ്) | 9,69,982 |
| വ്യവസായം (സ്വയം തൊഴിലിന് വേണ്ടി കൊടുത്തത്) | 37,84,221 |
| മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി കൊടുത്തത് | 9,26,325 |

2. വായ്പകൾ അനുവദിക്കുന്നതിൽ വിവേചനമുണ്ട്.
3. യഥാർത്ഥ കർഷകർക്ക് വായ്പകളും ആനുകൂല്യങ്ങളും നിഷേധിക്കുന്നു.
4. നടപടി ക്രമങ്ങളിൽ കാലതാമസം ഉണ്ടാകുന്നു.
5. വ്യവസായ സഹകരണ സംഘങ്ങളിലേറെയും നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.
6. വ്യവസായ സഹകരണ സംഘങ്ങളിൽ ആവശ്യാനുസരണം കുറഞ്ഞ ചിലവിൽ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നില്ല.
7. അസംസ്കൃത വസ്തുക്കൾ വളരെയേറെ വിലപിടിപ്പുള്ളതാണ്.
8. പഞ്ചായത്തിൽ ലഭ്യമാകുന്ന വസ്തുക്കൾ ഉല്പന്നങ്ങളാക്കുന്നതിൽ സഹകരണ മേഖല പരാജയപ്പെട്ടു.
9. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളികേരം സംസ്കരിച്ച് സംരക്ഷിക്കുന്നതിനും വിപണനം നടത്തുന്നതിനും സഹകരണ മേഖലയിൽ സംവിധാനങ്ങൾ ഇല്ല.
10. ക്ഷീര കർഷകർക്ക് മാർക്കറ്റ് വിലക്ക് ആനുപാതികമായ പ്രതിഫലം ലഭിക്കുന്നില്ല.
11. കന്നുകാലികൾക്കാവശ്യമായ കാലിത്തീറ്റകൾ സഹകരണ മേഖലയിലൂടെ ലഭിക്കുന്നില്ല.
12. വ്യവസായ യൂണിറ്റിലെ തൊഴിലാളികൾക്ക് ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം ലഭിക്കുന്നില്ല. ഇത്തരം വ്യവസായ സഹകരണ സംഘങ്ങളുടെ തകർച്ചക്ക് കാരണമാകുന്നു.
13. വനിതകൾക്ക് സഹകരണ മേഖലയിൽ അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ല.
14. വനിതകൾക്ക് ഒട്ടനവധി സാധ്യതകളുള്ള മേഖലയാണിത്.

**സാധ്യതകൾ**

1. അർഹമായ എല്ലാവർക്കും അംഗത്വം ലഭ്യമാക്കണം.
2. കർഷകാനുകൂല്യങ്ങൾ യഥാർത്ഥ കർഷകനുതന്നെ ലഭ്യമാക്കുന്നതിനുതകുന്ന സംവിധാനങ്ങൾ ഉണ്ടാകണം.
3. നടപടി ക്രമങ്ങളിലെ കാലതാമസം ഒഴിവാക്കണം.
4. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സർക്കാർ ഗ്രാന്റ് അനുവദിക്കണം.
5. അസംസ്കൃത വസ്തുക്കൾ കുറഞ്ഞ ചിലവിൽ എത്തിക്കുന്നതിന് സർക്കാർ തലത്തിൽ സംവിധാനം ഉണ്ടാകണം.
6. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന വസ്തുക്കളെ ഉല്പന്നങ്ങളാക്കുന്നതിനും വിപണനം ചെയ്യുന്നതിനും സഹകരണ മേഖലയിൽ സംവിധാനം ഉണ്ടാകണം.
7. നാളികേരം സംഭരിക്കുന്നതിനും, സംസ്കരിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും സഹകരണ മേഖലയിൽ സ്ഥാപനങ്ങൾ ഉണ്ടാകണം.
8. ക്ഷീര കർഷകർക്ക് മാർക്കറ്റ് വിലക്കാനുപാതികമായ പ്രതിഫലം ലഭ്യമാക്കണം.
9. കന്നുകാലികൾക്കാവശ്യമായ പോഷകാഹാരങ്ങളും, ഔഷധങ്ങളും സഹകരണ മേഖലയിലൂടെ ലഭ്യമാക്കണം.
10. അത്യുല്പ്പാദന ശേഷിയുള്ള ഉയർന്ന തരം കന്നുകാലികളെ വാങ്ങുന്നതിന് ക്ഷീര കർഷകർക്ക് സബ്സിഡിയോടുകൂടിയ വായ്പകൾ അനുവദിക്കണം.
11. മേഖലയിലെ വ്യവസായ തൊഴിലാളികൾക്കാവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം ലഭ്യമാക്കേണ്ടതാണ്.
12. വനിതകൾക്ക് വളരെയേറെ സാധ്യതകളുള്ള ഈ മേഖലയിൽ വാർഡടിസ്ഥാനത്തിൽ ഒരു വനിതാ സഹകരണ യൂണിറ്റെങ്കിലും ഉണ്ടാകണം.

### 9 -ാം ജനകീയ പഞ്ചവത്സര പദ്ധതിയും സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും.

നമ്മുടെ പഞ്ചായത്തിലെ നിരവധി വികസന പ്രവർത്തനങ്ങൾക്ക് സഹായം ചെയ്തു വരുന്ന മറ്റൊരു സഹകരണ സ്ഥാപനമാണ് കിളിമാനൂർ സഹകരണ കാർഷിക ഗ്രാമവികസനബാങ്ക്. LTD No.T316. നമ്മുടെ പഞ്ചായത്തിൽ നിന്ന് 2500 ൽ പരം പേർ ഈ ബാങ്കിൽ അംഗങ്ങളായുണ്ട്. നിലവിൽ നൽകിവരുന്ന സഹായങ്ങൾക്കും പുറമെ നിരവധി ധന സഹായങ്ങൾ സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിന്റെയും, ദേശീയ കാർഷിക ഗ്രാമവികസന ബാങ്കിന്റെയും (NABARD) സഹായത്തോടു കൂടി, കാർഷിക കാർഷികേതര, വ്യവസായം, സേവന, ഭവനനിർമ്മാണ മേഖലകൾക്കു പ്രാധാന്യം നൽകിക്കൊണ്ടു ജനകീയ പഞ്ചവത്സര പദ്ധതിയിൽ പങ്ക് ചേരുവാൻ കിളിമാനൂർ സഹകരണ കാർഷികഗ്രാമ വികസന ബാങ്കും തീരുമാനിച്ചിരിക്കുകയാണ്.

**ഈ ബാങ്കിൽ നിന്നും വിവിധ മേഖലകൾക്ക് നൽകുന്ന വായ്പകളിൽ ചിലത് ചുവടെ സൂചിപ്പിക്കുന്നു.**

1. ചെറുകിട ജല സേചനം.

a. കിണർ കുഴിക്കുവാൻ

b. കിണർ ആഴം വർദ്ധിപ്പിക്കുവാൻ

c. കുഴൽ കിണർ നിർമ്മിക്കുവാൻ.

d. പമ്പു ഹൗസ് നിർമ്മിക്കുവാൻ.

e. പൈപ്പു ലൈൻ, പമ്പു സെറ്റ് ഇവ സ്ഥാപിക്കുവാൻ.

**2. മണ്ണ് സംരക്ഷണം.**

a. ഭൂമി നിരപ്പാക്കാൻ.

b. തട്ടുകളായി തിരിച്ച് കല്ലടുക്കുവാൻ.

c. കശാല നിർമ്മിക്കുവാൻ.

d. കമ്പിവേലി കെട്ടുവാൻ.

e. കന്നുകാലി തൊഴുത്ത്, കളപ്പുര, ഇവ നിർമ്മിക്കുവാൻ.

**3. ദീർഘ കാല കാർഷിക വിളകൾക്ക്.**

തെങ്ങ്കൃഷി, റബ്ബർ കൃഷി, പൈനാപ്പിൾ കൃഷി, കശുമാവ് കൃഷി, വെറ്റില കൃഷി, കൂൺ കൃഷി, ഓർക്കിഡ് കൃഷി, കുറ്റിമുല്ല കൃഷി, റബ്ബർ നഴ്സറി, തേനീച്ച വളർത്തൽ, പട്ടു നൂൽപ്പുഴു വളർത്തൽ തുടങ്ങിയവയ്ക്കും ധന സഹായം നൽകുന്നു.

**4. മൃഗ സംരക്ഷണം.**

മൃഗസംരക്ഷണപ്രോൽസാഹിപ്പിക്കുന്ന-തിനായി ഇറച്ചിക്കോഴി/ മുട്ടക്കോഴി വളർത്തൽ, പന്നി വളർത്തൽ, താറാവ് വളർത്തൽ, മുയൽ വളർത്തൽ, ആട്, പശു വളർത്തൽ, മത്സ്യ കൃഷി എന്നിവയ്ക്കും ലോൺ അനുവദിക്കുന്നു.

**5. കാർഷിക യന്ത്രവൽക്കരണം.**

കാർഷിക രംഗത്ത് ഉണ്ടായിട്ടുള്ള മുരടിപ്പ് മാറ്റുന്നതിനും, കാർഷിക തൊഴിലാളികളുടെ ലഭ്യതക്കുറവ്പരിഹരിക്കുന്നതിനും, കൃഷിലാഭകരമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കാർഷിക മേഖലയിൽ യന്ത്രവൽക്കരണത്തിന് ആവശ്യമായ സഹായം നൽകുവാൻ ബാങ്ക് തീരുമാനിച്ചിരിക്കുകയാണ്. ഈ വിഭാഗത്തിൽ ട്രാക്റ്റർ, പവർ ട്രില്ലർ, കൊയ്ത്ത് യന്ത്രം, മെതി യന്ത്രം, കൊപ്രാ ഉണക്ക് യന്ത്രം, ചകിരിയന്ത്രം തുടങ്ങി കാർഷിക മേഖലയിൽ ആവശ്യമായ എല്ലാ യന്ത്രവൽക്കരണത്തിനും വായ്പ നൽകുവാൻ ബാങ്ക് തീരുമാനിച്ചിരിക്കുകയാണ്.

6. ചെറുകിട വ്യവസായം.

ഗ്രാമീണ മേഖലയിൽ തൊഴിലവസരം പ്രദാനം ചെയ്യുന്ന ഏതു ചെറുകിട വ്യവസായ സംരംഭത്തിനും 50,000 രൂപവരെ വായ്പ നൽകുന്നു. കൂടാതെ 15 ലക്ഷം രൂപവരെ മുടക്കുവാൻ ആവശ്യമായ ഇടത്തരം വ്യവസായങ്ങൾക്കും, ഹോട്ടൽ, കാർഷികേതര ഉത്പന്നങ്ങളുടെ വിപണന കേന്ദ്രം എന്നിവയ്ക്കും വായ്പ നൽകുന്നു.

7. ഭവന നിർമ്മാണം.

ഭവന നിർമ്മാണത്തിനും, നിലവിലുള്ള വീടുകളുടെ അറ്റകുറ്റ പണി നടത്തുന്നതിനും വീടു വാങ്ങുന്നതിനും, ദേശീയ ഭവന നിർമ്മാണ ബാങ്കിന്റെ സഹായത്തോടെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സഹായം നൽകിവരുന്നു. ഇവ കൂടാതെ ലോറി, മിനി ലോറി, പെട്ടി ആട്ടോ എന്നിവ വാങ്ങുന്നതിന് വിലയുടെ 35% വരെ വായ്പ നൽകുന്നു. 9 –ാം പഞ്ചവത്സരപദ്ധതിയിൽ വിവിധ മേഖലകളിൽ വികസനത്തിന് ആവശ്യമായ സഹായം ലഭിക്കുന്നതിന് ഏറെ പ്രതീക്ഷ നൽകുന്ന സഹകരണ ധനകാര്യസ്ഥാപനങ്ങളിൽ ഒന്നാണ് കിളിമാനൂർ സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്.

# പട്ടികജാതി-പട്ടികവർഗക്ഷേമം

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി പട്ടിക വർഗക്കാർ നമ്മുടെ പഞ്ചായത്തിൽ വളരെ അധികമാണ്. 48 അംഗീകൃതകോളനികളിലും, 5 ലക്ഷം വീടുകളിലും 100 ഓളം മറ്റ് കോളനി പ്രദേശങ്ങളിലും ഈ വിഭാഗത്തിൽപ്പെട്ടവ രാണ് കൂടുതൽ. കേരളസംസ്ഥാനത്തിൽ ജന സംഖ്യയുടെ 11% പേർ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരാണ്. നമ്മുടെ പഞ്ചായ ത്തിൽ ജനസംഖ്യയുടെ 15.98% പേർ ഈ വിഭാഗത്തിൽപ്പെടുന്നു. 5370 ഹരിജനങ്ങളിൽ 2757 പേർ സ്ത്രീകളും 2613 പേർ പുരുഷന്മാ രുമാണ്. പട്ടികജാതി കുടുംബങ്ങളിൽ നിര വധി കുടുംബങ്ങൾ കണ്ടെജ ലിസ്റ്റിൽ ഉൾപ്പെ ട്ടവരാണ്. 1991-ലെ സെൻസസ് അനുസരിച്ച് 24 പട്ടികവർഗക്കാരുണ്ട്.

ചരിത്രപരമായി എന്നും പീഡിപ്പിക്കപ്പെട്ടി രുന്ന ഹരിജനങ്ങളെ അയിത്തോച്ചാടന പ്രസ്ഥാനവും, സാമൂഹിക നവോത്ഥാനത്തിന് വേണ്ടി നിലകൊണ്ട ശ്രീ നാരായണഗുരുദേ വനെപ്പോലെയുള്ളവരുടെയും പ്രവർത്തന ങ്ങളും കേരളത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചു. നിയമം മൂലം പൗരാ വകാശങ്ങൾക്ക് തുല്യതവന്നെങ്കിലും ഇന്നും ഹരിജനങ്ങളുടെ സ്ഥിതി ശോചനീയം തന്നെ.

പരമ്പരാഗത തൊഴിൽ മേഖലകളായിരുന്നു ഇന്നലെകളിൽ ഇവരുടെ ആശ്രയം. എന്നാൽ ഇന്ന് ആധുനിക വിദ്യാഭ്യാസത്തിലൂടെ സമൂ ഹത്തിന്റെ സമസ്ത മണ്ഡലങ്ങളിലും ഇവർ കടന്ന് വന്നിട്ടുണ്ട്. സ്ഥിതി ഇതൊക്കെയാണെ ങ്കിലും വലിയൊരു വിഭാഗം ഇന്നും സാമൂഹി കമായും, സാമ്പത്തികമായും പിന്നിലാണ്. ഇവരിൽ അധികം പേരും കാർഷികമേഖല യിൽ പണിയെടുക്കുന്നവരാണ്. കശുവണ്ടി മേഖലയിലെ വറുപ്പ്, ഷെല്ലിംഗ് എന്നീ വിഭാ ഗങ്ങളിൽ പണിയെടുക്കുന്നവരിൽ 95 ശതമാ നത്തിൽ അധികവും ഹരിജനങ്ങളാണ്. കൂടാതെ കുറച്ചുപേർ കെട്ടിടനിർമ്മാണരം ഗത്തും പാറമലകളിലും പണിയെടുക്കുന്നു. ഒരു കൂരയിൽ ഒന്നിലധികം കുടുംബങ്ങൾ ജീവിക്കുന്ന ഗാർഹിക ചുറ്റുപാടാണ് ഹരിജ നങ്ങളുടേത്. കോളനികളിൽ നിലനിൽക്കുന്ന ഇത്തരം സാഹചര്യങ്ങളിൽ വളർന്നുവരുന്ന പട്ടികജാതി-പട്ടികവർഗ തലമുറക്ക് സമൂഹ ത്തിലെ ഇതര ജനവിഭാഗങ്ങളുമായി സന്തു ലിതാവസ്ഥ പ്രാപിക്കുവാൻ കഴിയുന്നില്ല. സാഹചര്യങ്ങൾ മൂലം മോശമായ ചുറ്റുപാടു കളിൽ അവരിലേറെയും എത്തിച്ചേരുന്നു. ഈ സാഹചര്യം മുതലെടുത്തു കൊണ്ടാണ് ചില ജാതി, മത വർഗീയ സംഘടനകൾ കോളനി പ്രദേശങ്ങളിൽ കടന്നുകയറുന്നതും വിഭാഗീയ ചിന്താഗതി ഉയർത്തുന്നതും.

**പ്രശ്നങ്ങൾ**

1. പട്ടികജാതിക്കാരിൽ നിരക്ഷരർ കൂടുത ലാണ്.
2. വൃത്തിഹീനമായ ചുറ്റുപാടുകളിൽ ജീവി ക്കേണ്ടിവരുന്നു.
3. ശരിയായ മേൽക്കൂരയും, സുരക്ഷിത ത്വവും ഇല്ലാത്ത വീടുകളിലാണ് വസിക്കു ന്നത്.

4. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടോ, മാതാപിതാക്കളുടെ നിർബന്ധം കൊണ്ടോ, വിദ്യാലയങ്ങൾ വിട്ട് കുട്ടികൾ പണിയിടങ്ങൾ തേടിപ്പോകുന്നു.
5. ഭൂരിപക്ഷം വീടുകളിലും കക്കൂസുകൾ ഇല്ല.
6. പല കോളനികളിലും കുടിനീർ ക്ഷാമം അനുഭവപ്പെടാറുണ്ട്.
7. സ്വന്തം ഭൂമിയോ കെട്ടിടമോ ഇല്ലാത്തവരുണ്ട്.
8. വൈദ്യുതീകരണം ഒരു ചെറിയ വിഭാഗത്തിനുപോലും എത്തിയിട്ടില്ല.
9. ഒരു കൂരയിലെ രണ്ടു കുടുംബങ്ങൾ എന്ന രീതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
10. പൊതു കിണറുകൾ വൃത്തിഹീനമാണ്.
11. സാമൂഹ്യ പ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്നു.
12. വിദ്യാർഥികൾക്ക് ലഭിക്കുന്ന ഗ്രാന്റ് പഠന ആവശ്യത്തിന് പര്യാപ്തമാണ്.
13. കക്കൂസ്, വീട്, എന്നിവ നിർമ്മിക്കുന്നതിന് ഗവൺമെന്റ് നൽകുന്ന തുക അപര്യാപ്തമാണ്.
14. തുടർവിദ്യാഭ്യാസ സൗകര്യം ലഭിക്കുന്നില്ല.
15. 9-ാം വാർഡിലെ 14-വയസ്സിന് താഴെയുള്ള പട്ടികജാതിയിൽപ്പെട്ട കുട്ടികളിൽ 40% വും ഡജട ൽ എത്തുന്നതിന് മുമ്പ് കൊഴിഞ്ഞു പോകുന്നു.
16. കർഷകതൊഴിലാളിപെൻഷൻ യഥാസമയം ലഭിക്കുന്നില്ല.
17. പൊതു ശ്മശാനം ഇല്ല.
18. അംഗീകൃത കോളനികൾ അല്ലാത്തതിനാൽ പല ആനുകൂല്യങ്ങളും ലഭിക്കാറില്ല.
19. വീടുകളുടെ അറ്റ കുറ്റപ്പണികൾ ചെയ്യാറില്ല.
20. വിദ്യാർഥികൾക്ക് യൂണിഫോം വാങ്ങാൻ കഴിയുന്നില്ല.
21. കോളനികളിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമല്ല.
22. കോളനി പ്രദേശങ്ങളിൽ തെരിവുവിളക്കുകൾ കത്താറില്ല.
23. ഗവൺമെന്റ് നൽകുന്ന തുക കൃത്യമായി വിനിയോഗിക്കാറില്ല.
24. ഉന്നത വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് മനസിലാക്കാനുള്ള അവസരം ഇല്ല.
25. മദ്യപാനശീലം കുടുംബാന്തരീക്ഷം തകർക്കുന്നു.
26. കുട്ടികളെ യഥാസമയം സ്കൂളുകളിൽ അയക്കാൻ കഴിയുന്നില്ല.
27. വായന ശാലകളും, ഗ്രന്ഥശാലകളും ഭൂരിപക്ഷവും ഉപയോഗിക്കുന്നില്ല.

**പരിഹാരങ്ങളും സാധ്യതകളും**

1. നിലവിലുള്ള സാക്ഷരതാ പരിപാടിയിൽ കോളനി കേന്ദ്രീകരിച്ച് പഠനകേന്ദ്രങ്ങൾ തുടങ്ങുന്നതിന് ശ്രദ്ധിക്കണം.
2. കുടിവെള്ളവും ആരോഗ്യവും ബന്ധിപ്പിച്ചുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.
3. വിദ്യാർഥികളെ വിദ്യാലയങ്ങളിലേക്ക് ആകർഷിക്കത്തക്കരീതിയിൽ പദ്ധതികൾക്ക് രൂപം നൽകണം.
4. ഗുണഭോക്താവിന്റെ കർമവിഭവം കൂടി ഉൾപ്പെടുത്തി പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
5. ഗവൺമെന്റ് ഭവനങ്ങൾ നിർമ്മിച്ച് നൽകുമ്പോൾ ശാസ്ത്രീയ സമീപനങ്ങൾ സ്വീകരിക്കണം.
6. ഹരിജൻ കുട്ടികൾക്കു നൽകുന്ന സാമ്പത്തിക സഹായം അധ്യയന വർഷാദ്യം നൽകുകയും, വർധിപ്പിക്കുകയും വേണം.
7. കോളനികളിൽ T.V. കിയോസ്ക് കൾ സ്ഥാപിക്കണം.
8. 9-ാം വാർഡിലെ പ്രത്യേക പ്രശ്നങ്ങൾ മനസിലാക്കി ബോധവൽക്കരണം നടത്തുകയും, കുട്ടികളെ ക്ലാസുമുറികളിൽ എത്തിക്കുകയും വേണം.
10. ഭൂമി വാങ്ങി വീടു വക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുക.

11. വടക്കേ വയൽ കോളനിയിൽ പൊതുകിണർ നിർമ്മിക്കണം.

12. കർഷകത്തൊഴിലാളി പെൻഷൻ അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുകയും തുക വർദ്ധിപ്പിക്കുകയും വേണം.

13. കുടവൂർ ലക്ഷം വീട്, വെട്ടിയറ ലക്ഷം വീട്, എന്നിവിടങ്ങളിൽ കളിസ്ഥലം, ശ്മശാനം എന്നിവയ്ക്ക് മാറ്റിവച്ചിരുന്ന ഭൂമി അനധികൃതമായി കൈയേറ്റക്കാരിൽ നിന്ന് പിരിച്ചെടുക്കണം.

14. എല്ലാ കോളനികളും വൈദ്യുതീകരിക്കണം.

15. കോളനികളിലെ കുട്ടികൾക്ക് പ്രാദേശികമായി വിദ്യാഭ്യാസത്തിനുള്ള അവസരം ഉണ്ടാക്കണം.

16. കോളനികൾ കേന്ദ്രീകരിച്ച് അംഗണവാടികളും ബാലവാടികളും ആരംഭിക്കണം

17. വായനശാലകളുടെ പ്രവർത്തനം കോളനി മേഖലകളിൽ സജീവമാക്കണം.

18. കൊച്ചുകുട്ടികളുടെ മരണനിരക്ക് കുറക്കാൻ മാതൃ ശിശു സംരക്ഷണകേന്ദ്രങ്ങൾ സ്ഥാപിക്കുക.

19. കോളനികളിലേക്ക് ഗതാഗതയോഗ്യമായ റോഡുകൾ നിർമ്മിക്കുക.

20. അംഗീകാരമില്ലാത്ത കോളനികൾക്ക് അംഗീകാരം നൽകുക.

21. കോളനികളിൽ വേണ്ടത്ര സ്ഥലസൗകര്യം ഇല്ലാത്തതുകൊണ്ട് കുടുംബങ്ങൾ ഇടതിങ്ങിപ്പാർക്കുന്നു. ഇത് പരിസരമലിനീകരണം സൃഷ്ടിക്കുന്നു. അതുകൊണ്ട് ഓരോ വീടിനും 10 സെന്റ് സ്ഥലം ഉറപ്പാക്കുക.

22. പട്ടികജാതിക്കാർക്ക് സൗജന്യമായി കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുക.

പരിഭവങ്ങളുടെയും പരാതികളുടെയും മേഖലയാണിത്. ആസൂത്രിതവും ബോധപൂർവകവുമായ ഒരു സമീപനത്തിലൂടെ മാത്രമേ പട്ടികജാതി- പട്ടികവർഗക്കാരുടെ സാമൂഹിക വളർച്ചക്ക് ആക്കം ലഭിക്കുകയുള്ളൂ. എല്ലുമുറിയെ പണിയെടുക്കുന്ന ഹരിജനങ്ങൾ നമ്മുടെ സമൂഹത്തിന്റെ അടിസ്ഥാന വർഗമാണ്. അവരുടെ മോചനം നമ്മുടെ മോചനം തന്നെയാണ്.

**ഹരിജനങ്ങളുടെ എണ്ണം വാർഡ്തിരിച്ച്**

| വാർഡ് | പട്ടികജാതി | | പട്ടികവർഗ്ഗം | | ആകെ | |
|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | SC | ST |
| 1 | 99 | 95 | 1 | 2 | 194 | 03 |
| 2 | 188 | 196 | - | - | 384 | - |
| 3 | 89 | 83 | 12 | 9 | 172 | 21 |
| 4 | 198 | 245 | - | - | 443 | - |
| 5 | 54 | 66 | - | - | 120 | - |
| 6 | 342 | 342 | - | - | 684 | - |
| 7 | 407 | 395 | - | - | 802 | - |
| 8 | 263 | 278 | - | - | 541 | - |
| 9 | 388 | 397 | - | - | 785 | - |
| 10 | 147 | 171 | - | - | 318 | - |
| 11 | 287 | 310 | - | - | 597 | - |
| 12 | 138 | 168 | - | - | 306 | - |
| ആകെ | 2600 | 2746 | 13 | 11 | 5346 | 24 |

1991ലെ സെൻസസ് റിപ്പോർട്ട് ആധാരമാക്കി

# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്ത് 28.23 ചതുരശ്ര കിലോ മീറ്റർ വിസ്തീർണവും 33602 ഓളം വരുന്ന ജനസംഖ്യയുമുള്ള പ്രദേശമാണ്. നാവായി ക്കുളം, കുടവൂർ എന്നീ വില്ലേജുകൾ ഉൾപ്പെ ട്ടതാണ് നമ്മുടെ പഞ്ചായത്ത്.

പഞ്ചായത്തിന്റെ 1995-96 സാമ്പത്തിക വർഷത്തെ മൊത്തം വരുമാനം 1348034 രൂപ യാണ്. ഇതിൽ 561127 രൂപ തനത് വരുമാനവും മറ്റു വരുമാനങ്ങൾ 89268 രൂപയും 697639 രൂപ സർക്കാർ ധനസഹായവുമാണ്.

വികസന പ്രവർത്തനങ്ങൾക്കായി ഉപാധി രഹിത ഫണ്ട്, ജവഹർ തൊഴിൽ ദാന പദ്ധതി എന്നിവയിലൂടെ യഥാക്രമം 273960 രൂപയും 249500 രൂപയും ലഭിക്കുകയുണ്ടായി. ഇതുപ യോഗിച്ച് വികസനപ്രവർത്തനങ്ങൾ നാമമാ ത്രമായി മാത്രമേ നടത്തുവാൻ സാധിച്ചിട്ടുള്ളു.

പഞ്ചായത്തിന്റെ ഇതേ വർഷത്തെ മൊത്തം ചെലവുകൾ 1198092 രൂപയാണ്. ഭര ണപരമായ കാര്യങ്ങൾക്ക് ചെലവായ 531837 രൂപയാണ് ഇതിൽ പ്രധാനമായത്. പൊതുമ രാമത്ത് പണികൾക്കായി 136481 രൂപയും മറ്റു പല വകകൾക്കുമായി 17326 രൂപയും മറ്റു വിക സന പ്രവർത്തനങ്ങൾക്ക് 512 448രൂപയും ചെലവാക്കിയിട്ടുണ്ട്.

10 വർഷങ്ങൾക്ക് പിറകോട്ട് അതായത് 1985-1986 വർഷങ്ങളിൽ നമ്മുടെ പഞ്ചായ ത്തിന്റെ വരവ് ചെലവ് കണക്കുകൾ താഴെപ്പ റയും പ്രകാരം ആയിരുന്നു.

| | | |
|---|---|---|
| മൊത്തം വരവ് | : | 528655 രൂപ |
| ചെലവ് | : | 379740 രൂപ |

1990-1991 വർഷത്തിൽ നേരിയൊരു വർദ്ധ നവ് മാത്രമേ വരുമാനത്തിൽ ഉണ്ടായുള്ളു.

| | | |
|---|---|---|
| വരവ് | - | 675903.00 |
| ചെലവ് | - | 813340.00 |

ഇപ്പോഴും ഗ്രാന്റ് ഇനങ്ങൾ വകമാറ്റി ചെല വുകൾ നടത്തിയാണ് പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നത്.

പഞ്ചായത്തിന് ഇപ്പോൾ കട ബാദ്ധ്യതകൾ താഴെ പറയുന്ന പ്രകാരമുണ്ട്.

1. വാട്ടർ അതോറിറ്റിയ്ക്ക് നൽകാനുള്ളത്-
2. ലൈബ്രറി കൗൺസിലിന് നൽകാനുള്ളത്-
3. ഡെപ്പോസിറ്റുകൾ മടക്കി നൽകാനുള്ളത്-

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് രണ്ട് ദേശ സാൽകൃത ബാങ്കുകളും 2 സഹകരണ ബാങ്കു കളും പ്രവർത്തിക്കുന്നു. ദേശസാൽകൃത ബാങ്കുകളിൽ നിന്നും നാടിന്റെ വികസനത്തി നായി നാമമാത്രമായ തുക മാത്രമാണ് വായ്പ യായി നൽകുന്നത്.

നാവായിക്കുളം ഇൻഡ്യൻ ഓവർസീസ് ബാങ്കിൽ 1995-96 സാമ്പത്തിക വർഷത്തിൽ 738.37 ലക്ഷം രൂപ നിക്ഷേപം സ്വീകരിച്ച പ്പോൾ 138.69 ലക്ഷം രൂപ മാത്രമാണ് വായ്പ യായി നൽകിയിട്ടുള്ളത്. കല്ലമ്പലം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ 24.88 കോടി രൂപ നിക്ഷേപം ലഭിച്ചപ്പോൾ 1.97 കോടി രൂപ മാത്ര മാണ് വായ്പയായി നൽകിയത്.

വായ്പയിനത്തിൽ നമ്മുടെ സഹകരണ ബാങ്കുകൾ വളരെ കാര്യമായ പങ്കാണ് വഹിച്ചത്. കല്ലമ്പലം ജില്ലാ സഹകരണ ബാങ്ക് 232.31 ലക്ഷം രൂപ നിക്ഷേപം സ്വീകരിച്ചപ്പോൾ 265 ലക്ഷം രൂപ വായ്പയിനത്തിൽ നൽകുകയുണ്ടായി. നാവായിക്കുളം സർവീസ്-സഹകരണ ബാങ്ക് 706-50 ലക്ഷം രൂപ നിക്ഷേപമുള്ളപ്പോൾ 377-66 രൂപ വായ്പയായി നൽകുകയുണ്ടായി. (95-96)

നമ്മുടെ കാർഷിക, വ്യവസായ വാണിജ്യ മേഖലകളിൽ പൂർണമായ വായ്പാ സൗകര്യം ലഭ്യമാകാത്ത സാഹചര്യത്തിൽ സ്വകാര്യ മേഖലയിലെ പണമിടപാടുകാരിൽ നിന്നും വായ്പകൾ ലഭ്യമാക്കുന്നതിന് നിർബന്ധിതരായി തീരുന്നു.

ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് നേതൃത്വം നൽകി പ്രവർത്തിക്കേണ്ടതാണ്.

ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്ന രണ്ടായിരത്തി അഞ്ഞൂറോളം ആളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരുടെ വരുമാനത്തിൽ ഭൂരിഭാഗവും കെട്ടിട നിർമ്മാണത്തിനു വേണ്ടി മാറ്റി വെയ്ക്കപ്പെടുകയാണ്. ഇവരെ ബോധവൽക്കരണത്തിലൂടെ വ്യവസായിക മേഖലയിലേക്കും കാർഷിക മേഖലയിലേക്കും ശ്രദ്ധ തിരിച്ച് നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിന്റെ ഇപ്പോഴുള്ള വരുമാനം ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾ പൂർണമായ തോതിൽ നടത്താൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. വരുമാന വർദ്ധനവിന് സഹായകമായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ പഞ്ചായത്തിന് കഴിയേണ്ടതാണ്.

1. വികസന പ്രവർത്തനങ്ങളിൽ യുവതീയുവാക്കളുടെ കായിക അദ്ധ്വാനശേഷി സംഭാവനയായി സ്വീകരിക്കുക.

2. ഉപഭോക്താക്കളിൽ കായികാദ്ധ്വാനം നൽകാൻ കഴിയാത്തവരിൽ നിന്നും സാമ്പത്തിക സംഭാവനകൾ സ്വീകരിക്കുക.

3. പഞ്ചായത്ത് അതിർത്തിയിൽ ഉള്ള വസ്തുക്കളുടെ ക്രയവിക്രയം നടക്കുമ്പോൾ യഥാർത്ഥ വില കാണിക്കാതിരിക്കുന്നത് മൂലമുണ്ടാകുന്ന ഡ്യൂട്ടി നഷ്ടം ഒഴിവാക്കുക.

4. പഞ്ചായത്ത് നടത്തുന്ന സേവനങ്ങൾക്ക് സർ ചാർജ് ഈടാക്കുക.

5. പരസ്യ നികുതി നടപ്പിലാക്കുക.

6. തോട്ടങ്ങൾക്ക് കാർഷിക നികുതി ഏർപ്പെടുത്തുക.

7. പഞ്ചായത്ത് പ്രദേശത്ത് നടക്കുന്ന ലൈസൻസ് ആവശ്യമായി വരുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ശാസ്ത്രീയമായി ലൈസൻസ് ചുമത്തുക.

8. പഞ്ചായത്തിന്റെ അധീനതയിലുള്ള കുളങ്ങൾ മത്സ്യകൃഷിക്ക് പാട്ടമായി നൽകുക.

9. പുറമ്പോക്ക് വസ്തുക്കളിൽ ഫലവൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുക.

10. പത്ത് ലക്ഷത്തിലധികം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തുക.

11. വിവാഹ രജിസ്ട്രേഷന് ഫീസ് ഈടാക്കുക.

12. വിനോദ നികുതികളുടെ പിരിവ് പൂർണ്ണതോതിൽ ലഭ്യമാക്കുക.

**വിഭവ സമാഹരണം**

നമ്മുടെ പഞ്ചായത്ത് 28.23 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണവും 33602 ഓളം ജനസംഖ്യയുമുള്ള പ്രദേശമാണ്. നാവായിക്കുളം, കുടവൂർ എന്നീ വില്ലേജുകൾ ഉൾപ്പെട്ടതാണ് നമ്മുടെ പഞ്ചായത്ത്.

പഞ്ചായത്തിന്റെ 1995-96 സാമ്പത്തിക വർഷത്തെ മൊത്ത വരുമാനം 1348034 രൂപയാണ്. ഇതിൽ 561127 രൂപ തനത് വരുമാനവും മറ്റു വരുമാനങ്ങൾ 89268 രൂപയും 697639 രൂപ സർക്കാർ ധന സഹായവുമാണ്.

വികസന പ്രവർത്തനങ്ങൾക്കായി ഉപാധ്യരഹിത ഫണ്ട്, ജവഹർ തൊഴിൽദാന പദ്ധതി എന്നിവയിലൂടെ യഥാക്രമം 273960 രൂപയും 249500 രൂപയും ലഭിക്കുകയുണ്ടായി. ഇതുപ

യോഗിച്ച് വികസന പ്രവർത്തനങ്ങൾ നാമമായി മാത്രമേ നടത്തുവാൻ സാധിച്ചിട്ടുള്ളു.

പഞ്ചായത്തിന്റെ ഇതേ വർഷത്തെ മൊത്തം ചെലവുകൾ 1198092 രൂപയാണ്. ഭരണപരമായ കാര്യങ്ങൾക്ക് ചെലവായ 531837 രൂപയാണ് ഇതിൽ പ്രധാനമായത്. പൊതുമരാമത്ത് പണികൾക്കായി 136481 രൂപയും മറ്റു ചെലവുകൾക്കായി 136481 രൂപയും മറ്റു പല വകകൾക്കായി 17326 രൂപയും മറ്റു വികസന പ്രവർത്തനങ്ങൾക്ക് 512448 രൂപയും ചെലവായിട്ടുണ്ട്.

10 വർഷങ്ങൾക്ക് പിറകോട്ട് അതായത് 1985-86വർഷത്തിൽ നമ്മുടെ പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ താഴെപ്പറയും പ്രകാരം ആയിരുന്നു

| | |
|---|---|
| മൊത്തം വരവ് | - 28655 രൂപ |
| മൊത്തം ചെലവ് | - 379740 രൂപ |

1990-91 വർഷത്തിൽ നേരിയൊരു വർദ്ധനവ് മാത്രമെ വരുമാനത്തിൽ ഉണ്ടായുള്ളു.

| | |
|---|---|
| വരവ് | - 675903.00 |
| ചെലവ് | - 813340.00 |

ഇപ്പോഴും ഗ്രാന്റ് തുകകൾ വകമാറ്റി ചെലവുകൾ നടത്തിയാണ് പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തികൾ മുന്നോട്ടു കൊണ്ടു പോകുന്നത്. പഞ്ചായത്തിൽ ഇപ്പോൾ കട ബാദ്ധ്യതകൾ താഴെപ്പറയും പ്രകാരമുണ്ട്.

(1) വാട്ടർ അതാറിട്ടു നൽകാനുള്ളത്

(2) ലൈബ്രറി കൗൺസിലിന് നൽകാനുള്ളത്

(3) ഡെപ്പോസിറ്റുകൾ മടക്കി നൽകാനുള്ളത്

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് 2 ദേശസാൽകൃത ബാങ്കുകളും 2 സഹകരണ ബാങ്കുകളും പ്രവർത്തിക്കുന്നു. ദേശസാൽകൃത ബാങ്കുകളിൽ നിന്നും നാടിന്റെ വികസനത്തിനായി നാമമാത്രമായ തുക മാത്രമാണ് വായ്പയായി നൽകുന്നത്.

നാവായിക്കുളം ഇൻഡ്യൻ ഓവർസീസ് ബാങ്കിൽ 1995-96 സാമ്പത്തിക വർഷത്തിൽ 738-37 ലക്ഷം രൂപ നിക്ഷേപം സ്വീകരിച്ചപ്പോൾ 138-69 ലക്ഷം രൂപ മാത്രമാണ് വായ്പയായി നൽകിയിട്ടുള്ളത്. കല്ലമ്പലം സ്റ്റേറ്റ് ബാങ്ക് ഒഫ് ട്രാവൻകൂറിൽ 24-88 കോടി രൂപ നിക്ഷേപം ലഭിച്ചപ്പോൾ 1.97 കോടി രൂപ മാത്രമാണ് വായ്പയായി നൽകിയത്.

വായ്പയിനത്തിൽ നമ്മുടെ സഹകരണ ബാങ്കുകൾ വളരെ കാര്യമായ പങ്കാണ് വഹിച്ചത്. കല്ലമ്പലം ജില്ലാ സഹകരണബാങ്ക് 232-31 ലക്ഷം രൂപ നിക്ഷേപം സ്വീകരിച്ചപ്പോൾ 265 ലക്ഷം രൂപ വായ്പയിനത്തിൽ നൽകുകയുണ്ടായി. നാവായിക്കുളം കോ-ഓപ്പറേറ്റീവ് ബാങ്ക് 3, 15, 62690 രൂപ നിക്ഷേപമുള്ളപ്പോൾ 24120192 രൂപ വായ്പയായി നൽകുകയുണ്ടായി.

നമ്മുടെ കാർഷിക, വ്യവസായ, വാണിജ്യ മേഖലകളിൽ പൂർണ്ണമായ വായ്പാ സൗജന്യം ലഭ്യമാകാത്ത സാഹചര്യത്തിൽ സ്വകാര്യ മേഖലയിലെ പണമിടപാടുകാരിൽ നിന്നും വായ്പകൾ ലഭ്യമാക്കുന്നതിന് നിർബന്ധിതരായി തീരുന്നു.

ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് നേതൃത്വം നിന്ന് പ്രവർത്തിക്കേണ്ടതാണ്.

ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്ന രണ്ടായിരത്തി അഞ്ഞൂറോളം ആളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരുടെ വരുമാനത്തിൽ ഭൂരിഭാഗവും കെട്ടിട നിർമ്മാണത്തിന് വേണ്ടി മാറ്റിവെക്കപ്പെടുകയാണ്. ഇവരെ ബോധവൽകരണത്തിലൂടെ വ്യാവസായിക മേഖലയിലേക്കും കാർഷിക മേഖലയിലേക്കും ശ്രദ്ധ തിരിച്ച് നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് മുതൽ കൂട്ടാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിന്റെ ഇപ്പോഴുള്ള വരുമാനം ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾ പൂർണ്ണമായ തോതിൽ നടത്താൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. വരുമാന വർദ്ധനവിന് സഹായകമായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ പഞ്ചായ

ത്തിന് കഴിയേണ്ടതാണ് വികസന പ്രവർത്ത നങ്ങളിൽ യുവതീ യുവാക്കളുടെ കായിക ശേഷി സംഭാവനയായി സ്വീകരിക്കുക

ഉപഭോക്താക്കളിൽ കായികാധ്വാനം നൽകാൻ കഴിയാത്തവരിൽ നിന്നും സാമ്പ ത്തിക സംഭാവനകൾ സ്വീകരിക്കുക.

പഞ്ചായത്തതൃത്തിയിലുള്ള വസ്തുക്ക ളുടെ ക്രയവിക്രിയ നടക്കുമ്പോൾ യഥാർത്ഥ വില കാണിക്കാതിരിക്കുന്നത് മൂലമുണ്ടാകുന്ന ഡ്യൂട്ടി നഷ്ടം ഒഴിവാക്കുക.

പഞ്ചായത്ത് നടത്തുന്ന സേവനങ്ങൾക്ക് സർച്ചാർജ് ഈടാക്കുക.

പരസ്യനികുതി നടപ്പിലാക്കുക.

തോട്ടങ്ങൾക്ക് കാർഷിക നികുതി ഏർപ്പെ ടുത്തുക.

പഞ്ചായത്ത് പ്രദേശത്ത് നടക്കുന്ന ലൈസൻസ് ആവശ്യമായി വരുന്ന മുഴുവൻ സ്ഥാപനങ്ങൾക്ക് ശാസ്ത്രീയമായി ലൈസൻസ് ചുമത്തുക.

വ്യവസായികളിൽ നിന്നും കച്ചവടക്കാരിൽ നിന്നും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമാനുസരണം തൊഴിൽ നികുതി ചുമ ത്തുക.

പഞ്ചായത്തിന്റെ അധീനതയിലുള്ള കുള ങ്ങൾ മത്സ്യകൃഷിക്ക് പാട്ടത്തിന് നൽകുക.

പുറമ്പോക്ക് വസ്തുക്കളിൽ ഫലവൃക്ഷ തൈകൾ വച്ചു പിടിപ്പിക്കുക.

പത്ത് ലക്ഷത്തിലധികം ചെലവഴിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തുക.

വിവാഹ രജിസ്ട്രേഷന് ഫീസ് ഈടാ ക്കുക.

വിനോദ നികുതികളുടെ പിരിവ് പൂർണ്ണ തോതിൽ ലഭ്യമാക്കുക

പഞ്ചായത്ത് അതിർത്തിയിലുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങൾ 95-96 കാലയളവിൽ സ്വീകരിച്ച ഡിപ്പോസിറ്റും, നൽകിയ ലോണും സംബന്ധിക്കുന്ന വിവരണം

| നമ്പർ | ധനകാര്യ സ്ഥാപനത്തിന്റെ പേര് | ഡിപ്പോസിറ്റ് | ലോൺ |
|---|---|---|---|
| 1 | I.O.B. -നാവായിക്കുളം | 737.37 ലക്ഷം | 138.00 ലക്ഷം |
| 2 | D.C.B. കല്ലമ്പലം | 232.31ലക്ഷം | 265.00 ലക്ഷം |
| 3 | S.B.T. കല്ലമ്പലം | 2488 ലക്ഷം | 197 ലക്ഷം |
| 4 | കോ-ഓപ്പറേറ്റിവ് ബാങ്ക് (ക്ലിപ്തം നമ്പർ 964) നാവായിക്കുളം | 706.50 ലക്ഷം | 377.66 ലക്ഷം |

പഞ്ചായത്ത് ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| ഭരണം | 531837-00 |
| പൊതുമരാമത്ത് | 136481-00 |
| വിദ്യാഭ്യാസം | 47058-00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 13382-50 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 246772-80 |
| മറ്റുള്ളവ | 222560-60 |
| ആകെ | 1198091-90 |

### പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

| വകുപ്പ് | തുക | | |
|---|---|---|---|
| | പദ്ധതി വിഹിതം (രൂപ) | പദ്ധതിയേതര വിഹിതം (രൂപ) | ആകെ (രൂപ) |
| 1 | 2 | 3 | 4 |
| മൃഗസംരക്ഷണം | 2000/- | 2500/- | 4500/- |
| ആരോഗ്യം | 77300/- | 4500/- | 81800/- |
| കൃഷി | 76540/- | 176419/- | 252959/- |
| പി.ഡബ്ല്യൂ.ഡി. | 77100/- | - | 77100/- |
| ഹരിജനക്ഷേമം | 3000/- | - | 3000 |
| മറ്റുള്ളവ | 43175/- | - | 43175/- |
| ആകെ | 279115/- | 183419/- | 462534/- |

### പഞ്ചായത്ത് ചെലവ് സംബന്ധിച്ച വിവരങ്ങൾ 1995-96

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 531837-00 |
| പൊതുമരാമത്ത് | 136481-00 |
| വിദ്യാഭ്യാസം | 47058-00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 13382-50 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 246772-80 |
| മറ്റുള്ളവ | 222560-60 |
| ആകെ | 1198091-90 |

### പൊതു സാമ്പത്തിക നില 1995-96

| | പൊതു കണക്ക് | മൂലധന കണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 1348034-10 | - | 2359-80 |
| ചെലവ് | 1198091-90 | - | - |

**1996 സെപ്തംബർ വരെ പഞ്ചായത്തിന്റെ വരവ് സംബന്ധിച്ച വിവരങ്ങൾ**

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | 342686.75 | 40683.25 | 302002.90 |
| സർവ്വീസ് ചാർജ്ജ് | 16039.05 | 1867,35 | 14171.70 |
| തൊഴിൽ നികുതി | 151660 | 55805 | 95855 |
| വാഹന നികുതി | - | - | - |
| വിനോദ നികുതി | 41070 | 26280 | 14790 |
| അഡി. വിനോദ നികുതി | 25080 | 16060 | 9020 |
| പ്രദർശന നികുതി | 4200 | 2202 | 1998 |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 1200 | 574.50 | 625.50 |
| ചന്ത വരവ് | 81600 | 80969.50 | 637.50 |
| ലാന്റ് സെസ്സ് | - | - | - |
| ലൈസൻസ് ഫീസ് | 5523 | 2092 | 3431 |
| കെട്ടിട നികുതി സർചാർജ്ജ് | - | - | - |
| വസ്തു കൈമാറ്റ നികുതി 75% | 82106 | 82106 | - |
| വസ്തു കൈമാറ്റ നികുതി 25% | 275000 | 275000 | - |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | - | - | - |
| സംഭാവന | - | - | - |
| ഡെപ്പോസിറ്റ് | 1286 | 1286 | - |
| മറ്റുള്ളവ | 499069.70 | 467898.45 | 31164.95 |
| ആകെ | 1526520.50 | 1052824.05 | 473696.55 |

## JRY പണി സംബന്ധിച്ച വിവരങ്ങൾ

| പണിയുടെ പേര് | ജനറൽ സെക്ടർ തുക രൂ | SC/ST വിഭാഗം | ആകെ തുക രൂ |
|---|---|---|---|
| കക്കൂസ് നിർമ്മാണം ഒന്നിന് 1500 രൂപ വീതം | - | 4500 | 4500 |
| ചിറ്റായിക്കോട് കുളം മെയിന്റയിൻസ് | 17000 | - | 17000 |
| ചുണ്ടയിൽ റാമ്പ് നിർമ്മാണം | 15000 | - | 15000 |
| പുല്ലൂർ മുക്ക് കല്ലുവിള് റോഡ് ഉദ്ധാരണം | 32000 | - | 32000 |
| കൊച്ചുകോണം ഫുട്ബ്രഡ്ജ് റാമ്പ് നിർമ്മാണം | 30000 | - | 30000 |
| കുടവൂർ പള്ളിറോഡ് ഉദ്ധാരണം | 32000 | - | 32000 |
| കിഴക്കനേല - കടമ്പാട്ടുകോണം റോഡ് ഉദ്ധാരണം | 21000 | - | 21000 |
| കല്ലയറത്തുവാതുക്കൽ റോഡ് ഉദ്ധാരണം | 16000 | - | 16000 |
| ടുശഹഹ ില്യ ീൃസമ ളീൃ 9697 | | | |
| ണീൃസ ൃലരീാലിറലറ ളീൃ 9697 | | | |
| 28-ാം മൈൽ - കാട്ടു പുതുശ്ശേരി റോഡ് റീ ടാറിംഗ് | 263961 | - | 263961 |
| ഒന്നിന് 1500 രൂപ പ്രകാരം 102 കക്കൂസ് നിർമ്മിച്ചു നൽകണം | 58500 | 94500 | 153000 |

| നമ്പർ | സ്ഥാനപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് നാവായിക്കുളം | പഞ്ചായത്ത് ആഫീസ് | സ്വന്തം | 11 |
| 2 | SNVLPS നാവായിക്കുളം | സ്കൂൾ | സ്വന്തം | 9 |
| 3 | ഗവ: MLPS നാവായിക്കുളം | സ്കൂൾ | സ്വന്തം | 11 |
| 4 | ഗവ: MLPS കുടവൂർ | സ്കൂൾ | സ്വന്തം | 7 |
| 5 | കുടവൂർ ക്ഷീരോല്പാദക സഹകരണസംഘം | പാൽ സൊസൈറ്റി | വടക | 2 |
| 6 | SKVHS കടമ്പാട്ടുകോണം | സ്കൂൾ | സ്വന്തം | 63 |
| 7 | ഗവ: ഹോമിയോ ഡിസ്പൻസറി | ആശുപത്രി | സ്വന്തം | 05 |
| 8 | ICDP സബ്സെന്റർ കിഴക്കനേല | മൃഗാശുപത്രി | സ്വന്തം | 02 |
| 9 | SBT കല്ലമ്പലം | ബാങ്ക് | വാടക | 27 |
| 10 | സൺഫുഡ് കോർപ്പറേഷൻ നാവായിക്കുളം | കശുവണ്ടി ഫാക്ടറി | സ്വന്തം | 15 |
| 11 | പ്രതാപ് കാഷ്യു ഫാക്ടറി വെട്ടിയറ | കശുവണ്ടി ഫാക്ടറി | സ്വന്തം | 7 |
| 12 | വില്ലേജ് ആഫീസ്, കുടവൂർ | വില്ലേജ് ആഫീസ് | സ്വന്തം | 6 |
| 13 | വില്ലേജ് ആഫീസ്, നാവയിക്കുളം | വില്ലേജ് ആഫീസ് | സ്വന്തം | 4 |
| 14 | PH സെന്റർ, നാവായിക്കുളം | ആരോഗ്യ കേന്ദ്രം | വാടക | 6 |
| 15 | ആയുർവേദ സിസ്പെൻസറി നാവായിക്കുളം | ആരോഗ്യ കേന്ദ്രം | സ്വന്തം | 4 |
| 16 | പോസ്റ്റാഫീസ്, നാവായിക്കുളം | പോസ്റ്റ് ആഫീസ് | വാടക | 8 |
| 17 | പോസ്റ്റാഫീസ്, പുതുശ്ശേരിമുക്ക് | പോസ്റ്റ് ഓഫീസ് | വാടക | 2 |
| 18 | പോസ്റ്റാഫീസ്, മരതകുന്ന് | പോസ്റ്റ് ഓഫീസ് | വടക | 2 |
| 19 | പോസ്റ്റോഫീസ്, വെട്ടിയറ | പോസ്റ്റ് ഓഫീസ് | വടക | 3 |
| 20 | പോസ്റ്റാഫീസ്, പറകുന്ന് | പോസ്റ്റ് ഓഫീസ് | വാടക | 3 |

| നമ്പർ | സ്ഥാനപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|---|---|
| 21 | MGMLPS, പറകുന്ന് | സ്കൂൾ | സ്വന്തം | 5 |
| 22 | Co-operative Bank, NKM | ധനകാര്യ സ്ഥാപനം | സ്വന്തം | 10 |
| 23 | ഗവ: എൽ.പി.എസ്, വെട്ടിയറ | സ്കൂൾ | സ്വന്തം | 9 |
| 24 | ICDP; സബ്സെന്റർ തൃക്കോവിൽവട്ടം | മൃഗാശുപത്രി | വാടക | 1 |
| 25 | Gov. L.P.S. NKM. | സ്കൂൾ | സ്വന്തം | 13 |
| 26 | Gov. L.P.S. കിളക്കനേല | സ്കൂൾ | സ്വന്തം | 11 |
| 27 | VE Office 28th Mile | BD Offce | വാടക | 01 |
| 28 | VE Office കുടവൂർ | BD Offce | വാടക | 01 |
| 29 | AKMHS കുടവൂർ | സ്കൂൾ | സ്വന്തം | 25 |
| 30 | സബ് രജിസ്ട്രാർ ഓഫീസ് | | സ്വന്തം | 9 |
| 31 | SKCE ഇടമൺനില | വ്യവസായം | വാടക | 8 |
| 32 | മൃഗാശുപത്രി നാവായിക്കുളം | മൃഗാശുപത്രി | വാടക | 4 |
| 33 | Electrical Oversier Office 28th Mile | സർവീസ് KSEB | വാടക | 6 |
| 34 | CAPEX, NKM | വ്യവസായം | സ്വന്തം | 27 |
| 35 | IOB, NKM. | ധനകാര്യ ഭവൻ | വാടക | 10 |
| 36 | കൃഷിഭവൻ, NKM | കൃഷിഭവൻ | സ്വന്തം | 4 |
| 37 | BVUPS മരുതികന്ന് | സ്കൂൾ | സ്വന്തം | 14 |
| 38 | ESI ആശുപത്രി | ആരോഗ്യ കേന്ദ്രം | വാടക | 17 |
| 39 | KSCDE No.25 കല്ലമ്പലം | വ്യവസായം | സ്വന്തം | 25 |
| 40 | KCMLPS, ഡീസന്റ് മുക്ക് | സ്കൾ | സ്വന്തം | 10 |
| 41 | വിഷ്ണുകമ്പിനി | കാഷ്യു ഫാക്ടറി | സ്വന്തം | 13 |
| 42 | G.H.S, NKM | സ്കൂൾ | സ്വന്തം | 72 |
| 43 | Sr HOSPITAL | ആരോഗ്യ കേന്ദ്രം | സ്വന്തം | 9 |
| 44 | DCB കല്ലമ്പലം | ധനകാര്യ സ്ഥാപനം | വാടക | 11 |
| 45 | മിൽക്ക് സൊസൈറ്റി തൃക്കോവിൽവട്ടം | മിൽക്ക് സൊസൈറ്റി | സ്വന്തം | 3 |

| നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|---|---|
| 46 | ശ്രീ ശങ്കരനാരായണ സ്വാമി ക്ഷേത്രം | ആരാധനാലയം | സ്വന്തം | 13 |
| 47 | CHC കേശവപുരം | ആരോഗ്യ കേന്ദ്രം | സ്വന്തം | 08 |
| 48 | South Kerala Cashew Exports | വ്യവസായം | സ്വന്തം | 15 |
| 49 | രാജ് സിനിഹൗസ്, കുളമട | സാംസ്കാരികം | സ്വന്തം | 4 |
| 50 | KM Hospital | ആരോഗ്യ കേന്ദ്രം | സ്വന്തം | 5 |
| 51 | P.G തീയേറ്റർ | സാംസ്കാരികം | സ്വന്തം | 5 |
| 52 | Milk Society Navaikulam, 28th Mile 28th Mile | പാൽസൊസൈറ്റി | സ്വന്തം | 3 |

# V. ഉപസംഹാരം

ബഹുമാന്യരെ,

നമ്മുടെ പഞ്ചായത്തിന്റെ 'സമഗ്രവികസനരേഖ' ഇവിടെ ഭരതവാക്യം ചെല്ലി അവസാനിക്കുന്നു. ഡിസംബർ 14 ന് നടക്കുന്ന വികസന സെമിനാറിൽ സമർപ്പിക്കപ്പെടുന്ന ഈ വികസനരേഖ സജീവമായ ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കും വിധേയമാക്കി കൂടുതൽ ഈടുറ്റതാക്കി മാറ്റും എന്നതിൽ ഞങ്ങൾക്ക് സംശയമില്ല.

പ്രസിഡന്റ് ശ്രീ. പി. മനോഹരൻ, വൈസ് പ്രസിഡന്റ് എ. താജുദ്ദീൻ അഹമ്മദ്, മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൻ ഗോപാലകൃഷ്ണക്കുറുപ്പ്, നിലവിലുള്ള പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ എന്നിവരുടെയും, സർവ്വ ശ്രീ ഡോ. ഗോപിനാഥൻ നായർ, എസ്. രാമചന്ദ്രക്കുറുപ്പ്, കെ. ശ്രീനിവാസൻ, ജി. വിജയകുമാർ, ജി. സുധാകരൻ നായർ, മേടയിൽ ബാലചന്ദ്രൻ, നാവായിക്കുളം സുകുമാരൻ, അമ്പേലി മധു സൂദനൻ നായർ, ജി. രാജു, പി. ഗോപിനാഥൻ തുടങ്ങിയവരുടെയും ഗ്രമസഭകളിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകിയ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും, ഞങ്ങളോട് സഹകരിച്ച വിവിധ ഓഫീസുകളിലെ ഉദ്യോഗസ്ഥന്മാരുടെയും സഹായവും മാർഗ്ഗ നിർദ്ദേശവും ഈ റിപ്പോർട്ട് എഴുതിയുണ്ടാക്കുന്നതിൽ ഞങ്ങൾക്ക് പ്രചോദനം നൽകി.

റിപ്പോർട്ട് എഴുതി അഞ്ച് ദിവസത്തോളം രാത്രിയും പകലും നീണ്ടുനിന്ന ക്യാമ്പിലൂടനീളം ഞങ്ങളെ സഹായിക്കുന്നതിനും, പകർത്തി എഴുതുന്നതിനും, ഞങ്ങളോടൊപ്പമുണ്ടായിരുന്ന പ്രിയസഖാക്കൾ റിജാസ്, ഷിജിൻ, ഫെയ്സൽ ഖാൻ, രാജു, ഹരിഹരൻ പിള്ള, അനിൽ, സുധി, സദാശിവൻ എന്നിവരുടെയും സേവനവും ഈ റിപ്പോർട്ട് എഴുതിയുണ്ടാക്കുന്നതിന് സഹായിച്ചു. ഈ റിപ്പോർട്ട് എഴുതിയുണ്ടാക്കുന്നതിന് വേണ്ടി സഹകരിച്ച മറ്റ് ഒട്ടനവധി മുഖങ്ങൾ വേറെയുണ്ട്. ഈ ഗ്രാമത്തിന്റെ വികസന പ്രവർത്തനത്തിന് തങ്ങളുടേതായ സംഭാവനകൾ നൽകുകയും, ഈ റിപ്പോർട്ട് ഉണ്ടാക്കുന്നതിന് സഹകരിക്കുകയും ചെയ്ത എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

സമഗ്രമായ ഒരു സാമ്പത്തിക സാമൂഹിക സർവ്വേയുടെയും, വിശദവും, വസ്തു നിഷ്ഠവുമായ വിഭവ ഭൂപടത്തിന്റേയും അഭാവത്തിലാണ് ഈ വികസന രേഖ തയ്യാറാക്കിയിട്ടുള്ളത്. അതുകൊണ്ട് തന്നെ ഈ റിപ്പോർട്ട് പൂർണമല്ല. വികസനം അനസ്യൂതവും വികസ്വരവുമാണ്. കഴിയുന്നത്ര വസ്തുക്കൾ ശേഖരിച്ചും, പഴമക്കാരുടെ അനുഭവങ്ങൾ അടുത്തറിഞ്ഞും, ലഭ്യമായ രേഖകൾ പരിശോധിച്ചും ഈ റിപ്പോർട്ടിനെ കുറ്റമറ്റതാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ രേഖ വികസനത്തിന്റെ ഒരു തുള്ളി വെളിച്ചം മാത്രമാണ്. കർമ്മവും, ബുദ്ധിയും, ആത്മാർത്ഥതയും ഒത്തുചേർന്ന് ഇതിനെ സൂര്യനൊപ്പം പ്രകാശ പൂരിതമാക്കാം; കുറ്റമറ്റതാക്കാം. അതിനുള്ളതാകട്ടെ ഈ വികസന സെമിനാറും, ഇനിയുള്ള നാളുകളും.

സ്നേഹപൂർവ്വം.

ഷാജി. ടി. എസ്.

(കൺവീനർ , പഞ്ചായത്ത് ജനകീയ ആസൂത്രണ സമിതി.)

നാവായിക്കുളം.
14. 12. 96.